# ബൈബിൾഭാഷ്യം

## യേശുവിന്റെ പീഡാനുഭവം

കുരിശിന്റെ മൗഢ്യം

ജോസഫ് കോട്ടയ്ക്കൽ

ക്രൈസ്തവസഹനം: പത്രോസിന്റെ ഒന്നാം ലേഖനത്തിൽ

തോമസ് കയ്യാലപ്പറമ്പിൽ

കുരിശിന്റെ വഴി

തോമസ് കെ. പറമ്പിൽ

പീഡാനുഭവവിവരണം: മത്തായിയുടെ സുവിശേഷത്തിൽ

ജോർജ്ജ് പുന്നക്കോട്ടിൽ

ബൈബിൾ ആരാധനക്രമത്തിൽ

1977
മർച്ച്

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# പത്രാധിപസമിതി

ചീഫ് എഡിററർ

ജോർജ്ജ് പുന്നക്കോട്ടിൽ

അസോ: എഡിറേറഴ്സ്

ജോൺ ബക്ക്മാൻസ്, പൂനാ
സി. എം. ചെറിയാൻ, ഡൽഹി
തോമസ് കയ്യാലപ്പറമ്പിൽ, കോട്ടയം
ജോജ്ജ് കുന്താനം, ആലുവാ
ജോസഫ് കോട്ടയ്ക്കൽ, കോട്ടയം
ലൂസിയൻ ലെഗ്രാൻഡ്, ബാംഗ്ളൂർ
കെ. ലൂക്ക്, തൃശ്ശൂർ
ജോസഫ് പാത്രപാങ്കൽ, ബാംഗ്ളൂർ
ജോജ്ജ് മങ്ങാട്ട്, കോട്ടയം
ആർ. ജെ. രാജാ, തിരുച്ചിറപ്പള്ളി
ജോജ്ജ് സ്വാരസ്പ്രഭു, പൂനാ
മാത്യു വെള്ളാനിക്കൽ, കോട്ടയം
ജെ. എൻ. എം. വൈൻഗാർഡ്സ്, ഹൈദ്രബാദ്

എഡിറേറാറിയൽ അഡ്വൈസേഴ്സ്

റുഡോൾഫ് പെഷ്, ഫ്രാങ്ക്ഫർട്ട്, പ. ജർമ്മനി
ഇഞ്ഞാസ് ദ് ലാ പോത്തെരി, റോമാ, ഇററലി
റുഡോൾഫ് ഷ്നാക്കെൻബർഗ്, വ്യൂർസ്ബർഗ്, പ. ജർമ്മനി
ബ്രൂസ് വോട്ടർ, ഷിക്കാഗോ, അമേരിക്ക

മാനേജർ

തോമസ് കയ്യാലപ്പറമ്പിൽ

പബ്ളിഷർ

മോൺ. സക്കറിയാസ് വാഴപ്പിള്ളി

www.malankaralibrary.com

ബൈബിൾ വിജ്ഞാനീയത്തിനു്
ഒരു ത്രൈമാസികം

# ബൈബിൾ ഭാഷ്യം

വാല്യം VI ലക്കം 1 മാർച്ചു്, 1977

## യേശുവിൻെറ പീഡാനുഭവം

പേജു്

അവതരണം 3

കുരിശിൻെറ മൗഢ്യം 7
ജോസഫ്‌ കോട്ടയ്ക്കൽ

സഹനം: പത്രോസിൻെറ ഒന്നാം ലേഖനത്തിൽ 19
തോമസ്‌ കയ്യാലപ്പറമ്പിൽ

കുരിശിൻെറ വഴി 37
തോമസ്‌ കെ. പറമ്പിൽ

പീഡാനുഭവവിവരണം: മത്തായിയുടെ സുവിശേഷത്തിൽ 46
ജോർജ്ജ്‌ പുന്നക്കോട്ടിൽ

കുരിശുമരണം യേശുവിൻെറ കാലത്തു് 81
ഫ്രാൻസീസ്‌ നമ്പ്യാപറമ്പിൽ

ബൈബിൾ ആരാധനക്രമത്തിൽ 83

സെൻറു് തോമസ്‌ അപ്പസ്തോലിക്‌ സെമിനാരി
വടവാതൂർ, കോട്ടയം–686010.

www.malankaralibrary.com

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

1 ബൈബിൾഭാഷ്യം മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിലാണു പ്രസിദ്ധീകരിക്കുക.

2 ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ പത്രാധിപസമിതി അംഗീകരിക്കുന്നതാകണമെന്നില്ല.

3 പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പകരം അയയ്ക്കുന്ന പ്രസിദ്ധീകരണങ്ങൾ, നിരൂപണത്തിനുള്ള ഗ്രന്ഥങ്ങൾ, അന്വേഷണങ്ങൾ, അഭിപ്രായങ്ങൾ എന്നിവ ചീഫ് എഡിററർ, ബൈബിൾഭാഷ്യം, വടവാതൂർ കോട്ടയം– 686010 എന്ന വിലാസത്തിൽ അയയ്ക്കുക.

4 വരിസംഖ്യ മുൻകൂർ, മണിയോർഡറായി അയയ്ക്കുക. ചെക്കുകൾ സ്വീകരിക്കുന്നതല്ല.

5 കത്തിടപാടുകളിൽ രജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കണം.

മേൽവിലാസം

മാനേജർ
ബൈബിൾഭാഷ്യം
വടവാതൂർ
കോട്ടയം—686010

വാർഷികവരിസംഖ്യ

| | |
|---|---|
| മലയാളം | 7 ക. |
| ഒററപ്രതി | 1. 75 ക. |
| ഇംഗ്ലീഷ് | 10 ക. |
| ഒററപ്രതി | 2. 50 ക. |

www.malankaralibrary.com

# അവതരണം

പരിത്രോദയം മുതൽ മനുഷ്യമനസ്സിനെ മഥിക്കുന്ന ഒരു പ്രശ്നമാണു സഹനം. മരണത്തിനിപ്പുറത്തൊതുങ്ങി നിൽക്കുന്ന ദർശനങ്ങൾക്കൊന്നിനും ഈ പ്രശ്നത്തിനു തൃപ്തികരമായ ഉത്തരം നൽകാനാവില്ല. ക്രിസ്തുവിൽ നിവർത്തിതമായ രക്ഷാകര പദ്ധതിയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോഴേ സഹനത്തിന്റെയും വേദനയുടേയും അർത്ഥവും മൂല്യവും ഗ്രഹിക്കാനാവൂ. കുരിശിന്റെ കോണുകളിലൂടെ വിശ്വാസത്തിന്റെ ദൃഷ്ടികൊണ്ടു നോക്കുമ്പോഴേ വേദനയുടേയും സഹനത്തിന്റെയും രക്ഷാകര ശേഷിയും പവിത്രീകരണ ശക്തിയും തെളിഞ്ഞുകാണൂ. നിരാശയുടെ തീച്ചുഴിയിലേയ്ക്കു മനുഷ്യനെ നയിക്കുന്നപാതയല്ല മഹത്വത്തിലേക്കുള്ള വിധായക വാതായനമാണു വേദനയും മരണവും (ലൂക്കാ 12: 50; 22: 15–16).

ഈ നോമ്പുകാലവേളയിൽ ക്രൈസ്തവ മനസുകളിൽ ഉണരുന്ന ചിന്തകൾ യേശുവിന്റെ പീഡാസഹനത്തേയും മരണത്തേയും ചുററിയാവുമല്ലോ. ബൈബിൾ ഭാഷ്യത്തിന്റെ ഈ ലക്കത്തിലെ പ്രധാന പഠനങ്ങൾ 'ക്രിസ്തുവിന്റെ സഹന'ത്തെക്കുറിച്ചാണു.

'മനുഷ്യനെ രക്ഷിക്കാൻ മഹേശൻ മരക്കുരിശിൽ മരിച്ചു'. യഹൂദർക്കിടർച്ചയും വിജാതീയർക്കു ഭോഷത്തവും (1 കൊറി. 1: 23–24). ഇസ്രായേൽക്കാരുടെ ദൃഷ്ടിയിൽ ദൈവം ശക്തനാണു; വിജാതീയർക്ക് വിജ്ഞാനവും. ദൈവം മനുഷ്യനായി കുരിശിൽ മരിക്കുക രണ്ടുകൂട്ടർക്കും ഒരുപോലെ കടുത്ത വിരോധാഭാസമായിരുന്നു—കുരിശിന്റെ ഭോഷത്വം. സ്നേഹം–അതാണു ഈ വിരോധാഭാസത്തിനു അന്ത്യമായ ഉത്തരം. ദൈവസ്നേഹത്തിന്റെ പരമകാഷ്ഠയാണു കുരിശു. വിളിക്കപ്പെട്ടവർക്കു അതു ശക്തിയും വിജ്ഞാനവുമാണു. കുരിശിന്റെ മൗഢ്യം എന്ന ആദ്യപഠനത്തിലൂടെ ഡോ. കോട്ടൂരുൽ ഈ പ്രശ്നം അവതരിപ്പിക്കുന്നു.

കുരിശിന്റെ മൗഢ്യത്തിൽനിന്നാണു ക്രിസ്തുമതത്തിന്റെ ഉത്ഭവം. കുരിശിൻകീഴിൽനിന്നു സഹനത്തെ സന്തോഷത്തോടെ സ്വീകരിക്കുന്നവരാണു ക്രിസ്ത്യാനികൾ. പഴയനിയമ കാലത്തെപ്പോലെ സഹനം ഒരു പ്രശ്നമല്ല ക്രിസ്ത്യാനിക്കു. അതു

www.malankaralibrary.com

രക്ഷാകരമാണ്. അതിന് പരിഹാരമൂല്യമുണ്ട്. സഹനം തന്റെയും മററുള്ളവരുടെയും രക്ഷയ്ക്കുതകുന്നു; ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കുകൊള്ളലാണ്; വരാനിരിക്കുന്ന മഹത്വത്തിന്റെ അച്ചാരമാണ് (1 പത്രോ 4: 13–14; കൊലം 1: 24; റോമ. 8: 35; ഫിലി. 3: 9–11). തന്മൂലം ക്രിസ്ത്യാനികാം വേദനയിൽ അശരണരോ ആത്മചിത്തരോ ആകാതെ പ്രത്യാശയോടെ സന്തോഷിക്കുകയാണ് വേണ്ടതെന്ന് ഫാ. തോമസ് കയ്യാലപ്പറമ്പിൽ വി. പത്രോസിന്റെ ഒന്നാം ലേഖനത്തെ അധികരിച്ച് സമർത്ഥിക്കുന്നു.

വിധിമുതൽ സംസ്കാരം വരെയുള്ള പരമ്പരാഗതമായ രീതിവിട്ട്—എന്നാൽ വിശുദ്ധ ഗ്രന്ഥത്തെ അധികരിച്ച്—കുരിശിന്റെ വഴിയെപ്പററി വിപ്ലവാത്മകമായ ഒരു പഠനമാണ് "കുരിശിന്റെ വഴി"യിലൂടെ തോമസ് കെ. പറമ്പിൽ നടത്തുന്നത്. ഗദ്സമനിൽ ആരംഭിച്ച് ഉത്ഥിതനായ ക്രിസ്തുവിൽ അവസാനിക്കുന്ന ഈ പാത മഹത്വത്തിലേയ്ക്കുള്ള വേദനയുടെ വഴിയായി ലേഖകൻ ചിത്രീകരിക്കുന്നു.

വി. മത്തായിയുടെ പീഡാനുഭവവിവരണത്തെ സമഗ്രമായി അപഗ്രഥിച്ച് പഠിക്കുകയാണ് നാലാമത്തെ ലേഖനത്തിൽ ഡോ. ജോർജ്ജ് പുന്നക്കോട്ടിൽ. നിരവധി ഉദ്ധരണികളിലൂടെയും പ്രത്യക്ഷപരോക്ഷ പരാമർശങ്ങളിലൂടെയും മത്തായിയുടെ വിവരണത്തിൽ അന്തഃസ്ഥിതമായ ദൈവശാസ്ത്രദർശനങ്ങളിലേക്കു വെളിച്ചം വീശുകയാണ് ഈ ലേഖനത്തിൽ. ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും പ്രവചന നിവർത്തനമാണെന്നും ദൈവിക പദ്ധതിയാണെന്നും സമർത്ഥിക്കുന്നു. തീവ്രമായ വേദനയും നിന്ദ്യമായ കുരിശുമരണവും സന്തോഷത്തോടെ ഏററുവാങ്ങിയ ക്രിസ്തു സഹനത്തിന്റെ അഗ്നിപാതയിലൂടെ നീങ്ങുന്ന മനുഷ്യന് ഉദാത്തമായ മാതൃകയാണെന്ന് ലേഖനകർത്താവ് എടുത്തുകാട്ടുന്നു.

www.malankaralibrary.com

# മംഗളങ്ങൾ ഭാവുകങ്ങൾ



ഞങ്ങളുടെ ബൈബിൾ പ്രൊഫസറും ബൈബിൾഭാഷ്യത്തിന്റെ ചീഫ് എഡിററുമായ

**റവ. ഡോ. ജോർജ്ജ് പുന്നക്കോട്ടിൽ—**

കോതമംഗലം രൂപതയുടെ നിയുക്തമെത്രാൻ.

www.malankaralibrary.com

# കുരിശിൻെറ മൗഢ്യം

മനുഷ്യവിമോചനാർത്ഥം മഹേശൻ മരക്കുരിശിൽ മരിച്ചു. എന്തു്? അമരനായ ദൈവം മരിച്ചെന്നോ? ശുദ്ധമയത്തരം. മഹാ കുത്സനം.

എന്നാൽ അതു സംഭവിച്ചു.

''ദൈവം മരിച്ചു.'' ഒരു നൂററാണ്ടുമുമ്പു് നീഷേ പ്രഘോഷിച്ചു.

''മനുഷ്യരെ ദൈവങ്ങളാക്കാൻ ദൈവം മനുഷ്യനായി മരക്കുരിശിൽ മരിച്ചു.'' പതിനെട്ടു് ശതാബ്ദങ്ങൾക്കു് അപ്പുറം വി. ഇരനേവൂസ് പ്രഖ്യാപിച്ചു.

''യഹൂദർക്കു് ഇടർച്ചയും യഹൂദേതരർക്കു് മൗഢ്യവുമായ ക്രൂശിതനായ ക്രിസ്തുവിനെ ഞങ്ങൾ ഘോഷിക്കുന്നു. വിളിക്കപ്പെട്ടവർക്കു്, അവർ യഹൂദരോ വിജാതീയരോ ആകട്ടെ, ദൈവശക്തിയും, ദൈവജ്ഞാനവുമാണു് യേശു.'' രണ്ടു് സഹസ്രാബ്ദങ്ങൾക്കു മുമ്പു് പൗലോസ്ശ്ലീഹാ കൊറീന്തിലെ ക്രിസ്ത്യാനികൾക്കു് എഴുതി.

അയുക്തികത! ദൈവം മരിക്കുകയോ? അതു സാധ്യമോ? യഹൂദർ യേശുവിനെ വെല്ലുവിളിച്ചു. ''ദൈവസുതനാണെങ്കിൽ കുരിശിൽനിന്നു് അവരോഹണം ചെയ്യുക'' (മത്തായി 27: 40). അവിടുന്നു് ഇറങ്ങിവന്നില്ല. മരിക്കാൻ തന്നെയായിരുന്നു അവിടുത്തെ തീരുമാനം. ''എന്തുകൊണ്ടെന്നാൽ ലോകം ജ്ഞാനംമൂലം ഈശ്വരനെ അറിയായ്കകൊണ്ടു് ദൈവത്തിൻെറ വിജ്ഞാനത്തിൽ വിശ്വസിക്കുന്നവരെ, ഞങ്ങളുടെ പ്രഭാഷണത്തിൻെറ മൂഢതയാൽ രക്ഷിക്കുവാൻ അവിടുന്നു് തിരുവുള്ളമായി. (1 കൊറി: 1: 21; റോമ 1: 19–23).

## മൗഢ്യം– പഴയ ഉടമ്പടിയിൽ

നബാൽ (nabhal) എന്ന വാക്കു് ഭോഷത്തമെന്ന അർത്ഥത്തിൽ പഴയ ഉടമ്പടിയിൽ പലയിടത്തും ഉപയോഗിച്ചു കാണുന്നു. ''moros,'' ''afron,'' എന്നീ വാക്കുകളിലൂടെ സപ്തതിക്കാർ പ്രസ്തുത പദം യവനഭാഷയിലേക്കു് തർജ്ജമചെയ്തു. വിഡ്ഢി എന്നാണു് ഈ പദത്തിൻെറ അർത്ഥം. ആരോഹാവസ്ഥയിൽനിന്നും അവരോഹാവസ്ഥയിലേക്കുള്ള അധഃപതനമാണു് 'നബാ

www.malankaralibrary.com

ലിന്റെ' ധാത്വാർത്ഥവിവക്ഷ. പർവ്വതങ്ങൾ അടിതകർന്നു വീണു ക്ഷയിക്കുന്നതിനെ അഭിസൂചിപ്പിക്കുവാൻ ജോബിന്റെ പുസ്തകത്തിൽ 'ibol' (ഇബോൽ) എന്ന വാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്. അതുപോലെതന്നെ ശക്തിയോ ഭക്തിയോ നഷ്ടമായതു മൂലം നിപതിച്ചവരെയും 'നബാൽ' സൂചിപ്പിക്കുന്നു. ജനങ്ങളുടെ പരാതികളും തർക്കങ്ങളുംകേട്ടു് വിധിപ്രസ്താവം നടത്തി വിവശനായ മോശയെപ്പറ്റി ജത്രോ പ്രസ്താവിക്കുന്നിടത്തും 'nabhal tibol' (നബാൽ തിബോൽ) എന്ന വചസ്സാണു് പ്രയോഗിച്ചു കാണുക. (പുറപ്പാടു് 18: 18). സങ്കീർത്തനത്തിൽ നൈമിഷികാസ്തിത്വമുള്ള തൃണത്തോടു് പാപികളെ സാദൃശ്യപ്പെടുത്തുന്നിടത്തും 'നബാൽ' ആണു് പ്രയോഗിച്ചിരിക്കുന്നതു്. (സങ്കീ. 37:2).[1]

Sakhal (സഖ്ഹാൽ), Kshil (കെഷീൽ), Ewili (എവിൽ), Hasar-lebh (ഹാസർ-ലേബ്), Baar (ബആർ), Shaga (ഷാഗാ), Pthi (പ്ത്തി), Less (ലെസ്) ഇത്യാദി പദങ്ങളാണു് വിജ്ഞാനഗ്രന്ഥങ്ങളിൽ മൗഢ്യത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്നതു്. ബുദ്ധിയേയും വിജ്ഞാനത്തേയുമെന്നതിനേക്കാൾ, ദൈവഭക്തിയേയും ദൈവസ്നേഹത്തേയും ബന്ധപ്പെടുത്തി പ്രസ്തുത പദങ്ങൾ പ്രയോഗിച്ചിരിക്കുന്നു. ജീവിതത്തെ അന്തർദർശനം ചെയ്യുന്ന വൈയക്തികദർശനത്തിന്റെ വ്യത്യസ്ഥവീഥികളാണു് വിജ്ഞാനവും വിവേകശൂന്യതയും. മതാഭിമുഖ്യമനുഷ്യന്റെ മാർഗ്ഗമാണു് ജ്ഞാനം; മൗഢ്യം അഭക്തന്റേതും.

## ദൈവത്തിന്റെ മൗഢ്യമാർഗ്ഗങ്ങൾ: പഴയ ഉടമ്പടിയിൽ

സഹനത്തിന്റെ തീച്ചൂളയിൽകിടന്നു് നീറിനീറി മരിക്കുന്ന നീതിമാനായ ജോബ്. പ്രലപിക്കുന്ന, വിലപിക്കുന്ന, അസ്തിത്വത്തെ ശപിക്കുന്ന, ജന്മദിനത്തെ പഴിക്കുന്ന, ദൈവത്തെ ചോദ്യംചെയ്യുന്ന ക്ഷുഭിതനായ ജോബ്. മരണത്തെ മാറോടണച്ചാശ്ലേഷിക്കുവാൻ മാടിവിളിക്കുന്ന ഭഗ്നാശനായ ജോബ്. മൃത്യുവിലൂടെ വേദനയിൽനിന്നു വിമോചിതനാകുവാൻ അതിയായാഗ്രഹിക്കുന്ന നിരാശനായ ജോബ്. അപരാധിയേയും നിരപരാധിയേയും നിഷ്ക്കരുണം നശിപ്പിക്കുന്ന പരാപരനെതിരെ ശബ്ദമുയർത്തുന്ന ധിക്കാരിയ ജോബ്. നിഷ്ക്കളങ്കരെ അവഹേളിച്ചുകൊണ്ടു് കന്മഷർക്കു് ലോകത്തിന്റെ നിയന്ത്രണം നല്കിയ നീതിരഹിതനായ ഈശ്വരനെതിരെ കരമുയർത്തുന്ന ക്രുദ്ധനായ ജോബ് (ജോബ് 3; 5: 21-24). അനീതിപരമായി ത

1. J. G. Tasker, "Fool", in Hast. DE., 2nd ed., Edinburg 1963, P. 303.

www.malankaralibrary.com

ന്നെ പീഡിപ്പിക്കുന്ന ഈശ്വരനെതിരെ സമരം പ്രഖ്യാപിക്കുന്ന തന്റേടിയായ ജോബ്' (19: 6–12). ക്ഷുഭിതനും ക്രൂദ്ധനും ഭഗ്നാശനും നിരാശനും ധിക്കാരിയും തന്റേടിയുമായ ഈ ജോബ്' നീണ്ട അനുധ്യാനത്തിന്റെ അന്ത്യത്തിൽ മനസ്സിലാക്കുന്നു ദൈവമാർഗ്ഗങ്ങൾ നിഗൂഢമാണെന്നു'; ഭക്തമാനസർക്കുപോലും അജ്ഞാതമാണെന്നു'. അതുകൊണ്ടു' അദ്ദേഹം സമ്മതിച്ചു ''എന്റെ ബുദ്ധിക്കതീതമായ കാര്യങ്ങളെപ്പററി അവിവേകമായി ഞാൻ സംസാരിച്ചുപോയി. ആകയാൽ ഞാൻ സ്വയം ശാസിച്ചു' പൊടിയിലും ചാരത്തിലും തപംചെയ്തു അനുതപിക്കുന്നു'' (42: 3, 6).

ദൈവം സ്വസമ്മതത്താൽ അബലരെ സ്വന്തമായി തിരഞ്ഞെടുക്കുന്നു. ''ഇതരജനതകളേക്കാൾ എണ്ണത്തിൽ അധികമുണ്ടായിരുന്നതുകൊണ്ടല്ല കർത്താവു' ഇസ്രായേൽക്കാരെ സ്നേഹിച്ചതും തിരഞ്ഞെടുത്തതും (ആവർത്ത. 7; 7; cfr. 1 കൊറി 1: 26–31). ഈജിപ്തിൽനിന്നുള്ള പുറപ്പാടിന്റെ അവസരത്തിൽ, നീണ്ട 40 വർഷത്തെ മരുവാസകാലത്തിൽ, എത്രയെത്ര പ്രാവശ്യം അവർ സത്യദൈവത്തെ സംശയിച്ചില്ല! യാഹ്'വേയുടെ വാക്കനുസരിച്ചു' ജീവിക്കുന്നതിനേക്കാൾ ഫറവോന്റെ അടിമത്തത്തിൽ ഈജിപ്തിൽവെച്ചു' മരിക്കുകയാണു' ഭേദമെന്നു' അവർ എത്ര തവണ അട്ടഹസിച്ചില്ല! (പുറപ്പാടു' 15: 22–19: 2). [2]

ദൈവാഹ്വാനം അനുസരിച്ചു' അവിവേകമായി പൊരുതിയ വിശുദ്ധ യുദ്ധങ്ങളെപ്പററി ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണാം. അതിശക്തരും, രണശൂരരുമായ 135000 മെദിയാക്കാർക്കെതിരെ യുദ്ധം ചെയ്യുവാൻ അവിദഗ്'ധനും അബലനുമായ ഗിദയോനെ യാഹ്'വേ തിരഞ്ഞെടുക്കുന്നു. ദുർബലരായ വെറും 300 പേരാണു' അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്നതു' (ന്യായാ. 7: 1–7) ബലരഹിതനായ ഗിദയോൻ അത്ഭുതകരമായി യുദ്ധത്തിൽ വിജയം വരിക്കുകതന്നെ ചെയ്തു.

പ്രവാചകാഹ്വാനത്തിന്റെ ചരിത്രത്തിലും സ്വജനത്തെ രക്ഷിക്കുന്നതിനു' ദൈവം തിരഞ്ഞെടുത്ത ഭോഷമാർഗ്ഗം സുവ്യക്തമാണു'. അവിടുത്തെ ദിവ്യാഹ്വാനത്തിൽനിന്നും ഓടിരക്ഷപെടാൻ ചില പ്രവാചകർ വൃഥാശ്രമം നടത്തി (ഏറ. 20: 7–10; ജോന 1: 1–3).

ഹോസയായുടെ അസന്തുഷ്ടവിവാഹം (ഹോസ 1: 3), ഏശയ്യായുടെ നഗ്നത (ഏശ. 20: 3), ഏറമ്യായുടെ വിചിത്രജീ

---

2. Y. M. J. Congar, The mystery of the Temple London, 1962, p. 7–19.

www.malankaralibrary.com

വിതം (ഹോ. 16), എസക്കിയേലിന്റെ ചുരുൾതീററ, അസാധാരണപ്രവൃത്തനം (എസ. 3: 1; 4–3)–അന്ത്യമായി കുരിശിന്റെ രക്ഷാകരമൗഢ്യം സ്വീകരിക്കുവാൻ ഇസ്രായേൽക്കാരെ ഒരുക്കുന്നതിനു് യാഹ്‌വേ കൈക്കൊണ്ട ചില ഭോഷമാർഗ്ഗങ്ങളാണിവ.

## മൗഢ്യം– പുതിയ ഉടമ്പടിയിൽ

പ്രധാനമായും രണ്ടു വാക്കുകളാണു് പുതിയ ഉടമ്പടിയിൽ ഭോഷത്തത്തെ ദ്യോതിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്നതു്– ആഫ്‌റോൻ (afron), മോറോസ് (moros). ഏതാണ്ടു് ഒരർത്ഥമാണു് രണ്ടിനും. ഭ്രാന്തൻ, വിവേകശൂന്യൻ എന്നൊക്കെ ആഫ്‌റോൻ ഭാഷാന്തരം ചെയ്യാം. വിഡ്‌ഢിത്തം, അസംബന്ധം എന്നിങ്ങനെ മോറോസും. 'സപ്തതിയിൽ' 'മോറോസ്' വിരളമായേ പ്രയോഗിച്ചുകാണുന്നുള്ളു. മിക്ക വിജ്ഞാനഗ്രന്ഥങ്ങളിലും 'ആഫ്‌റോൻ' എന്ന വാക്കു് ഭോഷനെന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. എന്നാൽ പുതിയ ഉടമ്പടിയിൽ 'മോറോസ്' എന്ന പദമാണു് അധികം[3]. മത്തായി 5: 13–ൽ രസം നഷ്ടമായ ലവണത്തെയും (ലൂക്കാ 14: 34) 5: 22–ൽ സഹോദരനോടുള്ള വിപ്രിയത്തെയും 25: 1–13–ൽ കന്യകമാരേയുംപററി പ്രതിപാദിക്കുന്നിടങ്ങളിൽ 'മോറോസ്' എന്ന വാക്കാണു് പ്രയോഗിച്ചിരിക്കുന്നതു്. ലോകദൃഷ്ട്യാ, സാമാന്യജ്ഞാനദ്വാരാ, വെറും അസംബന്ധം. അതാണു് മോറോസ് എന്ന പദത്തിന്റെ വിവക്ഷിതാർത്ഥം.

വി. പൗലോസിന്റെ വീക്ഷണത്തിൽ ബുദ്ധിഹീനതയാണു് യേശുവും അവിടത്തെ സദ്വാർത്തയും (1 കൊറി 1: 24–25). മനുഷ്യബുദ്ധികൊണ്ടുമാത്രം അവയെ ഗ്രഹിക്കുവാൻ അസാദ്ധ്യമാണെന്നതാണു് കാരണം. ദൈവികദാനമായ വിശ്വാസത്തിന്റെ കണ്ണാടിയിലൂടെ നോക്കിയാലേ, യേശുവിന്റെ വചസ്സുകളുടേയും പ്രവൃത്തികളുടേയും അർത്ഥം മനസ്സിലാക്കാനാവൂ (1 കൊറി 1: 24–25). എന്തെന്നാൽ യേശുപ്രേമം സർവ്വജ്ഞാനത്തേയും അതിശയിക്കുന്നു (എഫേ. 3: 19)

ശാലീനരും വിനീതരും ദരിദ്രരും ആകുവാൻ, ക്ഷമിക്കാനും സഹിക്കാനും ശുശ്രൂഷിക്കാനും കൊടുക്കാനും പഠിക്കുവാൻ യേശു ജനങ്ങളെ ഉദ്ബോധിപ്പിച്ചു[4]. നിത്യജീവനേകുന്ന സ്വശരീരരക്തങ്ങൾ ഭക്ഷ്യപേയങ്ങളായി നല്കുമെന്നു് അവിടുന്നു് വാ

3. G. Bertram "Moros" The DNT, IV, P. 832-847.
4. Mt. 5: 29-30; 38-41; Lk. 9: 48; Mk. 10: 44.

www.malankaralibrary.com

ദാനം ചെയ്തു (യോഹ. 6: 51-53). അതു് ശ്രവിച്ചപ്പോഠം, 'അവൻ സുബോധരഹിതനും പിശാചുബാധിതനുമാണെന്നു്' അവർ പ്രഖ്യാപിച്ചു (മർക്കോസ് 3: 21-22; യോഹ. 10: 20).

ചില അവസരങ്ങളിലെ അവിടുത്തെ പ്രവൃത്തികഠം അസംബന്ധമായേ തോന്നൂ. ആചാര്യൻ അനുചരന്മാരുടെ പാദപ്രക്ഷാളനം നടത്തുന്നുപോലും! (യോഹ. 13: 6-8). ഫലകാലമല്ലായിരുന്നിട്ടും പഴമില്ലാതിരുന്ന അത്തിവൃക്ഷത്തെ അവിടുന്നു ശപിക്കുന്നു (മർക്കോ 11: 12-14). സമൂഹത്തിലെ അതിനിസ്സാരരായ ശിശുക്കളെ പുകഴ്ത്തുന്നു (ലൂക്കാ 9: 48; മർക്കോ. 10: 14-15; മത്തായി 11: 25-26; 18: 16). അർത്ഥശൂന്യതയെന്നല്ലാതെ മറ്റെന്തു പറയേണ്ടൂ!

അവസാനം അവിടുത്തെ അന്ത്യമോ? മരക്കുരിശു്. അതിനെപ്പറ്റി പൗലോസ്ശ്ലീഹാ പറയുന്നു: ''യഹൂദന്മാർക്കു് ഇടർച്ച; വിജാതീയർക്കു് വിഡ്ഢിത്തം'' (1 കൊറി 1: 23).

## കുരിശിന്റെ മൗഢ്യം: പൗലോസിന്റെ ലേഖനങ്ങളിൽ

''ദൈവത്തിനു് മൗഢ്യമാണു് ലോകവിജ്ഞാനം'' (1കൊറി. 3: 19) എന്നാണു് പൗലോസിന്റെ മതം. തത്സമയംതന്നെ അദ്ദേഹം പറയുന്നു: ''ലോകത്തിനു് മൗഢ്യമാണു് ദൈവജ്ഞാനം'' (1കൊറി 1: 21, 23). ഈ മായാവിരുദ്ധതയെ അദ്ദേഹം പരിഹരിക്കുന്നതു് എങ്ങനെയാണു്? ''ദൈവത്തിന്റെ മൂഢത മനുഷ്യരേക്കാഠം ജ്ഞാനമുള്ളതാകുന്നു. ദുർബലത മനുഷ്യരേക്കാഠം ബലവത്താകുന്നു'' (1 കൊറി 1: 25) എന്ന വിശ്വാസത്താൽ. എന്തെന്നാൽ യഥാർത്ഥ വിജ്ഞാനം ഏകം; അതെപ്പോഴും ദൈവത്തിലാണുതാനും. പ്രഥമവും പ്രധാനവുമായി മനുഷ്യ-ദൈവബന്ധത്തിൽ, മനുഷ്യജീവിതത്തിന്റെ കേന്ദ്രത്തിൽ, സ്ഥിതിചെയ്യുന്ന വലിയ അവ്യവസ്ഥയാണു് മൗഢ്യം. തന്മൂലം മിഥ്യാമൗഢ്യത്തിന്റെ കാരണം തേടിപ്പോകേണ്ടതു് മറ്റെവിടേയ്ക്കുമല്ല മനുഷ്യനിലേയ്ക്കു് തന്നെയാണു്.

ദൈവത്തേയും ആത്മരക്ഷയേയും ഉദാസീനഭാവത്തിൽ അഭിവീക്ഷിക്കുന്നവനാണു് വേദഗ്രന്ഥഭാഷയിൽ ഭോഷൻ (സങ്കീ. 53: 1-2). സ്വയം പര്യാപ്തനാണെന്നു് നടിച്ചുകൊണ്ടു് അവൻ തിന്മ ചെയ്യുന്നു. ''വിജ്ഞാനി ആഗമനതിന്മയെ ദർശിച്ചു് അതിനെ പരിവർജ്ജിക്കുന്നു. ഭോഷനാകട്ടെ ധിക്കാരംപൂണ്ടു് നിർഭയ

www.malankaralibrary.com

നായി നടക്കുന്നു'' (വിജ്ഞാനം 14: 16). ബൗദ്ധികശോഷണമല്ല ദൈവത്തിനെതിരായ വിപ്ലവമാണ് മൗഢ്യം5.

വി. പൗലോസിന്റെ വീക്ഷണത്തിൽ ആത്മപ്രശംസയും അഹംഭാവവും മൗഢ്യമാണ്. ദൈവമാണ് ജീവസ്രോതസ്സ്; ക്രിസ്തു നമ്മുടെ വിജ്ഞാനവും (1കൊറി 1: 30). നമുക്കുള്ളതെല്ലാം അവിടുന്നിൽനിന്നാണ്. അതുകൊണ്ട് ആർക്കും പ്രശംസിക്കുവാൻ കഴിയുകയില്ല (1കൊറി. 4: 7; 1: 31).

ദൈവത്തേയും ആത്മമുക്തിയേയും സംബന്ധിക്കുന്നതാണ് യഥാർത്ഥവിജ്ഞാനം. ഈ കാലഘട്ടത്തിന്റേയോ, ഈ തലമുറയുടെ ഭരണകർത്താക്കളുടെയോ വിജ്ഞാനമല്ലത്; ''നമ്മുടെ മഹത്വീകരണത്തിനായി മനഃന്തരങ്ങൾക്കുമുമ്പ് ദൈവയോഗത്താൽ ഉദ്ഭൂതമായ ഗുപ്തജ്ഞാനമാണത്''' (1കൊറി. 2: 6-7). ദൈവാവിഷ്ക്കരണമൊന്നു മാത്രമാണ് ഈ നിഗൂഢജ്ഞാനഗ്രഹണത്തിനുള്ള ഉപാധി. തന്മൂലം അപ്പസ്തോലൻ ക്രിസ്തുവിലും. കുരിശിലുള്ള നിന്ദാമരണമുൾപ്പെടെ അവിടുത്തെ സർവ്വപ്രവൃത്തികളിലും യഥാർത്ഥ വിജ്ഞാനം ദർശിച്ചു (1 കൊറി. 1: 24, 30).6

## കുരിശിന്റെ മൗഢ്യത്തിന്റെ പ്രേരകം

ദൈവോന്മുഖമായ മനുഷ്യന്റെ സമഗ്രപരിവർത്തനമാണ് കുരിശിന്റെ മൗഢ്യത്തിന്റെ അടിസ്ഥാനപ്രേരകം. പൗലോസ് കൊറിന്ത്യർക്കുള്ള ലേഖനത്തിൽ ഇക്കാര്യം സുവ്യക്തമാക്കുന്നു. ''വിജ്ഞന്മാരെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ അജ്ഞന്മാരെ ദൈവം തിരഞ്ഞെടുത്തു....തന്റെ സന്നിധാനത്തിൽ ഒരു മനുഷ്യനും വികത്ഥനം ചെയ്യാതിരിക്കുവാൻ തന്നെ'' (1കൊറി. 1: 27, 29). ആത്മപ്രശംസ ആത്മമഹത്വവും അഹംഭാവവും ഉൾക്കൊള്ളുന്നു. മുക്തിക്കു വിഘ്നാതമാണിതു്.

പ്രവാചകന്മാർ പലപ്പോഴും ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യരെ രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ മാർഗ്ഗങ്ങൾ അവരുടെ ജ്ഞാനാനുസാരമല്ലെന്നു് പ്രവാചകന്മാർ ഇസ്രായേൽക്കാരെ ചൂണ്ടിക്കാണിച്ചു7. ജ്ഞാനിയുടെ വിജ്ഞാനം നശി

5. W. Caspari, Ueber den biblischen begriff der Thorheit in: Nene Kirchliche Zeitschrift- 39 (1928), p. 668-695.

6. L. Cerfaux, Le Christ dans la Theologie de Saint Paul, Paris, 2nd ed. 1951, p. 189 ff.

7. Is. 10: 12-13, 19: 11-13, 44: 9-20; Jer. 10: 1-16; cfr. Wisd. 13: 10-15, 19.

www.malankaralibrary.com

പ്പിക്കുന്ന ദൈവതിരുമനസ്സിനെ ഏശയ്യാ പ്രഖ്യാപനംചെയ്തു (ഏസ. 29: 14; 1 കൊറി. 1: 19). എന്തെന്നാൽ വിവേകമതികളുടെ വിജ്ഞാനം വൃഥാവിലാണെന്നു് കർത്താവറിയുന്നു (സങ്കീ. 94: 11; 1 കൊറി. 3: 20). ആത്മപ്രശംസയുടെ അന്തസ്സാരശൂന്യതയെപ്പററി എറമിയാസ് പ്രതിപാദിക്കുന്നു (എറ. 9: 22–23; 1 കൊറി. 1: 31).

ദൈവത്തെക്കൂടാതെ വിജ്ഞരാകാൻ ശ്രമിച്ചപ്പോഴൊക്കെ ഇസ്രായേൽക്കാരുടെ വിജ്ഞാനം അത്യാപത്തിൽ കലാശിച്ചു[8].

ജോബ് തുറന്നു പറയുന്നു: ''വക്രബുദ്ധികളുടെ ആലോചന ദൈവം നിഷ്ഫലമാക്കും'' (ജോബ് 5: 13; 1 കൊറി. 3:19). ഇത്തരം ദൈവിക പ്രവർത്തനങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ തയ്യാറാക്കുന്നുണ്ടു് ബാറൂക്ക് (ബാറൂക്ക് 3: 10 ശേഷവും). പൗലോസ് കൊറീന്ത്യാക്കാർക്ക് എഴുതിയ ഒന്നാംലേഖനത്തിൽ അബദ്ധവിജ്ഞാനത്തെപ്പററി പ്രതിപാദിക്കുന്നിടത്തും ഇക്കാര്യം നിഴലിച്ചുകാണാം (1: 20–31). അന്ത്യമായി അവരുടെ രക്ഷയായിരുന്നു, ഇത്തരം ദൈവികപ്രവർത്തനങ്ങളുടെ ലക്ഷ്യം. എസക്കിയേൽ പറയുന്നു: ''ദുഷ്ടന്റെ മൃത്യുവിലല്ലാ അവന്റെ മാനസാന്തരത്തിലാണു് എന്റെ ആനന്ദം (33: 11). യേശുവിന്റെ മാനുഷീകരണത്തിന്റെ ലക്ഷ്യവും മറെറാന്നല്ല 9.

## ഗ്രഹണമാദ്ധ്യമം

അജനും അപരിമിതനുമായ ദൈവത്തിന്റെമുമ്പിൽ ജാതനും പരിമിതനുമായ മനുഷ്യൻ തീർത്തും നിസ്സാരൻ. ദൈവച്ഛായയിൽ സൃഷ്ടനാണവൻ. തന്മൂലം ദൈവത്തെ പിതാവേ എന്നു് അവനു് സന്യായം വിളിക്കാം. അതേസമയം നരൻ ദൈവമല്ല. പരിമിതസൃഷ്ടി മാത്രമാണു് അവൻ. ദൈവത്തിന്റെ അനന്തശക്തിയേയും അപാരജ്ഞാനത്തേയും അവൻ അംഗീകരിച്ചേപററൂ.

ദൈവവും മനുഷ്യനും തമ്മിൽ അനന്തമായ അന്തരമുണ്ടു്. വിശ്വാസമൊന്നുകൊണ്ടുമാത്രമേ അതു അവസാനിപ്പിക്കാൻ സാധിക്കൂ. സ്വഭാവാതീതലോകത്തിലേക്കുള്ള പാലമാണു് വിശ്വാസം. ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ഒരുവൻ ഈ സേതുവിലൂടെ അവശ്യം കടന്നുപോകണം.

മാനസാന്തരാഹ്വാനവും വിശ്വാസാവശ്യകതയും ഗാഢാ

---

8. Is· 5: 13, 20–24; 28: 14–22; Jer. 8: 9; Ps. 81: 12–14.

9. R. Schnaekenburg, The Moral Teaching of the New Testment, London, 1965, p. 25–33.

www.malankaralibrary.com

ബന്ധമാണ്. നിയമജ്ഞരും പ്രീശരും സ്നാപകയോഹന്നാനേയും യേശുവിനേയും നിരാകരിച്ചതു് അവരുടെ മാനസാന്തരവിമുഖതയായിരുന്നു (ലൂക്കാ. 7: 29 ശേഷവും; മത്തായി 21: 32).

അനുതാപഫലമായി മനുഷ്യൻ ദൈവത്തേയും ദൈവപ്രസാദത്തേയും കണ്ടെത്തുന്നു. സിദ്ധനായ പൗലോസ് പറയുന്നു: ''സൗജന്യമായ ദൈവകൃപയാൽ നമ്മൾ നീതീകൃതരായിരിക്കുന്നു'' (റോമ. 3: 24). ആചാര്യൻ വീണ്ടും എഫേസൂസുകാർക്കു് എഴുതുന്നു ''അവന്റെ കൃപയാൽ വിശ്വാസംമൂലം നാം രക്ഷിതരായിരിക്കുന്നു. അതു നിങ്ങളിൽനിന്നുണ്ടായതല്ല, മറിച്ചു് ദൈവദാനമാകുന്നു. ആരും പ്രശംസിക്കാതിരിക്കേണ്ടതിനു് അതു പ്രവൃത്തിജന്യമല്ല'' (എഫേ. 2: 8–9). ദൈവഹിതം പുണ്യപുരുഷനു് വെളിപ്പെടുന്നു: ''നിനക്കെന്റെ പ്രസാദംമതി; എന്റെ ശക്തി അശക്തരിലത്രേ പ്രകടമാകുന്നതു്'' (2 കൊറി. 12: 9). തന്മൂലം ആ മഹാത്മാവു് പ്രശംസിച്ചതു് അദ്ദേഹത്തിന്റെ ബലഹീനതയിലായിരുന്നു. ''അതിനാൽ മിശിഹായുടെ ശക്തി എന്നിൽ അധിവസിക്കേണ്ടതിനു് എന്റെ ബലഹീനതകളിൽ ഞാൻ പ്രശംസിക്കുന്നു'' (2 കൊറി. 12: 9).

## കുരിശിന്റെ മൂഢതയുടെ അർത്ഥം

സ്നേഹം– അതാണ് കുരിശിന്റെ മൗഢ്യത്തിനു് അവസാന ഉത്തരം. ലോകത്തിന്റെ മുമ്പിൽ വിഡ്ഢിത്തമായി തോന്നത്തക്കവിധം ചിലപ്പോൾ അതു് അത്രയ്ക്കു് ശക്തമായിരിക്കും.

കുരിശിന്റെ ഭോഷത്തം, പിതാവായ ദൈവത്തിന്റെ അപാരമായ സ്നേഹത്തിന്റെ പ്രകടനം. ''സ്വപുത്രനോടു് ക്ഷമിക്കാതെ അവിടുന്നു് നമുക്കുവേണ്ടി അവനെ ഏല്പിച്ചുകൊടുത്തു'' (റോമ. 8: 32; 2 കൊറി. 5: 21; യോഹ 3: 16). പിതാവായ ദൈവം നമ്മോടുള്ള അനന്തമായ സ്നേഹംമൂലം മനുഷ്യകുലരക്ഷാർത്ഥം തന്റെ ഏക പുത്രനെ ബലിയർപ്പിക്കുവാൻപോലും മടിച്ചില്ല.

മനുഷ്യോന്മുഖമായ ദൈവത്തിന്റെ പരമഹിതാഭിമുഖ്യമാണ്, പൗലോസിന്റെ വീക്ഷണത്തിൽ, സ്നേഹം. അതു മനുഷ്യരക്ഷാർത്ഥമാണ്. സ്നേഹപ്രവൃത്തികളാണ് ആദിമുതൽ ദൈവത്തിന്റെ ഏകോദ്ദേശ്യം. അബ്രാഹത്തിന്റെ കാലംമുതൽ അവിടുന്നു് ഒരു ജനപദത്തെ വ്യക്തമായി മുൻകൂട്ടി ദർശിച്ചു. പിശാചിന്റെ ബന്ധനത്തിൽനിന്നും വിമുക്തമായ ഒരു ജനതതിയെ. അവസാനം സ്വപുത്രനേയും ദിവ്യാരൂപിയേയും അവരിലേക്കു് അയച്ചുകൊണ്ടു് അവിടുന്നു് അവരെ രൂപപ്പെടുത്തി. ഈ അരൂപി സ്നേഹാരൂപിയാണ്, സ്നേഹചൈതന്യമാണ്. ഗലേഷ്യക്കാ

www.malankaralibrary.com

ക്കുള്ള ലേഖനത്തിന്റെ അന്ത്യഭാഗത്തു് സ്വീധാചാര്യൻ ഇക്കാര്യം സുവ്യക്തമാക്കുന്നുണ്ടു് (ഗലേ 5: 2-6: 10) 10.

## സ്നേഹത്തിന്റെ പരമകാഷ്ഠ

പിതാവിന്റെ വിമോചകമനസ്സിനോടു് യോജിച്ചുകൊണ്ടും അതനുസരിച്ചുകൊണ്ടും ജീവിച്ചു മരിച്ചു് ഉത്ഥിതനായ സുതനായ ക്രിസ്തുവിന്റെ പക്ഷത്തുനിന്നു നോക്കിയാൽ സ്നേഹത്തിന്റെ ഭോഷത്തമാണു് കുരിശു് 11. അടിമകളെ സ്നേഹിക്കാനും സ്വതന്ത്രരാക്കുവാനുംവേണ്ടി ദൈവതലത്തിൽനിന്നു് അടിമയുടെ അവസ്ഥയിലേക്കു് സ്വയം താഴ്ന്നിയ ക്രിസ്തുവിന്റെ മൗഢ്യം.

ഇതു് നമുക്കു് അല്പംകൂടി വ്യക്തമാക്കാം. മഹാനായ ഒരു രാജകുമാരൻ താൻ സ്നേഹിക്കുന്ന വേശ്യയ്ക്കുവേണ്ടി തന്റെ രാജ്യവും അധികാരവും സമ്പത്തും, സർവ്വസ്വവും പരിത്യജിക്കുന്നുവെന്നു കരുതുക. പ്രേമഭ്രാന്തനെന്നു് വിളിച്ചു് സർവരും അദ്ദേഹത്തെ അവഹേളിക്കും. യഥാർത്ഥത്തിൽ ഇത്തരം ഒരു സംഭവം ഇംഗ്ലണ്ടിൽ നടന്നു. ക്രിസ്തുബ്ദം 1937. എഡ്വേർഡു് എട്ടാമനാണു് രാജാവു്. അദ്ദേഹത്തിന്റെ ഭരണകാലം എന്തുമാത്രമെന്നോ? വെറും ആറുമാസം. അപ്പോഴേക്കും ആ യുവരാജൻ സാധാരണക്കാരിയും, വിവാഹമോചിതയുമായ ഒരു തരുണീമണിയിൽ– മിസ്സസ് സിംസണിൽ അനുരക്തനായി.

അസംബന്ധം. ലജ്ജാകരം. അപമാനഹേതു. ഇംഗ്ലണ്ടിലെ ജനങ്ങൾ വിധിയെഴുതി. അവർ രാജാവിനെ ഭീഷണിപ്പെടുത്തി, അവളെ വിവാഹം കഴിച്ചാൽ സ്ഥാനഭ്രഷ്ടനാക്കുമെന്നു്. അദ്ദേഹത്തിന്റെ പ്രേമവാഹിനിയുടെ അനിഷേധ്യപ്രവാഹത്തെ തടഞ്ഞുനിർത്തുവാൻ ഒരു ശക്തിക്കും സാധിച്ചില്ല. രാജകുമാരൻ കിരീടവും രാജ്യവും ചവറുപോലെ വലിച്ചെറിഞ്ഞു. തന്റെ പ്രേമഭാജനത്തെ വിവാഹം കഴിക്കുവാൻവേണ്ടി അദ്ദേഹം പാരീസിലേക്കു് പോയി. മാനുഷിക പ്രേമത്തിന്റെ മൗഢ്യം!

ഇതൊരു രാജാവിന്റെ പ്രേമകഥ. ക്രിസ്തുവിനു് നമ്മോടുള്ള ദിവ്യപ്രേമത്തിന്റെ അത്യഗാധതയുമായി താരതമ്യപ്പെടുത്തുവാൻപോലും അപര്യാപ്തം. ''അവിടുന്നു് ദൈവരൂപത്തിലായിരുന്നിട്ടും ദൈവവുമായുള്ള സമാനത വിഗണിച്ചു് സ്വയം ശൂന്യ

10. E. Stauffer, "Agapao", in Th DNT, I, p. 49-50.

11. D. Mollat, Folie dela Croix, in Dictionaire de Spiritulite, Paris, 1964, p. 25-33.

www.malankaralibrary.com

മാക്കി ദാസൻെറ വേഷം സ്വീകരിച്ചു . . . അവിടുന്നു് മരണം വരെ, കുരിശുമരണംവരെ അനുസരിച്ചു (ഫിലി 2: 5–8). യേശുവിനു നമ്മോടുള്ള ദിവ്യസ്നേഹത്തിൻെറ അപാരത! അതുല്യസ്നേഹത്തിൻെറ ആഴം!

കുരിശുമരണത്തിലൂടെ അവിടുന്നു് വെറുമയുടെ പാരമ്യത്തിലെത്തി. പാപഫലങ്ങളും തിക്തവും തീവ്രവുമായ രീതിയിൽ അനുഭവിക്കുവാൻ അവിടുന്നു തിരുവുള്ളമായി. അക്കാലത്തു് സങ്കല്പിക്കാവുന്നതിൽ വച്ചേററവും നിന്ദ്യവും നികൃഷ്ടവും, നീചവും, ഭയാനകവുമായ ശിക്ഷയായിരുന്നു കുരിശുമരണം. അതാണവിടുന്നു് സാമോദം സ്വീകരിച്ചതു്. മനുഷ്യവർഗ്ഗവുമായി സ്വയംതാദാത്മ്യപ്പെടുത്തിയ അവിടുത്തെ അതുല്യസ്നേഹത്തിൻെറ അനിതരസാധാരണമായ മാതൃകയായിരുന്നു കുരിശുമരണം.

പൗലോസ്ശ്ലീഹാ മിക്കപ്പോഴും ക്രിസ്തുവിൻെറ മരണവുമായി ബന്ധിച്ചു് അവിടുത്തെ നിസ്സീമസ്നേഹത്തെപ്പററി പറയുന്നുണ്ടു്. ''ക്രിസ്തു നമ്മെ സ്നേഹിച്ചു. നമുക്കുവേണ്ടി സ്വയം ബലിയായി സമർപ്പിച്ചു'' (ഗലേ 2: 20; എഫേ. 5: 2; 5: 25). റോമാക്കാർക്കുള്ള ലേഖനം 5–ാം അദ്ധ്യായം 7–8 വാക്യങ്ങളിൽ മഹത്തായ അവിടുത്തെ സ്നേഹത്തെപ്പററി പ്രത്യേകമായി പ്രതിപാദിക്കുന്നു. 12 ഇദംപര്യന്തം മനുഷ്യരുടെ ഇടയിൽ അജ്ഞാതമായിരുന്ന സ്നേഹവുമായി ഇവിടെ അപ്പസ്തോലൻ യേശുവിൻെറ സ്നേഹത്തെ താരതമ്യപ്പെടുത്തുന്നു. സ്വാർത്ഥപ്രേരിതമോ, വ്യക്തിലാഭേച്ഛുതമോ ആയിരുന്നില്ല അവിടുത്തെ സ്നേഹം. ശത്രുക്കളോടുള്ള അഹേതുകമായ, സ്വമനസ്സാലെയുള്ള സ്നേഹമായിരുന്നു അതു്.

ഇതു് മഠയത്തരമായി തോന്നിയേക്കാം. എന്നാൽ യേശുവിൻെറ മൗഢ്യം യഥാർത്ഥ വിജ്ഞാനമായിരുന്നു. അവിടുത്തെ അശക്തി യഥാർത്ഥ ശക്തിയായിരുന്നു (1 കൊറി. 1: 24–25). ദുർബലനെന്നോ, ദരിദ്രനെന്നോ, വിനീതനെന്നോ, അജ്ഞനെന്നോ, ദുഷ്ടനെന്നോ, പാവമെന്നോ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യർക്കും ദൈവത്തെ സ്നേഹിക്കുവാനും, ദൈവത്തിൽ വിശ്വസിക്കുവാനും ആശ്രയിക്കാനും കഴിയുമെന്നു് അവിടുന്നു കാണിച്ചുകൊടുത്തു. ഇതാണു് രക്ഷ. ഇതാണു വിജ്ഞാനം (1 കൊറി. 1: 30).

---

12. K. Romaniuk, L' Amour du Pere et du Fibs dans la SoteriologieeP St. Paul, Anal. Bibl: 15, Roma, 1961.

www.malankaralibrary.com

## മനുഷ്യന്റെ പ്രത്യുത്തരം

കാൽവരിയിൽ അരങ്ങേറിയ നാടകം — സ്നേഹത്തിന്റെ ഘോഷത്തം — വാചാലമായ ഭാഷയിൽ സുമനസ്സുകളോടു വിളിച്ചുപറയുന്നു: ഒന്നുമില്ലാത്ത നമുക്കുവേണ്ടി ക്രിസ്തു കുരിശിൽ മരിച്ചെങ്കിൽ നമ്മുടെ എല്ലാമായ അവിടുത്തെ എത്രയധികമായി സ്നേഹിക്കണം?

യേശു നമുക്കുവേണ്ടി ജീവൻ ത്യജിച്ചു. അവിടുത്തെ ആത്മത്യാഗത്തിന്റെ മാതൃക വൃഥാവിലായിരുന്നില്ല. നമ്മുടെ സ്വാർത്ഥതയുടെമേലുള്ള വിജയമായി അവിടുന്ന് അതിനെ പരിഗണിച്ചു. തന്മൂലം പൗലോസ്ശ്ലീഹാ എഫേസൂസുകാരെ ഉപദേശിക്കുന്നു: ''നമ്മെ സ്നേഹിച്ച യേശുവിന്റെ സ്നേഹത്തിൽ വ്യാപരിക്കുവിൻ'' ( 5: 2 ). അങ്ങനെ അവിടുത്തേക്കുവേണ്ടി വിഡ്ഢികളാകുവിൻ (1 കൊറി. 4: 10). പ്രേമഗീതം ആലപിക്കുവാൻ മാത്രം അത്രസ്സു് അത്യുൽക്കടവും അത്യഗാധവുമായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം യേശുപ്രേമം. ''യേശുവിനോടുള്ള പ്രേമത്തിൽനിന്നു് നമ്മെ ആർ വേർപെടുത്തും? ... ഞെരുക്കമോ? ബന്ധനമോ? പീഡനമോ? പട്ടിണിയോ? .... നിന്നെപ്രതി ഞങ്ങൾ പ്രതിദിനം മരിക്കുന്നു. അറക്കുവാനുള്ള അജങ്ങളെപ്പോലെ ഞങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു (റോമ. 8: 35–36).

ലോകം തന്റെ നിലപാടിനെ പമ്പരവിഡ്ഢിത്തമായി കണക്കാക്കുമെന്നു് പൗലോസിനു് അറിയാമായിരുന്നു. യേശുപ്രേമത്തിന്റെ ശ്രേഷ്ഠ്യം ശരിക്കും അറിയാമായിരുന്ന അദ്ദേഹം അതൊന്നും കാര്യമാക്കിയില്ല. ''എന്റെ കർത്താവായ ഈശോമിശിഹായെക്കുറിച്ചുള്ള അറിവിന്റെ ശ്രേഷ്ഠതനിമിത്തം ഞാൻ സർവ്വതും നഷ്ടമായി ഗണിക്കുന്നു. മിശിഹായെ നേടുവാൻ ഞാൻ സകലവും നഷ്ടപ്പെടുത്തുകയും അമേദ്ധ്യംപോലെ കരുതുകയും ചെയ്തു ( ഫിലി 3: 8).

യേശുവിനുവേണ്ടി സ്വജീവൻപോലും ത്യജിക്കുവാൻ തയ്യാറാകുന്ന ഈ ദിവ്യവും അഗാധവും അഭൗമികവുമായ സ്നേഹം ദൈവാഹ്വാനം സിദ്ധിച്ചവരുടെ, ദൈവത്തിന്റെ പൂർണ്ണതകൊണ്ടു നിറഞ്ഞവരുടെ, പ്രമുഖഗുണമാണു് (എഫേ. 3: 19). യഥാർത്ഥപ്രേമവും വിശ്വാസവും വിജ്ഞാനവും യേശുവിൽമാത്രം (1 കൊറി. 1: 24, 30; എഫേ. 3: 19).

അറിവിനും, സ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള അന്വേഷണത്തിന്റെ പരമകാഷ്ഠയിൽ എത്തിയിരിക്കുകയാണു് ഇന്നത്തെ ലോകം. പരമാണുവിന്റെ ഹൃദയംപോലും തല്ലിപ്പൊട്ടിച്ചു് അ



www.malankaralibrary.com

പഗ്രഥിച്ചു നിരീക്ഷിച്ചുകഴിഞ്ഞിരിക്കുകയാണ് ശാസ്ത്രജ്ഞന്മാർ. പരമാണുവിന്റെ ഘടകങ്ങളായ പ്രോട്ടോണും ഇലക്ട്രോണും ന്യൂട്രോണുമിടയിലൊക്കെ പരതിയിട്ടും അവരിൽ പലരും പരാപരനെ ദർശിച്ചില്ല. ബഹിരാകാശഗോളങ്ങളിലൊ, പരമാണുവിന്റെ ഘടകങ്ങളിലൊ ദൈവത്തെ ദർശിക്കാൻ കഴിയാതെപോയ അവർ ജല്പിച്ചു. ''പഴഞ്ചൻ ദൈവം മരിച്ചു.''

ആദ്യത്തെ ശൂന്യാകാശചാരിയായിരുന്നു റഷ്യക്കാരനായ യൂറിഗഗാറിൻ. വിജയശ്രീലാളിതനായി ശൂന്യാകാശത്തിൽനിന്നു തിരിച്ചെത്തിയ അദ്ദേഹം പ്രസ്താവിച്ചു, അവിടെല്ലാം അന്വേഷിച്ചിട്ടും എങ്ങും ഈശ്വരനെ കണ്ടില്ലെന്ന്. വിചിത്രമായ പ്രസ്താവന നടത്തിയിട്ട് ഒരു വർഷം തികഞ്ഞില്ല. വിമാനാപകടത്തിൽ അദ്ദേഹം ചിതറിപ്പോയി.

നിരുപാധിക സ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദമുയർത്തുന്ന തത്വജ്ഞാനികളുടെ ദൃഷ്ടിയിൽ മനുഷ്യസ്വാതന്ത്ര്യത്തിന്റെ കണ്ഠകോടാലിയാണ് ഈശ്വരാസ്തിത്വം. അധുനാതന ലോകത്തിന് അനാവശ്യവും അനുചിതവുമത്രെ ദൈവം!

സ്വയം പര്യാപ്തനായ മനുഷ്യന് അധികപ്പററാണ് ദൈവം. സ്വയാശ്രയനായ മനുഷ്യൻ മറെറാന്നിന്റേയും, മററാരുടേയും അടിമയല്ല. സ്വതന്ത്രസ്വതന്ത്രനായ, സ്വയം പര്യാപ്തനായ അവൻതന്നെയാണ് ദൈവം.

ഇത്തരക്കാരെപററി സിദ്ധനായ പൗലോസ് നൂററാണ്ടുകൾക്കപ്പുറം പറഞ്ഞു. സ്വാഭാവികമനുഷ്യനു അസ്വീകാര്യമാണ് ദൈവാത്മാവിന്റെ ദാനങ്ങൾ. അവനതു ഭോഷത്തമാകുന്നു. അതു മനസ്സിലാക്കുവാൻ അവനു കഴിയുകയുമില്ല (1 കൊറി. 2: 24).

യഥാർത്ഥ വിജ്ഞാനം ദാനമാണ്, ദൈവദാനം. ദൈവരഹസ്യങ്ങൾ ഗ്രഹിക്കുന്നതിലാണ് അതു് അടങ്ങിയിരിക്കുന്നതു്. ലോകത്തിലെ വിജ്ഞാനികൾക്കു് ദൈവം അതു് അവശ്യം ആവിഷ്ക്കരിക്കണമെന്നില്ല. ശിശുക്കൾക്കും ശാലീനർക്കും വിനീതർക്കുമാണ് അവിടുന്നു് അതു് പ്രധാനമായും വെളിപ്പെടുത്തുക (മത്താ. 11: 25–26; സങ്കീ. 19: 8; 1 കൊറി. 1: 25–31). ലോകദൃഷ്ട്യാ വിഡ്ഢികൾ – അവരെയാണ് ദൈവം ഇഷ്ടപ്പെടുന്നതു്. അതുകൊണ്ടു് പൗലോസ്ശ്ലീഹാ ഉദ്ഘോഷിക്കുന്നു, ''നിങ്ങളിൽ ഈ ലോകത്തിൽ വിജ്ഞാനിയാണെന്നു് വിചാരിക്കുന്നവൻ യഥാർത്ഥ ജ്ഞാനിയാകേണ്ടതിനു് ഭോഷനാകട്ടെ'' (1 കൊറി. 3: 18).

ഡോ. ജോസഫ് കോട്ടയ്ക്കൽ

വിവ: ജോസ് മാരംകുഴ.

www.malankaralibrary.com

# ക്രൈസ്തവസഹനം
# പത്രോസിന്റെ ഒന്നാം ലേഖനത്തിൽ

ദുഃഖത്തിന്റെ ദീനരോദനത്തോടെയാണ് ഓരോ പ്രഭാതവും കിഴക്കിന്റെ മടിത്തട്ടിൽ പിറന്നു വീഴുക. എവിടെ നോക്കിയാലും അവിടമെല്ലാം ദുഃഖമയം—സഹനമയം. ലോകമൊരു തരിശുഭൂമി. ജീവിതമൊരു ഭാരവണ്ടി. സുഖമൊരു ബിന്ദു. ദുഃഖമൊരു ബിന്ദു. എങ്ങും എവിടെയും വേദന. വേദനയിൽ തുടങ്ങി, വേദനയിലൂടെ തുടർന്ന് വേദനയിൽ അവസാനിക്കുന്ന ജീവിതം. ചുറ്റുമൊന്നു കണ്ണോടിക്കു. ഏതെല്ലാം തരത്തിൽ, എന്തെല്ലാം വിധത്തിൽ ദുഃഖിതർ. തൊഴിൽ രഹിതർ. ഉണ്ണാനില്ലാത്തവർ. ഉടുക്കാനില്ലാത്തവർ. രോഗത്തിന്റെ തീക്കട്ടിലിൽ കിടന്ന് വെന്തുരുകുന്നവർ. നിരാശയുടെ നീർച്ചുഴിൽപെട്ട് നട്ടം തിരിയുന്നവർ....എല്ലാവരും ദുഃഖിതർ...ദുഖമെന്ന ഒരേ അനുഭവം പല വിധത്തിലും തരത്തിലും അനുഭവിക്കുന്നവർ. ഇവരിൽ പലരും കരകാണാത്ത ദുഃഖാബ്ധിയിൽ കിടന്ന് കൈ കാലിട്ടടിച്ച് മടുക്കുമ്പോഴും, ആഴിയുടെ അഗാധതകളിലേക്ക് നിത്യമായി താഴാൻ തുടങ്ങുമ്പോഴും, ജന്മദിനത്തേയും ജന്മദാതാവിനേയും, പഴിക്കുന്നു. ചിലരാകട്ടെ നിത്യാനന്ദം ലഭിക്കുമെന്ന തികഞ്ഞ പ്രത്യാശയോടെ, നിറഞ്ഞ പ്രതീക്ഷയോടെ കവിഞ്ഞ വിശ്വാസത്തോടെ, കരങ്ങളുയർത്തി ദൈവത്തെ വിളിച്ച് അപേക്ഷിക്കുന്നു, യാചിക്കുന്നു. സഹനത്തിന്റെ നേർക്കുള്ള ദ്വിവിധ മനോഭാവങ്ങളാം. ആദ്യത്തേത് അക്രൈസ്തവം, രണ്ടാമത്തേത് ക്രൈസ്തവം. സഹനം തിന്മയാണ് അതാണ് ലോകജ്ഞാനം. ക്രൈസ്തവദർശനം മറ്റൊന്നാണ്. മുക്തി പ്രാപിക്കാനുള്ള വ്യവസ്ഥയാണ് സഹനം; മുക്തിദായകമാണ് സഹനം. നിഷ്കൃതമാണ് സഹനം. ഈ മനോഭാവം നിലവിൽ വരുന്നതിന്റെ പിമ്പിൽ ഒരു നീണ്ട പരിണാമചരിത്രമുണ്ട്. പഴയ—പുതിയ ഉടമ്പടികളിലെ സഹനദർശനം പശ്ചാത്തലമാക്കികൊണ്ട് പത്രോസിന്റെ ഒന്നാം ലേഖനത്തിലെ ക്രൈസ്തവസഹനദർശനം വിശദീകരിക്കുകയാണ് ഈ ലേഖനോദ്ദേശ്യം.

## സഹനത്തിന്റെ ഉത്ഭവം

ഉദ്പത്തി പുസ്തകത്തിൽ ദുഃഖദുരിതങ്ങളുടേയും, കഷ്ടാരിഷ്ടതകളുടേയും വ്യാധിവ്യഥകളുടേയും മരണാമരണങ്ങളുടേയും ആ

www.malankaralibrary.com

രംഭം എങ്ങനെയാണെന്നു് വിവരിക്കുന്നുണ്ടു്. ദൈവപദ്ധതിയിൽ ഉണ്ടായിരുന്നതല്ല അവയൊന്നും. പാപഫലമാണവ. പ്രഥമ പാപഹേതുവായി രോഗവും മരണവും ലോകത്തിൽ പ്രവേശിച്ചു (ഉദ്പ. 3:16–19). പാപത്തിനുള്ള ശിക്ഷയാണു് സഹനം (ഉദ്പ 42:21; ലേവ്യർ 26: 14–40; സംഖ്യ. 12:9–12). ദൈവം നീതിമാനു് സമ്മാനമേകുന്നു, ദുഷ്ടനെ ശിക്ഷിക്കുന്നു. ഇതാണു് യഹൂദദർശനം. മരണാനന്തരജീവിതത്തെപ്പററിയുള്ള അവരുടെ അറിവു് തുലോം അവ്യക്തമായിരുന്നു. ഇഹത്തിൽവെച്ചു് ദു:ഖദുരിതങ്ങൾ സഹിച്ചാൽ പരത്തിൽ അതിനു് തക്കതായ പ്രതിഫലം ലഭിക്കുമെന്ന വിശ്വാസം അവർക്കില്ലായിരുന്നു.[1] അതുകൊണ്ടു് ലോകജീവിതത്തിൽതന്നെ പ്രതിഫലവും ശിക്ഷയും അവർ ആഗ്രഹിച്ചു.

## നീതിമാൻെറ സഹനം, ദുഷ്ടൻെറ സമൃദ്ധി

എക്കാലത്തും എല്ലാജനങ്ങൾക്കുമെന്നപോലെ ഇസ്രായേൽക്കാർക്കും ഒരു കീറാമുട്ടിയായിരുന്നു നീതിമാൻെറ സഹനവും ദുഷ്ടൻെറ അഭിവൃദ്ധിയും (സങ്കീ. 73: 3, 13–14). എന്താണിതിനു് കാരണം? അവർ തല പുകഞ്ഞാലോചിച്ചിട്ടും അതിനു് ശരിയായ ഉത്തരം ലഭിച്ചില്ല. അവസാനം അവർ സമാധിച്ചു. നൈമിഷികമാണു് ദുഷ്ടൻെറ സമൃദ്ധി (സങ്കീ 13. 16–19). ഈ പ്രശ്നം പരിഹരിക്കുവാൻ മററൊരു വിധത്തിലാണു് സഭാപ്രസംഗകൻെറ ശ്രമം നീതിമാൻ തൻെറ നീതിയിൽ നശിക്കുന്നതും ദുഷ്ടൻ തൻെറ ദുഷ്ടതയിൽ അഭിവൃദ്ധിപ്പെടുന്നതും കണ്ടു് ഗ്രന്ഥകർത്താവു് അമ്പരക്കുന്നു (സഭാപ്രസംഗ 7:16). നീണ്ട വിചിന്തനത്തിനും, അപഗ്രഥനത്തിനും ശേഷം അദ്ദേഹം മനസ്സിലാക്കുന്നു, നീതിമാൻ അഭിവൃദ്ധിപ്രാപിക്കുകയും, ദുഷ്ടൻ നശിക്കുകയും ചെയ്യുന്നു എന്ന തത്വം അഗണ്യകോടിയിൽ തള്ളാവുന്നതല്ലെന്നു്. ദുഷ്ടർക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കുന്നില്ലായിരിക്കാം (സഭാ. 8:11) എന്നാൽ ഇന്നല്ലെങ്കിൽ നാളെ അവൻ ശിക്ഷ അനുഭവിച്ചേ പററൂ. ഇതു് ഒരു അനുമാനത്തിലേക്കുനയിക്കുന്നു. വ്യക്തി അവൻെറ പ്രവൃത്തികൾക്കു് നന്മയാകട്ടെ, തിന്മയാകട്ടെ–ഉത്തരവാദിയാണു്.

## വൈയക്തിക ഉത്തരവാദിത്വവും സഹനവും

വ്യക്തിയാണു് അവൻെറ ദുഃഖങ്ങൾക്കു് ഉത്തരവാദി ഇക്കാര്യം വിശദമായി എസക്കിയേൽ പ്രവാചകൻ വിവരിക്കു

1 E. F. Suteliffe S. J., Providene and Suffering in the old and New Testments, New York, 1953, P. 72.

ന്നുണ്ട് (എസക്കി. 17: 21; 9: 1–14; 14: 1–8). സഹനത്തിലു ള്ള വൈയക്തികോത്തരവാദിത്വത്തെപ്പററി എസക്കിയേൽ 18–ാം അദ്ധ്യായം 4–20 വരെ വാക്യങ്ങളിൽ താത്വികമായ വിശദീകരണം കാണാം. വാക്യം 20 പ്രത്യേകം ശ്രദ്ധേയമാണ്: ''പുത്രൻ പിതാവിൻേറയോ, പിതാവു് പുത്രൻേറയോ കുററങ്ങൾക്ക് സഹിക്കേണ്ട. നീതി നീതിമാനിലും, ദുഷ്ടത ദുഷ്ടനിലും, മാത്രം സ്ഥിതിചെയ്യുന്നു''. 5–13 വരെ വാക്യങ്ങളിൽ എവിടെയാണ് എന്തിലാണ് നീതിമാൻെറ നീതി ഉൾക്കൊള്ളുന്നതെന്നു്, സ്ഥിതിചെയ്യുന്നതെന്നു്, വിശദമായി പ്രതിപാദിക്കുന്നു. സഹനമെന്ന പ്രശ്നത്തിനു് എസക്കിയേൽ നിർദ്ദേശിക്കുന്ന പരിഹാരമാണ് പ്രതിഫലസിദ്ധാന്തം. താൻ വിതക്കുന്നതു് താൻ കൊയ്യുമെന്ന സിദ്ധാന്തം.

## സഹനവും പ്രവാചകദൗത്യവും

''ദുഷ്ടൻെറ ഭവനത്തിന്മേൽ കർത്താവിൻെറ ശാപമുണ്ടായിരിക്കും; ശിഷ്ടൻെറ ഗേഹങ്ങളെ അവിടുന്നു അനുഗ്രഹിക്കും'' (സുഭാ. 3: 33) എന്ന തത്വം ഇസ്രായേൽക്കാർക്കു് സുപരിചിതമായിരുന്നു. എങ്കിലും എറമ്യാസിനെപ്പോലെയുള്ള നിർമ്മലരും നിഷ്കളങ്കരുമായവർ അവരുടെ ദൗത്യനിർവ്വണത്തിനുവേണ്ടി വളരെയേറെ സഹിക്കേണ്ടിവന്നു. പ്രവാചകൻ പറയുന്നു: ''വധസ്ഥലത്തേക്കു ആനയിക്കപ്പെടുന്ന വിശ്വസ്തകുഞ്ഞാടിനെപ്പോലെയായിരുന്നു ഞാൻ. അവർ എനിക്കെതിരായി ദുരാലോചന നടത്തുന്ന വിവരം അറിഞ്ഞില്ല'' (എറമ്യ. 11: 19). സ്വന്ത പാപങ്ങൾക്ക് ശിക്ഷയായിട്ടല്ല ജനങ്ങളുടെ പാപങ്ങൾക്ക് ശിക്ഷയായിട്ടാണ് എറമ്യാ അദ്ദേഹത്തിൻെറ സഹനത്തെ വീക്ഷിച്ചതു്. അവർ ദുഷ്ടജനമാണ് (എറമ്യ 9: 1 ശേഷവും). അദ്ദേഹം അവർക്കുവേണ്ടി, അവരുടെ പ്രതിനിധിയെന്ന നിലയിൽ സഹിച്ചുവെന്നല്ല ഇതിനൎത്ഥം. കാരണം ജനങ്ങളുടെ പാപംകാരണം അദ്ദേഹത്തിൻെറ പീഡകൾ ശിക്ഷയ്ക്കു് പകരമായി ദൈവം സ്വീകരിച്ചില്ല.

## പ്രാതിനിധ്യ സഹനം

സഹനത്തിൻെറ അൎത്ഥത്തെപ്പററിയുള്ള പഴയ ഉടമ്പടിയിലെ ദൈവാവിഷ്ക്കരണം ഐസയാസിൻെറ പുസ്തകം 53–ാം അദ്ധ്യായത്തിൽ അതിൻെറ പരമകാഷ്ഠയിലെത്തുന്നു. നിർമ്മലൻെറ സഹനം ദുഷ്ടൻെറ പാപങ്ങൾ പരിഹരിക്കുവാൻ പര്യാപ്തമാണു്; അതു് പകരം സഹനമാണ്. അങ്ങനെ നീതിമാൻെറ

www.malankaralibrary.com

സഹനം മററുള്ളവർക്കു് രക്ഷയേകുന്ന മാദ്ധ്യമമായിത്തീരുന്നു[2]. മക്കബായാക്കാരുടെ പുസ്തകത്തിലും ഇതിനെപ്പററിയുള്ള സൂചന ദർശിക്കാം. ഏഴാമത്തെ സഹോദരൻെറ സംഭാഷണത്തിൽ സഹനത്തിൻെറ രക്ഷാകരമൂല്യത്തെപ്പററിയുള്ള സൂചന കാണാം. സഹനത്തിൻെറ പ്രാതിനിധ്യസ്വഭാവം മനസ്സിലാക്കിയ അവൻ അതിനെ സന്തോഷപൂർവ്വം സ്വാഗതംചെയ്തു. ''ഞങ്ങളുടെ വംശത്തോടു് അതിവേഗം കാരുണ്യം കാണിക്കണമെന്നു വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടു്.... എൻെറ പൂർവ്വികന്മാരുടെ നിയമത്തിനുവേണ്ടി ഞാൻ എൻെറ ശരീരവും ജീവനും സമർപ്പിക്കുന്നു (2 മക്ക. 7: 38). തൻെറ സഹനം സ്വവംശത്തിനു് ഉപകാരമാകട്ടെ എന്ന പ്രാർത്ഥനയിൽ പ്രാതിനിധ്യസഹനമെന്ന ആശയം ബീജാവസ്ഥയിൽ കാണാം. ''ഞങ്ങളുടെ വംശംമുഴുവൻെറയുംമേൽ വന്നുചേർന്നിരിക്കുന്ന ദൈവകോപം എൻെറ സഹോദരന്മാരും ഞാനും വഴി സമാപിക്കുമാറാകട്ടെ'' (38).

പ്രാതിനിന്യസഹനം അതിൻെറ പരിപൂർണ്ണതയിൽ ദർശിക്കുന്നതു് യാഹ്‌വേയുടെ ദാസൻെറ അതികഠിനമായ സഹനത്തിലാണു് (ഐസ. 50: 6–7). സ്വസഹനത്താൽ അദ്ദേഹം രാജ്യങ്ങളുടെ ജ്യോതിസ്സായി ഭവിച്ചു. അങ്ങനെ അവൻെറ രക്ഷ ലോകത്തിൻെറ അതിർത്തികൾവരെ എത്തി (49: 6). മനുഷ്യൻെറ അപരാധങ്ങൾക്കുവേണ്ടിയുള്ള രക്തസാക്ഷിത്വം, അതായിരുന്നു അദ്ദേഹത്തിൻെറ അന്ത്യമഹത്വത്തിലേക്കുള്ള പാത (ഐസ. 52: 13–53: 12). ''അനേകരുടെ കുററങ്ങൾ സ്വയം വഹിച്ചുകൊണ്ടു എൻെറ ദാസനായ അദ്ദേഹം സഹനംവഴി വളരെപ്പേരെ നീതീകരിച്ചു'' (വാ. 12) പ്രാതിനിധ്യസഹനത്തെ സൂചിപ്പിക്കുന്ന പ്രസിദ്ധമായ വാക്യമാണിതു്.

## ദോഷകരവും ശിക്ഷണപൂർണ്ണവുമായ സഹനം

സഹിക്കുന്ന ജോബിൻെറ കഥ എടുക്കുക. അദ്ദേഹത്തിൻെറ ചങ്ങാതിമാർ പ്രതിഫലസിദ്ധാന്തത്തിൽ ഉറച്ചുനില്ക്കുന്നു. നീതിമാനും, നിഷ്കലനും, മതാഭിമുഖ്യനും, ദൈവഭക്തനുമാണു് ജോബു്. സഹിക്കുവാനോ, ശിക്ഷിക്കപ്പെടുവാനോ ഒന്നും അദ്ദേഹം ചെയ്തിട്ടില്ല. എന്നിട്ടും മരണം അവിചാരിതമായിവന്നു് അദ്ദേഹത്തിൻെറ പുത്രീപുത്രന്മാരെ തട്ടിക്കൊണ്ടുപോകുന്നു. അദ്ദേഹത്തിൻെറ ആടുമാടുകളും കന്നുകാലികളും അഗ്നിക്കിരയാകുന്നു. ആപാദചൂഡം അതികഠിനവും മാരകവുമായ വ്രണങ്ങൾവന്നു നി

2. Joseb Scharbert, Bauer Eneyclopedia of Biblcal Theotogy, London, 1976, p 892.

www.malankaralibrary.com

റയുന്നു. അദ്ദേഹത്തിന്റെ മിത്രങ്ങളുടെ അഭിമതപ്രകാരം പാപമാണ് ഇവയെല്ലാം നിദാനം (ജോബ് 4: 79). ജോബാകട്ടെ തന്റെ നീതിയും നിർമ്മലതയും, പാപരാഹിത്യവും ആവർത്തിച്ചുറപ്പിച്ചു പറയുന്നു (ജോബ് 16: 7–20; 31: 1–8). ജോബിന്റെ പുസ്തകത്തിലൂടെ ഗ്രന്ഥകർത്താവ് വ്യക്തമാക്കുവാൻ ഉദ്ദേശിക്കുന്ന സത്യമിതാണ്: സഹനം പാപത്തിന്റെ ഫലമല്ല. സഹിക്കുന്നവരെല്ലാം പാപികളല്ല. മററുവാക്കിൽ സഹനവും പാപവും തമ്മിൽ അഭേദ്യബന്ധമില്ലെന്നു സാരം. ദൈവപരിപാലനയിൽ പക്ഷേ നീതിമാന്മാർക്കും സഹനത്തിന്റെ ശരമേറെറന്നുവരാം. പരീക്ഷിക്കാൻവേണ്ടിയാവാം ഈ അസ്ത്രപ്രയോഗം. ജോബാകട്ടെ പരീക്ഷണത്തിൽ വിജയിക്കുകതന്നെ ചെയ്തു. ജോബിന്റെ സമൃദ്ധി പുനഃലബ്ധമാകുന്നതോടെയാണല്ലോ കഥയുടെ പരിസമാപ്തി. നീതിമാന്റെ അനസ്യൂതമായ വേദന ദൈവത്തിന്റെ പദ്ധതിയല്ലെന്നാണ് ഗ്രന്ഥം നല്കുന്ന പാഠം. ക്ഷമാപൂർവ്വമായ സഹനത്തിന് തക്ക പ്രതിഫലം ലഭിക്കാതിരിക്കില്ല,

## പുതുജീവിതത്തെ പ്രതീക്ഷിച്ചുള്ള സഹനം

മരണാനന്തരജീവിതത്തിലുള്ള വിശ്വാസം, പുനരുത്ഥാനത്തിലുള്ള പ്രത്യാശ, സഹിക്കുന്ന മനുഷ്യന് പ്രതീക്ഷ നല്കുന്നു. ദാനിയേലിന്റെ പുസ്തകത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: ''ഭൂമിയിലെ പൊടിയിൽ നിദ്ര ചെയ്യുന്നവരിൽ അനേകർ ഉണരും; ചിലർ നിത്യജീവനായും ചിലർ നിതാന്ത നിന്ദയ്ക്കായും'' (ദാനി 12 : 2). ശവക്കുഴിക്കപ്പുറമുള്ള ജീവിതത്തെപ്പററി വ്യക്തമായ സൂചന മക്കബായാക്കാരുടെ പുസ്തകത്തിൽ കാണാം (മക്ക. 7). ഈ ജീവിതം വരാനിരിക്കുന്ന ജീവിതത്തിന് ഒരുക്കം മാത്രം: ഭാവി ജീവിതം പരമപ്രധാനം. എങ്കിൽ പിന്നെ ഒരുവൻ ഈ ലോകത്തിൽ ദീർഘായുഷ്മാനോ, ഹ്രസ്വായുഷ്മാനോ ആയിരിക്കുന്നതിൽ എന്തുകാര്യം? ആയുർദൈർഘ്യം ഒരു പ്രശ്നമേയല്ല. ചെറുപ്രായത്തിൽ മരിക്കുന്നത് ശാപമല്ല. മരിക്കുന്നവന്റെ ജീവിതം കന്മഷരഹിതമാകണമെന്നുമാത്രം (വിജ്ഞാനം 4:7–9). നീതിമാന്മാർക്ക് മരണമില്ല. അവർ അമരരാണ്. അവർ ഒരു ജീവിതാവസ്ഥയിൽ നിന്നു് അവസാനമില്ലാത്ത മറെറാന്നിലേക്കു് കടന്നുപോകുന്നു (വിജ്ഞാനം. 5 : 16–17). പുത്രസഹജമായ അനുസരണത്തോടെ കഷ്ടാരിഷ്ടതകളെ സ്വീകരിക്കുമ്പോൾ അവ അവരെ നിത്യജീവനിലേക്കു് നയിക്കും. ''മനുഷ്യരുടെ മുമ്പിൽ അവർ കഷ്ടതകൾ അനുഭവിച്ചെങ്കിലും അമർത്ത്യതയിൽ ഉറച്ച ശരണമാണ് അവർക്കുള്ളതു്. ചില കാര്യങ്ങളിൽ അവർ പീഡിതരായി, എന്നാൽ അനേകം സംഗതികളിൽ അനുഗൃഹീതരായിരിക്കും'' (വിജ്ഞാനം 3 : 4–5).

www.malankaralibrary.com

## മാനസിക സഹനം

ശാരീരിക പീഡകൾക്ക പുറമേ മാനസ്സിക ദുഃഖങ്ങളും മനുഷ്യനെ സന്താപക്കടലിൽ ആഴ്ത്തുന്നു. നിരവധിയാണ് മാനസിക വ്യഥയ്ക്ക് കാരണങ്ങൾ. മരണാപകടം (ഏശ. 38:1 ശേഷവും), ശിശു മരണം (ഉത്പ. 21 : 15; 37:31_35), പീഡനം, ശത്രുത (എറമ്യ. 20:14_18), പരാജയ വേളയിൽ ശത്രുക്കളുടെ പരിഹാസം (സങ്കീ. 22:7 ജോബ് 30 : 1_10), ഏകാന്തത, പരിത്യക്താനുഭവം (സങ്കീ. 22 : 1_2), ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും കൃതഘ്നത, അവിശ്വസ്തത (ജോബ് 16:20) ഇങ്ങനെ നിരവധിയാണ് മാനസിക വ്യഥയ്ക്ക് കാരണങ്ങൾ.

സഹനങ്ങൾ പല തരമുണ്ട്. ഒരു ചെറുനാണയം നഷ്ടപ്പെട്ടതിലാണ് സാധുസ്ത്രീയുടെ ദുഃഖം (ലൂക്കാ. 15 : 8_9). ഒരാട് നഷ്ടമായതിൽ ഇടയൻ വ്യസനിക്കുന്നു (മത്താ. 18 : 12_13). വിളഭൂമിയിൽ കള വളരുന്നതു കാണുമ്പോൾ കർഷകൻ ക്ലേശിക്കുന്നു. (മത്താ. 23:24-30). ധനവാൻെറ പടിവാതില്ക്കൽ കാത്തുകിടന്നിട്ടും ഒന്നും ലഭിക്കാത്തതിൽ യാചകൻ വ്യസനിക്കുന്നു (ലൂക്ക. 16:19_22). കണ്ടിട്ടും കാണാത്തവിധം പാന്ഥൻ കടന്നുപോയതിൽ ക്ഷതൻ ഖേദിക്കുന്നു (ലൂക്ക. 10:30_31). അധമർണ്ണൻ കടം വീട്ടാൻ പണമില്ലാത്തതിൽ ഖിന്നമാനസനാകുന്നു (മത്താ. 18 : 23_30). ജീവസന്ധാരണത്തിന് ജോലിയില്ലാത്തതിൽ തൊഴിലാളി പ്രയാസപ്പെടുന്നു (മത്താ. 20 : 1_8). ഇങ്ങനെ എത്രയെത്ര തരം സഹനങ്ങൾ സുവിശേഷത്തിൽ നാം ദർശിക്കുന്നില്ല! ഇത്തരം എത്രയെത്ര തരം ദുഃഖങ്ങളും വേദനകളും അനുദിനം നാം അഭിമുഖീകരിക്കുന്നില്ല!

## സഹനം: ക്രിസ്തുവിൻെറ മനോഭാവം

കരുണാമൂർത്തിയും ദയാവാരിധിയുമാണ് യേശു അവിടുന്ന് മനുഷ്യരോട് കാണിച്ച സഹാനുഭൂതിയും കാരുണ്യവും നിസ്സീമമായിരുന്നു. യേശുവിൻെറ അത്ഭുതങ്ങൾ എല്ലാം ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നത് അവിടുത്തെ കറയററ മനുഷ്യസ്നേഹമാണ്. അവിടുന്നു വേദനിക്കുന്ന മനുഷ്യരോടുകാണിച്ച കാരുണ്യത്തിൻേറയും ഔദാര്യത്തിൻേറയും ഉത്തമ ദൃഷ്ടാന്തങ്ങളാണവ. മനുഷ്യനെ നിതാന്തം മഥിക്കുന്ന വേദനകളിൽനിന്ന് അവനെ മുക്തനാക്കുവാൻ അമാന്തിക്കുന്നത് അക്ഷന്തവ്യമാണെന്നാണ് അദ്ദേഹത്തിൻെറ അഭിമതം. കരയുന്നവരുടെ കണ്ണീരൊപ്പുവാൻ, അവൻെറ ആതങ്കം ആനന്ദമായി പകർത്തുവാൻ, സദാസന്നദ്ധനായിരുന്നു യേശു. മർട്ടീ

www.malankaralibrary.com

തരുടെ വിമോചനമായിരുന്നു അവിടുത്തെ അവതാരലക്ഷ്യം തന്നെ. അപ്പം വർദ്ധിപ്പിച്ച് വിശന്നവരെ അവിടുന്നു സംതൃപ്തരാക്കി (യോഹ. 6 : 1–15). ബെദ്സയിദാ കുളത്തിനരികെ വർഷങ്ങളായി രോഗബാധിതനായി കിടന്ന രോഗിയെ അവിടുന്നു സൗഖ്യമാക്കി(യോഹ. 5:1–18). കാരുണ്യത്തിന്റെ കഥപറയുന്ന ഇത്തരം എത്രയെത്ര അത്ഭുതങ്ങൾ! സാബത്തിൽപോലും അവിടുന്നു ദുഃഖിക്കുന്നവരുടെ വേദന മാററാൻ പരിശ്രമിച്ചു. ഹൃദയം തകർന്നവരെ സുഖപ്പെടുത്തി. പീഡിതരെ വിമോചിപ്പിച്ചു. അങ്ങനെ യേശു ദൈവത്തിനും മനുഷ്യനും സ്വീകാര്യനായി. മനുഷ്യനെ അവനായി, അവന്റെ കഷ്ടപ്പാടുകളോടും, വേദനകളോടും കുററങ്ങളോടും കുറവുകളോടുംകൂടി ഇത്രയധികം സ്നേഹിച്ച ഒരു മനുഷ്യസ്നേഹിയെ ചരിത്ര പക്ഷങ്ങളിലൊന്നും കണ്ടുമുട്ടാനാവില്ലതന്നെ. കൂട്ടുകാരനോട് ക്ഷമിക്കാൻ സന്മനസ്സു കാണിക്കാത്ത കടക്കാരനെപ്പോലെ (മത്താ. 18 : 32–34) യുള്ളവരോട് ഈശോയും ക്ഷമിക്കുകയില്ല. അവനോട് അവിടുന്നു പരുഷമായി പെരുമാറുന്നു. മനുഷ്യവർഗ്ഗത്തിന്റെ വേപഥുവിനു നേരേ കണ്ണടച്ച ധനാഢ്യനോടും യേശു നിർദ്ദയമായി പെരുമാറുന്നു (ലൂക്ക. 16 : 19–25). അന്ത്യവിധിദിനാളിൽ വേദനിക്കുന്ന ലോകത്തിനും, ദുഃഖിക്കുന്ന മനുഷ്യനും എന്തെങ്കിലും നന്മ ചെയ്യുവർക്കാണ്, വേദനകൾ തുടച്ചു മാററാൻ ചെറുവിരലെങ്കിലും അനക്കിയവർക്കാണ് യേശുനാഥൻ നിത്യസൗഭാഗ്യം സമ്മാനിക്കുന്നത് (മത്താ. 25:35–40). മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ് വേദന, വേദനയില്ലാത്ത, സഹനമില്ലാത്ത, ജീവിതമില്ല. മനുഷ്യന്റെ ശ്രദ്ധയിൽ പററിപ്പിടിച്ചിരിക്കുന്ന, പായലാണ് വേദന. ഈ വേദന തീർത്തും ഇല്ലാതാകുമെന്നും, അങ്ങനെ ദുഃഖരഹിതമായ, പറുദീസാ സമാനമായ ഒരു സങ്കല്പ ലോകത്തെ കെട്ടിപ്പെടുക്കാമെന്ന് യേശു വാഗ്ദാനം ചെയ്യുന്നില്ല.

സഹനമെന്ന കീറാമുട്ടിക്ക് ഫലപരികല്പനയെന്ന കോടാലിയല്ല യേശു നിർദ്ദേശിക്കുന്നത് (Theory of retribution). ദൈവത്തിന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുവനുള്ള സന്ദർഭമാണ് സഹനം. ''ഈ മനുഷ്യനോ ഇവന്റെ മാതാപിതാക്കളോ തിന്മ ചെയ്തതുകൊണ്ടല്ല, ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ വെളിപ്പെടുന്നതിനുവേണ്ടിയാണത്രേ'' (യോഹ. 9:3) യേശു ജാത്യാന്ധനെ സുഖപ്പെടുത്തിയത്. അന്യായമായി ചിലർ സഹിക്കേണ്ടിവന്നേക്കാം. അവരെപ്പോലെ മററുള്ളവരും നശിക്കാതിരിക്കാൻ അത് ഒരു താക്കീതാവാം (ലൂക്ക. 13 : 1–6). ഒരവസരത്തിൽ ഈശോ വേദനയുടെ ഉത്ഭവം സാത്താനിൽ ആരോപിക്കുന്നുണ്ട് (ലൂക്ക. 13 : 10–17). ലാസറിന്റെ രോഗവും മരണവും മഹത്വീകരണത്തിനുള്ള ഉപാധിയായിട്ടാണ് യേശു ദർശിച്ചത്.

www.malankaralibrary.com

''ഈ രോഗം മരണകരമായിട്ടുള്ളതല്ല; അവൻ മൂലം ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന്ന് ദൈവമഹത്വത്തിനായിട്ടാണ്'' (യോഹ: 11:4).

## യേശുവിൻെറ സഹനം

സ്വസഹനത്തേയും അന്ത്യത്തേയുംപററി യേശു നിക്കേദേമൂസിനോട് പറയുന്നു: ''അവനിൽ വിശ്വസിക്കുന്നവർക്കെല്ലാം നിത്യജീവനുണ്ടാകുവാൻ, മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു'' (യോഹ. 3: 14–15). തൻെറ സഹനത്തെപ്പററി ഈശോ ശിഷ്യന്മാരോട് പലതവണ മുൻചൊല്ലി.'' താൻ ജറുസലത്തേക്കു പോകുവാനും മൂപ്പന്മാരിൽനിന്നും പ്രധാനാചാര്യന്മാരിൽനിന്നും, നിയമജ്ഞന്മാരിൽനിന്നും അതികഠിനമായ പീഡയനുഭവിക്കുവാനും കൊല്ലപ്പെടുവാനും, മൂന്നാംനാൾ ഉയർത്തപ്പെടുവാനും ഇരിക്കുന്നുവെന്ന് ഈശോ സ്വശിഷ്യരെ അറിയിക്കുവാൻ തുടങ്ങി'' (മത്താ. 16: 21). മററു രണ്ടുവസരങ്ങളിൽ ഗലീലിയായിൽവെച്ചും (മത്താ. 17: 22–23), വിശുദ്ധ നഗരത്തിലേക്കുള്ള യാത്രയിൽവെച്ചും (മത്താ. 20: 18–19) ഈശോ തൻെറ പീഡാസഹനത്തെപ്പററി പ്രവചിച്ചിട്ടുണ്ട്. പീഡകൾ ആരും ഈശോയെ അടിച്ചേല്പിച്ചതല്ല. പരിപൂർണ്ണമനസ്സോടും പൂർണ്ണസ്വാതന്ത്ര്യത്തോടുംകൂടി അവിടുന്നു സ്വയം സ്വീകരിച്ചതാണവ. ''ഞാൻ അതു സ്വമനസ്സാലെ സമർപ്പിക്കുകയാകുന്നു. എന്തെന്നാൽ അതു സമർപ്പിക്കുവാൻ എനിക്കധികാരമുണ്ട്. അതു വീണ്ടും പ്രാപിക്കുവാനും എനിക്ക് അധികാരമുണ്ട്'' (യോഹ. 10: 18). രക്ഷാകരമായിരുന്നു ഈശോയുടെ സഹനം. ''എന്തെന്നാൽ ഇതാകുന്നു എൻെറ രക്തം. അനേകരുടെ പാപമോചനത്തിനായി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ രക്തം'' (മത്താ. 26: 28). സ്വസഹനത്തിലൂടെയാണ് ഈശോ ലോകത്തെ ദൈവവുമായി അനുരഞ്ജനപ്പെടുത്തിയതു് (റോമ. 5: 10). 1 പത്രോസ് 1: 8 അനുസരിച്ച് ''നമ്മൾ രക്ഷിക്കപ്പെട്ടതു് നമ്മുടെ രക്ഷകൻെറ അമൂല്യശോണിതത്താലാണ്''.

ദൈവത്തിൻെറ തിരുചിത്തം പ്രഖ്യാപിക്കുന്നവർക്കെല്ലാം നിന്ദാപമാനങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഈശോയും ഇതിനൊരപവാദമായിരുന്നില്ല. മോശയെ സ്വജനം തിരസ്കരിച്ചു (അ, പ്ര. 7: 27–29). ഏലിയാ (I രാജ്യാ. 19), ആമോസ് (7: 10–13), ജെറമിയാസ് (37: 15–16) ഇവരെല്ലാം ദൈവഹിതാനുസാരം പ്രവർത്തിച്ചതുകൊണ്ടും, ദൈവത്തോട് വിശ്വസ്തത കാണിച്ചതുകൊണ്ടും വളരെയേറെ സഹിക്കേണ്ടിവന്നവരാണ്,

www.malankaralibrary.com

യാതന അനുഭവിക്കേണ്ടിവന്നവരാണ്. സഹനത്തിന്റെ പര്യായമായിരുന്നു യേശുവിന്റെ ജീവിതം[3]. സന്തതസഹചാരികളായിരുന്ന ശിഷ്യന്മാർപോലും സഹനവേളയിൽ അവിടുത്തെ പരിത്യജിച്ചു. ദുഃഖത്തിന്റെ മരുഭൂമിയിൽ ഏകനായിരുന്നു സഹനത്തിന്റെ കാസ മട്ടുവരെ കുടിക്കേണ്ടിവന്നു, അവിടുത്തേയ്ക്ക് (ലൂക്ക. 22: 28). വേദനയുടെ തീവ്രത അവിടുത്തെ ദീനരോദനത്തിൽനിന്നും പ്രസ്പഷ്ടമാണ് ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീയെന്നെ ഉപേക്ഷിച്ചു?'' (മർക്കോ. 15: 34).

## സഹനം: ക്രൈസ്തവമനോഭാവം

കുരിശുമരണംവരെ ക്രിസ്തു തന്നെതന്നെ വെറുമയാക്കി. അതിനാൽ ദൈവം അവിടുത്തെ ഉയിർപ്പിച്ചു (ഫിലി. 2: 3–11). 'സാഹചര്യങ്ങൾ അടിച്ചേല്പിക്കുന്ന നിന്ദാപമാനങ്ങളും, കുററാരോപണങ്ങളും സ്വീകരിക്കുകയെന്നുവെച്ചാൽ (I പത്രോ. 1: 6–7; 2: 12; 3: 16) ദൈവം ആഗ്രഹിക്കുന്ന മാർഗ്ഗത്തിലൂടെ സഞ്ചരിക്കുവാൻ ക്രിസ്ത്യാനികൾ തയ്യാറാവുക എന്നാണർത്ഥം. ക്രിസ്തുവിന്റെവഴി പിന്തുടരേണ്ടവനാണ് ക്രിസ്ത്യാനി. ക്രിസ്തുവിന്റെ മാർഗ്ഗം കുരിശിന്റെ മാർഗ്ഗമാണ് അതിലൂടെയാണ് ക്രിസ്ത്യാനി സഞ്ചരിക്കേണ്ടത്. ക്രിസ്തുവിനെ അനുകരിച്ച് സ്വന്തം കുരിശുമെടുത്ത് ക്രിസ്തുവിനെ അനുകരിക്കേണ്ടവനാണ് ക്രിസ്ത്യാനി (മർക്കോ. 8: 34). അഭികാമ്യമായ മനുഷ്യബന്ധങ്ങൾ അതിനായി വിച്ഛേദിക്കേണ്ടിവരും, വലിച്ചെറിയേണ്ടിവരും (മത്താ. 8: 19–22). മർദ്ദനം, അപമാനം, മരണം—ഇവയൊക്കെയാവും അതിന്റെ പ്രത്യാഘാതം (മർക്കോ. 13: 1–13). ആത്മത്യാഗം ആവശ്യപ്പെടുന്ന ശൂന്യമാക്കലാണ് ഈ ക്രിസ്ത്വാനുകരണം നമ്മിൽനിന്നും ആവശ്യപ്പെടുന്നത് (യോ. 12: 24–25).

നീതിയെപ്രതി പീഡസഹിക്കുന്നവർ ഭാഗ്യവാന്മാർ (മത്തായി 5: 10) എന്ന സുവിശേഷഭാഗ്യമാണ് വേദനയനുഭവിക്കുവാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുന്ന ശക്തി. യുഗാന്ത്യത്തെപ്പററിയുള്ള യേശുവിന്റെ പ്രഭാഷണത്തിലെ വാക്കുകൾ സഭയുടെ പ്രേഷിതാനുഭവങ്ങളുടെ പ്രതിഫലനമായിരുന്നു (മത്തായി–24)[4]. ''അവർ ഞെരുക്കത്തിനു് നിങ്ങളെ കൈയേല്പിക്കുകയും,

---

3. L. Derousseaux, L' Epreuve et la Tentation, Assemblee's du Seigneur, No. 26' P. 63.

4. Joseph Blinkinopp, The Mystery of suffering and Death, New York, 1976, p. 48.

www.malankaralibrary.com

കൊല്ലുകയും ചെയ്യും. നിങ്ങൾ എന്റെ നാമം നിമിത്തം സകല ജാതികളാലും ദ്വേഷിക്കപ്പെടും (മത്താ. 24:9). യേശുതന്നെ ഇക്കാര്യത്തെപ്പററി മുന്നറിയിപ്പ് നല്കിയിരുന്നു: "അവർ ന്യായാധിപന്മാരുടെ കച്ചേരികളിൽ നിങ്ങളെ ഏല്പിക്കുകയും അവരുടെ സംഘങ്ങളിൽവെച്ച് നിങ്ങളെ അടിക്കുകയും ചെയ്യും" (മത്താ. 10:17).

## യേശുവിന്റെ അനുയായികളുടെ സഹനം

രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: "ലോകത്തിന്റെ പീഡനങ്ങളിലൂടെയും ദൈവത്തിന്റെ സമാശ്വാസത്തിലൂടെയുമാണ് കർത്താവിന്റെ ദ്വിതീയാഗമനംവരെ അവിടുത്തെ കുരിശിനേയും മരണത്തേയും പ്രഘോഷിച്ചുകൊണ്ട് സഭ മുന്നേറുന്നത് (I കൊറി 11: 26). ഉത്ഥിതനായ നാഥന്റെ ശക്തിയാൽ അകത്തുനിന്നും പുറത്തുനിന്നുമുള്ള പ്രതിബന്ധങ്ങളും പ്രയാസങ്ങളും, ഉപദ്രവങ്ങളും കഷ്ടാനുഭവങ്ങളും ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിക്കുവാനും, അതിജീവിക്കുവാനുമുള്ള കഴിവ് അവർക്ക് ലഭിക്കുന്നു"5. സുവിശേഷം പ്രസംഗിച്ചിടത്തൊക്കെ അവർക്ക് പീഡയനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ജറുസലത്തും (അ. പ്ര. 7: 59; 8: –13), അന്തിയോക്യായിലെ പസിഡിയായിലും (അ. പ്ര. 13: 50), ഇക്കോണിയായിലും (അ. പ്ര. 14: 4–6), ലിസ്ട്രായിലും (അ. പ്ര. 14: 18), ഫിലിപ്പിയിലും (അ. പ്ര. 16: 9–14), കൊറിന്തിലും (അ. പ്ര. 18:12–17), വീണ്ടും ജറുസലത്തും (അ. പ്ര. 11: 27–36) സുവിശേഷത്തെപ്രതി അവക്ക് പീഡനങ്ങൾ ഏല്ക്കേണ്ടിവന്നു.

പീഡകളിൽ അവർ ദുഃഖിച്ചില്ല. ആനന്ദമായിരുന്നു അവരുടെ പ്രതികരണം. അവരെ അസ്വാശരാക്കുകയോ, അവരുടെ വിശ്വാസത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുകയോ ചെയ്യുവാൻ അപര്യാപ്തമായിരുന്നു പീഡനങ്ങൾ. സുവിശേഷത്തെപ്രതി എല്ലാവിധ കഷ്ടതകളും–അടിയാകട്ടെ, ബന്ധനമാകട്ടെ, അവഹേളനമാകട്ടെ–അവർ സസന്തോഷം സഹിച്ചു. മർദ്ദനങ്ങളുടെ മദ്ധ്യത്തിലും അവർ യേശുവിനെപ്പററി അനസ്യൂതം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു (അ. പ്ര. 5: 41–42). ക്രിസ്തു അവക്കുവേണ്ടി ആമോദത്തോടെ സഹിച്ചു. അവരാകട്ടെ, യേശുവിനുവേണ്ടി പീഡകളെ അത്യാഹ്ലാദത്തോടെ സമാശ്ലേഷിച്ചു.

---

5 Vatican II. Lumen Gentiun, ch. 1: 8.

## പൗലോസ്: ക്രൈസ്തവസഹനത്തിന്റെ മാതൃക

ക്രിസ്തുവിനെപ്പോലെ പൗലോസ് സഹിച്ചു (2 കൊറി 4: 11). പോരാ, ക്രിസ്തുവിനൊടപ്പം അദ്ദേഹം സഹിച്ചു (റോമ. 6: 3 ശേഷവും). അദ്ദേഹം യേശുവിന്റെ മരണം സ്വശരീരത്തിൽ വഹിച്ചു (2 കൊറി 4: 10). ക്രിസ്തുവിനോടൊപ്പം മരിച്ച് അദ്ദേഹം നവജീവനിലേക്ക് ഉയിർത്തു (ഫിലി 3: 10). സഹനത്തിൽ ക്രിസ്തുവിന്റെ കരിശ് സ്വന്തം തോളിൽ വഹിച്ചു (ഗാല 6: 14). സ്വസഹനത്തെ യേശുവിന്റെ സഹനമെന്നാണ് അദ്ദേഹം വിളിച്ചിരുന്നത് (2 കൊറി 1: 5; കൊള. 1: 24). അദ്ദേഹത്തിന്റെ മുറിവിന്റെ മുദ്രകൾ ഈശോയുടെ മുറിവുകളുടെ അടയാളങ്ങളായിരുന്നു. പൗലോസ് തന്റെ സഹനം യേശുവിന്റേതുമായി താദാത്മ്യപ്പെടുത്തി (ഗലേ. 6: 17). "എന്റെ സഹനങ്ങൾ യേശുവിന്റെ സഹനത്തിന്റെ പോരായ്മയെ പരിഹരിക്കുന്നു" എന്നു പൗലോസ് പറയുമ്പോൾ അദ്ദേഹം വേദനകൾക്ക് ഒരു രക്ഷാകരമൂല്യം നല്കുന്നു.

## ക്രൈസ്തവസഹനത്തിന്റെ രക്ഷാകരമൂല്യം

ദൈവം ലോകത്തെ രക്ഷിക്കുവാൻ സഹിച്ചു, പോരാ മരിച്ചു. ദൈവസുതന്റെ മരണംവഴി ലോകം ദൈവവുമായി രഞ്ജിപ്പിലായി (റോമ. 5: 9–10). യേശുവിന്റെ സഹനത്തിലുള്ള ഭാഗഭാഗിത്വമെന്നനിലയിലും, മനുഷ്യനെ മുക്തിയിലേക്കു നയിക്കാൻ സഹായകമാണെന്നനിലയിലും ദൈവം ക്രിസ്ത്യാനികളുടെ സഹനത്തെ സ്വീകരിച്ചു. തന്മൂലം പൗലോസ് ശ്ലീഹാ ഉദ്ഘോഷിക്കുന്നു- "ഇപ്പോൾ നിങ്ങളെ പ്രതിയുള്ള എന്റെ സഹനങ്ങളിൽ ഞാൻ സന്തോഷിക്കുന്നു. മിശിഹായുടെ ഞെരുക്കങ്ങളുടെ കുറവിനെ സഭയാകുന്ന യേശുവിന്റെ ശരീരത്തെപ്രതി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കുന്നു" (കൊള. 1; 24). മനുഷ്യരുടെ സഹനം ക്രിസ്തുവിന്റെ പരിഹാരാത്മകസഹനത്തോടു ചേർന്ന് മനുഷ്യരക്ഷയ്ക്കുതകുന്നു 6.

## സഹനത്തിന്റെ ദൈവശാസ്ത്രം: പത്രോസിന്റെ ഒന്നാം ലേഖനത്തിൽ

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ സഹനത്തെപ്പററി സുവ്യക്തമായി പ്രതിപാദിക്കുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ

6. Sutcliffe S. J. op. cit. P. 137.

www.malankaralibrary.com

വായനക്കാരിൽ പലരും അന്യായമായി പലതരത്തിലുള്ള പീഡനങ്ങൾക്കും, ബുദ്ധിമുട്ടുകൾക്കും വിധേയരാക്കപ്പെട്ടുന്നതായി സൂചനകൾ കാണാം (I പത്രോ. 1: 6–7). യജമാനന്മാർ ക്രിസ്ത്യാനികളായ തൊഴിലാളികളോട് മോശമായി പെരുമാറിയിരുന്നു (I പത്രോ. 2: 18–25). രാഷ്ട്രീയധികാരികൾ ചിലപ്പോഴൊക്കെ ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ചിരുന്നു (I പത്രോ. 3: 13–17; 4: 1–6). അവരെ സമാശ്വസിപ്പിച്ചുകൊണ്ട് പൗലോസ് സഹനത്തിന്റെ ദൈവശാസ്ത്രത്തിനു രൂപംനല്കുന്നു. പഴയതും പുതിയതുമായ ഉടമ്പടികളിൽ സഹനത്തെപ്പററിയുള്ള ദൈവാവിഷ്കരണത്തിന് അനുസാരമായാണത്.

ഗ്രീക്കിൽ 'പെയിരാസ്മോസ്' (Peirasmos പരീക്ഷ) എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ദുഷ്ടവിചാരങ്ങളുമേലുള്ള ആന്തരികമൽപ്പിടുത്തമല്ല മറിച്ച് ബാഹ്യമായ പീഡനങ്ങളാണ്.[7] ചില അവസരത്തിൽ ഇത്തരം സഹനങ്ങൾ ദൈവജനത്തിന് ഒരാവശ്യമായിവന്നേക്കാം. ക്രിസ്തുപോലും അവിടത്തെ യാതനകൾ ദൈവികമായ ഒരാവശ്യമായി കരുതി. സഹനത്തിന് ഒരു വിധായകവശമുണ്ട്. ക്രിസ്തുവിന്റെ മഹത്വത്തിനും ക്രിസ്ത്യാനികളുടെ ആത്മീയോന്നമനത്തിനും സഹായകമാണ് വേദനകൾ. അക്കാരണത്താൽ വേദനിക്കേണ്ടിവരുമ്പോൾ അവക്ക് ആഹ്ലാദിക്കാം, അഭിമാനിക്കാം. സഹനം ക്ഷമയേയും, ക്ഷമ ദീർഘശാന്തതയേയും, ദീർഘശാന്തത സ്വർഗ്ഗീയമഹത്വത്തെപ്പററിയുള്ള പ്രതീക്ഷയേയും കൈവരുത്തുന്നു (റോമ. 5: 3–4). മഹത്വപൂർണ്ണവും അവകാശപ്പെട്ടതുമായ സ്വർഗ്ഗഭാഗ്യത്തിന്റെ മുന്നാസ്വാദനമെന്ന നിലയിൽ ഈ ലോകത്തിൽവെച്ച് പീഡകൾ സഹിക്കേണ്ടിവന്നാലും ക്രിസ്ത്യാനികൾ നിരാശരോ നഷ്ടധൈര്യരോ ആകാതെ ആഹ്ലാദചിത്തരായി വർത്തിക്കണം. പുരാതനകാലത്ത് പ്രവാചകന്മാർ അതാണ് ചെയ്തത്. സന്താപത്തിലും അവർ സന്തോഷിച്ചു. പ്രലാപത്തിലും അവർ പ്രമോദിച്ചു. ആതങ്കത്തിലും അവർ ആമോദിച്ചു, ഇതുതന്നെ ചെയ്യണം ക്രിസ്ത്യാനികളും (മത്താ. 5: 11–12). പൗലോസും ഇതുതന്നെ ചെയ്തു. പീഡനങ്ങൾക്കിടയിലും ആമോദമാനസനും ആഹ്ലാദപൂർണ്ണനുമായിരുന്നു അദ്ദേഹം (കൊറി. 6: 10).

---

7. Stibbs. Tindale New Testment Commentaries, London, 1959, p. 77.

www.malankaralibrary.com

## സഹനം: വിശ്വാസത്തിൻെറ ഉരകല്ല്

സഹനമെന്ന അഗ്നിയിൽ ദൈവം യഥാൎത്ഥ വിശ്വാസത്തെ പരീക്ഷിക്കുന്നു. ഉപരിപ്ലവവിശ്വാസം ഈ അഗ്നിയിൽ വെന്തുവെണ്ണീറാകുമ്പോൾ അടിയുറച്ച, ആഴമായ വിശ്വാസം ഉപരിജ്വാജല്യമാനമാകും. ഏകസുതനെ ബലിയേകണമെന്നാവശ്യപ്പെട്ടുകൊണ്ടു് ദൈവം അബ്രാഹത്തിൻെറ വിശ്വാസദാർഢ്യത്തെ പരീക്ഷിച്ചു (ഹിബ്രു. 11: 17–19). ദൈവദൃഷ്ടിയിൽ അമൂല്യമാണു് വിശ്വാസം. തന്മൂലം സഹനത്തിൻെറ അഗ്നിയിൽ ദൈവം അതിനെ പരീക്ഷിക്കുന്നു. ഒരിക്കലും സഹനത്തെ വിചിത്രമെന്നോ, അവിചാരിതമെന്നോ, ക്രിസ്ത്യാനി വിചാരിക്കേണ്ടതില്ല. നിത്യസൗഭാഗ്യത്തിനുവേണ്ടിയുള്ള ദൈവികപദ്ധതിയുടെ ഒരു ഭാഗമായേ അതിനെ കരുതാവൂ. അരിഷ്ടതകളും ആകുലതകളും അഹമഹമിഹയാ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ആരും അസ്ലാശരോ, അധൈര്യരോ ആകരുതു്; ദൈവം പരിത്യജിച്ചെന്നു് കരുതരുതു്. ക്രിസ്ത്യാനിക്കു് അവൻെറ വിശ്വാസത്തിൻെറ മാററുരച്ചുനോക്കുന്ന ഉരകല്ലാണു് സഹനം. കഷ്ടതകളുടെ കൊടുങ്കാററു് ആഞ്ഞടിച്ചാലും അവൻെറ വിശ്വാസവൃക്ഷം നിലംപതിക്കരുതു്. ദൈവദാനമായ രക്ഷക്കു് നരനേകുന്ന പ്രത്യുത്തരമാണു് വിശ്വാസം. 8

## ക്രിസ്ത്യാനികളായ തൊഴിലാളികളുടെ സഹനം (2:18–25)

1 പത്രോസു് 2 : 18–25 ൽ നിന്നു് ഒരു കാര്യം സുവ്യക്തമാണു്: പീഡനത്തിൻെറ, മർദ്ദനത്തിൻെറ അന്തരീക്ഷത്തിലാണു് അന്നത്തെ ക്രിസ്ത്യാനികളായ ജോലിക്കാർ വസിച്ചിരുന്നതെന്നു്. വിജാതീയരായിരുന്നു അവരുടെ യജമാനന്മാരിലധികവും. അത്തരം പരിതോവസ്ഥയിൽ സമൂഹത്തെ നന്നാക്കുവാനുള്ള അവരുടെ അവസരം തുലോം തുച്ഛമായിരുന്നു. മാതൃകാപരമായി ജോലി ചെയ്തുകൊണ്ടു മാത്രമേ അവർക്കു് സമകാലീനരെ സ്വാധീനിക്കുവാൻ കഴിയുമായിരുന്നുള്ളു.9 അവക്കു് ഒരു പ്രശ്നം അഭിമുഖീകരിക്കേണ്ടിയിരുന്നു. ക്രൂരവും നിർദ്ദയവും അനീതിപരവുമായിരുന്നു പലപ്പോഴും മുതലാളിമാരുടെ പെരുമാററം. ക്രിസ്ത്യാനികളല്ലാത്ത ജോലിക്കാർ അവർക്കെതിരെ അക്രമണം അഴിച്ചുവിട്ടിരുന്നു. മർദ്ദകരായ മുതലാളിവർഗ്ഗത്തിനെതിരെ ആക്രമത്തിൻെറ ഖഡ്ഗമുയർത്തണമോ എന്നതായിരുന്നു ക്രിസ്ത്യാനികളാ

8. J. Brown, Peter I & II, London, 1963, P. 126.
9. Schwank. op. cit p. 59.

www.malankaralibrary.com

യ ജോലിക്കാരെ അലട്ടിയിരുന്ന പ്രശ്നം.10 പത്രോസ് നിർദ്ദേശിക്കുന്ന പരിഹാരമിതാണ്: സുവിശേഷത്തേയും രക്ഷയേയും പ്രതി ഒരിക്കലും വിപ്ലവത്തിന്റെ മാർഗ്ഗം ഉപയോഗിക്കാതെ ദൈവപരിപാലനയുടെ ഒരു ഭാഗമായി സഹനത്തെ, മർദ്ദനത്തെ ദർശിക്കുക. കാരണം, വിശ്വാസത്തിനുവേണ്ടിയുള്ള സഹനം എപ്പോഴും പ്രസാദവരദായകമാണ്. അവരുടെ കുററം കൊണ്ടാണ് സഹിക്കേണ്ടി വരുന്നതെങ്കിൽ അത്തരം സഹനം യോഗ്യതാപൂർണ്ണമാവില്ലെന്നു് അപ്പസ്തോലൻ അവരെ അനുസ്മരിപ്പിക്കുവാൻ വിസ്മരിക്കുന്നില്ല. വിശ്വസ്തതയോടും ആത്മാർത്ഥതയോടും, കീഴ്വഴക്കത്തോടും കൂടി ജോലി ചെയ്തിട്ടും, ക്രിസ്ത്യാനികളാണെന്ന ഒററക്കാരണത്താൽ യജമാനന്മാർ അവരെ പീഡിപ്പിക്കുന്നുവെങ്കിൽ അത്തരം സഹനങ്ങൾ അനുഗ്രഹദായകമാണ്, വരപ്രസാദദായകമാണ്. പീഡനങ്ങൾ ഏല്ക്കേണ്ടിവരുമ്പോൾ ഒരു കാര്യം സ്മരിക്കുന്നതുകൊള്ളാം. തിന്മയുടെ നിഴൽപോലും ഏശാത്ത യേശു സഹിച്ചു. നാഥനെപ്പോലെ ക്ഷമാപൂർവ്വം സഹിച്ചാൽ അവർക്കും അവിടുത്തെ യഥാതഥം അനുഗമിക്കുവാനുള്ള കൃപലഭിക്കും.

നിരപരാധികളായ ജോലിക്കാരുടെ സഹനത്തെ മാതൃകാപരമായ രാജകീയ പൗരോഹിത്യത്തിന്റെ ബലിയർപ്പണമായി പത്രോസ് ചിത്രീകരിക്കുന്നു. രാജകീയ പൗരോഹത്യത്തിൽ പങ്കുപററുന്ന അവർ സഹനത്തിലൂടെ ലോകത്തിനു വേണ്ടി ബലിയർപ്പിക്കുന്നു. അനർഹമായ ഇണ്ടലുകൾക്കും ഉപദ്രവങ്ങൾക്കും മദ്ധ്യേ പരാതികൂടാതെ സഹിക്കുന്നതിലും, ക്ഷമാപൂർവ്വം മർദ്ദനങ്ങൾ ശരീരത്തിൽ ഏല്ക്കുന്നതിലുമാണ് അവരുടെ രാജകീയ പൗരോഹത്യശുശ്രൂഷ ഉൾക്കൊള്ളുന്നതു്.11 നിവേദനമെന്നനിലയിൽ അവർ ക്ലേശങ്ങൾ ദൈവത്തിനു സമർപ്പിക്കണം. അതായിരുന്നു ക്രിസ്തുവിന്റെ മാതൃക. അതാണ് ക്രിസ്ത്യാനികളും അനുകരിക്കേണ്ടതു്. കർത്താവിന്റെ ദാസനെന്ന നിലയിൽ പ്രാണൻ നില്ക്കുന്നതുവരെ യേശു സഹിച്ചു (ഐസ. 53). ''നമ്മുടെ അപരാധങ്ങൾ സ്വശരീരത്തിൽ വഹിച്ചുകൊണ്ടു് അവിടുന്നു ക്രൂശിലേറി'' (I പത്രോ. 1 : 24). ഇതെഴുതിയപ്പോൾ പഴയനിയമത്തിലെ ബലിയാടിന്റെ ചിത്രമായിരുന്നു പത്രോസിന്റെ മനസ്സിലുണ്ടായിരുന്നതു് (ലേവ്യ. 16 : 20–24). മനുഷ്യരുടെ പാപനാശാർത്ഥം മഹാപുരോഹിതൻ ബലിയർപ്പിച്ചിരുന്ന ആടിന്റെ ചിത്രം. മനുഷ്യരുടെ പാപഭാരമെല്ലാം അതിന്റെ പുറത്തു് ഇറ

10. Bo Keicke, The Epsle of James, Peter and Jude, New York, 1964, p. 98.
11. Schwank. op. cit. P. 50.

www.malankaralibrary.com

ക്കിവെച്ചിട്ട് അതിനെ ബലിയർപ്പിച്ചിരുന്നത്രേ. അങ്ങനെ മനുഷ്യർ വിശുദ്ധീകൃതരാകുമെന്നു്. അവർ കരുതിയിരുന്നു.

ക്രിസ്ത്യാനികളുടെ സഹനം വൃഥാവിലല്ല. അതിനു് നിഷ്കൃതമൂല്യമുണ്ടു്.

## ക്രിസ്ത്യാനികൾ പീഡനാവസരത്തിൽ

ജീവിക്കേണ്ടതുപോലെ ജീവിച്ചാൽ ക്രിസ്ത്യാനികൾക്കു് വളരെ കുറച്ചേ സഹിക്കേണ്ടിവരൂ. അവരുടെ ജീവിതം മനുഷ്യരുടെ എതിർപ്പിൽനിന്നെല്ലാം സ്വതന്ത്രമായിരിക്കും. എന്നാൽ നീതിയെപ്രതി ചിലപ്പോൾ സഹിക്കേണ്ടിവന്നേക്കാം. ക്രിസ്ത്യാനികളെ രാഷ്ട്രീയധികാരികൾ ചോദ്യം ചെയ്യുകയാണെങ്കിൽ അവർ സത്യം തുറന്നു പറയണം, വിശ്വാസം ഏറ്റുപറയണം, പ്രതീക്ഷയെപ്പററി വിവരിക്കണം (മത്താ. 10: 3 ശേഷവും). തത്സമയത്തു് അങ്ങോട്ടു ചോദ്യം ചെയ്യേണ്ടതില്ല. ഏതു സമയത്തും എവിടെവച്ചും തങ്ങളുടെ ക്രിസ്തീയ വിശ്വസ്തതയെ ഏററു പറയാനും, വിശ്വാസത്തെ വിളംബരം ചെയ്യാനും നീതീകരിക്കാനും അവർ ക്രിസ്ത്യാനികളോടു് ആവശ്യപ്പെട്ടേക്കാം. അപ്പോൾ ക്രിസ്ത്യാനികൾ കോപിഷ്ഠരാകാതെ ഭയാപൂർവ്വം അവർക്കു മറുപടി നല്കണം. മർദ്ദനവേളയിൽ അധികാരികൾ അവരെ ചോദ്യം ചെയ്യുന്നെങ്കിൽ ഭയപ്പെടരുതു്. ഐസയാസ് 8 : 12–13 വാക്യങ്ങളിലെ ആശയമാണു് പത്രോസ് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. ഐസയാസിന്റെ ഗ്രന്ഥത്തിൽ ഈ ഭാഗം പരമതം സ്വീകരിക്കരുതെന്നു് ഇസ്രായേൽക്കാരോടു് അപേക്ഷിക്കുന്നു; മററു ദേവന്മാരെ ആരാധിക്കരുതെന്നു് അഭ്യർത്ഥിക്കുന്നു. അവർ കർത്താവിനെ ആരാധിക്കുകയും അവനിൽ അഭയം ഗമിക്കുകയും ചെയ്യണം. പത്രോസിന്റെ ഒന്നാം ലേഖനത്തിൽ കൃപാരാധനയിലും അധികാരപൂജയിലും, വിഗ്രഹാരാധനയിലും യോജിക്കുവാൻ മററുള്ളവർ ക്രിസ്ത്യാനികളുടെമേൽ ചെലുത്തുന്ന സമ്മർദ്ദത്തെയാണു് സൂചിപ്പിക്കുന്നതു്.[12] ''കർത്താവായ മിശിഹായെ നിങ്ങളുടെ ഹൃദയങ്ങളിൽ വിശുദ്ധീകരിക്കുവിൻ'' (വാ. 15). മനുഷ്യഹൃദയമാണു് യേശുവിനെ ആരാധിക്കേണ്ട ശ്രീകോവിൽ. മർദ്ദനകാലത്തു് ദൈവരാധനയ്ക്കായി പൊതുസ്ഥലത്തു് സമ്മേളിക്കുവാൻ ക്രിസ്ത്യാനികളെ അനുവദിച്ചിരുന്നില്ലെന്നു സൂചന. എന്നാലും ക്രിസ്ത്യാനികൾ ദുഃഖിക്കേണ്ട; പ്രയാസപ്പെടേണ്ട. അവരുടെ ഹൃദയശ്രീകോവിലിൽ സന്നിധാനം ചെയ്യുന്ന യേശുവിന്റെ സജീവ സാന്നിദ്ധ്യത്തിൽ അവർ ആനന്ദിക്കുകയാണു് വേണ്ടതു്.

12 Stibbs. op. cit. P. 134.



www.malankaralibrary.com

## സഹനം: ദൈവനിശ്ചയം

സഹനം ദൈവനിശ്ചയമനുസരിച്ചാണെങ്കിൽ ദുഷ്പ്രവൃത്തികൾ ചെയ്യുമ്പോഴെന്നതിനേക്കാൾ, സദ്പ്രവൃത്തികൾ ചെയ്യുമ്പോൾ അനർത്ഥങ്ങൾ സഹിക്കുന്നതാണ് നല്ലത് (വാ. 17). തങ്ങളുടെ ദുഷ്കൃതങ്ങളുടെ പരിണിതഫലമായി ദുഷ്ടന്മാർ സഹിക്കുന്നു. ദൈവം ശിഷ്ടന്മാരെ സഹിക്കുവാൻ അനുവദിക്കുന്നെങ്കിൽ അതിലെന്തെങ്കിലും ലക്ഷ്യവും കാരണവും കാണും. ഒന്നുകിൽ ദൈവമഹത്വത്തിനാവാം. അല്ലെങ്കിൽ പരനന്മയ്ക്കാവാം. അതുമല്ലെങ്കിൽ സ്വഗുണത്തിനാവാം. ഇതിന് ഉത്തമനിദർശനമാണ് യേശുവിന്റെ സഹനം. അവിടുന്ന് ദൈവനിശ്ചയപ്രകാരം മനുഷ്യനന്മയ്ക്കുവേണ്ടി സഹിച്ചു. സഹനങ്ങൾ പ്രഥമത: ക്രിസ്തുവിന്റെ ചരിത്രത്തിലും ദ്വിതീയ അവിടുത്തെ അനുയായികളുടെ ചരിത്രത്തിലും ദൂരവ്യാപകമായ സ്വർഗ്ഗീയപ്രത്യാഘാതങ്ങൾ ഉളവാക്കുന്നു. കന്മഷരഹിതനും പാപരഹിതനുമായ ഈശോ അനർഹമായി സഹനത്തിന്റെ കയ്പ്നീർ കുടിച്ചു. അങ്ങനെ അവിടുന്ന് മനുഷ്യ–ദൈവാനുരഞ്ജനം സാധിച്ചു. ഐസയാസ് 53: 10 അനുസരിച്ച് യേശുവിന്റെ കുരിശുമരണം പാപപരിഹാരത്തിനുള്ള നിവേദനമായിരുന്നു. അതുപോലെ ക്രിസ്ത്യാനികളും അവരുടെ മരണശിക്ഷയെപ്പററി ശ്രവിക്കുമ്പോൾ അപരരുടെ അപരാധങ്ങൾക്കായി തങ്ങളുടെ ജീവൻ സമപ്പിക്കാൻ തയ്യാറാവണം.

## സഹനവും ഉത്ഥാനജീവിതവും (4: 1–6)

ക്രിസ്തു സ്വവപുസ്സിൽ മനുഷ്യർക്കുവേണ്ടി സഹിച്ചതുപോലെ ക്രിസ്ത്യാനികളും അവരുടെ മേനികളിൽ ക്രിസ്തുവിനായി സഹിക്കാൻ തയ്യാറാവണം. ശരീരത്തെ നിയന്ത്രിക്കുന്നതിനും അത് സഹായിക്കും (I പത്രോ. 4: 1–6). അവരുടെ സഹനം വൃഥാവിലാവില്ലെന്നും അവയെല്ലാം വിലയുററതാണെന്നും ഉദ്ബോധിപ്പിച്ചുകൊണ്ട് അപ്പസ്തോലൻ ക്രിസ്ത്യാനികളെ ധൈര്യപ്പെടുത്തുന്നു. ശാരീരികമായി മരിക്കേണ്ടിവന്നാലും അരൂപിയിൽ അവർ ജീവിക്കും. അരൂപിയിൽ ജീവിക്കുന്നതിനു കടന്നുപോകേണ്ട കവാടമാണ്, അന്ത്യമല്ല, ക്രിസ്ത്യാനിക്ക് മരണം. ''സഹനവും മരണവും വഴി മഹത്വത്തിലേക്ക്'' എന്ന തത്വം ക്രിസ്തുവിനെന്നപോലെ ക്രിസ്ത്യാനിക്കും ബാധകമാണ്. ''അവനോടൊത്തു സഹിക്കുന്നെങ്കിൽ നമ്മളും അവനോടൊത്തു മഹത്വീകൃതരാകും.'' വിമോചനാത്മകമാണ്, രക്ഷാകരമാണ് വേദന. ജഡത്തിൽ വേദനയനുഭവിക്കുന്നവൻ വിമോചനാനുഭൂതിയിലൂടെ കടന്നുപോകുന്നു. ക്രിസ്തുവിന്റെ പെസഹാസംഭവവുമായി ബന്ധപ്പെട്ട വിമോചനാനുഭൂതിയിലൂടെ ക്രിസ്തുവിനോടുകൂടി

www.malankaralibrary.com

സഹിക്കുന്നവൻ അവിടുത്തോടൊപ്പം ഉയിർക്കും. അതുകൊണ്ടു് ക്രിസ്തുവിനോടുകൂടി സഹിക്കുന്നവൻ ജീവിച്ചിരിക്കുമ്പോൾ തന്നെ ഉത്ഥാനജീവിതത്തിൽ കഴിയുന്നു. ഉത്ഥാനോന്മുഖമാണു് സഹനവും മരണവും. ഉത്ഥാനത്തിനുള്ള ഉപാധിയാണവ. അവയില്ലെങ്കിൽ ഉത്ഥാനവുമില്ല. തന്മൂലം ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം പാപമയമായ ജീവിതത്തിലേക്കു് പിന്തിരിയുക എന്ന പരിപാടിയേ ഇല്ല.

## സഹനവും അന്ത്യവിധിയും (4: 12–19)

I പത്രോസ് 4: 12–19 വാക്യങ്ങൾ സഹനത്തെ അന്ത്യവിധിയുടെ വെളിച്ചത്തിൽ വീക്ഷിക്കുന്നു. ലോകാന്ത്യം അഗ്നിമൂലമാണെന്നു് ഒന്നാം അദ്ധ്യായം 7–ാം വാക്യം പറയുന്നു. ക്രിസ്ത്യാനികൾ അഭിമുഖീകരിച്ചിരുന്ന പ്രചലിതപീഡകളെ അഗ്നിപരീക്ഷണമായാണു് അദ്ദേഹം കരുതിയതു്. അന്ത്യവിധിയുടേയും അവസാനവിനാശത്തിന്റേയും മുന്നനുഭവമാണു് സഹനം (വാ. 17). പീഡകളിലൂടെ ഒരുവൻ ക്രിസ്തുവിന്റെ സഹനത്തിൽ ഭാഗഭാക്കാകുന്നു. പീഡിപ്പിക്കപ്പെടുക എന്നാൽ ക്രിസ്തുവിന്റെ പീഡനങ്ങളിൽ പങ്കുപററുക എന്നർത്ഥം. ഈ ചിന്ത നമ്മിൽ ആനന്ദമുളവാക്കാൻ പര്യാപ്തമാകണം. ക്രിസ്തുവിന്റെ ദ്വിതീയാഗമനവേളയിലുള്ള സന്തോഷത്തിമർപ്പിന്റെ മുന്നാസ്വാദനമായിരിക്കും അതു്. സഹനത്തിലൂടെ നാം ക്രിസ്തുവുമായി കൂട്ടായ്മയിലാകുന്നു. അവിടുന്നു് സഹിച്ചു് മഹത്വീകൃതനായതുപോലെ, നാമും ഇപ്പോൾ സഹിച്ചാൽ പിന്നീടു് മഹത്വീകരിക്കപ്പെടും. ക്രിസ്തുവിൽ സഹിക്കുമ്പോഴാണു് നമ്മുടെ വേദനകൾ മൂല്യമുററതാകുന്നതു്; യോഗ്യതാപൂർണ്ണമാകുന്നതു്, സാർത്ഥകമാകുന്നതു്. കാരണം നാം മഹത്വീകൃതരാകുന്നതു് അവനിലത്രേ. മഹത്വം ക്രിസ്തുവിലും, ദൈവത്തിന്റെ നവാലയമായ സഭയിലും സന്നിഹിതമാണു്. എങ്കിലും വ്യക്തികൾ ഇനിയും മഹത്വീകൃതരാകേണ്ടിയിരിക്കുന്നു.

ക്രിസ്തുവിന്റെ വേദനകളിലും, വെളിപ്പെടേണ്ട അവിടുത്തെ മഹത്വീകരണത്തിലും താൻ സാക്ഷിയായിരുന്നുവെന്നു് പത്രോസ് തുറന്നു പ്രസ്താവിക്കുന്നു (മത്താ. 17: 1–2). ലോകാന്ത്യം ആസന്നമാണെന്നു് അദ്ദേഹം വിശ്വസിച്ചു. അവരുടെ ജീവിതകാലത്തുതന്നെ അതു സംഭവിക്കുമെന്നും, അതിന്റെ ആരംഭം കുറിച്ചുവെന്നും അദ്ദേഹം കരുതി. അഗ്നിമൂലമാണല്ലോ അന്ത്യം. ആസന്നമായ അഗ്നികാണുമ്പോൾ അമ്പരക്കരുതു്, അഗ്നിപരീക്ഷണത്തിൽ വിസ്മയിക്കരുതു്. തന്റെ ലേഖനം പാരായണം ചെയ്യുന്ന ക്രിസ്ത്യാനികളെയാണു് പത്രോസ് ഇവിടെ വിവക്ഷിക്കുക. അവരെ പരീക്ഷിക്കുവാനും വിശുദ്ധീകരിക്കാനുമാണു് അ

www.malankaralibrary.com

ന്നിയുടെ ആഗമനം. അതു ദർശിക്കുമ്പോഴം, അനുഭവിക്കുമ്പോഴം അവർ പരിദേവനംചെയ്യാതെ പ്രമോദിക്കണം. വേദനകളിലൂടെ അവർ ക്രിസ്തുവിൻെറ വേദനയിൽ പങ്കുകൊള്ളുന്നു; വേദനാവേദനങ്ങൾ അവരെ ക്രിസ്തുവുമായി ഒന്നാക്കുന്നു. വേദനയിലൂടെ ക്രിസ്തുവിൻെറ സഹനത്തിലും, അവിടത്തെ ആനന്ദപൂർണ്ണമായ അന്ത്യമഹത്വത്തിലും ഭാഗഭാക്കുകളാകുന്നു. അവക്ക് ആനന്ദിക്കുവാൻ മററെന്തുവേണം?

## ഉപസംഹാരം

മനുഷ്യൻ അവൻെറ പീഡാസഹനങ്ങളിലൂടെ ക്രൂശു വഹിച്ച ക്രിസ്തുവിനു സദൃശ്യനായിഭവിക്കുന്നു. ക്രിസ്തു നിന്ദിതനായിട്ടും നിന്ദിച്ചില്ല. പീഡിതനായിട്ടും ഭയപ്പെടുത്തിയില്ല (2: 23). പ്രസാദവരസമ്പൂർണ്ണമായ ഈശോയുടെ കുരിശിൻെറ വഴി അവനെ പിതാവിൻെറ വലത്തു ഭാഗത്തേക്ക് ഉയർത്തി (3 : 18–22). തന്മൂലം പത്രോസ് ക്രിസ്ത്യാനികളെ ഉപദേശിക്കുന്നു : യേശുവിൻെറ സഹനത്തിൽ പങ്കുകൊള്ളുവാൻ കഴിയുമ്പോഴൊക്കെ സന്തോഷിക്കുവിൻ. കാരണം അതുവഴി അവർ നിത്യമഹത്വത്തിൻെറ വെളിപാടിൽ പങ്കു പററുന്നു.

പത്രോസിൻെറ ഒന്നാം ലേഖനപ്രകാരം ദൈവേച്ഛപ്രകാരമാണ് ക്രിസ്ത്യാനിയുടെ സഹനം. അതീത കാലപാപഫലമല്ലതു്. അതിനു് ഒരു പരിഹാരകമൂല്യമുണ്ടു്. ക്രിസ്തുവിൻെറ സഹനത്തിലുള്ള ഭാഗഭാഗിത്വമാണതു്. വരാനിരിക്കുന്ന മഹത്വീകരണത്തിനുള്ള ഉറപ്പാണു്.

ചുരുക്കത്തിൽ ദാരിദ്ര്യത്താലും, രോഗത്താലും ദൈന്യതയാലും, ചൂഷണത്താലും മർദ്ദിക്കപ്പെടുന്നവർ, നീതിയെപ്രതി പീഡസഹിക്കുന്ന നിരപരാധികൾ – ആരും നിരാശരോ, നഷ്ടചിത്തരോ, ഭഗ്നമോഹരോ, അസ്തപ്രത്യാശരോ ആകേണ്ടതില്ല. അവരുടെ സഹനം വൃഥാവിലാവില്ല. അതിനൊരു മോചനമൂല്യമുണ്ടു്. അവരെല്ലാം ഒരു പ്രത്യേക വിധത്തിൽ ലോകത്തിൻെറ മുക്തിക്കായി യേശുവിൻെറ സഹനത്തോടു് സംയോജിച്ചാണു് സഹിക്കുന്നതു്. ഈ ചിന്ത സഹനവേളയിൽ അവർക്കു് സന്തോഷം പ്രദാനം ചെയ്യണം.

തോമസ് കയ്യാലപ്പറമ്പിൽ

പരിഭാഷ: ജോസ് മണിപ്പാറ.

www.malankaralibrary.com

# കുരിശിൻെറവഴി—
# സുവിശേഷങ്ങളിൽ

കുരിശിൻെറവഴി എന്നു കേൾക്കുമ്പോൾ യേശുവിൻെറ കുരിശുമരണവുമായി ബന്ധപ്പെട്ട പതിന്നാലു സംഭവങ്ങളാണു് ആരുടെയും ഓർമ്മയിൽ വരുക. യേശു മരണത്തിനു വിധിക്കപ്പെടുന്നതു മുതൽ കല്ലറയിൽ സംസ്കരിക്കപ്പെടുന്നതുവരെയുള്ള പല സംഭവങ്ങളിൽ ചിലതുമാത്രമായി ഇവയെ കരുതുന്നു. പാരമ്പര്യത്തിൽ പെട്ടവ ആയിരിയ്ക്കാമെങ്കിലും, യേശു മൂന്നു പ്രാവശ്യം വീഴുന്നതു്, മാതാവിനെ വഴിയിൽ വച്ചു കണ്ടുമുട്ടുന്നതു്, യേശുവിൻെറ തിരുമുഖം വേറോനിയ്ക്കു തുടയ്ക്കുന്നതു്, അവിടുത്തെ മൃതശരീരം മാതാവിൻെറ മടിയിൽ കിടത്തുന്നതു് എന്നീ സംഭവങ്ങൾക്കു് വിശുദ്ധ ലിഖിതസാക്ഷ്യങ്ങളില്ല, എന്നുള്ളതു ഒരു വസ്തുതയാണു്.

വീണ്ടും വീണ്ടും പാപത്തിൽ വീഴുന്ന മനുഷ്യരുടെ പാപഭാരം വഹിക്കുന്ന യേശു പല പ്രാവശ്യം നിലത്തു വീഴുന്നില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ. അതുകൊണ്ടു് അക്കാര്യം ബൈബിളിലുണ്ടോഎന്നു് ആരും അന്വേഷിക്കാറില്ല. ഗാഗുൽത്താമലയിൽ കുരിശിൻചുവട്ടിൽ നിന്നിരുന്ന മറിയത്തെ, അങ്ങോട്ടുള്ള വഴിയിൽവച്ചു യേശു കണ്ടുവെന്നു പറഞ്ഞാൽ അതും ആരും ചോദ്യംചെയ്യുകയില്ല. കുരിശിൽ നിന്നിറക്കിയ മൃതശരീരം മടിയിൽ സ്വീകരിച്ചു് മറിയം കരഞ്ഞുവെന്നു പറഞ്ഞാൽ അതിൽ ഒരു അസംഭവ്യതയും ആരും കാണുകയില്ല. എന്നിരുന്നാലും, കർത്താവിൻെറ പീഡാനുഭവങ്ങളെക്കുറിച്ചു ധ്യാനിക്കുന്ന ആളുകളിൽ പശ്ചാത്താപവും അനുതാപവും ഉളവാക്കുവാനായി ആരുടെയും കരളലിയിക്കുന്ന ചില സാങ്കല്പികസംഭവങ്ങൾക്കൂടെ ചേർത്താണു് കുരിശിൻെറ വഴിയിലെ പതിന്നാലു സ്ഥലങ്ങൾക്കു് രൂപം കൊടുത്തിരിക്കുന്നതു് എന്നും പറയേണ്ടിയിരിക്കുന്നു.

കർത്താവിൻെറ പീഡാനുഭവത്തെക്കുറിച്ചു ധ്യാനിച്ചു ആദ്ധ്യാത്മികഫലം എടുക്കണമെന്നു ആഗ്രഹിക്കുന്നവർ, സാങ്കല്പികസംഭവങ്ങളെവിട്ടു്, സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ സംഭവങ്ങളെക്കുറിച്ചു് ധ്യാനിച്ചു അതു സാധിക്കാവുന്നതാണു്. അനേകരുടെ പാപമോചനത്തിനായി തൻെറ ശരീരം

www.malankaralibrary.com

വിഭജിച്ചും രക്തംചിന്തിയും വിശുദ്ധ കർബാന സ്ഥാപിച്ചുകൊണ്ടാണ് കുരിശിൽ പൂർത്തിയാകുന്ന ബലി ക്രിസ്തു ആരംഭിച്ചത്. അങ്ങനെ കുരിശിന്റെ വഴിയുടെ ആരംഭം ഊട്ടുശാലയാണ്. ക്രിസ്തുവിനെ ഒററിക്കൊടുക്കുവാനായി യൂദാസ് ഇറങ്ങിത്തിരിക്കുന്നതും ഊട്ടുശാലയിൽ നിന്നാണ്. വി. കർബാനയുടെ സ്ഥാപനം മുതൽ യേശു കല്ലറയിൽ സംസ്കരിക്കപ്പെടുന്നതുവരെയുള്ള പ്രധാന സംഭവങ്ങളെ കോർത്തിണക്കി കർത്താവിന്റെ കുരിശിന്റെ വഴിക്കു രൂപം കൊടുക്കുകയാണ് ഈ ലേഖനോദ്ദേശ്യം. കുരിശിന്റെ വഴിയിൽ പതിന്നാലു സംഭവങ്ങൾ സ്മരിച്ചുകൊള്ളണമെന്ന് നിർബ്ബന്ധമില്ലെങ്കിലും പരമ്പരാഗതമായ ആ രീതി ഇവിടെയും അവലംബിച്ചിരിക്കുന്നു.

## 1. യേശു വിശുദ്ധ കർബാന സ്ഥാപിക്കുന്നു.

ഊട്ടുശാലയിൽവച്ചു യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും അവരോടൊത്തു അന്തിമ അത്താഴം കഴിക്കുകയും ചെയ്തു. മനുഷ്യപുത്രൻ ശുശ്രൂഷിക്കുവാനും വളരെപ്പേരുടെ വീണ്ടെടുപ്പിനായി സ്വന്തജീവനെ നൽകുവാനുമാണു വന്നിരിക്കുന്നത് (മത്താ. 20: 28). സേവനത്തിന്റെ മഹനീയ മാതൃക അവിടുന്ന് കാട്ടിക്കൊടുക്കുന്നു. മനുഷ്യരാശിക്ക് അവിടുന്നു ചെയ്ത ഏററവും വലിയ സേവനമാണ് അവരുടെ വീണ്ടെടുപ്പ്. തന്റെ ദാസൻ അവന്റെ സഹനംകൊണ്ട് വളരെപ്പേരെ നീതീകരിക്കുമെന്നു ദൈവം മുൻകൂട്ടി പറഞ്ഞിരുന്നതാണ് (ഏശയ്യാ. 53: 11). മനുഷ്യരുടെ പാപങ്ങളുടെ മോചനത്തിനായി ക്രിസ്തു തന്റെ ശരീരം വിഭജിക്കയും രക്തം ചിന്തുകയുമാണ് (മത്താ. 26: 26–28) വിശുദ്ധ കർബാനയുടെ സ്ഥാപനംവഴി ചെയ്തത്. ഇപ്രകാരം രക്തരഹിതമായി ബലി അർപ്പിച്ചുകൊണ്ടു ക്രിസ്തു കുരിശിന്റെ വഴി ഉദ്ഘാടനം ചെയ്തു. കുരിശിന്റെ വഴി സമാപിക്കുന്നത്, അവിടുന്നു മരിച്ചു മഹത്വീകരിക്കപ്പെടുമ്പോഴാണ്. പരാജയത്തിലല്ല, വിജയത്തിലാണ് അതിന്റെ അവസാനം.

## 2. യേശു ഗത്സേമനിയിൽ പ്രാർത്ഥിക്കുന്നു.

അന്തിമ അത്താഴത്തിൽ പങ്കുകൊണ്ടശേഷം ഗുരുവിനെ ഒററിക്കൊടുക്കണമെന്ന തീരുമാനത്തോടെയാണു യൂദാസ് ഊട്ടുശാലയിൽനിന്നും പുറത്തുവന്നത് (യോഹ. 13: 2; 10–11, 21, 26, 27). അതിനുശേഷം മററു പതിനൊന്നു ശിഷ്യന്മാരുമൊത്ത് യേശു ഗത്സേമനിതോട്ടം ലക്ഷ്യംവച്ചുനടന്നു. എട്ടു ശിഷ്യന്മാരെ തോട്ടത്തിനു വെളിയിൽ നിറുത്തിയിട്ടു ശേഷിച്ച പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരുമൊത്തു അവിടുന്നു ഉള്ളിലേ

www.malankaralibrary.com

ട്ടു പ്രവേശിച്ചു. ആ മൂന്നു ശിഷ്യന്മാരെയും ഒരു സ്ഥാനത്തു നിറുത്തിയിട്ടു്, അവിടുന്നു കുറെക്കൂടെ ഉള്ളിലേയ്ക്കു പ്രവേശിച്ചു പ്രാർത്ഥിക്കുവാൻ തുടങ്ങി. ഏററവും വലിയ പരീക്ഷയാണു് അവിടുത്തേയ്ക്കു അനുഭവപ്പെടുന്നതു് – മരണത്തിൽനിന്നു രക്ഷപെടുവാനുള്ള ആഗ്രഹം. മരണത്തിൽനിന്നു് ക്രിസ്തു രക്ഷപെട്ടാൽ ലോകം രക്ഷപെടുകയില്ല. ആന്തരികമായ സംഘട്ടനത്തിൻെറ ആധിക്യം മനസ്സിലാക്കുവാൻ പോരുന്നവയാണു് ''എൻെറ ആത്മാവു് മരണംവരെ ദുഃഖിതമായിരിക്കുന്നു'' (മക്കോ. 14: 34) എന്ന വാക്കുകൾ. മരണമാകുന്ന പാനപാത്രം കഴിയുമെങ്കിൽ അകന്നു പോകട്ടെ (ലൂക്കാ. 22:42) എന്നു നെടുവീർപ്പോടെ അവിടുന്നു പ്രാർത്ഥിച്ചു. ഈ പ്രാർത്ഥന കേൾക്കപ്പെട്ടില്ല. കേൾക്കപ്പെട്ടിരുന്നുവെങ്കിൽ– ദൈവത്തിൻെറ ഏകജാതൻ കുരിശുമരണത്തിൽനിന്നു രക്ഷപെട്ടിരുന്നുവെങ്കിൽ– മനുഷ്യവംശം രക്ഷപ്പെടുകയില്ലായിരുന്നു. ദൈവം തൻെറ രക്ഷാകരപദ്ധതിക്കു യാതൊരു മാററവും വരുത്തുന്നില്ല. ദൈവതിരുമനസ്സിനു വഴങ്ങിക്കൊണ്ടുതന്നെ പുത്രൻ മനുഷ്യരക്ഷ സാധിക്കുന്നു. നമ്മുടെ ശക്തിയിൽ കവിഞ്ഞ വിധം ജീവിതത്തിൽ നാം പരീക്ഷിക്കപ്പെടുകയില്ല. (1 കൊറി. 10; 13).

## 3. യേശു ബന്ധനസ്ഥനാകുന്നു

യേശു തൻെറ പ്രാർത്ഥന പല തവണ ആവർത്തിക്കുന്നുണ്ടു്. ഇടയ്ക്കു അല്പം ആശ്വാസം തേടി തൻെറ ശിഷ്യരുടെ അടുക്കലേയ്ക്കു പോകുന്നുണ്ടു്. ഒരു നിമിഷത്തിൽ അവിടുന്നു കാണുന്നതു യൂദാസിൻെറ നേതൃത്വത്തിൽ ഒരു കൂട്ടം ആളുകൾ തന്നെ സമീപിക്കുന്നതായാണു്. ശിഷ്യരെ വിളിച്ചുണർത്തി ക്രിസ്തു അറിയിച്ചു, ''തന്നെ ഒററിക്കൊടുക്കുന്നവൻ അടുത്തെത്തിയിരിക്കുന്നു''വെന്നു് (മക്കോ. 14: 42). അല്പസമയം കഴിഞ്ഞു് യൂദാസു് ക്രിസ്തുവിനെ സമീപിക്കുകയും ചുംബിച്ചുകൊണ്ടു അവിടുത്തെ ഒററിക്കൊടുക്കുകയും ചെയ്തു (ലൂക്കാ. 22: 47–48). സ്വന്തമായി വാളില്ലാത്തവൻ തൻെറ മേലങ്കി വിററെങ്കിലും ഒന്നു കരുതിക്കൊള്ളണം (ലൂക്കാ. 22, 36) എന്നു ക്രിസ്തു പറഞ്ഞിരുന്നതു് ഓർത്തിട്ടെന്നവണ്ണം, അപകടസ്ഥിതി മനസ്സിലാക്കിയ ശിഷ്യർ അതു പ്രയോഗിക്കുവാൻ വെമ്പൽ കൂട്ടുന്നു. പത്രോസു് മാൽക്കൂസിനെ വെട്ടുന്നു. തിടുക്കത്തിലുള്ള വെട്ടാകയാൽ ഉന്നം പിഴച്ചതുമൂലം അയാൾക്കു സാരമായ പരുക്കൊന്നും ഏല്ക്കുന്നില്ല.

സ്വന്തം ശിഷ്യനാൽ ഒററിക്കൊടുക്കപ്പെടുക വേദനാജനകമായ ഒരു കാര്യമാണു്. പത്രോസിൻെറ പാദങ്ങൾ കഴുകുമ്പോൾ അവിടുന്നു പറഞ്ഞതാണു്, ''ശിഷ്യന്മാർ എല്ലാവരും ശു

www.malankaralibrary.com

ധരല്ലെന്നു'' (യോഹ. 13: 12-29); അവരിൽ ഒരുവൻ തന്നെ ഒററിക്കൊടുക്കുമെന്നു് (യോഹ. 13, 21). ക്രിസ്തുവിനെ കയറു കൊണ്ടു ബന്ധിച്ചു തോട്ടത്തിൽനിന്നും പുറത്തേക്കു കൊണ്ടുവരുന്ന സമയം ശിഷ്യന്മാരെല്ലാവരും അവിടുത്തെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു.

## 4. യേശുവിനെ കയ്യാപ്പായുടെ മുമ്പിൽ ഹാജരാക്കുന്നു

ജനം ക്രിസ്തുവിനെ പ്രധാന പുരോഹിതനായ കയ്യാപ്പായുടെ മുമ്പിൽ ഹാജരാക്കുന്നു. ജനപ്രമാണികളും നിയമജ്ഞരും കൂടി ക്രിസ്തുവിനെ വിചാരണ ചെയ്യുകയെന്നതാണു ലക്ഷ്യം. പരസ്യവിചാരണയ്ക്കു മുൻപു് കയ്യാപ്പാ ക്രിസ്തുവിനോടു് അവിടുത്തെ പഠനങ്ങളേയും ശിഷ്യരേയും കുറിച്ചു ചോദിച്ചു. ശിഷ്യന്മാരെ തന്റെ കേസുമായി ബന്ധപ്പെടുത്തുവാൻ ക്രിസ്തു ആഗ്രഹിച്ചില്ല. പഠനങ്ങളെക്കുറിച്ചു അറിയണമെന്നുണ്ടെങ്കിൽ, ശ്രോതാക്കളോടു ചോദിച്ചു മനസ്സിലാക്കട്ടെ എന്നൊരു നിലപാടാണു് അവിടുന്നു സ്വീകരിച്ചതു് (യോഹ. 18: 20-23). ശ്രേഷ്ഠപുരോഹിതനോടു് അപമര്യാദയായി സംസാരിച്ചു എന്ന കാരണം പറഞ്ഞു് ഒരാൾ അവിടുത്തെ അടിക്കുകയും ചെയ്തു.

പിന്നീടു പരസ്യവിചാരണ നടന്നപ്പോൾ മുൻകൂട്ടി ഒരുക്കിനിറുത്തിയിരുന്ന കള്ളസാക്ഷികൾ ആരോപണങ്ങൾ ഉന്നയിക്കുവാൻ തുടങ്ങി. ദേവാലയം തകർക്കുമെന്നും മൂന്നു ദിവസംകൊണ്ടു് വീണ്ടും അതു പണുതുയർത്തുമെന്നും ക്രിസ്തു അവകാശപ്പെട്ടു (മത്താ. 26: 61) എന്നതായിരുന്നു ഒരാരോപണം. ഈ ആരോപണം നിഷേധിക്കുവാൻ ക്രിസ്തു തയ്യാറായില്ല. ദൈവപുത്രനായ മിശിഹാ നീ ആകുന്നുവോ? (മത്താ: 26. 63) എന്ന ചോദ്യത്തിനു 'അതെ' എന്നു മറുപടി പറഞ്ഞു. ഈ ദൈവദൂഷണ ശ്രവണത്തിൽ യഹൂദന്മാർ പതിവായി ചെയ്യാറുള്ളതുപോലെ, കയ്യാപ്പ ഉടൻ തന്റെ മേലങ്കി കീറി. ക്രിസ്തുവിൽ ദൈവദൂഷണക്കുററം കയ്യാപ്പ കണ്ടിരിക്കുന്നുവെന്നു മനസ്സിലാക്കിയ ജനം, 'അവൻ മരണത്തിനു അർഹനാകുന്നു' എന്നു വിളിച്ചു പറഞ്ഞു. തുടർന്നു് അവർ യേശുവിനെ നിന്ദിക്കുവാനും പലവിധത്തിൽ ഉപദ്രവിക്കുവാനും തുടങ്ങി.

## 5. പത്രോസ് യേശുവിനെ ഉപേക്ഷിച്ചു പറയുന്നു

യേശു ബന്ധിതനായ നിമിഷത്തിൽ അവിടുത്തെ ശിഷ്യന്മാരെല്ലാവരും ഭയന്നു് ഓടിപ്പോയെങ്കിലും കുറെ അകന്നു നിന്നാണെങ്കിലും അവിടുത്തെ അനുഗമിക്കുവാൻ പത്രോസ് തീ

www.malankaralibrary.com

രുമാനിച്ചു. കയ്യാപ്പ ക്രിസ്തുവിനെ രഹസ്യവിചാരണ നടത്തി ക്കൊണ്ടിരുന്നപ്പോൾ പത്രോസ് അരമന സേവകരോടൊപ്പം മുററത്തു തീ കാഞ്ഞുകൊണ്ടിരുന്നു. 'നീ ക്രിസ്തു ശിഷ്യരിൽ ഒരുവനല്ലേ'? (യോഹ. 18: 17) എന്നു ഒരു പരിചാരിക ചോദിച്ചപ്പോഴും, ''ഈ മനുഷ്യൻ നസ്രസ്സിലെ യേശുവിൻെറകൂടെ ഉണ്ടായിരുന്നു''വെന്നു (മത്താ. 26: 71) വേറൊരു പരിചാരിക പറഞ്ഞപ്പോഴും, പത്രോസ് അതു നിഷേധിച്ചു പറയുകയാണു ചെയ്തതു്.

പരസ്യവിചാരണയ്ക്കുശേഷം ക്രിസ്തു വളരെയധികം നിന്ദിതനാകുന്നതു കണ്ടപ്പോൾ പത്രോസു അസ്വസ്ഥനായി പലതും പുലമ്പുവാൻ തുടങ്ങി. ''തീർച്ചയായും നീ അവരിൽ ഒരുവനാണു്; നിൻെറ സംസാരം അതു തെളിയിക്കുന്നു'' (മത്താ. 26: 74) എന്നു് മറെറാരു പരിചാരിക പറഞ്ഞപ്പോൾ, 'ഞാൻ ആ മനുഷ്യനെ അറിയുകയില്ല' എന്നു പത്രോസു തറപ്പിച്ചു പറഞ്ഞു. തത്സമയം കോഴി കൂവുന്നതു കേട്ടു. ''കോഴി രണ്ടു പ്രാവശ്യം കൂവുന്നതിനു മുൻപു മൂന്നു പ്രാവശ്യം നീ എന്നെ ഉപേക്ഷിച്ചു പറയും'' (മർക്കോ. 14: 30) എന്നു മുൻകൂട്ടി യേശു പറഞ്ഞതു് അദ്ദേഹം ഓർത്തു. കയ്യാപ്പയുടെ മന്ദിരത്തിൽ നിന്നിരുന്ന ക്രിസ്തു അപ്പോൾ പത്രോസിനെ സ്നേഹപൂർവ്വം വീക്ഷിച്ചതു അദ്ദേഹത്തെ വളരെ വേദനിപ്പിച്ചുകാണണം.

## 6. യേശു പീലാത്തോസിൻെറ മുമ്പിൽ ആനീതനാകുന്നു

യേശുവിനെ പീലാത്തോസിൻെറ മുൻപിൽ ഹാജരാക്കിയവരോടു അദ്ദേഹം ചോദിച്ചു, ''ഈ മനുഷ്യനിൽ എന്തു കുററമാണു നിങ്ങൾ ആരോപിക്കുന്നതു്'' (യോഹ. 18: 29). ''കുററമില്ലായിരുന്നുവെങ്കിൽ, അവനെ അദ്ദേഹത്തിൻെറ മുൻപിൽ ഹാജരാക്കുകയില്ലായിരുന്നു'' എന്നുള്ള മറുപടി ജനത്തിൽനിന്നുമുണ്ടായി. സീസറിനു കപ്പംകൊടുക്കുന്നതു സംബന്ധിച്ചു യേശു പ്രകടിപ്പിച്ച അഭിപ്രായം പീലാത്തോസിനു അറിയാമായിരുന്നിരിക്കണം. പ്രഥമ വീക്ഷണത്തിൽ യേശു നിരപരാധിയാണെന്നും അദ്ദേഹത്തിനു തോന്നിയിട്ടുണ്ടായിരിക്കണം. എങ്കിലും അധികാരവും സ്വാധീനശക്തിയുമുള്ള യൂദന്മാരെക്കുറിച്ചോർത്തപ്പോൾ അദ്ദേഹം അറിയാതെതന്നെ നിഷ്ക്രിയനായി. ''നിങ്ങളുടെ നിയമം അനുസരിച്ചു അവനെ വിധിച്ചുകൊള്ളുക'' എന്നു് അദ്ദേഹം പറയുവാൻ കാരണമിതാണു്.

പരസ്യവിചാരണയ്ക്കുശേഷം രഹസ്യത്തിൽ ചില കാര്യങ്ങൾ അറിയുവാൻ അദ്ദേഹം ആഗ്രഹിച്ചു. ''നീ യൂദന്മാരുടെ രാജാവാകുന്നുവോ'' എന്ന ചോദ്യത്തിനു് താൻ ഇഹത്തിലെ രാ-

www.malankaralibrary.com

ജാവല്ല, എന്നുള്ള മറുപടികൊടുത്തു (യോഹ. 18: 33–36). രഹസ്യവിചാരണശേഷം പീലാത്തോസ് ജനങ്ങളോടുപറഞ്ഞു: "ഈ മനുഷ്യനിൽ കുററമൊന്നും ഞാൻ കാണുന്നില്ല". യേശുവിനെതിരായി കൂടുതൽ ആരോപണങ്ങൾ അവർ ഉന്നയിക്കുവാൻ തുടങ്ങി. ജനങ്ങളുടെ സംസാരത്തിൽനിന്നും യേശു ഒരു ഗലീലേയൻ ആണെന്നു മനസ്സിലാക്കി. പീലാത്തോസ് ആ അവസരം ഉപയോഗപ്പെടുത്തുകതന്നെ ചെയ്തു. ഗലീലയരുടെ മേൽ അധികാരമുണ്ടായിരുന്ന ഹേറോദേസ് ആ ദിവസങ്ങളിൽ യറുശലേത്തു തന്നെ ഉണ്ടായിരുന്നതുകൊണ്ട്, അദ്ദേഹത്തിൻെറ പക്കലേയ്ക്ക് യേശുവിനെ പീലാത്തോസ് അയച്ചു.

## 7. യേശുവിനെ ഹേറോദേസിൻെറ മുമ്പിൽ ഹാജരാക്കുന്നു

സഹോദരഭാര്യയായ ഹേറോദ്യായെ സ്വന്ത ഭാര്യയായി വച്ചുകൊണ്ടിരുന്നതിന് യോഹന്നാൻമാംദാന ഇദ്ദേഹത്തെയാണ് ശാസിച്ചതു്; 'കുറുക്കൻ' എന്ന് ഒരിക്കൽ യേശു വിശേഷിപ്പിച്ചതും ഇദ്ദേഹത്തെത്തന്നെയാണ്. യേശുവിൻെറ അത്ഭുതങ്ങൾ നേരിട്ടു കാണുവാൻ ഇദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ യേശു അതു സാധിച്ചുകൊടുത്തില്ല (ലൂക്കാ. 23: 7–11). ചുവപ്പു വസ്ത്രം ധരിപ്പിച്ചു പരിഹസിച്ചശേഷം ഹേറോദേസ് യേശുവിനെ വീണ്ടും പീലാത്തോസിൻെറ പക്കലേയ്ക്കു അയച്ചു.

## 8. യേശുവിനെ വീണ്ടും പീലാത്തോസിൻെറ മുമ്പിൽ കൊണ്ടുവരുന്നു

പ്രശ്നംതീർന്നു സ്വസ്ഥമായി എന്നു വിചാരിച്ചുകഴിയുമ്പോഴാണ് പീലാത്തോസിൻെറ പക്കലേയ്ക്കു ക്രിസ്തു വീണ്ടും ആനീതനാകുന്നതു്. അദ്ദേഹം വീണ്ടും പ്രധാന പുരോഹിതന്മാരെയും ജനപ്രമാണികളെയും വിളിച്ചുകൂട്ടി (ലൂക്കാ. 23: 13–15). നിരപരാധിയെന്നു തനിയ്ക്കു ബോദ്ധ്യംവന്ന യേശുവിൽ, ഹേറോദേസുപോലും കുററങ്ങൾ കാണുന്നില്ലെന്ന് അദ്ദേഹം ആമുഖമായി പറഞ്ഞു (ലൂക്കാ. 23: 14). ജനം ഒന്നുകൊണ്ടും തൃപ്തരാകാതെ യേശുവിനു മരണശിക്ഷ നൽകണമെന്ന കാര്യത്തിൽ ഉറച്ചുനിന്നു. പെസഹാത്തിരുനാളിൽ ഒരു കുററവാളിയെ നിരുപാധികം മോചിപ്പിയ്ക്കുക എന്ന പതിവ് ഉപയോഗപ്പെടുത്തിയെങ്കിലും യേശുവിനെ രക്ഷപെടുത്താമോ എന്ന് പീലാത്തോസ് ശ്രമിച്ചു. 'യേശുവിനെയോ ബറാബാസിനേയോ മോചിപ്പിയ്ക്കേണ്ടതു്'' എന്നുള്ള ചോദ്യത്തിനു് 'ബറാബ്ബാസിനെ മോചിപ്പിയ്ക്കുക എന്ന ഉത്തരമാണ് ജനത്തിൽനിന്നും ഉണ്ടായതു് (ലൂക്കാ. 23: 17–19).

www.malankaralibrary.com

## 9. യേശുവിനെ മരണത്തിനു വിധിയ്ക്കുന്നു

''യേശുവിനെ ക്രൂശിയ്ക്കുക, ക്രൂശിയ്ക്കുക'' എന്നു ജനം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. തന്റെ കൈകരം കഴുകിക്കൊണ്ടു്, ''ഈ നീതിമാന്റെ രക്തത്തിൽ എനിയ്ക്കു പങ്കില്ല; നിങ്ങൾ നോക്കിക്കൊള്ളുവിൻ'' (മത്താ. 27;24) എന്നു പറഞ്ഞു് പീലാത്തോസ് യേശുവിനെ ചമ്മട്ടികൊണ്ടടിയ്ക്കുവാനും കുരിശിൽ തറയ്ക്കുവാനുമായി ഏല്പിച്ചുകൊടുത്തു (മത്താ. 27: 26). അവർ യേശുവിനെ ചുവപ്പുവസ്ത്രം ധരിപ്പിയ്ക്കുകയും മുൾക്കിരീടം അണിയിയ്ക്കുകയും രാജാവായി പരിഹസിയ്ക്കുകയുംചെയ്തു.

## 10. കുരിശു വഹിയ്ക്കുവാൻ യേശുവിനെ ശെമയോൻ സഹായിയ്ക്കുന്നു

മരണത്തിനു വിധിയ്ക്കുന്നവരെ കല്ലെറിഞ്ഞുകൊല്ലുക എന്നതായിരുന്നു യഹൂദരീതി. ക്രൂശിച്ചുകൊല്ലുക എന്നതു റോമൻ സമ്പ്രദായം ആയിരുന്നു. റോമൻ രീതിയിൽ വിധിനടപ്പാക്കുവാൻ അവർ തീരുമാനിച്ചു. ക്രൂശിയ്ക്കുന്നതിനായി കാൽവരിക്കുന്നിലേയ്ക്കാണു് അവർ അവിടുത്തെ കൊണ്ടുപോകുന്നതു്. യേശുവിനെ കൊണ്ടുപോയ വഴി, 'വേദനകളുടെ വഴി' എന്ന പേരിലാണു് ഇപ്പോൾ അറിയുന്നതു്. ക്ഷീണിതനായ ക്രിസ്തു വളരെ വിഷമിച്ചാണു് ക്രൂശുംവഹിച്ചുകൊണ്ടു മുൻപോട്ടുനീങ്ങുന്നതു്. അവിടുത്തെ സഹായിയ്ക്കുവാൻ ആരുമില്ല; സ്നേഹശിഷ്യന്മാർപോലും. സൈരീൻപട്ടണവാസിയായ ശെമയോൻ ആ വഴി അപ്പോൾ കടന്നുപോകുവാൻ ഇടയായി. അയാൾ യേശുവിന്റെ കുരിശു ചുമക്കുവാൻ നിബ്ബന്ധിതനായി. അപ്രതീക്ഷിതമായ ഒരു ജോലിയുടെ ഉത്തരവാദിത്വം വഹിയ്ക്കേണ്ടിവന്ന ശെമയോൻ എത്ര ഭാഗ്യവാൻ!

## 11. യേശു യറൂശലേം സ്ത്രീകളെ ആശ്വസിപ്പിയ്ക്കുന്നു

യേശുവിനുവേണ്ടി ശെമയോൻ കുരിശുവഹിച്ചതുകൊണ്ടു്, തന്റെ പിന്നാലെ വന്നിരുന്ന അനുകമ്പാകുലരായ യറൂശലേം സ്ത്രീകളെ ആശ്വസിപ്പിച്ചു സംസാരിയ്ക്കുവാനുള്ള ശക്തി അവിടുത്തേയ്ക്കുണ്ടായിരുന്നു. പിതാവിന്റെ തിരുമനസ്സു് അനുസരിച്ചു് അവിടുത്തെ പക്കലേയ്ക്കു പോകുന്ന യേശുവിനെ ഓർത്തു അവരാരും കരയേണ്ടതില്ല (ലൂക്കാ. 23: 27–28). അവസാനവിധിനാളിൽ അവർക്കും അവരുടെ മക്കൾക്കും ഉണ്ടാകാവുന്ന ശിക്ഷയോർത്തു് അവർ കരഞ്ഞാൽമതി, പശ്ചാത്തപിച്ചാൽമതി. തന്റെ സഹന

www.malankaralibrary.com

ത്തിന്റെ ഫലം പശ്ചാത്താപംവഴി അവർ നേടുന്നതിനുള്ള ആഹ്വാനമാണ് അവിടുന്നു നടത്തുന്നതു്.

## 12. യേശുവിനെ കുരിശിൽ തറയ്ക്കുന്നു

വധശിക്ഷ നൽകുന്നതിനുവേണ്ടി ദുഷ്കർമ്മികളായ രണ്ടുപേരെക്കൂടി അവർ കാൽവരിക്കുന്നിലേയ്ക്കു കൊണ്ടുവന്നിരുന്നു. ക്രിസ്തുവിനെ നടുവിലും ദുഷ്കർമ്മികളെ ഇരുവശത്തുമായി കുരിശിൽ തറച്ചു (യോഹ. 19_18). 'യൂദന്മാരുടെ രാജാവു്' എന്നു് എഴുതിയ ഒരു പലക യേശുവിന്റെ കുരിശിന്റെ മേൽഭാഗത്തുവച്ചിരുന്നു. ''യൂദന്മാരുടെ രാജാവെന്നു പറഞ്ഞവൻ'' എന്നെഴുതിവയ്ക്കണമെന്നു പ്രധാനാചാര്യന്മാർ ആവശ്യപ്പെട്ടു. ഇത്തവണ പീലാത്തോസു തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ''ഞാൻ എഴുതിയതു് എഴുതി'' (യോഹ: 19. 22).

## 13. യേശു കുരിശിൽ കിടന്നു മരിയ്ക്കുന്നു

ക്രിസ്തുവിനെ കുരിശിൽ തറച്ചു് അല്പനേരത്തിനുള്ളിൽ അവിടുത്തെ വസ്ത്രം പട്ടാളക്കാർ വീതിച്ചെടുത്തു (യോഹ. 19: 23_24). ജനക്കൂട്ടം പലതും പറഞ്ഞു് അവിടുത്തെ പരിഹസിച്ചുകൊണ്ടിരുന്നു (മത്താ. 27: 40_44). തന്നെ ക്രൂശിച്ചവർക്കുവേണ്ടി അവിടുന്നു പ്രാർത്ഥിച്ചു. 'പിതാവേ, ഇവരോടു ക്ഷമിയ്ക്കേണമെ'' (ലൂക്കാ. 23: 34). പിന്നീടു്, ''ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു'' എന്നു നിലവിളിച്ചു (മർക്കോ. 15; 34). കുരിശിൽ ചുവട്ടിൽ നിന്നിരുന്ന യോഹന്നാനോടു 'ഇതാ നിന്റെ അമ്മ' എന്നും, മറിയത്തോടു് 'ഇതാ, നിന്റെ മകൻ' എന്നും അവിടുന്നു് അരുളംചെയ്തു. (യോഹ. 19: 26_27), അനന്തരം അവിടുന്നു 'എനിയ്ക്കു ദാഹിയ്ക്കുന്നു' (യോഹ. 19: 28) എന്നും, 'ഇതാ നിവൃത്തിയാക്കപ്പെട്ടിരിയ്ക്കുന്നു' (യോഹ. 19:30). എന്നും പറയുകയുണ്ടായി. തന്റെ വലതുവശത്തു ഉണ്ടായിരുന്ന കള്ളനോടു് നീ 'ഇന്നു എന്നോടുകൂടെ പറുദീസായിലായിരിയ്ക്കും' (ലൂക്കാ. 23: 43) എന്ന വാഗ്ദാനം നൽകി. അവസാനമായി, 'എന്റെ പിതാവേ, എന്റെ ജീവനെ നിന്റെ കൈകളിൽ ഞാൻ ഏല്പിക്കുന്നു' (ലൂക്കാ. 23;46)എന്നു പറഞ്ഞു മരിച്ചു. മൂന്നുമണിക്കൂറിലധികം കുരിശിൽ കിടന്ന ശേഷമാണു അവിടുന്നു മരിച്ചതു്. ആ മണിക്കൂറുകളിൽ അന്ധകാരം എങ്ങും വ്യാപിച്ചിരുന്നു (ലൂക്കാ. 23: 44).

www.malankaralibrary.com

## 14. യേശുവിനെ കല്ലറയിൽ സംസ്കരിക്കുന്നു

യേശു മരിച്ച് അധികം കഴിയുന്നതിനു മുൻപ് ഒരു പട്ടാളക്കാരൻ അവിടുത്തെ വക്ഷസ്സിൽ കുന്തംകൊണ്ടുകുത്തി മരണം ഉറപ്പുവരുത്തി (യോഹ. 19: 34). പീലാത്തോസിൻെറ അനുവാദപ്രകാരം അവിടുത്തെ മൃതശരീരം കുരിശിൽനിന്നിറക്കി, റംസാക്കാരൻ യൗസേപ്പും, നിക്കെദേമൂസും മററാളുകളും ചേർന്ന് അവിടെത്തന്നെയുണ്ടായിരുന്ന ഒരു കല്ലറയിൽ സംസ്കരിച്ചു.

യേശുവിൻെറ മരണം പിതാവിൻെറ സവിധത്തിലേയ്ക്കുള്ള പ്രവേശം ആണ് – മഹത്വീകരിക്കപ്പെടൽ ആണ്. യറുശലേം ഊട്ടുശാലയിൽനിന്നും ആരംഭിക്കുന്ന കുരിശിൻെറ വഴി സ്വർഗ്ഗീയ യറൂശലപ്രവേശത്തോടുകൂടെ അവസാനിക്കുന്നു. കുരിശിൻെറ വഴി ക്രിസ്തുവിൻെറ വഴി ആകയാൽ അതു ഓരോ ക്രിസ്ത്യാനിയുടെയും വഴിയാണ്. ''എൻെറ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്താന്നെ പരിത്യജിച്ചു തൻെറ കുരിശുമെടുത്തുകൊണ്ടു എൻെറ പിന്നാലെ വരട്ടെ'' (മത്താ. 16: 24).

ഫാ. തോമസ് കെ. പറമ്പിൽ.

www.malankaralibrary.com

# പീഡാനുഭവവിവരണം — മത്തായിയുടെ സുവിശേഷത്തിൽ

## ഒരു രചനാനിരൂപണ പഠനം

പ്രഥമദൃഷ്ട്യാ നാലു സുവിശേഷങ്ങളിലേയും പീഡാനുഭവ വിവരണങ്ങൾ തമ്മിൽ വിസ്മയകരമായ സാധർമ്മ്യമുണ്ട്. എന്നാൽ സൂക്ഷ്മനിരീക്ഷണത്തിൽ ഓരോ സുവിശേഷകനും പീഡാനുഭവ വിവരണത്തോട് തൻേറതായ ചിന്തകൾ കൂട്ടിച്ചേർത്തിരിക്കുന്നതായി കാണാം. ഇത് ഉദ്ദേശരഹിതമല്ല. സ്വന്തം കാഴ്ചപ്പാട് വ്യക്തമാക്കുവാൻവേണ്ടി തങ്ങളുടെ ചിന്താധാര കൂട്ടിച്ചേർത്തിരിക്കുകയാണ്. സുവിശേഷ ഗ്രന്ഥകാരൻെറ ദൃഷ്ടിയിൽ കൂടി വീക്ഷിച്ചാൽ മാത്രമേ സുവിശേഷ വിവരണങ്ങളുടെ ഔൽകൃഷ്ട്യം വ്യക്തമാകുകയുള്ളു.

ഇവിടെ നമ്മുടെ വിചിന്തനം, മത്തായിയുടെ സുവിശേഷത്തിൽമാത്രം ഒതുക്കി നിർത്തിക്കൊണ്ടു നാം ചോദിക്കുന്ന ചോദ്യം, അദ്ദേഹം തൻെറ പീഡാനുഭവ വിവരണത്തിൽ പ്രത്യേകം ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്ന ആശയങ്ങൾ ഏവയാണ്? ഒരു സൂക്ഷ്മപഠനത്തിനു മാത്രമേ ഇതിനുത്തരം നൽകുവാൻ കഴിയുകയുള്ളു.

'ടുസോഴ്സ് തിയറി' (Two sourse theory) യേയും മർക്കോസിൻെറ സുവിശേഷത്തിന്മേലുള്ള മത്തായിയുടെ ആലംബനത്തേയും അടിസ്ഥാനമാക്കിയാണ് ഈ ലേഖനം രൂപപ്പെടുത്തിയിരിക്കുന്നത്. 1. പീഡാനുഭവവിരണത്തിൽ മത്തായിയുടേയും മർക്കോസിൻേറയും സുവിശേഷങ്ങൾ തമ്മിൽ ഉള്ളടക്കത്തിലും പ്രതിപാദനരീതിയിലും സംഭവങ്ങളുടെ ക്രമാനുക്രമമായ വിവരണത്തിലും പദങ്ങളുടെ ഉപയോഗത്തിലും സാധർമ്മ്യമുണ്ട്. മത്തായിയുടെ സുവിശേഷത്തിലെ എൺപതു ശതമാനവും മർക്കോസിൻെറ സുവിശേഷത്തിൽകാണാം. ബാക്കി ഇരുപതു ശതമാനം മർക്കോസിൻെറ സുവിശേഷത്തെ ആധാരമാക്കി വിശദീകരിക്കുവാൻ കഴിയും. മൂലത്തിൽനിന്ന് (മർക്കോസ്) തനിക്കുകിട്ടിയ വസ്തുതകളെ അദ്ദേഹം പലവിധത്തിൽ പരിഷ്കരിച്ചിരിച്ചിട്ടുണ്ട്. ഗ്രന്ഥകാരനെ നയിക്കുന്ന പ്രേരകശക്തി കണ്ടു

---

1. See However X. Leon Dufour Passion Le Recit Selon S. Mathien' *DBS* VI (1960) p. 14-49; Nies Dahl. Die passiensgeschichte Bei Mathaus *NTS*-2-1955-56 p. 17-32.

www.malankaralibrary.com

പിടികൂവാൻവേണ്ടി രൂപരേഖയിലും ഉള്ളടക്കത്തിലും അദ്ദേഹം വരുത്തിയിരിക്കുന്ന ഭേദഗതികളെ ചുരുക്കമായി പരിശോധിക്കുകയാണ് നമ്മുടെ ലക്ഷ്യം. എന്നാൽ എല്ലാ വിശദാംശങ്ങ ളെയും പററിയുള്ള വ്യക്തമായ പഠനമോ സൂക്ഷ്മാപഗ്രഥനമോ ഈ ചെറുലേഖനത്തിന്റെ പരിധിക്കപ്പുറമാണ്.

മത്തായിയുടെ പീഡാനുഭവവിവരണത്തിന് വളരെ വി ശദമായ ഒരാമുഖമുണ്ട് (26 : 1 – 19) ഇതേത്തുടർന്ന് അന്ത്യാ ത്താഴവും (26 : 20 – 35) ഗദ്സമേനിയിലെ പ്രാർത്ഥനയും (26 : 36 – 56) യഹൂദവിചാരണയും (26 : 57 – 75) റോമൻ വിചാര ണയും (27 ; 1 – 31) കുരിശുമരണവും (27 : 32 – 56) സംസ് ക്കാരവും (27 : 51 – 66) മത്തായി വിവരിക്കുന്നുണ്ട്. ഈ രൂപ രേഖതന്നെയാണ് മർക്കോസിന്റെ സുവിശേഷത്തിലും കാണു ന്നത്. മത്തായിയുടെ സുവിശേഷത്തിലെ ദൈവശാസ്ത്രപരമായ ആഭിമുഖ്യങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ഈ രംഗങ്ങളിൽ ചിലത് നമുക്കു പരിശോധിക്കാം.

## ആമുഖം (26 : 1 – 19)

വിശദമായ ആമുഖത്തിന് മൂന്നു ഭാഗങ്ങൾ ഉണ്ട്. 1) പ്രാരംഭം (Prelude) (26 : 1 – 5), ii) ബഥനിയിലെ അഭിഷേ കം (26 : 6 – 13), iii) യൂദാസിന്റെ ഒററിക്കൊടുക്കൽ (26 : 14– 16) ഇതേത്തുടർന്നു വരുന്ന പെസഹാ ഭക്ഷണത്തിനുള്ള ഒരുക്കം (26 : 17 – 19).

### പ്രാരംഭം

മത്തായി പ്രത്യേക പശ്ചാത്തലവർണ്ണനയൊന്നും കൂടാ തെ നേരേ വിഷയത്തിലേക്കു പ്രവേശിക്കുകയാണ്. (രണ്ടുദിവ സങ്ങളുടെ ശേഷം പെസഹാ ആകുന്നുവെന്ന് നിങ്ങൾ അറിയു ന്നുവല്ലോ). മാത്രമല്ല ബഥനിയിലെ അഭിഷേകത്തിനു മുമ്പായി അദ്ദേഹം പീഡാനുഭവത്തെപ്പററി ചുരുക്കമായി പറയുന്നുമുണ്ട്. 'പിന്നെ', 'അനന്തരം', 'അതിനുശേഷം' എന്നീ പ്രയോഗങ്ങൾ വഴി മത്തായി തന്റെ വിവരണങ്ങൾ പരസ്പരബന്ധിതങ്ങ ളാക്കിയിട്ടുണ്ട്. അതേ സമയം തന്നെ ഈ പ്രയോഗങ്ങൾ വഴി അദ്ദേഹം വ്യത്യസ്തഭാഗങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. മർക്കോ സ് ഈശോയെ 'അവൻ' എന്നഭിസംബോധന ചെയ്യുമ്പോൾ മത്തായി ഈശോയുടെ പേര് എടുത്തുപറയുന്നതിൽ പ്രത്യേ കം ശ്രദ്ധ കാണിക്കുന്നുണ്ട് 2. പീഡാനുഭവ വിവരണത്തിൽ ഇത്ര

2. 'ഈശോ' എന്ന നാമം 150 ൽ പരം പ്രാവശ്യം മത്തായി ഉപയോ ഗിക്കുന്നുണ്ട്. ഇതിന്റെ പകുതിപോലും മർക്കോസിന്റെ വിവരണത്തിലില്ല.

www.malankaralibrary.com

വളരെ വ്യക്തമാണ്. ഈശോ എന്നതു് ഒരു പേരുമാത്രമല്ല, രക്ഷയുടെ അടയാളവുംകൂടിയാണ്. തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും മോചിക്കുന്നവനാണ് ഈശോ (1 : 21). ഈശോ – രക്ഷകൻ എന്ന ഔദ്യോഗിക നാമധേയത്തിലാണ് തന്റെ പീഡാനുഭവത്തെ സ്വീകരിക്കുന്നതു്. പുളിപ്പില്ലാത്ത അപ്പങ്ങളുടെ തിരുനാളിനെപ്പററിയുള്ള മർക്കോസിന്റെ പരാമർശം (14 : 12) മത്തായി വിട്ടുകളഞ്ഞിരിക്കുകയാണ്. മത്തായിയുടെ വിവരണമനുസരിച്ച് രണ്ടുദിവസങ്ങളുടെശേഷം പെസഹായാണെന്നുള്ള വിവരം ശിഷ്യരെ അറിയിക്കുന്നതു്, ഈശോയാണ്. പരസ്യജീവിതകാലത്തു് നിയമജ്ഞരും ഫ്രീശരും ഈശോയുടെ ശത്രുക്കളായിരുന്നെങ്കിൽ പീഡാനുഭവവിവരണങ്ങളിൽ ആ സ്ഥാനം പ്രധാനാചാര്യന്മാർക്കും മൂപ്പന്മാർക്കുമാണ്. മർക്കോസിന്റെ വിവരണത്തിൽ പ്രധാനാചാര്യന്മാരും നിയമജ്ഞരുമാണ് ഈശോയുടെ എതിരാളികൾ. മർക്കോസിന്റെ വിവരണത്തിലില്ലാത്ത കയ്യാപ്പാസിന്റെ പേരു് മത്തായി കൂട്ടിച്ചേർത്തിട്ടുണ്ടു്.

മത്തായിയുടെ ആമുഖത്തിന്റെ ചില പ്രത്യേകതകൾ നാം കണ്ടുകഴിഞ്ഞു. ഗ്രന്ഥകാരന്റെ ആശയപ്രകാശനത്തിലുള്ള സൂക്ഷ്മതയും അക്ലിഷ്ടതയും ഇതിൽ വ്യക്തമാകുന്നുണ്ടു്. മർക്കോസിന്റെ ആവർത്തനസ്വഭാവവും അനാവശ്യവിവരണങ്ങളും മത്തായി വിട്ടുകളഞ്ഞിട്ടുണ്ട്. പുളിപ്പില്ലാത്ത അപ്പങ്ങളുടെ തിരുനാളിനെപ്പററിയുള്ള പരാമർശം, മത്തായി നല്കുന്നില്ല. അവ്യക്തമായ വിവരണങ്ങൾ അദ്ദേഹം വ്യക്തമാക്കുന്നുണ്ടു്. ഈശോയുടേയും കയ്യപ്പാസിന്റേയും പേരുകൾ ഇതിനുദാഹരണങ്ങളാണ്. അറമായ വാക്കുകളും പേരുകളും മർക്കോസ്സ് വിവരിക്കുമ്പോൾ മത്തായി അവ വിട്ടുകളയുന്നു.

ആമുഖം ഗ്രന്ഥകാരൻതന്നെ രചിച്ചതാണെന്നു് വ്യക്തമാക്കുന്നവയാണ് മത്തായിയുടെ ഭാഷാരീതിയും വാക്കുകളുടെ പ്രയോഗവും. അവശ്യഘടകങ്ങളെല്ലാം മർക്കോസ്സ് നല്കുന്നുണ്ടു്. അതിനെ ശരിക്കും ഉപയോഗിച്ചുകൊണ്ടു്, പീഡാനുഭവത്തിനു് ഒരു നല്ല ആമുഖം മത്തായി കരുപ്പിടിപ്പിച്ചിരിക്കുന്നു.

ഈശോ എന്ന വ്യക്തിയിലാണ് ഈ ഭാഗം മുഴവൻ കേന്ദ്രീകരിച്ചിരിക്കുന്നതു്. ആമുഖത്തിന്റെ ആദ്യഭാഗം ഈശോയുടെ വാക്കുകൾക്കു് പ്രാധാന്യം കല്പിക്കുമ്പോൾ, രണ്ടാംഭാഗം ഈശോയുടെ ശത്രുക്കളുടെ ദുരാലോചനയെപ്പററിയുള്ള വിവരണമാണ്. ഈശോ ഇതെല്ലാം മുന്നിൽകണ്ടു് തന്റെ ശിഷ്യരെ ഇവ

www.malankaralibrary.com

മുൻകൂട്ടി അറിയിക്കുന്നു. ഈശോയുടെ പ്രവാചകനടുത്ത മുന്നറിവ് ഇവിടെ വ്യക്തമാകുന്നു. ഈശോ തനിക്കു സംഭവിക്കാൻ പോകുന്നവ മുൻകൂട്ടി അറിയിക്കുമ്പോൾ അവന്റെ ശത്രുക്കൾ അവനെതിരെ ദുരാലോചന നടത്തുകയാണ്.

## അഭിഷേചനം (26 : 6 – 13).

ഇവിടെയും 'അവൻ' എന്ന മർക്കോസിന്റെ പ്രയോഗത്തിനു പകരം, ഈശോ എന്നാണ് മത്തായി ഉപയോഗിക്കുന്നത് (26 : 6). സ്ത്രീ ''അവന്റെ അടുക്കൽവന്നു'' (26 : 7) എന്നു ഗ്രന്ഥകാരൻ എടുത്തു പറയുന്നുണ്ട്. ''ജനക്കൂട്ടം അവന്റെ അടുക്കൽവന്നു എന്ന പ്രയോഗം മത്തായിയുടെ പ്രത്യേകതയാണ്. 3 സുഗന്ധതൈലത്തിന്റെ (നർദീൻ), പേരോ, കുപ്പി തുറക്കുന്ന കാര്യമോ മത്തായിയുടെ വിവരണത്തിലില്ല (വാ. 7). മറിയത്തിന്റെ പ്രവൃത്തിയിൽ അതൃപ്തിതോന്നിയ ചിലർ ശിഷ്യരിലുണ്ടായിരുന്നുവെന്ന് മർക്കോസ് (14. 4) പറയുമ്പോൾ അവന്റെ ശിഷ്യർ അതിൽ അതൃപ്തരായിരുന്നുവെന്നാണ് മത്തായിയുടെ വിവരണം (26. 8). മർക്കോസിന്റെ അവ്യക്തമായ വിവരണം മത്തായി വ്യക്തമാക്കുന്നുണ്ട് (മർക്കോ, 14: 4 – 5). അനാവശ്യ വിവരണങ്ങൾ വിട്ടുകളയുവാനുള്ള മത്തായിയുടെ താല്പര്യം പത്താമത്തെ വാക്യത്തിൽ വരുത്തിയിരിക്കുന്ന മാററം സ്പഷ്ടമാക്കുന്നുണ്ട്. അവളെ തനിയെ വിടുവിൻ, എന്ന പ്രയോഗം മത്തായി വിട്ടുകളഞ്ഞിരിക്കുകയാണ്; പകരം 'ആസ്ത്രീ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. അതുപോലെതന്നെ 11–ാമത്തെ വാക്യത്തിലും, അപ്രസക്തമെന്നു തോന്നിയ ഭാഗം അദ്ദേഹം പരാമർശിക്കുന്നില്ല. അവൾക്കു കഴിവുള്ളതു ചെയ്തു എന്ന മർക്കോസിന്റെ വിവരണം പന്ത്രണ്ടാം വാക്യത്തിലില്ല. മർക്കോസിന്റെ വിവരണങ്ങളെല്ലാം കൂട്ടിച്ചേർത്ത് അഭിഷേചനത്തെ ശവസംസ്ക്കാരത്തിനുവേണ്ടിയുള്ള ഒരു അഭിഷേചനമായി മത്തായി വിവരിക്കുന്നു. ഇതേ വിശദീകരണംതന്നെ മർക്കോസും നൽകുന്നുണ്ട്. എന്നാൽ മത്തായി അതു കൂടുതൽ വ്യക്തമാക്കുന്നു ണ്ടെന്നു മാത്രം. ചുരുക്കത്തിൽ ഈശോയുടെ ശരീരം സംസ്ക്കരിക്കുന്നതിനുള്ള ഒരുക്കമായിട്ടാണ് മറിയത്തിന്റെ അഭിഷേചനത്തെ മത്തായി വീക്ഷിക്കുന്നത്. പതിമൂന്നാം വാക്യത്തിൽ 'ഈ സുവിശേഷം' എന്ന് മത്തായി സുവിശേഷത്തെ വിശേഷിപ്പിക്കുന്നുണ്ട്.

പ്രവചനവരംവഴി തന്റെ മരണത്തിന്റെ ലക്ഷ്യം ഈശോ മുൻകൂട്ടി അറിഞ്ഞിരുന്നു. ആ അർത്ഥത്തിൽ തൈലാഭിഷേ

3. Around 50 Times Compared to Mathew's 5 times.



www.malankaralibrary.com

കം സംസ്ക്കാരത്തിനു മുമ്പുള്ള അഭിഷേകത്തിന്റെ പ്രതീകമായിരുന്നു. എന്നാൽ ശാന്തതയോടും ധീരതയോടുംകൂടിയാണ് ഈശോ അതു് സ്വീകരിച്ചതു്. ഈശോയും ശിഷ്യനും തമ്മിലുള്ള സംഭാഷണം ദാനധർമ്മമാണോ പരസ്നേഹപ്രവൃത്തികളാണോ പ്രധാനപ്പെട്ടതു് എന്നതിനെപ്പററി മത്തായിയുടെ സഭയിൽ നിലനിന്നിരുന്ന തർക്കത്തെ അനുസ്മരിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ രണ്ടാമത്തേതിനാണ് പ്രാധാന്യം.

## ഒററിക്കൊടുക്കൽ (26 : 14 – 16)

രചനാശൈലിയിലെ പ്രത്യേകതകൾ ഇവിടെയും ദൃശ്യമാണ്. ആദ്യം കണ്ടതുപോലെ 'അപ്പോൾ' എന്ന പ്രയോഗം വഴി ആദ്യഭാഗവുമായി ഈ ഭാഗത്തെ സംയോജിപ്പിക്കുന്നു. യൂദാസിനു് അറമായ ഭാഷയിലുള്ള പേരാണ് നൽകിയിരിക്കുന്നതു് (വാ. 14). 15–ാം വാക്യം പൂർണ്ണമായും പുനഃസംവിധാനം ചെയ്തിട്ടുണ്ട്. മർക്കോസിന്റെ വിവരണാത്മകമായ പ്രതിപാദനം മത്തായി സംഭാഷണരൂപത്തിലവതരിപ്പിക്കുന്നു. 15 – ാം വാക്യത്തിന്റെ രണ്ടാം ഭാഗത്തു് സക്കറിയ 11 : 12 – ന്റെ സ്വാധീനം വളരെ വലുതാണ്. പ്രധാനാചാര്യന്മാരുടെ ആഹ്ളാദത്തെപ്പററി മത്തായി പരാമർശിക്കുന്നില്ല. ഇതു് സംഭവങ്ങളുടെ ത്വരിതഗതിയെ തടസ്സപ്പെടുത്തുമെന്നു കരുതിയോ അനാവശ്യമെന്നു കരുതിയോ വിട്ടുകളഞ്ഞതാവാം. 16 – ാം വാക്യത്തിൽ 'അതുമുതൽ' എന്ന പ്രയോഗം വേർപാടിന്റെ ഉച്ചകോടിയെ സൂചിപ്പിക്കുന്നു 4.

മത്തായിയുടെ നിസ്സാരങ്ങളായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും മർക്കോസിന്റെ വിവരണത്തെ പൊതുവിൽ പരിഷ്ക്കരിച്ചിട്ടുണ്ട്. ആ സ്ത്രീയുടെ സ്നേഹപ്രകടനവും വിശ്വാസമർപ്പിച്ച ശിഷ്യന്റെ സ്വാമിദ്രോഹവും തമ്മിലുള്ള വൈരുദ്ധ്യം, മുമ്പു് വിവരിച്ച വേദപുസ്തകഭാഗവുമായുള്ള ഇതിന്റെ ബന്ധത്തിൽനിന്നും ശിഷ്യരെപ്പററിയുള്ള പരാമർശത്തിൽനിന്നും വ്യക്തമാകുന്നു. മറിയം ഈശോയെ മരണത്തിനൊരുക്കുമ്പോൾ യൂദാസു് ഈശോയുടെ നാശത്തിനു നേതൃത്വം കൊടുക്കുന്നു. അവളുടെ സ്നേഹം വലിയ ഔദാര്യത്തിനു് അവളെ തയ്യാറാക്കുമ്പോൾ യൂദാസിന്റെ അത്യാഗ്രഹം ഗുരുവിനെ ഒററിക്കൊടുക്കുവാൻ പ്രേരിപ്പിക്കുന്നു, രക്തത്തിന്റെ വിലയെച്ചൊല്ലിയുള്ള സാക്ഷാത്തായ വിലപേശലാണ് യൂദാസു് നടത്തുന്നതു്. 27–ാം അദ്ധ്യായത്തിലെ രക്തത്തിന്റെ പണത്തെപ്പററിയുള്ള പരാമർശം ഇതിൽ നടത്തിയിരിക്കുന്നു.

---

4. P. Senior The Passion Narrative According to Mathew Leuvein 1975, p. 49.

www.malankaralibrary.com

ഇവിടെ ദൈവശാസ്ത്രപരമായ പ്രാധാന്യം പ്രവചനങ്ങളുടെ പൂർത്തീകരണത്തിനാണ്. സക്കറിയാസിന്റെ പുസ്തകത്തെ (11 : 12) ആധാരമാക്കിയുള്ള മത്തായിയുടെ വിവരണത്തിനു് അടിസ്ഥാനമുണ്ട്. യൂദാസ് തക്ക അവസരത്തിനായി കാത്തിരിക്കുകയായിരുന്നിരിക്കാം. എന്നാൽ ചരിത്രത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതു യൂദാസല്ല. അതു് ദൈവത്തിന്റെ അനന്ത പരിപാലനയാലാണ്. വേദപുസ്തകത്തിൽ മുൻകൂട്ടി വെളിപ്പെടുത്തപ്പെട്ടിരുന്ന ദൈവത്തിന്റെ പദ്ധതി അനുസരിച്ചാണ് എല്ലാം നടക്കുന്നതു്.

## പെസഹാ ഭക്ഷണത്തിനുള്ള ഒരുക്കം (26 : 17 – 19)

മർക്കോസിന്റെ വിവരണം മത്തായി പകുതിയായി ചുരുക്കിയിരിക്കുന്നു. വിശദീകരണങ്ങളാണ് ഇപ്രകാരം മത്തായി ഉപേക്ഷിക്കുന്നതു്. പെസഹാ ആഘോഷിക്കുന്ന ദിനത്തെ പററിയോ ''ഞങ്ങൾ പോകുന്ന''തിനെപ്പററിയോ മത്തായി പരാമർശിക്കുന്നില്ല. കാരണം അതില്ലാതെ തന്നെ വിവരണം പൂർണ്ണമാണ്. ജനക്കൂട്ടം ''ഈശോയുടെ അടുക്കൽ'' വരുന്നതിനെപ്പററി മത്തായി പറയുന്നുണ്ടു് 5. ഈ പ്രയോഗം മത്തായിയുടെ പ്രത്യേകതയാണെന്നു് കണ്ടല്ലോ. എച്ച്. ജെ. ഹെൽഡിന്റെ (H. J. Held) അഭിപ്രായത്തിൽ ഇതിന്റെ ലക്ഷ്യം അതിനുശേഷം വരുന്ന ഭാഗത്തേക്കു ശ്രദ്ധ ക്ഷണിക്കുകയാണ് 6 'അവൻ' എന്ന മർക്കോസിന്റെ പ്രയോഗത്തിനുപകരം ഇവിടെയും 'ഈശോ എന്നാണ് മത്തായി ഉപയോഗിക്കുന്നതു്. മർക്കോസിന്റെ വിശദമായ വിവരണം (മർക്കോ. 14 : 13-14) ഈശോ ശിഷ്യരെ കല്പിച്ചയക്കുന്നതായി മത്തായി ചുരുക്കുന്നു (26 : 18). രണ്ടു ശിഷ്യന്മാരെ അയക്കുന്നതായോ, അവർക്കു് അടയാളം കൊടുക്കുന്നതായോ, പാത്രം ചുമന്നുകൊണ്ടു വരുന്നവനെ അനുഗമിക്കുവാനോ, വീട്ടുധികാരിയോടു് ചോദിക്കുവാനോ ഈശോ കല്പിക്കുന്നതായി മത്തായി വിവരിക്കുന്നില്ല. ചുരുങ്ങിയ വിവരണംകൊണ്ടു കാര്യം മുഴുവൻ വ്യക്തമാക്കുകയാണ് മത്തായി.

5. Cfr Mt 4-3; 8-19; 13-10; 17-19; 24-3.
H. J. Held "Mathew as interpreter of the miracle stories in Tradition and Interpretation in Mathew" London, 1963, pp 227-228.

6. Cfr Mt 4: 3; 8: 19; 13: 10; 17: 19; 24:3;
H. J. Held. "Mathew an interpreter of miracle stories" in "Tradition and Interpretation in Mathew" London, 1963, pp 227–228

www.malankaralibrary.com

ശിഷ്യസംഘത്തോടാണ് ഈശോ കല്പിക്കുന്നത്. മർക്കോസിന്റേതിലാകട്ടെ രണ്ടു ശിഷ്യരോടാണ്. അവസാനഭാഗം രണ്ടിലും ഒരുപോലെയാണ്. (അവർ പെസഹാ ഒരുക്കി). 12–ാം വാക്യം മർക്കോസിന്റെ സുവിശേഷത്തിലില്ല. എന്നാൽ മർക്കോസിന്റെ 14: 16 –ാം വാക്യത്തിൽ ഇതു് അടങ്ങിയിട്ടുണ്ട്.

ഈ സുവിശേഷഭാഗം ആജ്ഞ–അനുവർത്തനത്തിന്റെ മാതൃകയിലാണ് സംവിധാനം ചെയ്തിരിക്കുന്നതു്. ഈശോ കല്പിക്കുന്നു ശിഷ്യർ അതു നിറവേററുന്നു. ഈ സംഭവത്തിനു് കുറച്ചൊരു അത്ഭുതപരമായ കൊടുക്കുവാൻ മർക്കോസ് ശ്രമിക്കുന്നുണ്ട്. എന്നാൽ മത്തായി അതെല്ലാംകൂടി ഒററ വിവരണമായിട്ടാണ് നല്കുന്നതു്. ''നാഥൻ നിന്റെ അടുക്കൽ പെസഹാ ഭക്ഷണത്തിനു വരുമെന്നു് അവനെ അറിയിക്കുവിൻ'' എന്നു കല്പിച്ചു് ഈശോ ശിഷ്യരെ അയയ്ക്കുകയാണ്. ഇതു് ഒരഭ്യർത്ഥനയല്ല മറിച്ചു് കല്പനയാണ്. ഈശോ എന്തെങ്കിലും അഭ്യർത്ഥിക്കുന്നു എന്നു പറയുന്നതു് മത്തായിയെ സംബന്ധിച്ചിടത്തോളം അസ്ഥാനത്താണ്. പഴയനിമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനുള്ള യാഹ്‌വേയുടെ കല്പന പോലെയാണതു്.

ഈ സുവിശേഷഭാഗത്തിന്റെ രണ്ടാം ഭാഗം കല്പന നിവർത്തിതമാകുന്നതിന്റെ വിവരണമാണ്. മത്തായിയുടെ ദൈവശാസ്ത്രവീക്ഷണത്തിന്റെ ഒരു രൂപരേഖ ഈ ഭാഗത്തു് നമുക്കു് ലഭിക്കുന്നുണ്ട്. ക്രിസ്തു ദർശനത്തിന്റെ അന്തഃസത്ത അതിൽ അടങ്ങിയിട്ടുണ്ട്. ക്രിസ്തുവിന്റെ മഹത്വവും അധികാരവും എടുത്തു കാണിക്കുകയാണ് മത്തായിയുടെ ലക്ഷ്യം. അനാവശ്യവിവരണങ്ങൾ വിട്ടുകൊണ്ട് എല്ലാം ക്രിസ്തുവിൽ കേന്ദ്രീകരിക്കുകയാണ്. ചുരുക്കത്തിൽ ക്രിസ്തുവാണ് ശ്രദ്ധാകേന്ദ്രം. ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം ഈശോ എന്നതു് വേറൊരു പേരല്ല. അതിന്റെ ദൈവശാസ്ത്രപരമായ വ്യാപ്തി വളരെ വലുതാണ്. നേരത്തെ കണ്ടതുപോലെ മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്നവനാണ് ഈശോ.

പെസഹാ ഭക്ഷിക്കുവാനുള്ള ഈശോയുടെ ആഗ്രഹത്തെപ്പററി ശിഷ്യർ ചോദിക്കുന്നുണ്ട്. ഈശോയ്ക്കുവേണ്ടിയാണ് അവർ ചോദിക്കുന്നതു്. ശിഷ്യരാകട്ടെ ആജ്ഞാനുവർത്തികൾ മാത്രമാണ്. മത്തായിയുടെ ചിന്താഗതിയനുസരിച്ചു് ഈശോയാണ് സഭയുടെ മുഴുവൻ അതിനാഥൻ. അവിടുന്നു ചോദിക്കുകയില്ല മറിച്ചു് കല്പിക്കുകയേയുള്ളു.

'എന്റെ സമയ'ത്തെ (കയിറോസ്) കുറിച്ചുള്ള പരാമർശം പ്രസക്തമാണ്. അതു് പിതാവിനാൽ നിശ്ചയിക്കപ്പെട്ട

www.malankaralibrary.com

സമയമാണു്. യുഗാന്ത്യോന്മുഖമായ ദൈവത്തിന്റെ നിമിഷമാണതു്. ഈശോയുടെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണു് യുഗാന്ത്യോന്മുഖമായ ദൈവത്തിന്റെ പ്രവർത്തനം സാധിതമാകുന്നതു്.7 ആ മണിക്കൂർ നിർദ്ദയമായി അടുത്തുവരികയാണു്. അതിനെപ്പററിയുള്ള ഈശോയുടെ അവബോധം അവിടത്തെ പ്രവാചകനടുത്ത അറിവിനെ വെളിപ്പെടുത്തുന്നു. അതുകൊണ്ടു് ആ നിമിഷത്തെപ്പററി ഈശോ പൂർണ്ണമായും അവബോധമുള്ളവനാണു്.

പ്രതിലോമശക്തികളുടെ പ്രവർത്തനഫലമായല്ല, ആ നിമിഷം സമാഗതമാകുന്നതു്. പിതാവു നിശ്ചയിച്ച സമയമാണതു്. ആ സമയം ഈശോ ബോധപൂർവ്വം സ്വീകരിക്കുകയാണു്. ബോധപൂർവ്വകവും അനുസരണത്തോടുകൂടിയതുമായ ആ സ്വീകരണം വഴി അവിടുന്നു് ഉദാത്തമായ ഒരു മാതൃക തന്റെ അനുയായികൾക്കു നല്കുകയാണു ചെയ്യുന്നതു്.

പീഡാനുഭവത്തിന്റെ പ്രാരംഭത്തിൽ (മത്താ. 26: 1–19) പീഡാനുഭവ നാടകത്തിലെ പ്രധാന കഥാപാത്രങ്ങളെ മത്തായി അവതരിപ്പിക്കുന്നു. ഈശോ തന്റെ ദീർഘദർശനം വഴി വരുവാനിരിക്കുന്ന സംഗതികൾ മുൻകൂട്ടി വ്യക്തമാക്കുന്നു. മറുവശത്തു് യഹൂദപ്രമാണികൾ ഈശോയെ കുടുക്കുവാൻ ആലോചിക്കുന്നു. അത്യാഗ്രഹിയായ യൂദാസ് രംഗപ്രവേശനം ചെയ്യുന്നതോടുകൂടി രംഗം സജീവമാകുന്നു. സ്വാമിദ്രോഹിയുടെ വിശ്വാസവഞ്ചന ഒരുവശത്തു്, വിശ്വസ്തയായ മറിയത്തിന്റെ തൈലാഭിഷേകം മറുവശത്തു്. ഈശോ എന്ന വ്യക്തിയുടെ മഹത്വവും പ്രാധാന്യവും എടുത്തുകാണിക്കുന്നതിലാണു മത്തായിയുടെ ശ്രദ്ധ. തന്റെ ലക്ഷ്യത്തിലേക്കു് പൂർണ്ണമായ അറിവോടും മഹത്വത്തോടുംകൂടി നടക്കുന്ന–സഭയുടെ നാഥനായ–ഈശോയെയാണു് ആമുഖത്തിൽ മത്തായി അവതരിപ്പിക്കുന്നതു് പലവിധ സാഹചര്യങ്ങളുടെ സമ്മേളനഫലമായി ഉണ്ടായ ഒന്നല്ല, പീഡാനുഭവം. പ്രത്യുത, അതു ദൈവത്തിന്റെ പ്രവർത്തനമാണു്. ആ മണിക്കൂർ സ്വീകരിക്കുന്നതു വഴി, പിതാവിന്റെ ഇഷ്ടത്തിനു പൂർണ്ണമായി കീഴ്‌വഴങ്ങുകയാണു് ഈശോ.

## ഈശോയുടെ അറസ്റ്റ് (26: 36–56)

ഇതിനു രണ്ടു ഭാഗങ്ങളുണ്ടു്. (i) ഈശോയുടെ പ്രാർത്ഥന (മത്താ. 26: 36–46). (ii) അവിടുത്തെ അറസ്റ്റ് (26: 47–56). നേ

7. Gerhard Barth, "Mathew's Uuderstanding of the Law" in Tradition and Interpretation in Mathew, P. 143.

www.malankaralibrary.com

രിയ മാററങ്ങൾ വരുന്നുണ്ടെങ്കിലും ആത്യന്തികമായി മർക്കോസി ന്റെ വിവരണം തന്നെയാണ് മത്തായിയുടേതിലും കാണുന്നത്. തന്റേതായ ദൈവശാസ്ത്രവീക്ഷണം അവതരിപ്പിക്കുവാൻവേണ്ടി ഉചിതമായ ചില മാററങ്ങളും അദ്ദേഹം വരുത്തുന്നുണ്ട്.

ആദ്യം കണ്ടതുപോലെ ഇവിടെയും 'അനന്തരം' എന്ന പ്രയോഗം മത്തായിയുടെ പ്രത്യേകതയാണ് (26: 36). ഈശോ എന്നതന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. മർക്കോസിന്റെ വിവരണമനുസരിച്ച് പലപ്പോഴും ഈശോയെ ജനക്കൂട്ടത്തിൽ നിന്നും തിരിച്ചറിയുവാൻ വിഷമമാണ്. എന്നാൽ മത്തായിയുടേതിൽ, ഈശോയാണ പലപ്പോഴും കേന്ദ്രബിന്ദു. ഈശോയുടെ ഗദ്സെമനിയിലെ പ്രാത്ഥന ഈ പ്രത്യേകതയെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നുണ്ട്. ഈശോ ശിഷ്യരോട് അവിടെ ഇരിക്കുവാൻ ആവശ്യപ്പെടുന്നു. അതിനുശേഷം അവിടുന്നു അല്പം അകലെമാറി പ്രാത്ഥിക്കുന്നു. 'എന്നോടുകൂടി ഉണർന്നിരിക്കുവിൻ' എന്ന പ്രയോഗം ക്രിസ്തു ദർശനത്തിലുള്ള മത്തായിയുടെ താല്പര്യത്തെ സൂചിപ്പിക്കുന്നു. മത്തായിയുടെ വിവരണത്തിൽ ഈശോ നിലത്തുവീഴുന്നില്ല (മർക്കോ. 14: 35) മറിച്ച്, അവിടുന്നു കവിഴ്ന്നു വീഴുകയാണു ചെയ്യുന്നത്. സീനിയറിന്റെ അഭിപ്രായത്തിൽ ഈ പ്രയോഗം വിനീതാവസ്ഥയേയും ആരാധനയേയും സൂചിപ്പിക്കുന്നു 8 (മത്താ. 17: 6; ലൂക്കാ 5: 12; 17: 16). മർക്കോസിന്റെ വിവരണം ഈശോയുടെ പ്രാത്ഥനയും അതിന്റെ ഉള്ളടക്കവും നല്കുന്നുണ്ട് (മർക്കോ 14: 35–36). മത്തായി രണ്ടും കൂടി കൂട്ടിച്ചേർത്ത് പ്രാത്ഥനയുടെ ഉള്ളടക്കം മാത്രം വിശദമാക്കുന്നു. 'ആബാ' എന്ന പദം മത്തായിയുടെ വിവരണത്തിലില്ല. അറമായ പദങ്ങൾ ഉപേക്ഷിക്കുവാനുള്ള മത്തായിയുടെ താത്പര്യമാണിവിടെ വ്യക്തമാകുന്നത്.

'എന്റെ പിതാവേ!' എന്ന പ്രയോഗം മത്തായിയുടെ വിവരണത്തിൽ ഉടനിളം കാണാം9. 40–ാം വാക്യത്തിൽ 'ശിഷ്യരുടെ അടുക്കൽ' എന്നുപയോഗിച്ചിരിക്കുന്നത് അവ്യക്തത ഒഴിവാക്കാൻ വേണ്ടിയാണ്. നിങ്ങൾക്ക് ഉണർന്നിരിക്കുവാൻ സാധിക്കുകയില്ലെ എന്ന ചോദ്യം പ്രബോധനപ്രദമാണ്. 41–ാം വാക്യവും ഈ ചോദ്യവുമായി അഭേദ്യമായ ബന്ധമുണ്ട്. കാരണം പരീക്ഷയിൽ ഉൾപ്പെടാതിരിക്കണമെങ്കിൽ ഉണർന്നിരുന്നു പ്രാർത്ഥിക്കണമെന്നു് അവിടുന്നു് ആവശ്യപ്പെടുകയാണു്.

---

8. Donald P. Senior, The Passion Narrative according to Mathew P. 107.

9. J. Jeremias, Abba goottingen, 1966 p. 33 f

www.malankaralibrary.com

ഇതു് ശിഷ്യന്മാക്കും അവർ വഴി ക്രിസ്തീയസമൂഹത്തിനും നല്കുന്ന പ്രബോധനമാണു്.10 ക്രിസ്തുവിനോടുകൂടി ഉണർന്നിരിക്കുകയാണു് ശിഷ്യന്മാരുടെ ധർമ്മം. ഈശോ രണ്ടാമതും പ്രാർത്ഥിച്ചതായി മർക്കോസു് പറയുന്നുണ്ടു്. എന്നാൽ പ്രാർത്ഥനയുടെ ഉള്ളടക്കം അദ്ദേഹം വ്യക്തമാക്കുന്നില്ല. മത്തായിയാകട്ടെ മർക്കോസിന്റെ വിവരണത്തെ ആധാരമാക്കി പ്രാർത്ഥനയുടെ ഉള്ളടക്കം വ്യക്തമാക്കുന്നു (വാക്യം 44). മത്തായിയുടെ വിവരണത്തിൽ പ്രാർത്ഥനയുടെ ആദ്യഭാഗം നിഷേധാത്മകമായ ഒരു വ്യവസ്ഥയുടെ രൂപത്തിലാണു്. ഇതു് ഈശോയുടെ പ്രാർത്ഥനയുടെ തീവ്രതയാണു് വ്യക്തമാക്കുന്നതു്. പ്രാർത്ഥനയുടെ രണ്ടാം ഭാഗം, സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയുടെ മൂന്നാമത്തെ അപേക്ഷയുടെ ആവർത്തനമാണു്. (മത്താ. 6 : 10) ഈശോ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുകമാത്രമല്ല ചെയ്യുതു്. അവിടുന്നു് പ്രാർത്ഥിച്ചു കാണിച്ചു കൊടുക്കുകയും ചെയ്യുന്നു (മത്താ. 26 43). ശിഷ്യരുടെ മൗനത്തെപ്പററിയുള്ള മർക്കോസിന്റെ (മർക്കോ. 14. 40) പരാമർശം മത്തായി വിട്ടുകളഞ്ഞിരിക്കുന്നു. മൂന്നാം പ്രാവശ്യത്തെ പ്രാർത്ഥനയെപ്പററി മർക്കോസിന്റെ വിവരണത്തിൽ പ്രത്യക്ഷമായ പരാമർശമില്ലെങ്കിലും അതു പരോക്ഷമായി നിക്ഷിപ്തമാണു്. മത്തായി അതു പ്രത്യക്ഷമാക്കുന്നു. അവൻ അവരെ വിട്ടുപോയി മൂന്നാം പ്രാവശ്യവും പ്രാർത്ഥിച്ചു (26.44). മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യരുടെ അടുക്കലേക്കുള്ള ഈശോയുടെ തിരിച്ചു വരവിനു് പ്രാധാന്യം കൊടുക്കുമ്പോൾ മത്തായിയുടേതിൽ പ്രാർത്ഥിക്കുവാനായി ശിഷ്യരെ വിട്ടു് ഈശോ പോകുന്നതിനാണു് പ്രാധാന്യം കൊടുത്തിരിക്കുന്നതു് (വാക്യം 45-46)11. 45, 46 എന്നീ വാക്യങ്ങൾ മർക്കോസിന്റെ സുവിശേഷത്തിലെതുപോലെ തന്നെയാണു് 'അനന്തരം' എന്ന പ്രയോഗം വഴി ഈശോയുടെ പ്രാർത്ഥനയും യൂദാസുമായുള്ള കൂടിക്കാഴ്ചയും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു. 'മണിക്കൂർ അടുത്തു' എന്ന പ്രയോഗം വഴി ഈശോയുടെ സമയം സമാഗതമായിരിക്കുന്നു എന്നു് സൂചിപ്പിക്കുകയാണു് മത്തായി. ശത്രുകൈകളിലേക്കുള്ള അവിടുത്തെ കൈമാററത്തേയാണു് ഇവിടെ സൂചിപ്പിക്കുന്നതു്.

ഇവിടെയും ഗ്രന്ഥകാരന്റെ ശ്രദ്ധ മുഴുവൻ ഈശോ എന്ന വ്യക്തിയിലാണു് കേന്ദ്രീകരിച്ചിരിക്കുന്നതു്. ഈശോ ശിഷ്യരെവിട്ടു് പ്രാർത്ഥിക്കുവാൻ പോകുന്നതും, ശിഷ്യർ കിടന്നുറങ്ങുന്നതും പരസ്പരവിരുദ്ധങ്ങളായി ചിത്രീകരിച്ചിരിക്കുന്നു. ഓരോ പ്രാവശ്യവും

10. P. Benoit. The passion and Resurrection of Jesusxbrist London. 1969. pp. 100 ff.

11. Donald p. Senior. The passion p. 113

www.malankaralibrary.com

ഈശോയുടെ വികാരതീവ്രത വർദ്ധിക്കുന്നുണ്ട്. മത്തായിയുടെ അവതരണത്തിൽ ക്രമാനുഗതമായ ഈ വർദ്ധന കാണുവാൻ കഴിയും. അതോടൊപ്പം തന്നെ പിതാവിനോടുള്ള വിധേയത്വത്തിൻെറ തീവ്രതയും വർദ്ധിക്കുന്നു. ഈ അവസരത്തിലും മത്തായിയുടെ ഈശോ പരിക്ഷീണനായ ഒരു വ്യക്തിയല്ല തന്നെ ഒററിക്കൊടുക്കുവാൻ വരുന്ന യൂദാസിനെ അഭിമുഖീകരിക്കുവാൻ ശക്തനാണവിടുന്ന്.

മൂലത്തിൽനിന്നും വലിയ മാററമൊന്നും ഈ ഭാഗത്തിൽ മത്തായി വരുത്തുന്നില്ല എങ്കിലും ചുരുക്കം ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. ഈശോയുടെ പ്രാർത്ഥനയെക്കുറിച്ചുള്ള മർക്കോസിൻെറ വിവരണം പ്രബോധനപ്രധാനമാണെന്ന് കണ്ടല്ലൊ. എന്നാൽ പ്രാർത്ഥനയുടെ ഉള്ളടക്കവിവരണവും, ശിഷ്യരെ വിട്ടുപോയി പ്രാർത്ഥിച്ചു എന്ന പ്രസ്താവനയും മത്തായിയുടെ വിവരണത്തെ കൂടുതൽ പ്രബോധന പ്രധാനമാക്കുന്നു. ശിഷ്യരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ഈശോ തന്നെ (മത്താ. 6) അതേ വാക്കുകളുപയോഗിച്ച് പ്രാർത്ഥിക്കുന്നു (മത്താ. 26: 42). പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ എന്ന ഉദ്ബോധനം സഭയെ ഉദ്ദേശിച്ചുള്ളതാണ്. സഭയുടെ പ്രാർത്ഥനയും ഉണർന്നിരിക്കലും ക്രിസ്തുവിനോടുകൂടിയുള്ള പ്രാർത്ഥനയും ഉണർന്നിരിക്കലുമാണ്. വേദനയുടെ നിമിഷങ്ങളിൽ ഈശോ പിതാവിനോടു പ്രാർത്ഥിച്ചതുപോലെ പ്രലോഭനങ്ങളുടെ മദ്ധ്യേ ശിഷ്യർ വിശ്വാസത്തോടുകൂടി പിതാവിനെ സമീപിക്കണം.

പിതാവിനോടുള്ള ഈശോയുടെ വിധേയത്വമാണ് ഈ രംഗത്തിൽ നിറഞ്ഞുനില്ക്കുന്നത്. ഈ വിധേയത്വം സ്പഷ്ടമായി വ്യക്തമാകുന്നത് അവിടുത്തെ പ്രാർത്ഥനയിലൂടെയാണ്. വരുവാനിരിക്കുന്ന കാര്യങ്ങൾ അവിടുത്തേയ്ക്ക് വ്യക്തമായറിയാം. അവയെ അഭിമുഖീകരിക്കാനും അവിടുന്നു സന്നദ്ധനാണ്. യൂദാസിനെ അഭിമുഖീകരിക്കുന്നതുവഴി അവിടുന്ന് സ്വന്തം മണിക്കൂറിനെ സ്വീകരിക്കുന്നു. ഇങ്ങനെ പ്രവചനങ്ങളുടെ പൂർത്തീകരണം അവിടുന്നന്വേഷിക്കുന്നു.

## അറസ്റ്റ് (മത്താ. 26: 47–56)

മർക്കോസിൻെറ മൂലത്തിൽ ഇല്ലാത്ത ചില വാക്യങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിലും പൊതുവിൽ മർക്കോസിൻെറ വിവരണത്തെ ആസ്പദമാക്കിയാണ് ഇതും രൂപപ്പെടുത്തിയിരിക്കുന്നത്. രംഗവിവരണത്തിൻെറ തുടക്കംതന്നെ, മർക്കോസിൻേറതുപോലെയാണ്. 'ഇതാ' എന്ന പ്രയോഗം മത്തായി കൂട്ടിച്ചേർത്തിട്ടുണ്ട്. അതോടൊപ്പം നിയമജ്ഞന്മാരെപ്പററിയുള്ള പരാമർശം വിട്ടുകള

www.malankaralibrary.com

യ്ക്കയും ചെയ്തിരിക്കുന്നു 48-ാം വാക്യം പദാനുപദം മക്കോസി ന്റെ വിവരണംപോലെയാണ്. 49-ാം വാക്യത്തിൽ 'അവൻ' എന്നതിനുപകരം 'ഈശോ' എന്നു കൂട്ടിച്ചേർത്തിട്ടുണ്ട്. യൂദാസി ന്റെ ചുംബനത്തിനുള്ള ഈശോയുടെ മറുപടി മക്കോസിന്റെ വിവരണത്തിലില്ല. അതുപോലെതന്നെ, "അപ്പോൾ അവർ അടുത്തുവന്ന് ഈശോയുടെമേൽ കൈവച്ചു" എന്ന ഭാഗവും മർ ക്കോസിന്റെ സുവിശേഷത്തിലില്ല. യൂദാസിനോടുള്ള മറുപടി യുടെ അർത്ഥത്തെപ്പററി തക്കമുണ്ട്. 'കൂട്ടുകാരാ' എന്ന പ്രയോഗം പുതിയനിയമത്തിൽ വേറൊരിടത്തുമില്ല. മത്തായി മാത്രമേ അതുപയോഗിക്കുന്നുള്ളു. രണ്ടുപേർ തമ്മിലുള്ള സംഭാഷണത്തിൽ മററയാളുടെ പേരു നിശ്ചയമില്ലാത്തപ്പോൾ 'കൂട്ടുകാരാ' എന്നാ ണു സംബോധന ചെയ്യുക.[12] എന്നാൽ മത്തായിയുടെ സുവിശേ ഷത്തിൽ വേറെ രണ്ടുപ്രാവശ്യംകൂടി കൂട്ടുകാരാ എന്ന പ്രയോഗം കാണുന്നുണ്ട്. അതുരണ്ടും ശകാരത്തിന്റേതായ സാഹചര്യത്തിലാ ണുതാനും (മത്താ. 20: 13); (22: 12). 'അപ്പോൾ' എന്ന ഘടകം വഴി ഈശോയുടെ മറുപടിയും ശത്രുക്കൾ തന്റെമേൽ കൈവെയ്ക്കു ന്നതും തമ്മിൽ ബന്ധിച്ചിരിക്കുന്നു. ആദ്യം കണ്ടതുപോലെ ഇ വിടെയും ആളുകൾ ഈശോയുടെ പക്കലേയ്ക്കാണു വരുന്നത്. യൂ ദാസും സംഘവും അറസ്റ്റുചെയ്യാനായി ഈശോയുടെ അടുക്ക ലേയ്ക്കു വരുന്നു. 51-ാം വാക്യത്തിന്റെ ആദ്യഭാഗം പല മാററ ങ്ങൾക്കും വിധേയമായിട്ടുണ്ട്. വാളൂരിവെട്ടിയതു് ഈശോയുടെ ശിഷ്യരിൽ ഒരാളായിട്ടാണ് മത്തായി വിവരിക്കുന്നത്. കൈ നീട്ടുന്നതും, വാളൂരുന്നതുമായ വിവരണങ്ങൾ മത്തായിയുടെ പ രിഷ്ക്കാരങ്ങളാണ്. "നിന്നിരുന്നവരിൽ ഒരുവൻ" എന്ന മർ ക്കോസിന്റെ വിവരണം ക്ലിഷ്ടമാണ്. ഇതനുസരിച്ച് വെട്ടിയ തു് അടുത്തു നില്ക്കുന്നവരിൽ ആരെങ്കിലുമാകാം. പ്രബോധന പ്രധാനമാണ് മത്തായി വരുത്തുന്ന ഈ മാററങ്ങൾ. വാളെടുത്ത ശിഷ്യനെ ഈശോ മുടക്കുന്നുണ്ട്. ആ മുടക്ക്, ശിഷ്യന്മാക്കും, അവർവഴി സഭക്കുമുള്ള മുടക്കാണ്. 'നീട്ടപ്പെട്ടകരം' ബൈബി ളിലെ പ്രസിദ്ധമായ ഒരു പ്രയോഗമാണ്. ഇതു് യാഹ്വേയുടെ ശക്തിയേയും ശത്രുക്കൾക്കെതിരായുള്ള അവിടുത്തെ പ്രവർത്തന ത്തേയും സൂചിപ്പിക്കുന്നു. ശിഷ്യന്റെ ഈ പ്രവൃത്തി 53-ാം വാക്യത്തിൽ ഈശോ വിവരിക്കുന്ന ദൈവികസഹായത്തിന്റെ പശ്ചാത്തലത്തിൽവേണം വീക്ഷിക്കുവാൻ. ശക്തമായ ദൈവ സഹായമുള്ളപ്പോഴും അതു ഗ്രഹിക്കുവാൻ സാധിക്കാതെയുള്ള മനുഷ്യന്റെ പ്രവൃത്തി വായനക്കാരിൽ അത്ഭുതമുളവാക്കും.

12. Donald P Senior. Passion. p. 124.

www.malankaralibrary.com

52 മുതൽ 54 വരെയുള്ള വാക്യങ്ങൾ മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളു. മത്തായിയുടേതായ പല പ്രത്യേകതകളും ഇതിൽ ദൃശ്യമാണ്. 'അവൻ' എന്നതിനു പകരം 'ഈശോ'; 'അപ്പോൾ' എന്നീ പ്രയോഗങ്ങൾ മത്തായിയുടെ പ്രത്യേകതകളാണല്ലോ. 52–ാം വാക്യത്തിന്റെ ആദ്യഭാഗം മത്തായി രൂപവൽക്കരിച്ചതാണ്. മർക്കോസിന്റെ (14: 48) വിവരണം ഇതിനു സഹായിച്ചിട്ടുമുണ്ട്.

52–ാം വാക്യത്തിന്റെ രണ്ടാം ഭാഗം ഒരു സുഭാഷിതമോ ഈശോയുടെതന്നെ ഒരു ഉദ്ബോധനമോ ആകാം. മത്തായിയുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു് ആശയങ്ങൾ വ്യക്തമായി പ്രകാശിപ്പിക്കുന്നതിലാണ്. 13 ഈശോയുടെ തന്നെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് വിവിധ സാഹചര്യങ്ങൾ മത്തായി വശദീകരിക്കുന്നു (ഉദാ. മത്താ. 26: 1–2; 18: 25–30). മത്തായിയുടെ പാരമ്പര്യത്തോടു് ഇതു വളരെ യോജിക്കുന്നു (മത്താ. 4: 5–10). മൂലം ഏതുതന്നെയായാലും ഈ ഭാഗം മത്തായി രൂപവൽക്കരിച്ചതാണെന്ന വസ്തുതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നതു്. മത്തായിയുടെ അവലംബം മർക്കോസിന്റെ സുവിശേഷം 14: 49–ാം വാക്യമാണ്. ഈ വാക്യത്തിന്റെ വിശദീകരണമാണ് മത്തായിയുടെ 52 മുതൽ 54 വരെയുള്ള വാക്യങ്ങളിൽ കാണുന്നതു്. 55–ാം വാക്യത്തിൽ മർക്കോസിന്റെ വിവരണത്തിലേക്കു് മത്തായി തിരിച്ചുവരികയാണ്. ജനക്കൂട്ടങ്ങളോടാണ് ഈശോ സംസാരിച്ചതെന്നു് മത്തായി വ്യക്തമാക്കുന്നു. ഈശോ അവരോടു് ഉത്തരമായി അരുളിച്ചെയ്തു എന്ന മർക്കോസിന്റെ (മർക്കോ. 14: 18) വിവരണം മത്തായി തിരുത്തുകയാണ്. 'നിങ്ങളുടെ അടുക്കൽ ഇരുന്നിരുന്നു' എന്ന പ്രയോഗം ഗുരുവായ ഈശോയെയാണ് സൂചിപ്പിക്കുന്നതു്. 'ഇരുന്നു പഠിപ്പിക്കുക' അധികാരത്തിന്റെ ലക്ഷണമാണ്. മത്തായിയുടെ സുവിശേഷത്തിൽ ഈശോ ഇരുന്നാണു് പഠിപ്പിക്കുന്നതു് (5: 1; 13: 1; 15: 29; 23: 2)

56–ാം വാക്യത്തിൽ 'ഇതെല്ലാം സംഭവിച്ചിരിക്കുന്നു' എന്ന വിവരണം അതിനു മുൻപു നടന്നതിനെയെല്ലാം സൂചിപ്പിക്കുന്നു. മത്തായിയുടെ വീക്ഷണത്തിൽ മിശിഹായുടെ ജീവിതം മുൻകൂട്ടി വിവരിക്കുന്ന തിരുവെഴുത്തുകൾ പ്രവചനാത്മകമാണ്. ശിഷ്യന്മാർ ഈശോയെ വിട്ടു് ഓടിപ്പോകുന്നതും തിരുവെഴുത്തുകളുടെ പൂർത്തീകരണവും തമ്മിൽ ''അപ്പോൾ'' എന്ന പ്രയോഗം വഴി യോജിപ്പിച്ചിരിക്കുന്നു. ഈ വാക്യം ഗ്രന്ഥകാരന്റെ ആത്മഗതമായി കണക്കാക്കാം.

---

13. Donald P. Senier, Passion. P. 136.

www.malankaralibrary.com

രണ്ടു സംഭവങ്ങളിലൂടെയാണ് ഈ വേദപുസ്തക ഭാഗം വികസിപ്പിച്ചിരിക്കുന്നത്. ശത്രുസംഘത്തിന്റെ തലവനായി യൂദാസ് വരുന്നതും ഈശോയെ പിടികൂടുന്നതുമാണ് ആദ്യഭാഗം. ശിഷ്യരുടെ എതിർപ്പും ഈശോ ആ എതിർപ്പിനെ തടയുന്നതുമാണ് രണ്ടാം ഭാഗം. ഈശോയുടെ മണിക്കൂർ സമാഗതമാകുന്നതിനെ വളരെ നാടകീയമായി മത്തായി ചിത്രീകരിക്കുന്നു. പ്രാർത്ഥനയുടെ അവസാനം തന്നെ ഒററിക്കൊടുക്കുന്നവൻ സമീപിച്ചിരിക്കുന്നതായി അവിടുന്ന് ശിഷ്യരെ അറിയിക്കുന്നു (വാക്യം 46). 47–ാം വാക്യം യൂദാസിന്റെ വരവിനെ സൂചിപ്പിക്കുന്നു. 48–ാം വാക്യത്തിൽ ഈശോയെ കണ്ടു യൂദാസ് തന്റെ സംഘത്തിലുള്ളവക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കുകയാണ്. അതിനുശേഷം അവൻ വന്ന് ഈശോയെ ചുംബിക്കുന്നു[14] ക്രമാനുഗതമായ ഈ വിവരണം മർക്കോസിന്റെ സുവിശേഷത്തിലില്ല. രണ്ടാമത്തെ ഭാഗം ശിഷ്യൻ വാൾ ഉറയിൽ ഇടുന്നതോടുകൂടി ആരംഭിക്കുന്നു. ഞാൻ ആവശ്യപ്പെട്ടാൽ ദൈവത്തിന്റെ കരം തനിക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ഈശോ അനുസ്മരിപ്പിക്കുന്നു. മനുഷ്യസഹായം നിസ്സാരമാണെന്ന വസ്തുത വ്യക്തമാക്കുകയാണ് ഈശോ. തിരുവെഴുത്തുകൾ പൂർത്തിയാകുവാൻവേണ്ടി മനഃപൂർവ്വം അവിടുന്ന് ദൈവസഹായം ആവശ്യപ്പെടാതിരിക്കുകയാണ്. അങ്ങനെ അവിടുന്ന് പിതാവിന്റെ പദ്ധതി നിറവേററുകയാണ്.

പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഈശോയിൽ നടക്കുന്നതെന്ന് കാണിക്കുവാൻവേണ്ടി മത്തായി പഴയനിയമഭാഗങ്ങൾ ഉദ്ധരിക്കുന്നുണ്ട്. മർക്കോസിന്റെ വിവരണത്തെ ഇതു വളരെയധികം ധന്യമാക്കിയിട്ടുണ്ട്. യൂദാസിനോടുള്ള ചോദ്യം തന്നെ, (വാക്യം 50) 55–ാം സങ്കീർത്തനത്തെ (55: 13–14) അനുസ്മരിപ്പിക്കുന്നുണ്ട്. ഈശോയുടെതന്നെ വാക്കുകൾ തിരുവെഴുത്തുകൾ പൂർത്തിയാകേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. അവസാനം ഗ്രന്ഥകാരൻതന്നെ സൂചിപ്പിക്കുന്നുണ്ട് ഇതെല്ലാം സംഭവിച്ചതു് തിരുവെഴുത്തുകൾ പൂർത്തിയാകുവാൻവേണ്ടിയാണെന്ന്. ചുരുക്കത്തിൽ ഈ വേദപുസ്തകഭാഗം തന്നെ പഴയനിയമത്തെ ആധാരമാക്കിയുള്ള ഒരു വിചിന്തനമാണ്. അങ്ങനെ നോക്കുമ്പോൾ ഗെദ്സെമനിയിലെ രംഗങ്ങൾ ദൈവിക പദ്ധതിയുടെ പൂർത്തീകരണമാണ്. തിരുവെഴുത്തുകളുടെ പൂർത്തീകരണമാണ് തന്നിൽ നടക്കുന്നതെന്ന സത്യം ജനങ്ങളെ അറിയിക്കുന്നതു് ഈശോതന്നെയാണ്.

14 Diglas R. A. Hare, The Theme of Jewish Persecution of Christians in the gospel accorbing to Mathew, cambridge, 1967, pp 90 ff.

www.malankaralibrary.com

ഈ സംഭവങ്ങളൊന്നും ഈശോയെ അത്ഭുതസ്തബ്ധനാക്കു ന്നില്ല. ശിഷ്യന്റെ ഉദ്ദേശ്യം അവിടുത്തേക്ക് വ്യക്തമായി അറി യാമായിരുന്നു. നീവന്ന കാര്യം നിർവ്വഹിക്കുക എന്നു പറഞ്ഞു യൂ ദാസിനെ അവിടുന്ന് ക്ഷണിക്കുന്നു. തന്നെ ബന്ധിക്കുവാൻ അ വിടുന്നവരെ ക്ഷണിക്കുകയാണ്. അതേ സമയം തന്നെ ഇതെ ല്ലാം ഈശോയുടെ നിയന്ത്രണത്തിലാണു താനും.

അറസ്റ്റിനുശേഷവും ഈശോക്ക് വേണമെങ്കിൽ ദൈവശ ക്തികൊണ്ട് സംഭവങ്ങളുടെ ഗതിവിഗതികൾ തിരുത്തിക്കുറി ക്കാമായിരുന്നു. മാലാഖാമാരുടെ ഗണങ്ങൾ തന്റെ സഹായത്തി നുണ്ടായിരുന്നു താനും.

ഈശോയുടെ മഹത്വവും പ്രതാപവും വളരെ വ്യക്തമാക്കു ന്നതാണ് മത്തായിയുടെ വിവരണം. ദൈവവുമായുള്ള അവിടു ത്തെ ബന്ധം വളരെ ഗാഢമാണ്. വേണമെങ്കിൽ പിതാവി ന്റെ സഹായം അവിടുത്തേക്കാവശ്യപ്പെടാം. സ്നേഹിതന്മാരാൽ പരിത്യക്തനായ ഈശോയുടെ ചിത്രമല്ല ഇവിടെ ദൃശ്യമാകുന്നത്; മറിച്ച്, പ്രതാപവാനായ ദൈവസുതന്റെ ചിത്രമാണ്.

ഈ പ്രതിപാദനത്തിലെ വേറൊരു പ്രധാന ആശയം പ്ര ബോധനമാണ്. സഹനത്തിന്റെ നിമിഷങ്ങളിൽ മാനുഷിക സമാശ്വാസം തേടാതെ ദൈവത്തിന്റെ തീരുമാനങ്ങൾക്കു സ്വ യം വിട്ടുകൊടുക്കണമെന്ന് അവിടുന്നു ശിഷ്യരെ ഉദ്ബോധിപ്പി ക്കുന്നു. മത്തായി സ്ഥാപിച്ച സമൂഹത്തിന് പലവിധ പീഡന ങ്ങളും സഹനങ്ങളും ഉണ്ടായിട്ടുണ്ട് (മത്താ 23: 29; 10: 16–33). ആയുധ വിപ്ലവം ക്രിസ്തീയമല്ല എന്ന സത്യം വ്യക്തമാക്കുകയാ ണിവിടെ. ക്രിസ്തീയ സമൂഹത്തിനൊരു മുന്നറിയിപ്പാണിത്.

## യഹൂദവിചാരണ. (26: 57–27:9)

പ്രാഥമികാന്വേഷണം (26:57–66), പരിഹാസം (26. 67–68), പത്രോസിന്റെ നിഷേധം (26: 69–75), അതിനു മുമ്പു നടത്തിയ വിചാരണയുടെ ചുരുക്കം (27: 1–2), ഈശോയുടെ മര ണം എന്നിവയുൾപ്പെട്ടതാണീ ഭാഗം. അവസാനത്തെ സംഭവ മൊഴിച്ചാൽ ബാക്കിയെല്ലാം മർക്കോസിന്റെ വിവരണം പോ ലെതന്നെയാണ്. ചുരുക്കം ചില വ്യതിയാനങ്ങൾ ഉണ്ടെന്നുമാ ത്രം. അനുയായികൾ ഈശോയെ വിട്ടുപോയപ്പോൾ ശത്രുക്കൾ എന്താണു ചെയ്തതെന്ന് 57–ാം വാക്യം വ്യക്തമാക്കുന്നു. മത്താ യിയുടെ രചനാശൈലിയുടെ പ്രത്യേകതകൊണ്ട് ഇവിടെയും അദ്ദേഹം പ്രധാനാചാര്യന്റെ പേരു വെളിപ്പെടുത്തുന്നുണ്ട്.

www.malankaralibrary.com

ഈശോയെ കൊണ്ടുചെന്നപ്പോൾ യഹൂദനേതാക്കന്മാർ അവിടെ സമ്മേളിച്ചിരിക്കുകയായിരുന്നു (വാ. 57). മത്തായിയുടെ വിവരണത്തിൽ യഹൂദ കൗൺസിൽ ഈശോക്കു വിരോധമായി സാക്ഷ്യം അന്വേഷിക്കുന്നുണ്ടു്. അവസാനം രണ്ടു സാക്ഷികൾ വന്നു്, മൂന്നുദിവസം കൊണ്ടു് ദേവാലയം പൊളിച്ചു പണിയുവാൻ തനിക്കു കഴിയുമെന്നു് ഈശോ അവകാശപ്പെട്ടതായി പറയുന്നു. മർക്കോസിന്റെ വിവരണം കുറെയൊക്കെ ചുരുക്കുകയും ലഘൂകരിക്കുകയും ചെയ്യുന്നുണ്ടു് മത്തായി (വാ 60). മത്തായിയുടെ വിവരണത്തിൽ, ഈശോ ദേവാലയം നശിപ്പിക്കുവാൻ തനിക്കു കഴിയുമെന്നു് അവകാശപ്പെട്ടു എന്നാണെങ്കിൽ മർക്കോസിന്റേതിലാകട്ടെ, നശിപ്പിക്കും എന്നാണു്. ഈശോയെ ദൈവപുത്രനായി ചിത്രീകരിക്കുന്നതിലാണു് മത്തായിയുടെ താല്പര്യം. നീ ദൈവപുത്രനായ മിശിഹാ ആകുന്നുവോ എന്നാണു മത്തായിയുടെ ചോദ്യം. മർക്കോസിന്റേതിലാകട്ടെ, നീ അനുഗ്രഹീതന്റെ, പുത്രനാകുന്നുവോ എന്നാണു്. പ്രധാനാചാര്യന്മാർ ആണയിട്ടു് ചോദിക്കുന്നതായി മർക്കോസു് പറയുന്നില്ല. ചോദ്യത്തിനു മറുപടിയായി 'ഞാൻ ആകുന്നു' എന്നല്ല, ''നീ പറഞ്ഞുവല്ലോ'' എന്നാണു മത്തായിയുടെ വിവരണം. 64-ാം വാക്യത്തിൽ ഈശോയുടെ മറുപടിയോടുകൂടി 'ഇനിമേൽ' എന്നു് മത്തായി കൂട്ടിച്ചേർക്കുന്നുണ്ടു്. 'അപ്പോൾ' എന്ന ഘടകം ഉപയോഗിച്ചു് ഈശോയുടെ മറുപടിയും പ്രധാനാചാര്യന്റെ പ്രതികരണവും തമ്മിൽ സംയോജിപ്പിച്ചിരിക്കുന്നു. ഇതേ തുടർന്നു് യഹൂദസംഘാലയാംഗങ്ങൾ ഈശോയെ പരിഹസിക്കുന്നു. മർക്കോസിന്റേതിൽ സേവകന്മാരും ഇതിൽ പങ്കു ചേരുന്നു. ഇശോയുടെ മുഖം മൂടിയെപ്പററി (മർക്കോ. 14: 65) മത്തായി പറയുന്നില്ല. പരിഹാസവാക്കുകൾ മത്തായിയുടെ വിവരണത്തിൽ കൂടുതലുണ്ടു്. നിന്നെ അടിച്ചതു് ആരാണെന്നു പ്രവചിക്കുക എന്നവർ ആക്രോശിക്കുന്നു.

ഈ ഭാഗത്തു് മർക്കോസിന്റെ വിവരണം തന്നെയാണു് മത്തായിയും സ്വീകരിക്കുന്നതു്. വിചാരണയും പത്രോസിന്റെ നിഷേധവുമാണു് ഇതിലെ പ്രധാന പ്രതിപാദ്യം. ഈ അദ്ധ്യായത്തിന്റെ അവസാനഭാഗത്തു് പത്രോസു് പുറത്തേക്കുപോകുന്നതും വ്യസനപൂർവ്വം കരയുന്നതും വിവരിക്കുന്നുണ്ടു്. വിചാരണയും പരിഹാസവും തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നുണ്ടു് മത്തായി. വിചാരണയുടെതന്നെ ഭാഗമാണു് പരിഹാസം. ഇതിലെ നടന്മാരും വിചാരണ ചെയ്യുന്നവർതന്നെ. മർക്കോസിന്റെ വിവരണത്തിലെ സാക്ഷികളേക്കാൾ മത്തായിയുടേതിലെ സാക്ഷികളുടെ സാക്ഷ്യങ്ങൾ തമ്മിൽ പൊരുത്തമുണ്ടു്. മർക്കോസിന്റെ വിവരണമുപയോഗിച്ചുകൊണ്ടു് കൂടുതൽ വ്യക്തമായ ഒരു വിചാരണാരംഗം രൂപപ്പെടുത്തുവാൻ മത്തായിക്കു സാധിച്ചിട്ടുണ്ടു്.

www.malankaralibrary.com

ഈശോയെ മരണത്തിനു വിധിച്ചതിലുള്ള ഉത്തരവാദിത്വം യഹൂദർക്കാണെന്നു് മത്തായി സൂചിപ്പിക്കുന്നുണ്ടു്. ആദ്യം കാണുന്നതുപോലെ ഇവിടെയും മത്തായിയുടെ ശ്രദ്ധാകേന്ദ്രം ക്രിസ്തുദർശനത്തിലാണു്. വിചാരണയും പരിഹാസവും ഇതിലേക്കാണു കേന്ദ്രീകരിച്ചിരിക്കുന്നതു്. പല കള്ളസാക്ഷികളെപ്പററി മർക്കോസു് പറയുന്നുണ്ടെങ്കിലും രണ്ടുപേരെക്കുറിച്ചു മാത്രമേ മത്തായി പരാമർശിക്കുന്നുള്ളു. അവരുടെ സാക്ഷ്യം വാസ്തവമാണെന്നും ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. രണ്ടുപേരെക്കുറിച്ചു മാത്രമുള്ള ഈ പരാമർശം ഈശോയെപ്പററി അപവാദവും ദൈവദൂഷണവും പറയുന്നതിനെ ഒഴിവാക്കാൻ വേണ്ടിയായിരിക്കാം.[15] അതിലുപരിയായി ഈശോയുടെ അധികാരവും ശക്തിയും എടുത്തുകാണിക്കുവാനും ഗ്രന്ഥകാരൻ ആഗ്രഹിക്കുന്നുണ്ടായിരിക്കണം. ജറുസലം ദേവാലയം നശിപ്പിക്കപ്പെടുമെന്നും അതിൻെറ സ്ഥാനത്തു മററൊന്നുണ്ടാകുമെന്നുമുള്ള വിശ്വാസം അക്കാലത്തു് വളരെ പ്രബലമായിരുന്നു.[16] രക്ഷകൻെറ ആവിർഭാവസമയവും ഇതുമായി ബന്ധമുണ്ടായിരുന്നു. കാരണം രക്ഷകൻെറ വരവു് ഇതിനെ ത്വരിതപ്പെടുത്തുമെന്നായിരുന്നു പൊതുവിശ്വാസം. ഈ സാക്ഷ്യം ഉദ്ധരിക്കുന്നതുവഴി ഈശോയുടെ രക്ഷാകര ശക്തിയും മാഹാത്മ്യവും വ്യക്തമാക്കുകയാണു് മത്തായി. വിചാരണക്കു വിധേയനാകുന്ന ഈശോ യഥാർത്ഥത്തിൽ ദേവാലയത്തിൻെറമേലും തന്നെ വിചാരണ ചെയ്യുന്ന യഹൂദ സംഘത്തിൻെറമേലും അധികാരമുള്ളവനാണു്.

പ്രധാനാചാര്യൻെറ ചോദ്യവും രക്ഷകനെന്നുള്ള ക്രിസ്തുവിൻെറ പദവിയെ സൂചിപ്പിക്കുന്നുണ്ടു്. രക്ഷകൻ എന്നുള്ള നാമധേയമാണു് മത്തായിക്കു കൂടുതൽ സ്വീകാര്യം. രക്ഷകനെന്നുള്ള കുററവാളിയുടെ അവകാശവാദത്തെ പുരസ്സരിച്ചാണു് പ്രധാനാചാര്യൻെറ ചോദ്യം. 64-ാം വാക്യത്തിൽ ''ഇനിമേൽ'' എന്നുപയോഗിച്ചിരിക്കുന്നതു് സമീപഭാവിയെ സൂചിപ്പിക്കുവാൻ വേണ്ടിയാണു്. ഈ പ്രയോഗം പല വിധത്തിൽ വ്യാഖ്യാനിക്കുന്നുണ്ടു്. ചിലർ ഇതിനെ അടുത്തുതന്നെ സംഭവിക്കാനിരിക്കുന്ന ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനമായി ചിത്രീകരിക്കുന്നു.[17] വേറെ ചിലർ യഹൂദ മതത്തിൻെറ അന്ത്യമായും സഭയുടെ വിജയമായും

---

15. Gerhard Barth, op. cit p. 146.

16. P. Benoit, "The Passion and Resurruction of Jesus Christ," London, 1969, p. 100 ff.

17. Hans Congelman, Dic Mitte der Zeit Tubingen, 1964, p. 77.

www.malankaralibrary.com

ഇതു് വ്യാഖ്യാനിക്കുന്നുണ്ടു്[18] ആദ്യത്തെ വ്യാഖ്യാനം മത്തായിയുടെ തന്നെ സുവിശേഷത്തിലെ മററു ചില ഭാഗങ്ങളുമായി പൊരുത്തപ്പെടുവാൻ വിഷമമാണു് (28: 16–20). രണ്ടാമത്തേതാകട്ടെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിക്കുന്ന സംഭവങ്ങളുടെ തുടർച്ചയെ അവഗണിക്കുകയും ചെയ്യുന്നു. അടുത്തുതന്നെ നടക്കുവാൻ പോകുന്ന സംഭവങ്ങളായിരിക്കും മത്തായി പ്രധാനമായും ഉദ്ദേശിക്കുന്നതു് –പീഡാനുഭവവും മരണവും ഉത്ഥാനവും. അവസാനരംഗങ്ങളിലെ സഹനത്തിന്റെ മദ്ധ്യത്തിലും ക്രിസ്തുവിന്റെ മഹത്വം പ്രകാശിക്കുന്നുണ്ടു്. പ്രധാനാചാര്യനും ഈശോയെ പരിഹസിക്കുന്നവരും അവിടുത്തെ മഹത്വം ഏററുപറയുന്ന രീതിയിലുള്ള പ്രസ്താവനകളാണു് നടത്തുന്നതു്. ഈശോയുടെ മരണസമയത്തു പ്രകൃതിയിലുണ്ടായ പ്രത്യാഘാതങ്ങളും വിശുദ്ധരുടെ ഉത്ഥാനവും ഈ മഹത്വത്തെ വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ടു്. ഇതു് വാസ്തവമാണെങ്കിൽ ക്രിസ്തുവിന്റെ പീഡാനുഭവം പഴയ നിയമ പ്രവചനങ്ങളുടെ പൂർത്തീകരണമാണു്.

പരിഹാസ രംഗം ക്രിസ്തുദർശനപരമായ വേറൊരഭിധാനം കൂടി ഈശോയ്ക്കു നല്കുന്നുണ്ടു് – പ്രവാചകനെന്നുള്ള പദവി. മിശിഹായേ ഞങ്ങളോടു പ്രവചിക്കുക എന്നു് അവർ ആക്രോശിക്കുന്നു (26: 68). വിചാരണയും പരിഹാസവും കേന്ദ്രീകരിച്ചിരിക്കുന്നതു് രക്ഷകനെന്നുള്ള മിശിഹായുടെ അവകാശവാദത്തിലാണു്. വിചാരണ ചെയ്യുന്ന ന്യായാധിപനും അറിയാതെയാണെങ്കിലും ഇതേററു പറയുന്നുണ്ടു്. ഈശോയെ പരിഹസിക്കുന്നവരും അപ്രകാരം തന്നെ ചെയ്യുന്നുണ്ടു്. ഈശോയുടെ രക്ഷകനെന്നുള്ള പദവിയും അവിടുത്തെ അധികാരശക്തിയും ഊന്നിപ്പറയുകയാണു് മത്തായിയുടെ ലക്ഷ്യം. ന്യായാധിപന്മാരുടെ മുമ്പിൽ നിശബ്ദനായി ശാന്തനായി സഹിക്കുന്ന ഈശോതന്നെയാണു് മിശിഹാ.

## പത്രോസിന്റെ തിരസ്കൃതി (26: 69–75)

മത്തായിയുടെ ആഖ്യാനം മർക്കോസിന്റേതിൽനിന്നും കുറച്ചൊക്കെ വ്യത്യസ്തമാണെന്നു സൂക്ഷ്മനിരീക്ഷകർക്കു് മനസ്സിലാക്കാം. മർക്കോസിന്റെ ചില വിവരണങ്ങളെ മത്തായി വളരെ ശ്രദ്ധാപൂർവ്വം തനിയ്ക്കനുകൂലമായ വിധത്തിൽ രൂപപ്പെടുത്തിയിരിക്കുന്നതായി കാണാം. മത്തായിയുടെ വർണ്ണനയിൽ ഗലീലിയനായ യേശുവിന്റെ അനുയായിയാണു് പത്രോസ്.

18. P. Benoit. The Passion and Resurrection of Christ, p. 108.

www.malankaralibrary.com

അങ്ങനെയാണ് ദാസി, അദ്ദേഹത്തെ തിരിച്ചറിയുന്നതും. നസ്രായനായ യേശു എന്നാണ് മർക്കോസിന്റെ പ്രയോഗം.

എല്ലാവരുടേയും സമക്ഷം പത്രോസ് ഒന്നാം പ്രാവശ്യം ഗുരുവിനെ നിഷേധിച്ചു പറയുന്നു. അനാദരവ് തോന്നിക്കത്തക്കവിധം അത്രയ്ക്കു ഹ്രസ്വമായിരുന്നു തിരസ്കാരവചസ്സ്. മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന സ്ഥൂലവർണ്ണന കാണുന്നില്ലിവിടെ. യേശുവിനെ നിഷേധിച്ചതിനുശേഷം പത്രോസ് പടിവാതില്ക്കലേക്കു പോകുന്നു. അവിടെവെച്ചു മറ്റൊരു പരിചാരികയെ ദർശിക്കുന്നു. ദർശനമാത്രയിൽ അവൾ അവിടെ നിന്നിരുന്നവരോട് പറഞ്ഞു: 'നസ്രായനായ യേശുവിന്റെ അനുയായിയാണിവൻ'. പത്രോസ് സത്യം ചെയ്തു നിഷേധിച്ചു, അവർ പറയുന്നതു ശരിയല്ലെന്ന്. അല്പം കഴിഞ്ഞു നിരീക്ഷകർ അടുത്തു ചെന്ന് കേപ്പായോടു പറഞ്ഞു, ''സത്യമായി നീയും അവരിൽ ഉൾപ്പെട്ടവൻ തന്നെ. നിന്റെ സംസാരംപോലും അതു തെളിയിക്കുന്നു.'' ഇത്തവണ പത്രോസ് ശാപപൂർവ്വം സത്യംചെയ്തു യേശുവിനെ നിഷേധിച്ചു. ഉടനെ കോഴികൂകി. മർക്കോസ് മൂന്നു തവണ കുക്കുടം കൂവുന്നതായി വിവരിക്കുമ്പോൾ മത്തായി ഒന്നുകൊണ്ടു തൃപ്തിപ്പെടുന്നു. മർക്കോസിന്റെ ചില വിശദവിവരണങ്ങൾ മത്തായി ഉപേക്ഷിക്കുകയും ചെയ്യുന്നു.

ശ്രദ്ധാർഹമാണ് മത്തായിയുടെ ആഖ്യാനഘടന. ആദ്യ ചോദ്യം പ്രഥമ ദാസി; രണ്ടാം ചോദ്യം ദ്വിതീയ ദാസി; മൂന്നാം ചോദ്യം പ്രേക്ഷകർ. പ്രഥമത: യേശുവിനെ ഗലീലിലയന്റെ അനുയായിയായി, ദ്വിതീയ നസ്രായനായ യേശുവിന്റെ അനുയായിയായി ത്രിദീയ ശിഷ്യരിൽ ഒരുവനായി, തിരിച്ചറിയുന്നു. പത്രോസിന്റെ പ്രതികരണം ശ്രദ്ധിക്കുക. ആദ്യം തിരസ്കാരം. രണ്ടാമത്തു് ശപഥപൂർവ്വകമായ തിരസ്കരണം. അവസാനം ശാപപൂർവ്വം ശപഥംചെയ്തു തിരസ്കൃതി. ത്രിദീയ തിരസ്കാരത്തോടെയാണ് കോഴികൂവൽ. ചോദ്യത്തിലും നിഷേധത്തിലും ഒരു ആരോഹണക്രമം ദർശിക്കാം. പത്രോസ് യേശുവിനെ ശാപപൂർവ്വം ശപഥംചെയ്തു നിഷേധിക്കുകയും, കോഴികൂവുകയും ചെയ്യുന്നതോടെ ആ വ്യാഖ്യാനം അതിന്റെ മൂർദ്ധന്യത്തിലെത്തുന്നു.

സമവീക്ഷണ സുവിശേഷങ്ങളിലെല്ലാമുണ്ട് പത്രോസിന്റെ തിരസ്കാരം. യേശുവിന്റെ പ്രവചന പൂർത്തീകരണത്തിലേക്ക് ഇക്കഥ വെളിച്ചം വീശുന്നു (26: 34). പത്രോസിന്റെ തിരസ്കാരമുൾപ്പെടെ എല്ലാക്കാര്യത്തിലും യേശുവിന് മുന്നറിവുണ്ടായിരുന്നു. സർവ്വതും അവിടുന്നു മുൻചൊല്ലിയതുപോലെ സംഭവിച്ചു. ഒരു പ്രായോഗിക പാഠവും ഈ സംഭവം ഉൾക്കൊള്ളുന്നു. പ

www.malankaralibrary.com

പത്രോസിന്റെ അഹങ്കാരപൂർവ്വകമായ ആത്മവിശ്വാസം പരാജയത്തിലവസാനിക്കുന്നു. എല്ലാവരുടെയും മുമ്പിൽവെച്ച് അദ്ദേഹം നാഥനെ നിഷേധിക്കുന്നു. ഇതവിടംകൊണ്ടു് അവസാനിക്കുന്നില്ല. തന്റെ വീഴ്ചയുടെ ഗൗരവം പത്രോസ് മനസ്സിലാക്കുന്നു. മനഃസ്താപിക്കുന്നു. അതു് അദ്ദേഹത്തിനു് രക്ഷാകരമായി ഭവിക്കുകയും ചെയ്തു.

## ആചാരവിധിപ്രകാരമുള്ള വിചാരണ (27: 1–2)

കാര്യത്തിന്റെ നിലപാടു് തിട്ടപ്പെടുത്തുവാനുള്ള പ്രാരംഭാന്വേഷണമായി രാത്രിയിലെ വിചാരണയെ കണക്കാക്കിയാൽ മതി. യേശുവിൽ ആരോപിക്കപ്പെട്ട കുററം പരിശോധിച്ചു ശരിയാണോ എന്നു് സാക്ഷ്യപ്പെടുത്തുവാനായി പ്രധാന നേതാക്കന്മാർ ഒന്നിച്ചുകൂടി. കുററാരോപണം ശരിയാണെന്നു നിർണ്ണയിച്ചാൽ മാത്രമേ ചട്ടപ്രകാരം വ്യവഹാരം മുന്നോട്ടുകൊണ്ടു പോകുവാൻ സാധിക്കൂ, അവർ ഒരേ നിഗമനത്തിൽ എത്തിച്ചേന്നു. കുററവാളി ശിക്ഷാർഹൻ. സെൻഹദ്രിന്റെ പകലത്തെ വിചാരണ വിശദമായി വിവരിക്കുവാൻ മത്തായി മിനക്കെടുന്നില്ല. ഒന്നു രണ്ടു വാക്യങ്ങളിൽ അക്കാര്യം സംക്ഷിപ്തമായി പ്രതിപാദിക്കുന്നേയുള്ളൂ (27: 1–2): കാര്യാലോചനാസഭ ഐക്യകണ്ഠേന തീരുമാനിച്ചു അന്യായം പ്രവിശ്യാധിപതിയുടെ കോടതിയിലേക്കു് മാററുവാൻ.

## രക്തത്തിന്റെ വില (27: 3–9)

മത്തായിയുടെ പ്രത്യേക സംഭാവനയാണു് ഈ കഥനം. അപ്പസ്തോലനടപടിയിലും യൂദാസിന്റെ മരണവിവരണമുണ്ടു്. മത്തായിയുടെ ആഖ്യാനത്തിൽനിന്നും ചില വിശദാംശങ്ങളിൽ വ്യത്യസ്തമാണതു്. യൂദാസിന്റെ പെട്ടെന്നുള്ള മരണം, രക്തത്തിന്റെ വിലകൊടുത്തു സ്ഥലംവാങ്ങൽ, സ്ഥലനാമം—രണ്ടു വർണ്ണനകളിലും ഇവ കാണാം. മത്തായിയുടെ ആഖ്യാനം അടിസ്ഥാനമാക്കിയാവാം ലൂക്കാ ഇക്കഥ വിവരിക്കുന്നതു്. ഇരു കഥനങ്ങളും സ്വതന്ത്രങ്ങളുമാകാം.

മത്തായിയുടെ സ്വകീയമായ രചനാശൈലിയും പദപ്രയോഗവും ഈ വർണ്ണനയിലും കാണാം. മത്തായിയുടെ ഒരു പ്രത്യേക പ്രയോഗശൈലിയാണു് 'അപ്പോൾ' എന്ന ഘടകപദം. അതുപോലെതന്നെ athoos, argyria, Sy opse, anachorein symboulin, lam banein, പ്രധാനാചാര്യന്മാർ, മൂപ്പന്മാർ മത്താ



www.malankaralibrary.com

യിയുടെ പദസമ്പത്തിൽ പെട്ടവയാണീ വാക്കുകളെല്ലാം ballo labontes, strephein, he sermeron എന്നിവയും മത്തായിയ്ക്കു പ്രിയപ്പെട്ട വചസ്സുകൾ തന്നെ.19 ഈ ഉപാഖ്യാനത്തിൽ മത്തായിയുടെ പ്രസാധനകല പ്രവർത്തിച്ചതിന്റെ തെളിവാണു് ഇത്തരം ശൈലീപ്രയോഗങ്ങൾ. മൂലപ്രമാണങ്ങൾ എന്താണെങ്കിലും, ഈ കലാരചനയുടെ പ്രസാധനോത്തരവാദി മത്തായിതന്നെ.20

വിചാരണാവിവരണത്തിനു് ഭഞ്ജനമുണ്ടാക്കുന്ന ഈ ഉപകഥ ഇവിടെ തിരുകുന്നതിന്റെ ഉദ്ദേശ്യമെന്താണു്? വിചാരണ 11-ാം വാക്യത്തിൽ വീണ്ടും തുടരുന്നു. വിചാരണ ചെയ്യുവാനായി യേശുവിനെ വിജാതീയാധികാരികൾക്കു് കൈയേല്പിക്കുന്നു. അല്പസമയം കഴിഞ്ഞാണു് വിചാരണ തുടങ്ങുന്നതു്. ഈ അല്പസമയമെന്തു ചെയ്യും? ഹതഭാഗ്യനായ യൂദാസിൻേറയും 'രക്തപ്പണത്തിൻേറയും' കഥ വിവരിച്ചുകളയാം. ഗ്രന്ഥകാരൻ തീരുമാനിച്ചു. ഈ വിവരണത്തിനു് ഗ്രന്ഥകാരനെ മറെറാരു ചേതോവികാരവും പ്രേരിപ്പിച്ചിരിക്കാം- പ്രവചനപൂർത്തീകരണം. പക്ഷേ ക്രിസ്തുവിന്റെ മറെറാരു പ്രവചനപൂർത്തീകരണത്തിലേക്കാവാം രചയിതാവു് സൂചന നല്കുന്നതു് (മത്താ. 26: 24). പത്രോസിന്റെ തിരസ്ക്കാരത്തെപ്പററി യേശു മുൻകൂട്ടി പറഞ്ഞു. അതക്ഷരശ: സംഭവിച്ചു (26: 69-75). ഒററുകാരനായ യൂദാസിന്റെ വിധിയെപ്പററിയും ഈശോ സൂചിപ്പിച്ചിട്ടുണ്ടു്. അതു് എങ്ങനെയാണെന്നറിയുവാൻ വായനക്കാരിൽ ആകാംക്ഷയുണ്ടാകുക സ്വാഭാവികം. അതൊന്നു ശമിപ്പിക്കുന്നതിനു വേണ്ടിയാവാം പത്രോസിന്റെ തിരസ്കൃതിക്കു് അനുബന്ധമായി യൂദാസിന്റെ ആത്മഹത്യയും വിവരിക്കുന്നതു്.

യൂദാസിന്റെ മരണത്തോടെ കഥ അവസാനിക്കുന്നില്ല. പണത്തെ അനുധാവനംചെയ്യുകയാണു് രചകൻ, അതിന്റെ പരിണാമമറിയാൻ. 'രക്തപ്പണമാണു്' ഈ വേദപുസ്തകഭാഗത്തെ ആഖ്യാനത്തിന്റെ കേന്ദ്രം. ഘടനയിൽനിന്നു് ഇക്കാര്യം വ്യക്തം. പണം എന്ന വാക്കു് ഈ ഉപാഖ്യാനത്തിൽ പലതവണ പ്രയോഗിച്ചിരിക്കുന്നു. 8 വാക്യങ്ങളിലായി നാലുതവണ. 'രക്തം' എന്ന പദത്തിന്റെ കഥയും തഥൈവ. മൂന്നുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഇവയെല്ലാം നമ്മെ ഒരേ അനുമാനത്തിലേക്കു് എത്തിക്കുന്നു. 'നിണനാണയത്തിന്റെ' ഗതിയെന്തായെന്നു് ക-

19. G. D. Kilpatrick, The Orgins of the Gospel according to Mathew, p. 45.

20. പക്ഷേ സ്ഥലനാമവുമായി ബന്ധപ്പെട്ട ഒരു കഥയാവാം ഈ ആഖ്യാനത്തിന്റെ അസംസ്കൃതവസ്തു.

www.malankaralibrary.com

ണ്ടുപിടിക്കുകയായിരുന്നു ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യമെന്ന അനുമാനത്തിലേക്ക്. ദായിക്കോ, ആദായിക്കോ യാതൊരു ഉപകാരവും ആ പണംകൊണ്ടുണ്ടാകുന്നില്ല. വഞ്ചനയിലൂടെ ആർക്കും ഒന്നും നേടാനാവില്ലത്രേ. ഒരു വേദപുസ്തകഭാഗം ഉദ്ധരിച്ചുകൊണ്ട് മത്തായി ഈ രംഗത്തിനു് യവനിക ഇടുന്നു: ''പ്രവാചകനായ ജറമിയാസ് മുഖേന അരുളിച്ചെയ്യപ്പെട്ടതു് അങ്ങനെ നിറവേറി.'' പ്രവചന പൂർത്തീകരണമാണു് യൂദാസിന്റെ അന്ത്യത്തിൽ ഗ്രന്ഥകൃത്തു് ദർശിക്കുന്നതു്. യൂദാസിന്റെ വഞ്ചനയെ വിവരിക്കുന്ന ഈ ഉപാഖ്യാനത്തിനു മുഴുവൻ ബാധകമായി പഴയനിയമത്തിൽനിന്നു് ഒരു പ്രവചനം ഉദ്ധരിക്കാനായിരുന്നു ഗ്രന്ഥകാരന്റെ ഉദ്ദേശ്യം. ഇക്കഥ വിവരിക്കുന്നതും 'പ്രവചന'പൂർത്തീകരണത്തെ കാണിക്കാനാണു്. എന്തുകൊണ്ടാണു് യേശുവിനെ സ്വശിഷ്യൻ തന്നെ ഒററിക്കൊടുത്തതു്? എന്തുകൊണ്ടാണു് ശിഷ്യൻ വെച്ച കെണിയിൽ അവിടുന്നു വീഴാനിടയായതു്? എന്തുകൊണ്ടാണു് വിലപേശലിൽ ലാഭമൊന്നും കിട്ടാതിരുന്നതു്? ഇവയ്ക്കുത്തരമാണു് 'പ്രവചനപൂർത്തീകരണം' എന്ന ആശയം. മുന്നാലേഖനം ചെയ്തിട്ടുള്ളതുപോലെ എല്ലാം സംഭവിച്ചു. യൂദാസിന്റെ ചതി, അവന്റെ ശോകാന്ത്യം, 'രക്തപ്പണത്തിന്റെ' പരിണാമം വേദഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെതന്നെ എല്ലാം സംഭവിച്ചു. ദൈവത്തിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്താൻ ദുഷ്കൃതിയായ നരനാരു്? പ്രവചനങ്ങളിലൂടെ പ്രഖ്യാപിതമായ ദൈവത്തിന്റെ പദ്ധതി പൂർത്തിയാക്കുകയായിരുന്നു യൂദാസ് 21.

മത്തായിയുടെ മററൊരു രചനാസവിശേഷത– യേശുവിന്റെ മരണത്തിനു് യഹൂദനേതാക്കന്മാരുടെ ഉത്തരവാദിത്വം– ഈ ആഖ്യാനഭാഗം സൂക്ഷ്മമായി പഠിക്കുന്നവർക്കു് കാണുവാൻ സാധിക്കും. നിരാശനായ യൂദാസ് പണം അതിന്റെ ഉടമസ്ഥരായ യഹൂദനേതാക്കന്മാർക്കു് തിരിച്ചുനല്കുന്നു. അവരോ അതു വാങ്ങുവാൻ സങ്കോചംകാട്ടുന്നു. മനോധൈര്യം നഷ്ടപ്പെട്ട യൂദാസ് വെള്ളിനാണയങ്ങൾ കോപത്തോടെ വലിച്ചെറിഞ്ഞു. ദേവാലയത്തിൽ ചിതറിക്കിടന്ന ആ നാണയങ്ങൾ പ്രധാനാചാര്യ

21. ഉദ്ധൃതവാക്യം ജറമിയാസിൽനിന്നാണെന്നു് മത്തായി അവകാശപ്പെടുന്നുണ്ടെങ്കിലും സഖറിയാ 11: 12 ശേഷവുമാണു് ഈ ഉദ്ധരണി എന്നാണു് പണ്ഡിതമതം. പദാനുപദോദ്ധാരമല്ലിതു്. ജറമിയാസ് 32: 1–12ന്റേയും, 13–19 ന്റേയും സ്വാധീനം ഇതിന്റെ രൂപീകരണത്തിൽ ദർശിക്കാം. മറുവാക്കിൽ പറഞ്ഞാൽ യൂദാസിന്റെ അന്ത്യത്തിലേക്ക് എത്തിനോക്കാൻ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന ഒരു കുഴൽക്കണ്ണാടിയാണു് ഈ ഉദ്ധരണി.

www.malankaralibrary.com

ന്മാർ പെറുക്കിയെടുത്തു. രക്തത്തിന്റെ വിലയായതുകൊണ്ടു് ഭണ്ഡാരത്തിൽ ഇടാൻ മടിച്ചു. അവർ കൂടിയാലോചിച്ചു. പരദേശികളുടെ ശവസംസ്ക്കാരത്തിനായി കുശവന്റെ സ്ഥലം വാങ്ങാം എന്നായിരുന്നു തീരുമാനം. ഇതിൽനിന്നൊരു കാര്യം വ്യക്തം. വിമനസ്സോടെയാണെങ്കിലും നീതിമാന്റെ രക്തത്തിലുള്ള തങ്ങളുടെ പങ്കു് മനസ്സിലാക്കുന്നുണ്ടവർ. യേശുവിന്റെ രക്തത്തിൽ യഹൂദനേതാക്കന്മാർക്കുള്ള പങ്കിനെപ്പററി ഇവിടെ പരോക്ഷസൂചനയേ ഉള്ളുവെങ്കിലും 27: 24–25ൽ ഇക്കാര്യം പ്രത്യക്ഷമായും വ്യക്തമായും പ്രതിപാദിക്കുന്നുണ്ടു്.

## റോമൻ വിചാരണ (27: 11–31)

പ്രവിശ്യാധിപന്റെ മുമ്പിൽവെച്ചുള്ള വ്യവഹാരവിചാരണ, അതിനെതുടർന്നുള്ള അവഹേളനം– ഇവയാണു് ഈ ഭാഗത്തെ ആഖ്യാനങ്ങൾ. എതിരാളികൾ ഈശോയെ ബന്ധിച്ചു് പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കി. പീലാത്തോസ് വിചാരണ ആരംഭിച്ചു. പ്രധാനാചാര്യന്മാരുടേയും മൂപ്പന്മാരുടേയും കുററാരോപണം, ബറാബാസിന്റെ കഥാകഥനം–ഇവയാണു് വിചാരണയുടെ രണ്ടുഭാഗങ്ങൾ. മർക്കോസിന്റെ വിവരണത്തിൽ നിന്നു് 'അല്ലറചില്ലറ' വ്യത്യാസമേ ഈ വിവരണത്തിനുള്ളു.

പീലാത്തോസിന്റെ പേരിനോടൊപ്പം 'നാടുവാഴി' എന്ന ഔദ്യോഗികനാമംകൂടി ചേർത്തിരിക്കുന്നു (27: 11). വിചാരണയുടെ ഔദ്യോഗികസ്വഭാവം വ്യക്തമാക്കാനാവാം.[22] 'നീ യൂദന്മാരുടെ രാജാവാണോ?' യൂദാസിന്റെ പ്രഥമ ചോദ്യം. യൂദന്മാരുടെ രാജാവാണെന്ന യേശുവിന്റെ അവകാശവാദത്തെപ്പററിയായിരുന്നല്ലോ അന്യായം. പ്രധാനാചാര്യനോടു പറഞ്ഞ അതേ മറുപടിതന്നെ യേശു പീലാത്തോസിനോടും പറഞ്ഞു, ''നീ പറഞ്ഞല്ലോ.'' മർക്കോസിന്റെ സുവിശേഷത്തിൽ പ്രധാന പുരോഹിതരാണു് കുററാരോപണക്കാർ. മൂപ്പന്മാർകൂടി വാദിഭാഗത്തിരിക്കട്ടെ എന്നു മത്തായി കരുതി. അവർ യേശുവിനെതിരെ സാക്ഷ്യങ്ങൾ നിരത്തി. എന്നിട്ടും പ്രതി ഒരക്ഷരം സംസാരിച്ചില്ല നിതാന്തനിശ്ശബ്ദത. പീലാത്തോസ്പോലും ആശ്ചര്യപ്പെട്ടുപോയി. യേശുവിന്റെ നിശ്ശബ്ദതയുടെ മൂലപ്രമാണം മർക്കോസ് 15: 4 ആണു്. 'നീ കേൾക്കുന്നില്ലേ?' എന്ന പീലാത്തോസിന്റെ രണ്ടാമത്തെ ചോദ്യവും യേശുവിന്റെ നിശ്ശബ്ദ പ്രതികരണവും രൂപീകരണത്തിൽ മത്തായി വരുത്തിയ വ്യത്യാസങ്ങളാണു്.

22. Donald P. Senior, The passion, p. 225.

www.malankaralibrary.com

വളരെയേറെ സാമ്യമുണ്ട്, പ്രധാന പുരോഹിതന്മാരുടേയും പീലാത്തോസിന്റേയും മുമ്പിൽവെച്ചു നടത്തുന്ന വിചാരണകൾ തമ്മിൽ. ഇരുവരുടേയും ചോദ്യങ്ങൾ ഏതാണ്ടൊന്നുതന്നെ. 'ക്രിസ്തു' എന്ന നാമത്തെപററിയാണ് പ്രധാന വൈദികന്റെ ചോദ്യം. വിജാതീയ നാടുവാഴിയുടേതാവട്ടെ 'നീ യൂദന്മാരുടെ രാജാവാണോ?' എന്നും. യഹൂദർ യേശുവിൽ ആരോപിക്കുന്ന കുററങ്ങളിലേക്ക് അവിടുത്തെ ശ്രദ്ധ ക്ഷണിക്കുകയായിരുന്നു രണ്ടു ചോദ്യങ്ങളുടേയും ഉദ്ദേശ്യം. ''നിനക്ക് വിരോധമായി അവർ ഇത്രയധികം സാക്ഷ്യം വഹിക്കുന്നതു് നീ ശ്രവിക്കുന്നില്ലേ?''

ഈ രണ്ടു വിചാരണകളും, ദ്വിതീയവിചാരണയ്ക്കുശേഷമുള്ള തെരഞ്ഞെടുപ്പും യേശുവിന്റെ ജനനവാർത്ത ശ്രവിച്ചപ്പോൾ യഹൂദന്മാർക്കും വിജാതീയർക്കും ഉണ്ടായ പ്രതികരണങ്ങളും തമ്മിലുള്ള സമാനത സീനിയർ നിരീക്ഷിക്കുന്നുണ്ട്.23 നവജാതനായ ശിശു 'യഹൂദന്മാരുടെ രാജാവോ' (മത്താ. 2: 2) ക്രിസ്തുവോ (മത്താ. 2: 4)– അതാണവിടേയും പ്രശ്നം. അവിടെ യഹൂദനേതാവായ ഹേറോദേസ് അവിടുത്തെ ബദ്ധശത്രു. വിജാതീയ രാജാക്കന്മാരാകട്ടെ ആത്മമിത്രങ്ങൾ. യഹൂദനേതാക്കന്മാർ അവിടുത്തെ തിരസ്കരിക്കുന്നു. വിജാതീയർ സ്വീകരിക്കുന്നു. ഇവിടേയും അങ്ങനെതന്നെ. യഹൂദർ ബദ്ധ വൈരികൾ. വിജാതീയ ഗവർണ്ണറാകട്ടെ അനുകമ്പാകുലനും, വിട്ടയയ്ക്കാൻ സന്നദ്ധനും. അങ്ങനെ സുവിശേഷാരംഭത്തിലെന്നപോലെ അവസാന ഭാഗത്തും ക്രിസ്തുവിനോടും, സഭയോടും യഹൂദന്മാർക്കുള്ള തിരസ്കരണ മനോഭാവവും വിദ്വേഷവും വിജാതീയർക്കുള്ള സ്വീകരണമനോഭാവവും, പ്രതിപത്തിയും മത്തായി വരച്ചുകാട്ടുന്നു; അവ തമ്മിൽ താരതമ്യപ്പെടുത്തുന്നു.

## ബറാബ്ബാസിന്റെ ഉപാഖ്യാനം (27: 14–26)

പെസഹാത്തിരുനാളിൽ ഒരു തടവുകാരനെ മോചിപ്പിക്കുന്ന പതിവുണ്ടായിരുന്നു. 'യൂദന്മാരുടെ രാജാവിനെ വിട്ടുതരട്ടേ' എന്നാണ് മർക്കോസിന്റെ പീലാത്തോസ് ചോദിക്കുന്നതു്. മത്തായിയുടെ പീലാത്തോസിന്റെ ചോദ്യം മററൊന്നാണ്. യേശുവിനെ വേണോ? ബറാബ്ബാസിനെ വേണോ? തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ജനത്തിനു നല്കുന്നു. മർക്കോസ് ബറാബ്ബാസിനെ ദുഷ്ടനായി ചിത്രീകരിക്കുമ്പോൾ മത്തായി തടവുകാരനായ ബറാബ്ബാസ് എന്നേ സൂചിപ്പിക്കുന്നുള്ളു. പേരുകേട്ട

23. Donald P. Senior, The Passion, P. 226.

www.malankaralibrary.com

ഒരു തടവുകാരനാണ് മത്തായിയുടെ ബറാബാസ്. മർക്കോസി ൻേറതാവട്ടെ കലഹക്കാരനും, കൊലപാതകിയും. മത്തായിയുടെ കഥനപ്രകാരം ജനക്കൂട്ടം ഇതിനകം അവിടെ സന്നിഹിതമായി രുന്നു. അവരോടാണ് പീലാത്തോസിൻെറ അടുത്ത ചോദ്യം, 'ആരെ വിട്ടുതരണം?'. 'ബറാബാസിനെ' അവർ ഏകസ്വര ത്തിൽ പറഞ്ഞു. മർക്കോസിൻെറ വിവരണപ്രകാരം പ്രധാനാചാ ര്യന്മാരുടെ പ്രചോദനം മൂലമാണ് ജനക്കൂട്ടം യേശുവിനെ ക്രൂശി ക്കുവാനും ബറാബാസിനെ വിട്ടുകൊടുക്കുവാനും ആവശ്യപ്പെടുന്ന ത്. മത്തായിയുടെ പീലാത്തോസ് ജനതതിയോട് വ്യക്തമാ യി ചോദിക്കുന്നു, 'നിങ്ങൾക്ക് ബറാബാസിനെ വേണോ? ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന ജീസസിനെ വേണോ?[24] കൗശ ലപൂർവ്വമാണ് മർക്കോസിൻെറ പീലാത്തോസ് തിരഞ്ഞെടുക്കാ നുള്ള സ്വാതന്ത്ര്യം നല്കുന്നത്.

രംഗം ഇത്രയുമായപ്പോൾ ഒരു പുതുമുഖം പ്രത്യക്ഷപ്പെടു ന്നു– പീലാത്തോസിൻെറ സഹധർമ്മിണി. മത്തായിമാത്രമേ ഈ സംഭവം വിവരിക്കുന്നുള്ളു. മത്തായിയുടെ സ്വന്തമായ പദപ്ര യോഗങ്ങളും ശൈലീവിന്യാസങ്ങളും ഈ വിവരണത്തിലും ദൃശ്യ ശ്യമാണ്, (Ka the menou authou in the begining of a sentence, the technical expression 'bema 'legousa to introduce direct speech, 'dixaior' 'semeron etc. reveal the Mathean redaction of the pericope). മത്തായിയുടെ ത നതായ ആവിഷ്കരണശൈലിയാണ് കിനാവിലൂടെയുള്ള ദൈ വത്തിൻെറ വെളിപാട് (മത്താ: 1: 20; 2: 19). 28–ാം വാക്യ ത്തിൽ പീലാത്തോസ് നടത്തുന്ന പ്രഖ്യാപനത്തിനുള്ള ഒരുക്ക മാകാം പത്തൊമ്പതാം വാക്യം. യേശുവിൻെറ നിഷ്ക്കളങ്കത യെപ്പററി ദൈവനിവേശിതമായ ഒരു പ്രഖ്യാപനവുമാകാം. ബ റാബാസിനേയോ യേശുവിനേയോ, ആരെ വേണമെന്നു വ്യക്ത മാക്കുവാൻ പീലാത്തോസ് ആവശ്യപ്പെടുന്നു. പ്രധാനാചാര്യ ന്മാരും നിയമജ്ഞന്മാരുംകൂടി ബറാബാസിനെ മോചിക്കുവാനും, ഈശോയെ നശിപ്പിക്കുവാനും ജനങ്ങളെ സമ്മതിപ്പിച്ചു(വാ: 20). 17–ാം വാക്യത്തിൻെറ ആവർത്തനമാണ് 21–ാം വാക്യം. മർക്കോ സിൻെറ സുവിശേഷത്തിൽ പരോക്ഷമായാണു ബറാബാസി ൻെറ തെരഞ്ഞെടുപ്പ്. മത്തായി തെരഞ്ഞെടുപ്പ് പ്രത്യക്ഷമായി ചിത്രീകരിച്ചിരിക്കുന്നു (മത്താ. 27: 21:b). 22–ാം വാക്യത്തിൽ മത്തായി ചില്ലറ മാററങ്ങൾ വരുത്തുന്നു. മർക്കോസിൻെറ 'യൂദന്മാ

24. കൈയെഴുത്തു പ്രതികളിൽ ജീസസ് ബറാബാസ് എന്ന പ്രയോഗം അവ്യക്തമാണെങ്കിലും ആധുനികരായ വേദഗ്രന്ഥ വിശാരദന്മാർ ഈ പാഠ ഭേദമാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്.

www.malankaralibrary.com

ുടെ രാജാവു്'' എന്ന അഭിസംബോധന മത്തായി 'ഈശോ മിശിഹാ' എന്നാക്കി മാററിയിരിക്കുന്നു. മത്തായിയുടെ ക്രിസ്തു ദർശനാനുസാരിയാണു് ഈ മാററം.

യുക്തിയധിഷ്ഠിതമായ തീരുമാനമാണു് ജനക്കൂട്ടത്തിന്റെ പ്രഥമയുത്തരം— 'അവനെ ക്രൂശിക്കുക.' ജനത്തിന്റെ ഉഗ്രരോഷം ഇതിൽ പ്രകടമല്ല. ജനതതിയുടെ രണ്ടാമത്തെ ഉത്തരം വെറുപ്പോടുകൂടിയ ഒരാക്രന്ദനമായിരുന്നു.

അടുത്ത രണ്ടു് വാക്യങ്ങൾ (24, 25) മത്തായിയുടെ സ്വന്തമാണു്. മററു ലിഖിതപ്രമാണങ്ങളിൽനിന്നു് കടമെടുത്തതല്ലവ. ശൈലിയും പദപ്രയോഗവും ഇതു വ്യക്തമാക്കുന്നു. ophelein, opsesthe, athoos, haima, laos, hymeis ഇത്യാദിപദങ്ങൾ മത്തായിയുടെ സ്വന്തമായ പ്രയോഗമാണു്. അനന്തരഗാമി എന്ന അർത്ഥത്തിൽ techena എന്ന പദം ഉപയോഗിച്ചും മത്തായിക്കു പരിചയമുണ്ടു്. ഈ രണ്ടുവാക്യങ്ങളും രചയിതാവിന്റെ സ്വയം കൃതവചസ്സുകളാണെന്നു് ഇവയെല്ലാം തെളിയിക്കുന്നു.

26–ാം വാക്യത്തിൽ ചില്ലറ വ്യത്യാസങ്ങൾ വരുത്തുന്നു മത്തായി. ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്തുവാൻ പീലാത്തോസു് ആഗ്രഹിക്കുന്നതായി ഇവിടെ സൂചനയില്ല. ബറാബാസിനെ ബന്ധനവിമുക്തനായി വിട്ടുകൊടുക്കുകയും യേശുവിനെ കുരിശിൽ തറയ്ക്കുവാൻ ഏല്പിക്കുകയുംചെയ്തു എന്ന കാര്യമാത്ര പ്രസക്തമായ പ്രസ്താവനകൊണ്ടു് ഗ്രന്ഥകാരൻ തൃപ്തിപ്പെടുന്നു.

അതീയായ അവധാനതയോടെയാണു് മത്തായി ബറാബാസിന്റെ ഉപാഖ്യാനം വിവരിക്കുന്നതു്, പ്രാരംഭവാക്യം പെസഹായുടെ തലേന്നാൾ ഒരു തടവുകാരനെ മോചിക്കുന്ന റോമൻ പതിവിനെ സൂചിപ്പിക്കുന്നു.[25] പീലാത്തോസു് യേശുവിനേയും ബറാബാസിനേയും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു് ഒരുവനെ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെടുന്നു. ഝടിതിയിൽ അവിചാരിതമായി ഒരുവൾ യേശുവിനുവേണ്ടി രംഗപ്രവേശനം ചെയ്യുന്നു— പീലാത്തോസിന്റെപത്നി. അവൾ യേശുവിന്റെ നിരപരാധിത്വം ശക്തിയായി പ്രഖ്യാപിക്കുന്നു (വാ: 19). മറുവശത്തു് അവിടുത്തെ കുററാരോപകർ. വദ്വേഷംകൊണ്ടു് അന്ധരായവർ—രക്തംകൊണ്ടല്ലാതെ തൃപ്തരാകാത്തവർ. ഇരുവർക്കും മദ്ധ്യേ ഇതികർത്തവ്യതാമൂഢനായ പീലാത്തോസു്. പ്രിയതമയെ ശ്രവിക്കണോ? യേശുവിനെ രക്ഷിക്കണോ? ബറാബാസിനെ മോചി

---

25. ചരിത്രപരമായ തെളിവുകൾ കമ്മി.

www.malankaralibrary.com

ക്കണോ? പീലാത്തോസ് വീണ്ടും ആവർത്തിച്ചു ചോദിക്കുന്നു, ആരെ വേണമെന്ന്. ജനം ആർത്തുവിളിച്ചുപറഞ്ഞു, 'യേശുവിനെ ക്രൂശിക്കുക ബറാബാസിനെ മോചിപ്പിക്കുക'. കലഹം വർദ്ധിക്കുകയല്ലാതെ പ്രയോജനമില്ലെന്നു പീലാത്തോസ് മനസ്സിലാക്കി. താൻ എടുക്കുവാൻ പോകുന്ന തീരുമാനത്തിൽ തനിക്കുപങ്കില്ലെന്നു കാണിക്കുവാൻ പീലാത്തോസ് ആചാരവിധിപ്രകാരം ക്ഷാളനം ചെയ്യുന്നതാണ് അടുത്ത പരിപാടി.[26] ഒരുവന്റെ കുററരാഹിത്യം പ്രഖ്യാപിക്കുവാനുള്ള പരമ്പരാഗതാചരണമാണ് കരക്ഷാളനം (ആവർത്തനം 21: 1–9). ജനക്കൂട്ടത്തിന്റെ ആക്രന്ദനത്തിനുമുണ്ട് ഒരു പശ്ചാത്തലം (1 സാമു. 2: 33; 2 സാമു. 3: 28–29; 2 സാമു. 1; 16; ജറമി. 26: 15). അങ്ങനെ ഇരുകൂട്ടരും ചട്ടപ്രകാരം തന്നെ അവരുടെ പങ്കുവഹിക്കുന്നു. ക്ഷാളനശേഷം പീലാത്തോസ് ജനക്കൂട്ടത്തിന്റെ ആഗ്രഹപ്രകാരം ബറാബാസിനെ വിട്ടുകൊടുത്തു, യേശുവിനെ ക്രൂശിക്കുവാൻ ഏല്പിച്ചുകൊടുത്തു. യഥാർത്ഥ വിചാരണപോലെ തോന്നത്തക്കവിധം അത്രയ്ക്ക് സജീവമാണ് ഈ ആഖ്യാനം.

പീഡാനുഭവവിവരണത്തിന്റെ അതിപ്രധാനഭാഗത്ത് ബറാബാസിന്റെ ഉപകഥ കൃത്രിമമായി നിർമ്മിച്ച് കൂട്ടിച്ചേർക്കാൻ രചയിതാവിനെ പ്രേരിപ്പിച്ച ചേതോവികാരമെന്താണ്? വാക്യങ്ങൾ 24–25–ൽ യേശുവിന്റെ മരണത്തിൽ യഹൂദന്മാരുടെ ഉത്തരവാദിത്വം വ്യക്തമാക്കുന്നു. പീലാത്തോസ് ക്രിസ്തുവിന്റെ നിരപരാധിത്വം പ്രഖ്യാപിക്കുന്നു. യഹൂദന്മാരാകട്ടെ നീതിമാന്റെ നിണത്തിന്റെ ഉത്തരവാദിത്വം അവരുടെമേലും അവരുടെ അപത്യങ്ങളുടെമേലും ഏറെറടുക്കുന്നു. വിദ്വേഷതിമിരം ബാധിച്ച ഇസ്രായേൽക്കാർ രക്ഷകനെ നിഷ്ക്കരുണം നിരസിക്കുന്നു. നീതിമാന്റെ രക്തം ചിന്തുന്നതിന്റെ കുററം മുഴുവനും അവർ ശിരസ്സിലേററുമ്പോൾ വിജാതീയവനിതാമണിയാകട്ടെ ക്രിസ്തുവിനുവേണ്ടി അപേക്ഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടജനം രക്ഷകനെ തിരസ്ക്കരിക്കുന്നു, ഹനിക്കണമെന്ന് അട്ടഹസിക്കുന്നു. അവരുടെ അന്ധമായഅട്ടഹാസത്തിന്റെ അനന്തരഫലങ്ങളെപ്പററി സൂചിപ്പിക്കുവാനും മത്തായി മടിക്കുന്നില്ല. അതുവഴി അവർ തങ്ങളുടെ പ്രത്യേകാവകാശങ്ങൾ കളഞ്ഞുകുളിക്കുന്നു. അതോടെ വിജാതീയർ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ ആരംഭിക്കുന്നു.

26. A. Vanhoye, Structure and Theology of the Accounts of the Passion in the Synoptic Gosples, Collegeville, Minnesota, 1967, P. 20.

www.malankaralibrary.com

## കുരിശാരോഹണവും മരണവും (27: 33–56)

ക്രൂശിക്കലും പരിഹാസവാക്കുകളും, മരണവും പ്രകൃതിക്ഷോഭങ്ങളും - ഈ വിവരണത്തിലെ രണ്ടു പ്രധാന ഭാഗങ്ങളാണിവ. സിംഹഭാഗവും മർക്കോസിന്റേതുതന്നെ. പ്രത്യേകിച്ച് ഒന്നാംഭാഗത്തിൽ. അന്ധമായ അനുകരണമല്ല. ഇവിടെയും ദർശിക്കാം മത്തായിയുടെ സ്വകീയശൈലിയും ദൈവശാസ്ത്രദർശനവും. ചൊറുക്കാ കലർത്തിയ വീഞ്ഞു് യേശുവിനു കുടിക്കാൻ കൊടുക്കുന്നു (മത്താ. 27: 34). മീറാകലർത്തിയ വീഞ്ഞാണു് മർക്കോസിന്റെ വിവരണപ്രകാരം യേശുവിനു നല്കുന്നതു് (മർക്കോ. 15: 36). മത്തായിയിൽ സങ്കീർത്തനം 68: 22—ന്റെ സ്വാധീനം കാണാം. യേശു രുചിച്ചുനോക്കിയെങ്കിലും കുടിച്ചില്ല. 35—ാംവാക്യത്തിൽ ക്രൂശിക്കലിനല്ല, വസ്ത്രവിഭജനത്തിനാണു് മത്തായി പ്രാധാന്യം നല്കുന്നതു്. 'അവർ അവനെ കുരിശിൽ തറച്ചശേഷം' എന്ന കൃദന്തപ്രയോഗത്തിനുശേഷം വസ്ത്രവിഭജനത്തെപ്പററി പറയുന്നു. കുരിശിനു മുകളിലൊരു കുററാരോപണലിഖിതം സ്ഥാപിച്ചിരുന്നു, 'ഇതാണു് യഹൂദന്മാരുടെ രാജാവായ യേശു.' നിന്ദിക്കുവാൻ വേണ്ടിയാണു് അങ്ങനെ എഴുതിയതു്. പക്ഷേ അതാണു് സത്യം എന്നു വ്യഞ്ജിപ്പിക്കുവാൻ പര്യാപ്തമാണു് മത്തായിയുടെ പ്രയോഗം. 40—ാംവാക്യം നിരീക്ഷകർ യേശുവിനെ പരിഹസിക്കുന്നു, 'നീ ദൈവപുത്രനാണെങ്കിൽ ഇറങ്ങിവരുക. നിന്നെത്തന്നെ രക്ഷിക്കുക'. യേശുവിന്റെ ദൈവപുത്രത്വമാണു് അവഹേളനത്തിന്റെ കേന്ദ്രബിന്ദു. ഈ ഭാഗം വായിക്കുമ്പോൾ യേശുവിന്റെ പ്രലോഭനവിവരണമാണു് മനസ്സിൽ ഓടിയെത്തുക. 'ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക' (മത്തായി 4: 6).

42—ാംവാക്യത്തിൽ പരിഹാസകർ 'ഇസ്രായേലിന്റെ രാജാവേ' എന്നു വിളിച്ചു് ആക്ഷേപിക്കുന്നു. വ്യാജസ്തുതിയാണിതു്. 'ഓ രക്ഷകാ' 'ഞങ്ങൾ കാണുവാൻ' എന്നിങ്ങനെയുള്ള മർക്കോസിന്റെ ആവർത്തനങ്ങൾ മത്തായി ഉപേക്ഷിക്കുന്നു. പകരം ഇവിടെ മത്തായി ഒരു ഉദ്ധരണി കൂട്ടിച്ചേർക്കുന്നു (27:43). സങ്കീ. 22: 9ഉം വിജ്ഞാനം 2 മാണു് ഉദ്ധൃതവാക്യത്തിന്റെ നിർമ്മാണത്തിനു് പ്രചോദനമേകിയതു്[27] യേശു ദൈവസുതനാണെന്ന സത്യത്തിലേക്കു് വെളിച്ചം വീശുവാൻ പര്യാപ്തമാണു് ഈ ഉദ്ധാരണം.

കാൽവരിയിലെത്തുന്നതും, കുരിശിൽ തറയ്ക്കുന്നതും കൃദന്തപ്രയോഗത്തിൽ ചുരുക്കി, ചൊറുക്കാ കലർത്തിയ വീഞ്ഞു നല്കു-

---

27. P. Bonnard, L Erangile, selon S. Mathieu, Paris, 1963. P. 404

ന്നതിലും വസ്ത്രം വിഭജിച്ചെടുക്കുന്നതിലുമാണ് ശ്രദ്ധയൂന്നിയിരിക്കുന്നത്. തുടർന്ന് ഫലകലേഖനവും ദൂഷ്യാക്ഷേപങ്ങളും വർണ്ണിക്കുന്നു. 'ദൈവപുത്രൻ' 'ഇസ്രായേലിന്റെ രാജാവ്' എന്നിങ്ങനെ വിളിച്ചാണ് അവഹേളനം. ക്രിസ്തുവിജ്ഞാനീയനാമങ്ങളാണ് രണ്ടും. ഈ നാമങ്ങൾ മത്തായിയുടെ ക്രിസ്തുദർശനത്തിലേക്ക് വിരൽചൂണ്ടുന്നു.

മർക്കോസിന്റെ വിവരണത്തോടുകൂടി മത്തായി രണ്ട് വിശുദ്ധ ലിഖിത ഭാഗങ്ങൾ കൂട്ടിച്ചേർക്കുന്നു (27: 34, 43). പ്രവചനം ക്രിസ്തുവിൽ നിറവേറി എന്ന ആശയം ഉയർത്തിക്കാട്ടാനാണ് മത്തായിയുടെ ശ്രമം. നിന്ദാപമാനങ്ങളുടെ പാരമ്യത്തിലും ദൈവത്തിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ മത്തായി ദർശിക്കുന്നു. എല്ലാം ദൈവേച്ഛപോലെ നടക്കും. ദൈവം മുൻകൂട്ടി കാണാത്തതായി ഒന്നും സംഭവിക്കുന്നില്ല. വിശുദ്ധ ലിഖിതപൂർത്തീകരണത്തിന് ഇതെല്ലാം നടന്നേപറ്റൂ. ആചാരവിധിപ്രകാരമുള്ള വീഞ്ഞുദാനത്തിൽപോലും വിശുദ്ധ ലിഖിതപൂർത്തീകരണമാണ് മത്തായി കാണുന്നത്.

ക്രിസ്തുവിജ്ഞാനീയപരമാണ്, മത്തായിയുടെ പ്രധാന താല്പര്യം. രക്ഷകനാണെന്ന് അവകാശപ്പെട്ടതാണ് യേശുവിന്റെ കുറ്റം. എതിരാളികൾ സമർപ്പിക്കുന്ന കുറ്റപത്രവും ഇതുതന്നെ. കുരിശിൽ നിന്നിറങ്ങിവന്ന് സ്വയം രക്ഷിച്ചുകൊണ്ട് മറ്റുള്ളവരുടെ രക്ഷകനാണെന്ന് തെളിയിക്കുവാൻ പ്രേക്ഷകരും ആചാര്യന്മാരും യേശുവിനെ വെല്ലുവിളിച്ചു. ഇവിടെ ഒരു വിരോധാഭാസം ദർശിക്കാം. പരിഹാസകർ യേശുവിനെ നിന്ദിക്കുവാൻ ഉപയോഗിക്കുന്ന പദപ്രയോഗങ്ങൾ യഥാർത്ഥത്തിൽ അവിടുന്ന് ആരായിരിക്കുന്നുവോ അതുതന്നെയാണ്. ദൈവപുത്രനും ഇസ്രായേൽക്കാരുടെ നൃപനുമാണവിടുന്ന്. അതവർ അറിഞ്ഞില്ല; ഒട്ടുശ്രമിച്ചുമില്ലറിയാൻ. ആ പ്രഖ്യാപനം പിന്നീട് വരുന്നുണ്ട്. ഒരു വിജാതീയനിൽ നിന്നാണെന്നു മാത്രം. ഇവൻ സത്യമായും ദൈവപുത്രനായിരുന്നു (വാ. 54).

## മരണം (45–56)

യേശുവിന്റെ മരണത്തോടെ പീഡാനുഭവാഖ്യാനം അതിന്റെ മൂർദ്ധന്യത്തിലെത്തുന്നു. ഈ വിവരണത്തെ വീണ്ടും രണ്ടായി തിരിക്കാം. ആദ്യഭാഗത്ത് മത്തായി മർക്കോസിന്റെ ആഖ്യാനം ഏതാണ്ടതേപടി സ്വീകരിച്ചിരിക്കുന്നു. രണ്ടാം ഭാഗത്ത് (51 ശേഷവും) ചിലവിശദീകരണങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

www.malankaralibrary.com

മർക്കോസ് കൃത്യസമയം പറയുമ്പോൾ മത്തായി ഏകദേശ സമയമേ സൂചിപ്പിക്കുന്നുള്ളൂ. ഒൻപതുമണി എന്നു മർക്കോസ് (15 : 34). ഉദ്ദേശം ഒൻപതുമണിയെന്നു മത്തായി (46). യേശുവിന്റെ ദീനവിലാപം മത്തായി മയപ്പെടുത്തുന്നു. 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്തുകൊണ്ടെന്നെ കൈവിട്ടു?' എന്നു മർക്കോസിന്റെ യേശു ദയനീയമായി വിലപിക്കുമ്പോൾ മത്തായിയുടെ യേശു ഉയർന്ന സ്വരത്തിൽ 'എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നു നിലവിളിക്കുന്നേയുള്ളൂ. സർവരാലും പരിത്യക്തൻ; പരിത്യക്തത അതിതീവ്രമായി അനുഭവിക്കുന്നവൻ – അതാണു മർക്കോസിന്റെ യേശു. അത്രയ്ക്കും നിശിതമല്ല മത്തായിയുടെ യേശുവിന്റെ പരിത്യക്തതാനുഭവം. ആരാണു യേശുവിന്റെ നിലവിളി അതുപോലെ എഴുതിയിരിക്കുന്നതു്? (ഏലി ഏലി ലേമാ എന്നു മത്തായി; ഏലോയി, ഏലോയി ലാമാ എന്നു (മർക്കോസ്). ഉത്തരം പറയാൻ പ്രയാസം. കൈയെഴുത്തു പ്രതികളെ ആശ്രയിക്കാമെന്നു വെച്ചാൽ പ്രശ്നം സങ്കീർണമാകാനേ സഹായകമാകൂ. ഏതാണു യേശു പറഞ്ഞതു് എന്നതിനെപ്പററി പണ്ഡിതമണ്ഡലങ്ങളിൽ വാദകോലാഹലങ്ങൾ നടക്കുന്നുണ്ടെങ്കിലും എവിടെനിന്നാണു് അതു് ഉദ്ധരിച്ചിരിക്കുന്നതു് എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. സങ്കീർത്തനം 22–ൽ നിന്നാണു് ഉദ്ധൃതവാക്യം. പരിത്യക്തനായ നീതിമാന്റെ പ്രരോദനമാണു് ഈ സങ്കീർത്തനം. നിരാശനിഴലിക്കുന്ന ഈ വാക്യത്തോടെ സങ്കീർത്തനം ആരംഭിക്കുന്നുവെങ്കിലും ക്രമേണ ഗതിമാറുന്നു. നീതിമാൻ കർത്താവിൽ ആശ്രയിക്കുകയും വിശ്വാസത്തോടെ അവിടത്തെ ഗാഢമായി ആശ്ലേഷിക്കുകയും ചെയ്യുന്നതോടെയാണു് സങ്കീർത്തനത്തിന്റെ സമാപനം. പ്രതിസന്ധികൾക്കും പ്രയാസങ്ങൾക്കും, വേദനകൾക്കും, പീഡകൾക്കും മദ്ധ്യേ ദൈവത്തിൽ ആഴവും, അഗാധവും അതിതീക്ഷ്ണവും, അത്യുജ്ജ്വലവുമായ വിശ്വാസം അർപ്പിക്കുന്ന യേശുവിന്റെ മനസ്സെന്തായിരുന്നുവെന്നു് തെളിയിക്കുവാൻ പര്യാപ്തമാണീ ഉദ്ധരണം[28].

വാക്യങ്ങൾ 48, 49 കളിൽ മർക്കോസിന്റെ വിവരണത്തിന്റെ അവ്യക്തത സുവ്യക്തവും വക്രത ഋജുവുമാക്കുന്നു മത്തായി. മത്തായിയുടെ വിവരണപ്രകാരം പ്രേക്ഷകരിൽ ചിലരാണു് അഭിപ്രായപ്പെടുന്നതു് 'അവർ ഏലിയായെ വിളിക്കുന്നതെന്നു്?. കേട്ടപാതി കേൾക്കാത്തപാതി ഒരുവൻ ഓടുന്നു, വീഞ്ഞിനായി. മറെറാരുവൻ പറയുന്നു 'നില്ക്കട്ടെ ഏലിയാ അവനെ രക്ഷിക്കുവാൻ വരുമോ എന്നു, കാണട്ടെ'. മർക്കോസിന്റെ സുവിശേഷത്തിൽ വീഞ്ഞു കൊണ്ടുവരുന്നവൻ തന്നെയാണു് നിരൂപണം

28 cfr. Donald P. Senior, Passion, P. 298.

www.malankaralibrary.com

നടത്തുന്നതും 'ഏലിയാ അവനെ ഇറക്കുവാൻ വരുമോ എന്നുകാണട്ടെ' എന്നു മർക്കോസ് പറയുമ്പോൾ മത്തായി ദൈവശാസ്ത്രപരമായി വളരെ അർത്ഥമുള്ള ഇവനെ രക്ഷിക്കുവാൻ വരുമോ എന്നു കാണട്ടെ' എന്നാണുപയോഗിക്കുക. യേശുവിന്റെ മരണം കർത്താവിലുള്ള ആത്മസമർപ്പണമായിരുന്നു, വെറും മരണമായിരുന്നില്ല മത്തായിയുടെ വീക്ഷണത്തിൽ. മർക്കോസാകട്ടെ 'യേശു ഉയർന്ന സ്വരത്തിൽ നിലവിളിച്ചു മരിച്ചു എന്നുമാത്രം പറയുന്നു.

മരണത്തോടെ പ്രകമ്പനങ്ങൾ പലതു നടക്കുന്നു. ദേവാലയത്തിലെ തിരശ്ശീലാഛേദനം മാത്രമെ മർക്കോസ് വർണ്ണിക്കുന്നുള്ളു. മത്തായിയാകട്ടെ ഭൂകമ്പം, പാറവിള്ളൽ പ്രേതാലയത്തുറവ്, നിദ്രപ്രാപിച്ച വിശുദ്ധരുടെ ഉയിർപ്പ് എന്നിവയെപ്പററിയും കഥിക്കുന്നു. ഉത്ഥിതരായ വിശുദ്ധർ കല്ലറയിൽനിന്നു വെളിയിൽ വരുകയും, വിശുദ്ധ നഗരത്തിൽ പ്രവേശിച്ച് പലക്കും ദർശനമേകുകയും ചെയ്തു. ഈ മഹാസംഭവങ്ങൾ ശതാധിപനിലും സഹകാരികളിലും ഭീതിയുളവാക്കി.

മത്തായിയുടെ സ്വകീയ ശൈലീപ്രയോഗത്തിന്റെ മററൊരു നിദർശനമാണ് ഈ ആഖ്യാനഭാഗം. seidmos, onoigein, koiman, hagia egerthesan, eiselthen eis, തുടങ്ങിയവ മത്തായിയുടെ പ്രത്യേക പദങ്ങൾതന്നെ 29. ശൈലിയും അദ്ദേഹത്തിന്റേതുതന്നെ. ചില അസാധാരണ പദപ്രയോഗങ്ങൾ പ്രധാന വിഷയത്തിന്റെ വെളിച്ചത്തിൽ വിവരിക്കാവുന്നതേയുള്ളു. അങ്ങനെ നോക്കുമ്പോൾ ഈ ഭാഗം പ്രസാധകന്റെ തൂലികാ വിരുതാണെന്ന് സന്യായം അനുമാനിക്കാം. മുമ്പിലുള്ള വിവരണത്തിന്റെ അനുബന്ധമെന്നോണം മർക്കോസിന്റെ സൂചനയിൽനിന്ന് മത്തായി ശ്രദ്ധാപൂർവ്വം ഈ ഭാഗം രൂപീകരിക്കുന്നു.

അവഹേളനം, യേശുവിന്റെ ദയനീയ വിലാപം — ഈ രണ്ടു രംഗങ്ങളും ചിത്രീകരിക്കുന്നതു 22-ാം സങ്കീർത്തനത്തിൽനിന്ന് കടം വാങ്ങിയ ചായം ഉപയോഗിച്ചാണ്. നീതിമാന്റെ നിലവിളി ശ്രവിക്കപ്പെടാതെ പോകില്ല. നീതിമാനായ യേശു ദൈവത്തോട് നിലവിളിക്കുന്നു. പ്രകൃതിക്ഷോഭങ്ങളിലൂടെ ദൈവം യേശുവിന്റെ ആക്രന്ദനത്തിനു മറുപടി നൽകുന്നു. പരിഹാസവാക്കുകളിലൂടെ പരോക്ഷമായി യേശു ആരാണെന്ന് പ്രതിയോഗികൾ പ്രഖ്യാപിക്കുമ്പോൾ അവിടുത്തെ മരണത്തി

29. G. D KILPATRICK, The Origins of the Gospel according to st. Mathew, p. 47.

www.malankaralibrary.com

ന്റെ യുഗാന്ത്യപരമായ പ്രാധാന്യം പ്രഘോഷിക്കുകയാണ് പ്രകൃതി.

ദൈവശാസ്ത്രപരമായി വളരെ പ്രധാനപ്പെട്ട ആഖ്യാനമാണിത്. പഴയ ആചാരവിധികളുടെ അന്ത്യം, പുതിയ ദൈവിക പ്രവർത്തനങ്ങളുടെ ഉദ്ഘാടനം – ഇതാണ് ഛേദിത തിരശ്ശീലയുടെ സൂചന. പകിട്ടേറിയ പ്രകൃതിക്ഷോഭങ്ങൾ ഒരു യുഗത്തിന്റെ അന്ത്യത്തേയും നവയുഗത്തിന്റെ ആവിർഭാവത്തേയും വ്യംഗിപ്പിക്കുന്നു. യേശുവിന്റെ മരണത്തിന്റെ ജീവദായകശക്തി പുണ്യപാദരുടെ പുനരുത്ഥാനം തെളിയക്കുന്നു 30. എല്ലാവിധ സാദ്ധ്യതകളോടും കൂടിയ ഒരു പുതിയ ആകാശത്തിന്റേയും പുതിയ ഭൂമിയുടെയും നാന്ദിയെ സൂചിപ്പിക്കുന്ന ചൂണ്ടുപലകകളാണിവ. ഇതിനെല്ലാം കാരണം നീതിമാന്റെ മരണവും.

ഭൂകമ്പവും മററു സംഭവങ്ങളും ദർശിച്ച ശതാധിപനും സഹപ്രവർത്തകരും അമ്പരന്നു. 'ഇവൻ സത്യമായും ദൈവപുത്രനായിരുന്നു', അവർ വിളിച്ചുപറഞ്ഞു. ഇദപര്യന്തം പരോക്ഷമായിരുന്ന, അവ്യക്തമായിരുന്ന, പ്രഖ്യാപനങ്ങളെല്ലാം ഇവിടെ പ്രത്യക്ഷവും സുവ്യക്തവുമായിത്തീരുന്നു. യേശു ദൈവസുതനാണ്. വിജാതീയ ശതാധിപന്റെ പ്രഖ്യാപനം വരാനിരുന്ന സംഭവങ്ങളുടെ സൂചനമാത്രമായിരുന്നു. വിജാതീയർ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാനിരിക്കുന്നതിന്റെ സൂചന.

## ഉപസംഹാരം

മർക്കോസിന്റെ പീഡാനുഭവവിവരണങ്ങളാണ് മത്തായി ഉപയോഗിക്കുന്ന പ്രധാന മൂലപ്രമാണം. മത്തായിയുടെ രചനയിൽമാത്രം കാണുന്ന സംഭവങ്ങൾ വാചാപ്പാരമ്പര്യങ്ങളിൽ നിന്നു ലഭിച്ചതാവാം. ലിഖിതപ്രമാണത്തേയോ പ്രമാണങ്ങളേയോ ആശ്രയിച്ചാണവ വിരചിച്ചിരിക്കുന്നതെന്ന അനുമാനത്തിനു് ആവശ്യമില്ലതന്നെ. മർക്കോസിന്റെ ലിഖിതപ്രമാണത്തെ അടിസ്ഥാനമാക്കിത്തന്നെ – മറെറാരു ലിഖിതപ്രമാണവുമായി ബന്ധപ്പെടുത്താതെതന്നെ –മത്തായിയിൽമാത്രം കാണുന്ന പ്രത്യേക വിവരങ്ങൾ തൃപ്തികരമായി വിശദീകരിക്കാവുന്നതാണ്.

മർക്കോസിന്റെ ആഖ്യാനം മുഴുവൻ അതേപടി പുനർലേഖനം ചെയ്യുവാൻ മത്തായി മിനക്കെടുന്നില്ല. ആവശ്യമുള്ളിടത്ത് ചില മിനുക്കുപണികൾ നടത്താനൊട്ടുമടിക്കുന്നില്ലതാനും. അ

---

30. Donald P. Senior, Passion p. 321.

www.malankaralibrary.com

ത്തരം മിനുക്കുപണികൾ ഇടയ്ക്കിടെ കാണാം. രചനയിലും, മിനുക്കുപണികളിലും പ്രത്യേക ലക്ഷ്യങ്ങളുണ്ട് മത്തായിക്ക്. നാടകീയമായി സംഭവങ്ങൾ ആഖ്യാനം ചെയ്യുന്നതിലാണ് മർക്കോസിന്റെ ശ്രദ്ധ. ഹ്രസ്വതയാണ് മത്തായിക്കിഷ്ടം. വിശദമായ വർണ്ണനകൾ— ചിത്രത്തിനാവശ്യമില്ലാത്ത ചായക്കൂട്ടുകൾ— മത്തായി ഉപേക്ഷിക്കുന്നു. അങ്ങനെ ലഭിക്കുന്ന ചിത്രം ആധികാരികവും വ്യക്തവും മസൃണവുമാകണം — അതായിരുന്നു മത്തായിയുടെ താല്പര്യം.

ചില അവസരങ്ങളിൽ മർക്കോസ് സംഭവങ്ങൾ വിവരിക്കുന്നിടത്ത് മത്തായി സംഭാഷണങ്ങൾ നല്കുന്നു. നാടകീയത കൂട്ടുവാൻ പര്യാപ്തമാണീ സംഭാഷണങ്ങൾ. ആവർത്തനം, വൃഥാ സ്ഥൂലവർണ്ണന, മർക്കോസിന്റെ പ്രത്യേകതകളാണിവ. അവ്യക്തതയും അസ്പഷ്ടതയും മർക്കോസിൽ എവിടെ കാണുന്നുവോ, മത്തായി അത് സ്പഷ്ടവും വ്യക്തവുമാക്കുന്നു. അങ്ങനെ അർത്ഥഗ്രഹണക്ഷമത ക്ഷിപ്രസാധ്യമാക്കുന്നു. ഔദ്യോഗിക നാമങ്ങളും പദവികളും എടുത്തുകാണിക്കാനുള്ള വ്യഗ്രതയാണ് മത്തായിയുടെ മറ്റൊരു സവിശേഷത. ഒരു സർവ്വനാമംകൊണ്ട് മർക്കോസ് തൃപ്തിപ്പെടുന്നിടത്ത് സംജ്ഞാനാമത്തോടൊപ്പം ഔദ്യോഗികനാമം കൂടി ഉപയോഗിക്കുന്നു മത്തായി.

ശൈലിയുടെ പ്രത്യേകതയ്ക്കു പുറമേ, തന്റെ ക്രിസ്തു ദർശനവും ആഖ്യാനത്തിൽ ഉൾക്കൊള്ളിക്കുന്നതിൽ അതിവിദഗ്ദ്ധനാണ് മത്തായി. 'പ്രവചന പൂർത്തീകരണം' അതിൽ പ്രഥമസ്ഥാനം അർഹിക്കുന്നു. യേശുവിന്റെ അന്ത്യം ഇടർച്ചയ്ക്കു കാരണമല്ലേ? പീഡാനുഭവവും മരണവും, ദൗത്യനിർവ്വഹണത്തിൽ അവിടുന്നു പരാജയപ്പെട്ടതിന്റെ തെളിവല്ലേ? അവിടുന്ന് ജീവിച്ചിരുന്നപ്പോൾ പലതും പറഞ്ഞു. എന്നിട്ടെന്തുപറ്റി? എന്തുനേടി? ഈവക ചോദ്യങ്ങൾക്ക് മത്തായി നല്കുന്ന ഉത്തരമാണ് 'പ്രവചനപൂർത്തീകരണം,' എല്ലാം ദൈവത്തിന്റെ പദ്ധതിപ്രകാരം നടക്കുന്നു. വേദഗ്രന്ഥങ്ങളിൽതന്നെ കാണാം അവയ്ക്കുള്ള വിശദീകരണങ്ങൾ. വേദഗ്രന്ഥലിഖിതങ്ങൾ പൂർത്തിയാകാനാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്. എണ്ണമറ്റ ഉദ്ധാരണങ്ങളും വേദഗ്രന്ഥമാതൃകകളും, പ്രത്യക്ഷ — പരോക്ഷ പരാമർശങ്ങളും രചയിതാവിന്റെ ഈ ഉദ്ദേശ്യമാണ് വെളിവാക്കുന്നത്.

ഇതൊക്കെയാണെങ്കിലും പീഡാസഹനവിവരണത്തിന്റെ മുഖ്യോദ്ദേശ്യം ക്രിസ്തുശാസ്ത്രപരമാണ്. ക്രമശ: ഇതൾവിടർത്തുന്ന പീഡാസഹനപുഷ്പം ക്രിസ്തുവിന്റെ ദൈവതനയസുഗന്ധത്തെ സാവധാനം പരത്തുന്നു. പരിത്യക്തനും, നിന്ദിതനുമായ

www.malankaralibrary.com

വെറുമൊരു മനുഷ്യനല്ല, അധികാരവും ശക്തിയും സ്വന്തമായുള്ള രാജകീയ രക്ഷകനാണവിടുന്ന്. രംഗരംഗാന്തരങ്ങളിലൂടെ യേശുവിൻെറ ഈ ദൈവികത്വം തെളിഞ്ഞുവരുന്നു. യേശുവിന് സംശയലേശമെന്യേ അറിയാം അവിടുത്തെ അന്ത്യം. പൂർണ്ണ അറിവോടും സമ്മതത്തോടുംകൂടിയാണ് അവിടുന്നു കയ്പേറിയ കാസാ തിരഞ്ഞെടുത്തത്. ഇച്ഛിച്ചിരുന്നെങ്കിൽ, സ്വർഗ്ഗീയസൈന്യങ്ങൾ അവിടുത്തേക്കുവേണ്ടി ശത്രുക്കൾക്കെതിരായി യുദ്ധംചെയ്യുമായിരുന്നു. പീഡാനുഭവവേളയിലെ സംഭവങ്ങൾ എല്ലാം അവിടുത്തെ നിയന്ത്രണത്തിൽതന്നെയാണ്. അവിടുത്തെ ദിവ്യവചസ്സുകളായിരുന്നു അവയുടെ ചാലകശക്തി.

രണ്ടു വിചാരണകളും തുടർന്നുള്ള അവഹേളനങ്ങളും അവിടുത്തെ രക്ഷാകരമഹിമാവിനെ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. വ്യാജോക്തിപ്രയോഗത്തിലൂടെ മത്തായി ഈക്കാര്യം വെളിപ്പെടുത്തുന്നു. വിചാരണയിലൂടെ എതിരാളികൾതന്നെ അവിടുത്തെ രക്ഷാകരമാഹാത്മ്യം അംഗീകരിക്കുന്നു. അവമാനത്തിലൂടെ യേശുവിൻെറ പരമമായ അധികാരത്തെ പരോക്ഷമായി അംഗീകരിക്കുന്നു. കാൽവരിയിലെ താഡനത്തിലും അധിക്ഷേപത്തിലും ഇതുതന്നെ ദർശിക്കാം.

ദൈവം സ്വപുത്രനെ എല്ലാവർക്കും ദൃശ്യമായ രീതിയിൽ ന്യായീകരിക്കുന്നു. ഒരു കുററവാളിയെപ്പോലെ യേശു മരിക്കുന്ന വേളയിൽ ദൈവം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. താനും യേശുവുമായുള്ള ആത്മബന്ധത്തെപ്പററിയും മരണ കാരണത്തിൻെറ ന്യായത്തെപ്പററിയും ദൈവം പ്രഖ്യാപിക്കുന്നു. സ്വന്തപുത്രനുവേണ്ടി ഇറങ്ങിവരുന്ന ദൈവം. ഭൂകമ്പം തുടങ്ങിയ സംഭവങ്ങളിലൂടെ ദൈവം നല്കിയ പ്രത്യുത്തരം— മത്തായിയുടെ ക്രിസ്തുദർശനത്തിൻെറ പരമകാഷ്ഠ ഇവിടെ ആരംഭിക്കുന്നു. ചകിതരായ വിജാതീയർ യേശുവിൽ ദൈവസുതനെ കാണുന്നു. അതുതന്നെയാണ് മത്തായിയുടെ പരമമായ ഉദ്ദേശ്യവും. മരണത്തിലൂടെ യേശുവിൻെറ ദൈവത്വം വെളിപ്പെടുന്നു.

ക്രിസ്തീയ സമൂഹത്തിന് അമൂല്യമായ ഒരു പാഠവും പീഡാസഹനകഥനം നല്കുന്നു. മരണംവരെ യേശു അക്ഷരശ: പിതാവിൻെറ തിരുഹിതാനുസാരം ജീവിച്ചു. അതിനുവേണ്ടി ജീവൻ ത്യജിക്കാനും മടിച്ചില്ലവിടുന്ന്. തീവ്രമായ വേദനയുടേയും നിന്ദ്യമായ മരണത്തിൻേറയും മുമ്പിൽ യേശു കാണിച്ച ധീരമായ ചങ്കൂററം ക്രിസ്തീയസമൂഹത്തിന് ഉദാത്തമായ മാതൃകയാകേണ്ടതാണ്. സഹനത്തിൽ അവിടുന്നു പിതാവിങ്കലേയ്ക്കു തിരിഞ്ഞു. പിതാവിൽ വിശ്വസിച്ചു; ആശ്രയിച്ചു. സ്വശിഷ്യരെ പഠിപ്പി

www.malankaralibrary.com

ച്ച 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന അവിടുന്നുതന്നെ ചൊല്ലിയിരുന്നിരിക്കണം. മരണമുഹൂർത്തത്തിൽപോലും മനസ്സിടിയാതെ അവിടുന്നു് പ. പിതാവിൽ ആശ്രയിച്ചു. പിതാവിന്റെ ഹിതാനുസാരമുള്ള ജീവിതമായിരുന്നു യേശുവിന്റേതു്. പിതാവിന്റെ തിരുവിഷ്ടം നിറവേററുകയായിരുന്നു അവിടുത്തെ ജീവിതലക്ഷ്യം.

അവസാനമായി യേശുവിനെ തിരസ്ക്കരിച്ചതിന്റെ അനന്തരഫലങ്ങൾ യഹൂദന്മാർ അനുഭവിക്കേണ്ടിവരുന്നതായി മത്തായി അടിവരയിട്ടു പറയുന്നു. അവർ രക്ഷകനെ പ്രതീക്ഷിച്ചു് നൂററാണ്ടുകൾ കാത്തിരുന്നു; രക്ഷകൻ ആഗതനായപ്പോൾ അവിടുത്തെ തിരസ്ക്കരിച്ചു. നേതാക്കന്മാർ അവിടുത്തെ നിസ്സാരനായി പരിഗണിച്ചു; നിന്ദാപൂർവ്വം പരിത്യജിച്ചു. (അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും ആയിരിക്കട്ടെ,) എന്നുപോലും അവർ പരിഹാസ്യപൂർവ്വം പറഞ്ഞു. ദൂരവ്യാപകമായ അതിന്റെ പ്രത്യാഘാതങ്ങളെപ്പററി അവരപ്പോൾ ചിന്തിച്ചില്ല. അവർ രക്ഷകനെ ഉപേക്ഷിച്ചു. അവരുടെ ഉപേക്ഷ വിജാതീയരുടെ പ്രവേശന കവാടമായി ഭവിച്ചു. യേശു സ്വരക്തം കൊണ്ടു് പുതിയ ഉടമ്പടിയ്ക്കു മുദ്രവെച്ചു. അങ്ങനെ ഒരു പുതിയ ഇസ്രായേലിനു് ആരംഭം കുറിച്ചു —സഭയുടെ ആരംഭം. ഏതാനും വർണ്ണങ്ങളിലൂടെ മക്കോസിന്റെ ചിത്രത്തിനു് മത്തായി നല്കിയ ആഴവും പരപ്പും!

പരിഭാഷ: തോമസ് പോത്തനാമൂഴി

www.malankaralibrary.com

# കുരിശുമരണം - യേശുവിൻെറ കാലത്ത്

ക്രിസ്തുനാഥൻെറ കുരിശുമരണത്തെപ്പററി ആഴമായി ചിന്തിക്കുന്നതോടൊപ്പം ഈ ശിക്ഷാസമ്പ്രദായത്തിൻെറ ചരിത്രപശ്ചാത്തലംകൂടി അറിഞ്ഞിരിക്കുക ആവശ്യമാണ്. ഭീകരതകൊണ്ടാവാം, കടുത്ത ശിക്ഷയർഹിക്കുന്നവർക്കുമാത്രമേ കുരിശുമരണശിക്ഷ നല്കിയിരുന്നുള്ളു. കുററവാളിയെ നിവർത്തിനാട്ടിയ ഉയരമുള്ള ഒരു കുററിയോടുചേർത്തു തറയ്ക്കുന്ന സമ്പ്രദായം ആദ്യം നിലവിലിരുന്നു. ക്രിസ്തുവിനു 1700 വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട ഹമ്മുറാബിയുടെ നിയമസംഹിതയിൽനിന്നുമാണ് ഈ ശിക്ഷാരീതിയെപ്പററിയുള്ള ഏററവും പഴയലിഖിതവിവരം ലഭിക്കുക. നിവർത്തിനാട്ടിയ ഈ ഒററത്തടിക്കു കുറുകെ വേറൊരു തടികൂടി ഉറപ്പിച്ച് കുററവാളിയുടെ കൈകൾ രണ്ടും വിരിച്ച് തറയ്ക്കുന്ന പരിഷ്ക്കരിച്ചരീതി ക്രിസ്തുവിനു മുമ്പ് ആറാംനൂററാണ്ടിൽ പേർഷ്യയിലാണ് ആരംഭിച്ചത്. അവിടെ സാധാരണമായി ഉപയോഗിച്ചിരുന്ന ഈ ശിക്ഷാസമ്പ്രദായം പിന്നീടു ഫിനിഷ്യാക്കാരും, ഈജിപ്തുകാരും, ഗ്രീക്കുകാരും, കാർത്തജീനിയാക്കാരും, റോമാക്കാരും, സ്വീകരിച്ചു. ഏററവും ഹീനമായ ശിക്ഷാരീതിയായി റോമാക്കാർ ഇതിനെ പരിഗണിച്ചിരുന്നതുകൊണ്ടു അടിമകൾ, കൊലപാതകികൾ, കൊള്ളക്കാർ, രാജ്യദ്രോഹികൾ തുടങ്ങിയവരെ മാത്രമേ കുരിശിലേററിയിരുന്നുള്ളു. അന്തിയോക്കസ് എപ്പിഫാനൂസും, അലക്സാണ്ടർ ജനേവൂസും യഹൂദന്മാരുടെമേൽ ഈ ശിക്ഷാവിധി നടപ്പാക്കിയിട്ടുള്ളതായി ജൊസെഫുസ് രേഖപ്പെടുത്തുന്നുണ്ട്.

പുതിയനിയമകാലത്ത് പല രൂപത്തിലുള്ള കുരിശുകൾ നിലവിലിരുന്നു. T പോലെയുള്ള കുരിശുകളായിരുന്നു സർവ്വസാധാരണം. X. രൂപത്തിലുള്ള കുരിശുകൾ ചുരുക്കമായിരുന്നു. കുരിശിൻെറ തടികൾ മിനുസപ്പെടുത്തിയവ ആയിരുന്നില്ല. മുറിച്ചെടുത്ത മിനുസമില്ലാത്ത തടികൾ ആയിരുന്നു.

റോമൻപട്ടാളക്കാരാണല്ലോ യേശുവിൻെറ മരണവിധി നടപ്പാക്കിയത്. തന്മൂലം അവർ അവരുടെ രീതി തന്നെയാവാം സ്വീകരിച്ചത്. തദനുസാരം വിധി പ്രസ്താവാനന്തരം കുറുകെയുറപ്പിക്കേണ്ട കുരിശിൻെറ തടിയുമായാണ് മരണസ്ഥലത്തേയ്ക്കു പോകേണ്ടത്. അതും നഗ്നമായി. നഗ്നനായി കുററവാളിയെ വഴിയിലൂടെ കൊണ്ടുപോകുന്നതിനെ യഹൂദന്മാർ എതിർത്തിരുന്നതിനാൽ പലസ്തീനായിലെ റോമൻപട്ടാളക്കാർ കുററവാളികൾക്കു ചമ്മട്ടിയടികൾക്കുശേഷം വസ്ത്രം ധരിക്കാൻ അനുവാദം നല്കിയിരുന്നു. അവർ യേശുവിനോടും ഈ ഔദാര്യം കാണിച്ചു (മർക്കോ. 15: 20; മത്തായി 27: 31). കുരിശുമരണത്തിനു വിധിക്കപ്പെട്ടവൻ തൻെറ പേരും താൻ ചെയ്ത കുററവും ലേഖനം ചെയ്ത ഒരു ഫലകം കഴുത്തിൽ തൂക്കിക്കൊണ്ടാണ് വധസ്ഥലത്തേക്കുപോകുക. കുരിശിൻെറ മുകളിലും ഈ കുററപത്രം എഴുതിവെച്ചിരുന്നു.

കുററവാളിയെ നിലത്തുകിടത്തി കൈകൾ രണ്ടും വിരിച്ച് കുറുകെയുള്ള തടിയിൽ തറച്ചശേഷം കുത്തനെ നാട്ടിയിട്ടുള്ള തടിയിൽ ഉറപ്പിക്കുകയായിരുന്നു പതിവ്. ആണികൾ കണങ്കൈയിലാണ് അടിച്ചിരുന്നത്. ആണികൾക്കു ശരീരഭാരം മുഴുവൻ താങ്ങാനാവാത്തതുകൊണ്ടു കൈകാലുകളും ഉദരവും കുരിശിനോടുചേർത്തു ബന്ധിച്ചിരുന്നു. അതിനും പുറമേ നേരെയുള്ള



www.malankaralibrary.com

തടിയിൽ ഇരിപ്പിടംപോലെ ഒരു തടിക്കഷണവും ഉണ്ടായിരിക്കും. കാല്പാദങ്ങൾ വെയ്ക്കുന്നതിനും ചെറിയ ഒരു തടിക്കഷണം പിടിപ്പിച്ചിരുന്നു ചിലപ്പോഴൊക്കെ. ചിലപ്പോൾ പാദങ്ങൾ കുരിശിൽ നേരെവെച്ചു തറയ്ക്കാതെ അരമുതൽ കീഴോട്ടുള്ളഭാഗം വളച്ച് പാദങ്ങൾ ഒന്നിച്ചുവെച്ച് അവയുടെ ഒരു വശത്തുനിന്നും ഇരുകാലുകളിലൂടെയും കടന്നുപോകത്തക്കവിധം ഒരൊററ ആണിയാണടിച്ചിരുന്നത്.

പടയാളികളുടെ അവകാശമാണ് ക്രൂശിതൻെറ വസ്ത്രം (മത്താ 27: 35). റോമൻ ഭരണാധികാരികൾക്കെതിരെ യഹൂദജനതയെ സംഘടിപ്പിക്കുന്നുവെന്ന കുററമാണല്ലോ റോമാക്കാർ യേശുവിൻെറമേൽ ചുമത്തിയത്. ഇതിനാലാണ് 'യഹൂദന്മാരുടെ രാജാവെന്ന' കുററപത്രം പീലാത്തോസ് യേശുവിൻെറ കുരിശിൽ സ്ഥാപിച്ചത് (മർക്കോ. 15: 26; മത്താ. 27: 37; ലൂക്കാ. 23: 38; യോഹ 19: 19). വിശപ്പും ദാഹവും സഹിച്ച് പല ദിവസങ്ങൾ കുരിശിൽകിടന്ന് നീറിനീറി മരിക്കാനാണ് ക്രൂശിക്കപ്പെടുന്നവൻെറ വിധി. ചിലപ്പോൾ ക്രൂശിതനെ പട്ടാളക്കാർ കഠിനമായി മർദ്ദിച്ചിരുന്നു. പെട്ടെന്നു മരിക്കാൻവേണ്ടി പാദങ്ങൾ തല്ലിയൊടിക്കുന്ന പതിവുമുണ്ടായിരുന്നു (യോഹ 19:32 ശേഷം). ഇന്ദ്രിയങ്ങളെ മയക്കി ഭീകരവേദനയ്ക്ക് ശമനം കൊടുക്കുവാനായി ശിക്ഷിതർക്ക് ലഹരിയുള്ള വീഞ്ഞ് നൽകിയിരുന്നു. യേശുവിനും ഈ ലഹരിപാനീയം നല്കിയെങ്കിലും അവിടുന്ന് അത് തിരസ്ക്കരിച്ചു (മത്താ. 27: 34; മർക്കോ. 15: 23).

യേശുവിൻെറ മരണത്തിനുശേഷം മൂന്നു നൂററാണ്ടുകൾ കഴിഞ്ഞുവന്ന റോമൻചക്രവർത്തി കോൺസ്റ്റൻറയിൻ (306–337) ചക്രവർത്തിയാണ് പൈശാചികമായ ഈ ശിക്ഷാരീതി നിറുത്തലാക്കിയത്.

ഫ്രാൻസീസ് നമ്പ്യാപറമ്പിൽ

www.malankaralibrary.com

# ബൈബിൾ ആരാധനക്രമത്തിൽ

## നോമ്പ് ഏഴാം ഞായർ—മർക്കോസ് 11: 1–11

[ബൈബിൾഭാഷ്യം ഡിസംബർ 1975, പേജ് 435–439 കാണുക]

## ഉയിർപ്പ് ഒന്നാംഞായർ—യോഹന്നാൻ 20–1–18

[ബൈബിൾഭാഷ്യം, മാർച്ച് 1976, പേജ് 97–100 കാണുക]

## ഉയിർപ്പ് രണ്ടാം ഞായർ – യോഹന്നാൻ 20: 24–31

ക്രിസ്തുനാഥന്റെ ഉത്ഥാനം സുവിശേഷങ്ങളുടെയെല്ലാം കേന്ദ്രബിന്ദുവാണ്. ഉത്ഥാനമില്ലെങ്കിൽ വിശ്വാസവുമില്ല സഭയുമില്ല. ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമായ ക്രിസ്തുനാഥന്റെ ഉത്ഥാനത്തിലുള്ള വിശ്വാസം ഏറ്റുപറയുന്ന ഒരു ഭാഗമാണ് തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം. ഈ ഭാഗം തോമ്മാശ്ലീഹായുടെ കാര്യത്തിൽ പ്രത്യേകം താല്പര്യമുള്ള യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്നു.

അപ്പസ്തോലസമൂഹത്തിലെ അശുഭാപ്തിവിശ്വാസിയായിരുന്നു തോമ (യോഹ 11: 16). അതോടൊപ്പംതന്നെ സംശയാലുവും. ഉത്ഥിതനായ ക്രിസ്തു സെഹിയോൻ ഊട്ടുശാലയിൽ സന്നിഹിതരായിരുന്ന ശിഷ്യന്മാർക്ക് പ്രത്യക്ഷനായപ്പോൾ തോമാ അവിടെ ഇല്ലായിരുന്നു. മററു ശിഷ്യന്മാരുടെ സാക്ഷ്യം സ്വീകരിക്കുവാൻ അദ്ദേഹം ഒട്ടു തുനിഞ്ഞതുമില്ല. കേട്ടു വിശ്വസിക്കുവാൻ അദ്ദേഹം തയ്യാറായില്ല. തനിക്ക് ഈശോയെ കാണുകയും സ്പർശിക്കുകയും ചെയ്യണമെന്ന് അദ്ദേഹം ശാഠ്യംപിടിക്കുകയാണ്. ''ഞാൻ അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ എന്റെ വിരലുകൾ കടത്തുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്താലെ വിശ്വസിക്കുകയുള്ളു (വാ. 25). ഈശോയുടെ കുരിശുമരണസമയത്ത് അദ്ദേഹം സന്നിഹിതനായിരുന്നു എന്ന വസ്തുത വ്യക്തമാക്കുന്നുണ്ട് ഈ വാക്യം. ഈശോയെ തിരിച്ചറിയാനുള്ള അടയാളം അദ്ദേഹത്തിനറിയാമായിരുന്നു.

ശ്ലീഹന്മാർക്ക് ആദ്യം പ്രത്യക്ഷപ്പെട്ട സ്ഥലത്തും രീതിയിലുമാണ് രണ്ടാമതും ഈശോ പ്രത്യക്ഷനാകുന്നത്. ശിഷ്യർ യഹൂദന്മാരെ ഭയന്നു കഴിയുകയായിരുന്നിരിക്കാം. ഈശോ പ്രത്യക്ഷപ്പെട്ട ഉടനെ തോമ്മായോടാണ് സംസാരിക്കുന്നത്. അവിശ്വാസിയായ തോമ്മായുടെ സംശയം തീർക്കുവാൻ ഈശോ തിരുമനസ്സാകുന്നു. മനുഷ്യഹൃദയങ്ങളുടെ വികാരവിചാരങ്ങൾ അവിടുത്തേക്കറിയാമെന്ന സത്യം വ്യക്തമാക്കുകയാണിവിടെ.

www.malankaralibrary.com

ഈശോയെ കാണുകയും അവിടുത്തെ ശ്രവിക്കുകയും ചെയ്തമാത്രയിൽ തോമാ തന്റെ വിശ്വാസം ഏറ്റുപറയുന്നു. (അദ്ദേഹം ഈശോയെ സ്പർശിക്കുന്നതായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല). ഈ വിശ്വാസപ്രഖ്യാപനം സഭയുടെ വിശ്വാസപ്രഖ്യാപനമാണ് (1 യോഹ. 5, 4–5). തോമായുടെ വിശ്വാസത്തിന്റെ ആഴം വ്യക്തമാക്കുകയാണിവിടെ. യഥാർത്ഥത്തിൽ വിശ്വാസമില്ലാത്ത കാര്യം വിശ്വസിക്കുന്നു എന്നു പറയാൻ അദ്ദേഹം തയ്യാറാകുന്നില്ല. എന്നാൽ ആ വിശ്വാസം കൈവന്നപ്പോൾ അദ്ദേഹം അതു് ഏററം പൂർണ്ണമായി ഏറ്റുപറയുന്നു. ഈ വിശ്വാസപ്രഖ്യാപനംതന്നെയാണ് ക്രിസ്ത്യാനിയുടെയും ജീവിതധർമ്മം. കർത്താവു് ദൈവമാണെന്നു് ഏററുപറയുകയാണു് ക്രൈസ്തവജീവിതത്തിന്റെ അന്തഃസത്ത.

ഈശോ ഉയിർത്തെഴുന്നേററു എന്ന സത്യം മററപ്പസ്തോലന്മാരെപ്പോലെ തന്നെ തോമായും കണ്ടു വിശ്വസിക്കുന്നു (വാ. 20). തോമായുടെ വിശ്വാസപ്രഖ്യാപനത്തിനു മറുപടിയായി ഈശോ പറയുകയാണ് "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്നു്. ഇവിടെ ഏററം അവസാനത്തെ സുവിശേഷഭാഗ്യം അനുസ്മരിക്കുകയാണ് ഈശോ. ഇതനുസ്മരിക്കുവാൻ ഒരു പ്രത്യേക കാരണംകൂടിയുണ്ടു്. തന്റെ സമകാലീനർക്കു മാത്രമേ അവിടുത്തെ കണ്ടു് വിശ്വസിക്കുവാൻ സാധിക്കുകയുള്ളു. ഭാവിതലമുറ അവിടുത്തെ പ്രബോധനങ്ങൾ ശ്രവിച്ചുകൊണ്ടു് അവിടുത്തെ വിശ്വസിക്കേണ്ടിയിരിക്കുന്നു.

വാ. 29 ലെ വാക്കുകൾ തോമായെ ശകാരിക്കുന്നതായി ചിത്രീകരിക്കാറുണ്ടു്. ഇതു് പൂർണ്ണമായും ശരിയല്ല. കാരണം മററപ്പസ്തോലന്മാരും ഈശോയെ കണ്ടാണ് വിശ്വസിക്കുന്നതു്. അന്ധമായ വിശ്വാസം സുവിശേഷം ആവശ്യപ്പെടുന്നില്ല. ആ അർത്ഥത്തിൽ തന്റെ നാഥന്റെ ഉത്ഥാനത്തെക്കുറിച്ചു വ്യക്തമായ തെളിവു ആവശ്യപ്പെട്ടതിൽ തോമ്മായെ കുററപ്പെടുത്താനാവില്ല. മാത്രമല്ല തന്നെപ്പററി കേൾക്കുന്നതെല്ലാം വിശ്വസിക്കാതിരിക്കാൻ തന്റെ ശിഷ്യന്മാർക്കു് അവിടുന്നു് മുന്നറിയിപ്പു നല്കുന്നുമുണ്ടു്. (മർക്കോ. 13: 21).

അവസാനത്തെ രണ്ടു (30, 31) വാക്യങ്ങൾ യോഹന്നാന്റെ സുവിശേഷത്തിന്റെ ഉപസംഹാരമാണ്. (21–ാം അദ്ധ്യായം ഒരു അനുബന്ധമാണു്). ഈ വാക്യങ്ങളിലൂടെ യോഹന്നാൻ തന്റെ സുവിശേഷലക്ഷ്യം വ്യക്തമാക്കുകയാണ്. ഈശോയുടെ ഒരു പൂർണ്ണജീവചരിത്രമെഴുതുകയല്ല അദ്ദേഹത്തിന്റെ ലക്ഷ്യം (വാ. 30). ഈശോ ദൈവപുത്രനാണെന്നുള്ള വിശ്വാസം തന്റെ അനുവാചകർക്കു പകർന്നുകൊടുക്കുന്നതിനും, അങ്ങനെ അവന്റെ നാമത്തിൽ അവർക്ക് നിത്യജീവൻ ഉണ്ടാകേണ്ടതിനും വേണ്ടിയാണ് യോഹന്നാൻ തന്റെ സുവിശേഷം എഴുതിയിരിക്കുന്നതു്. ചുരുക്കത്തിൽ, വിശ്വാസം ഉണ്ടാക്കുകയും അതുവഴി ജീവൻ പകർന്നുകൊടുക്കുകയുമാണ് സുവിശേഷകന്റെ ലക്ഷ്യം. യേശുവിലുള്ള വിശ്വാസമാണ് ജീവനിലേക്കുള്ള മാർഗ്ഗം എന്നതാണ് യോഹന്നാന്റെ സുവിശേഷത്തിലെ കേന്ദ്ര ആശയം. 'അവന്റെ നാമത്തിൽ അവർക്കു ജീവനുണ്ടാകേണ്ടതിനു" എന്ന പദപ്രയോഗം യോഹന്നാന്റെ സുവിശേഷത്തിൽ ഉടനീളം കാണാം (8: 40; 6: 53; 10: 10). ജീവനിലേക്കു നയിക്കുന്ന വിശ്വാസമാണ് യോഹന്നാൻ പ്രതിപാദിക്കുന്നതു്. (വചനമാണു് ജീവൻ എന്നു് ഒന്നാം അദ്ധ്യായത്തിൽ യോഹന്നാൻ വിവരിക്കുന്നുണ്ടു്) ആ വിശ്വാസംതന്നെയാണ് തോമ്മാശ്ലീഹായും ഏററുപറയുന്നതു്. അതിൽ സംശയത്തിനു സ്ഥാനമില്ല. അതു് ദൈവത്തെ എല്ലാമായി ഏററുപറഞ്ഞംഗീകരിക്കുന്നതാണ്. ആ വിശ്വാസമാണ് നിത്യജീവനിലേക്കു് നയിക്കുന്നതു്.

തോമസ് പോത്തനാമൂഴി

www.malankaralibrary.com

## ഉയിർപ്പ് മൂന്നാംഞായർ–യോഹ. 21: 15–19

യോഹന്നാന്റെ സുവിശേഷത്തിന്റെ സമാപനമാണ് 21–ാം അധ്യായം. ഉത്ഥിതനായ ക്രിസ്തു തന്റെ രക്ഷാകരദൗത്യം ശിഷ്യരിലൂടെ തുടരുന്നു– ഇതാണ് ഈ അധ്യായത്തിന്റെ സന്ദേശം. ഉത്ഥാനാനന്തരം ടൈബേരിയസ് തടാകത്തിൽ പത്രോസിന്റെ നേതൃത്വത്തിൽ മീൻപിടിക്കാൻപോയ ഏഴ് ശിഷ്യന്മാർക്ക് ക്രിസ്തു പ്രത്യക്ഷപ്പെട്ട സംഭവമാണ് ഇതിൽ വിവരിക്കുന്നത്. 15–19 വാക്യങ്ങൾ മൂന്നുപ്രാവശ്യം നാഥനെ നിഷേധിച്ചു പറഞ്ഞ പത്രോസ് മൂന്നുപ്രാവശ്യം സ്നേഹപ്രഖ്യാപനം നടത്തുന്ന ഹൃദയസ്പർശിയായ രംഗം അവതരിപ്പിക്കുന്നു. പത്രോസിനെ ശിഷ്യസ്ഥാനത്ത് പുനഃപ്രതിഷ്ഠിച്ചുകൊണ്ട് തന്റെ അജഗണത്തെ മേയ്ക്കുവാനുള്ള ദൗത്യം ഈശോ അദ്ദേഹത്തിനു നൽകുകയാണ്.

### 1) പത്രോസിനെ ശിഷ്യസ്ഥാനത്ത് പുനഃപ്രതിഷ്ഠിക്കുന്നു.

'നീയെന്നെ സ്നേഹിക്കുന്നുവോ' എന്ന് ഈശോ മൂന്നു പ്രാവശ്യം ചോദിക്കുകയും മൂന്നു പ്രാവശ്യവും പത്രോസ് 'ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീയറിയുന്നുവല്ലോ' എന്നുത്തരം നൽകുകയും ചെയ്യുന്നു. ഇത് പീഡാനുഭവവേളയിലെ പത്രോസിന്റെ മൂന്നു നിഷേധങ്ങളെയാണ് അനുസ്മരിപ്പിക്കുക. 'യോനായുടെ പുത്രനായ ശിമയോനേ' എന്നാണ് ഈശോ അഭിസംബോധന ചെയ്യുന്നത്. പത്രോസ് (പാറ) എന്ന പേരിന് അദ്ദേഹം ഇനിയും അർഹനായിത്തീർന്നിട്ടില്ല. ഇവരേക്കാൾ അധികമായി നീയെന്നെ സ്നേഹിക്കുന്നുവോ എന്നാണ് ആദ്യത്തെ ചോദ്യം. ഈശോയുടെ പീഡാസഹനത്തിനുമുമ്പുള്ള പത്രോസിന്റെ വീരവാദത്തിലേയ്ക്കാണ് ഇതു വിരൽചൂണ്ടുന്നതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. തന്നെ അനുഗമിക്കാൻ അപ്പോൾ അവർക്ക് സാധിക്കയില്ല എന്ന് ഈശോ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "എന്തുകൊണ്ട് അനുഗമിച്ചുകൂടാ. ഞാൻ അങ്ങേയ്ക്കുവേണ്ടി എന്റെ ജീവൻ അർപ്പിക്കും" (13: 37). എന്നാൽ അവിടുന്ന് മുന്നറിയിപ്പു നൽകിയിരുന്നതുപോലെ അദ്ദേഹം മൂന്നു പ്രാവശ്യം അവിടത്തെ നിഷേധിച്ചു പറഞ്ഞു. ഇപ്പോൾ അദ്ദേഹം വളരെ സൂക്ഷിച്ചാണ് ഉത്തരം പറയുന്നത്: 'ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീയറിയുന്നുവല്ലോ.' പത്രോസ് താരതമ്യമെല്ലാം ഒഴിവാക്കി പൂർണ്ണമായും ഈശോയിൽ ആശ്രയിക്കുന്നു. മൂന്നു പ്രാവശ്യമുള്ള സ്നേഹപ്രഖ്യാപനം മൂന്നു നിഷേധങ്ങളെ തിരുത്തിക്കുറിക്കുന്നു. മൂന്നു പ്രാവശ്യം ചോദിച്ചതിലുള്ള വ്യഥ പത്രോസിന്റെ പശ്ചാത്താപത്തിന്റെ ആഴം വ്യക്തമാക്കുന്നുണ്ട്. അങ്ങനെ പശ്ചാത്താപവിവശനായി, പരിപൂർണ്ണമായും ഈശോയിൽ ശരണംപ്രാപിക്കുന്ന പത്രോസിനെ വീണ്ടും ശിഷ്യസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു.

### 2) പത്രോസിന് ആടുകളെ മേയ്ക്കുവാനുള്ള ദൗത്യം നൽകുന്നു.

സ്നേഹം ഏറ്റുപറയുന്ന ഓരോ പ്രാവശ്യവും ആടുകളെ പോറ്റുവാനോ മേയ്ക്കുവാനോ ഉള്ള നിർദ്ദേശം പത്രോസിനു ലഭിക്കുന്നുണ്ട്. ആടുകളെ തീറ്റി സംരക്ഷിക്കുക എന്ന അർത്ഥമാണ് 'പോറ്റുക' എന്ന പദത്തിനുള്ളത്. മേയ്ക്കുക എന്നതിന് കൂടുതൽ അർത്ഥവ്യാപ്തിയുണ്ട്. ആട്ടിൻപറ്റത്തെ തീറ്റിപ്പോറ്റുക, നയിക്കുക, സംരക്ഷിക്കുക എന്നിവയെല്ലാം അതുൾക്കൊള്ളുന്നുണ്ട്. ആട്ടിൻപറ്റത്തെ ഭരിക്കുക എന്ന ധ്വനിയും ആ പദത്തിനുണ്ട്. മൂന്നു പ്രാവശ്യം ആവർത്തിച്ചുള്ള നിർദ്ദേശം ഇടയനെന്നനിലയിലുള്ള പത്രോസിന്റെ

www.malankaralibrary.com

അധികാരത്തെ ഉറപ്പിക്കുന്നു. മദ്ധ്യപൂർവ്വദേശത്തെ അന്നത്തെ രീതിയനുസരിച്ച് ഒരുകാര്യം സാക്ഷികളുടെ മുമ്പിൽവച്ച് മൂന്നുപ്രാവശ്യം ആവർത്തിച്ചുപറഞ്ഞാൽ അതിനു ആധികാരികത്വമുണ്ടായിരുന്നു.

'ആടുകളെ മേയ്ക്കുക' എന്നുള്ളതുകൊണ്ട് ആദ്യമായി അപ്പസ്തോലദൗത്യവും ശിഷ്യത്വവുമാണ് ഉദ്ദേശിക്കുന്നത്. 19-ാം വാക്യത്തിൽ എന്നെ അനുഗമിക്കുക എന്ന നിർദ്ദേശമുണ്ടല്ലോ. ഈ ദൗത്യം എല്ലാ ശിഷ്യന്മാർക്കുമുള്ളതാണ്. എന്നാൽ അജഗണത്തിന്റെമേലുള്ള പത്രോസിന്റെ പ്രത്യേകാധികാരവും അതു സൂചിപ്പിക്കുന്നുണ്ട്. ആട്ടിടയന്റെ പ്രതിരൂപംതന്നെ അധികാരത്തെ ദ്യോതിപ്പിക്കുന്നതത്രേ. ദൈവിക ഇടയന്റെ അധികാരത്തിൽ ഇടയൻ പങ്കുപററുന്നു. തനിക്കു് അജഗണത്തിന്റെമേലുള്ള അധികാരവും അവയോടുള്ള ഉത്തരവാദിത്വവും നല്ലയിടയനായ ഈശോ പത്രോസിനു പങ്കുവച്ചുകൊടുക്കുകയാണിവിടെ. ആടുകൾക്കുവേണ്ടി സ്വജീവൻ അർപ്പിച്ച ഈശോയെപ്പോലെ പത്രോസും ആടുകൾക്കുവേണ്ടി സ്വജീവൻ അർപ്പിക്കണം. (ഒ. നോ. വാ. 18–19).

പത്രോസിന്റെ സ്നേഹപ്രഖ്യാപനത്തിനുശേഷമാണ് അദ്ദേഹത്തിനു് അജഗണത്തിന്റെമേൽ അധികാരം കൊടുക്കുന്നതു്. അധികാരപ്രയോഗം സ്നേഹത്തിലധിഷ്ഠിതമാകണമെന്നു താൽപര്യം. അധികാരത്തിനെന്നതിനേക്കാൾ ഉത്തരവാദിത്വത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതു്. നല്ലയിടയന്റെ ഉപമ (യോഹ. 10: 1–18) ഇടയന്റെ ഉന്നതസ്ഥാനത്തിനെന്നതിലുപരി അജഗണത്തോടുള്ള അടുപ്പത്തിനാണല്ലോ ഊന്നൽകൊടുക്കുന്നതു്. ഇടയൻ തന്റെ ജീവൻ അവഗണിച്ചുകൊണ്ടുപോലും ആടുകളെ സംരക്ഷിക്കണം. എസ. 34-ാം അദ്ധ്യായത്തിന്റെ ആശയവും അതുതന്നെ. പത്രോസിന്റെ ഒന്നാം ലേഖനം ആരെഴുതിയതായാലും അതിലെ ഇടയസങ്കല്പം അന്യൂനമത്രേ (ഒ. നോ. 1 പത്രോ. 5: 1–4). പത്രോസ് ഈശോയുടെ സ്ഥാനം ഏറെറടുക്കുന്നില്ലെന്നതും പ്രസ്താവ്യമാണ്. ഈശോയാകുന്നു പ്രധാന ഇടയൻ. അവിടുത്തേയ്ക്കുവേണ്ടിയാണ് പത്രോസ് ഇടയധർമ്മം അനുഷ്ഠിക്കുക. അദ്ദേഹം ഈശോയോടു സ്നേഹവും വിശ്വസ്തതയും പുലർത്തേണ്ടതാവശ്യമാകുന്നു.

ഇടയനായി നിയമിക്കപ്പെടുന്ന പത്രോസ് മരണംവരെ ഈശോയെ പിൻതുടരാൻ ബാദ്ധ്യസ്ഥനത്രേ. 18–19 വാക്യങ്ങൾ പത്രോസിന്റെ മരണത്തെ സൂചിപ്പിക്കുന്നുണ്ട്. ''നീ ചെറുപ്പമായിരുന്നപ്പോൾ സ്വയം അരകൾ മുറുക്കി, ഇഷ്ടമുള്ളിടത്തേയ്ക്കു പോയിരുന്നു. വയസ്സാകുമ്പോൾ നീ കൈകൾ നീട്ടുകയും വേറൊരാൾ നിന്റെ അര ബന്ധിക്കയും നിനക്കിഷ്ടമില്ലാത്തിടത്തേയ്ക്കു കൊണ്ടുപോകയും ചെയ്യും'' (വാ. 18). പ്രത്യക്ഷത്തിൽ വയസ്സാകുമ്പോഴുള്ള അസ്വാതന്ത്ര്യമാണ് ഇവിടത്തെ വിവക്ഷ. പക്ഷേ 'കൈകൾ നീട്ടുന്നതു്' കുരിശുമരണത്തിന്റെ ഒരു പ്രതീകമായി ആദിമ ക്രിസ്ത്യാനികൾ കണ്ടിരുന്നു. അതുകൊണ്ടു് പത്രോസിന്റെ കുരിശുമരണത്തെപ്പററിയുള്ള ഒരു സൂചനയുണ്ടിവിടെ. 19-ാം വാക്യം അതു വ്യക്തമാക്കുന്നു: ''ഏതുവിധത്തിലുള്ള മരണംകൊണ്ടു് ദൈവത്തെ മഹത്വപ്പെടുത്തും'' എന്നതു് രക്തസാക്ഷിത്വത്തെ സൂചിപ്പിച്ചിരുന്ന ഒരു ക്രൈസ്തവപ്രയോഗമത്രെ. വയസ്സാകുമ്പോൾ പത്രോസ് തന്റെ സഹനത്തിലും മരണത്തിലും ഈശോയെ അനുഗമിക്കും എന്നു സാരം. വാ. 19b ഈശോയെ അനുഗമിക്കാനുള്ള ആഹ്വാനമാണല്ലോ. ഈശോയുടെ കുരിശിന്റെ വഴിയിൽ പത്രോസ് അവിടുത്തെ അനുഗമിക്കണം; ഈശോയെപ്പോലെ ആടുകൾക്കുവേണ്ടി ജീവാർപ്പണംചെയ്യാൻ തയ്യാറാകണം.

ജോർജ്ജ് നെല്ലിശ്ശേരി.

www.malankaralibrary.com

## ഉയിർപ്പ് നാലാംഞായർ– മത്താ. 13: 53–58

### നസ്രത്തുകാർ ഈശോയെ തിരസ്കരിക്കുന്നു

ഈശോയ്ക്കും അവിടുത്തെ രക്ഷാകരദൗത്യത്തിനും സ്വന്തം നാട്ടുകാരിൽ നിന്നു് അനുഭവിക്കേണ്ടിവന്ന എതിർപ്പും അവിശ്വാസവും നാടകീയമായ രീതിയിൽ ഈ സുവിശേഷഭാഗം അവതരിപ്പിക്കുന്നു. ''അവിടുന്നു് സ്വന്തം ജനങ്ങളുടെ അടുക്കലേക്കുവന്നു; എന്നാൽ അവർ അവിടത്തെ സ്വീകരിച്ചില്ല'' (യോഹ. 1: 11) എന്ന വി. യോഹന്നാന്റെ വാക്യത്തിന്റെ ഒരു സജീവ ചിത്രീകരണമാണു് ഈ സംഭവം. മനുഷ്യരുടെ അവിശ്വാസം നിമിത്തം ദൈവരാജ്യം നേരിടേണ്ടിവരുന്ന എതിർപ്പുകളേയും പരാജയങ്ങളേയുംപററി വിതക്കാരന്റെ ഉപമയിൽ (മത്താ. 13: 1–23) ഈശോ പരാമർശിച്ചു; ഈ വിവരണം അവയെ സുവ്യക്തമാക്കുന്നു.

ഗലീലിയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യേ ഈശോ സ്വദേശമായ നസ്രത്തിലെ ജപാലയത്തിലെത്തി നാട്ടുകാരും അയൽക്കാരും ബന്ധുക്കളുമായ ജനക്കൂട്ടത്തെ പഠിപ്പിച്ചു. അവിടുന്നു് നസ്രത്തിൽ ചെയ്ത പ്രസംഗത്തിന്റെ രത്നച്ചുരുക്കം ലൂക്കാ സുവിശേഷകൻ നൽകുന്നുണ്ടു്. യുഗാന്ത്യരക്ഷയെപ്പററിയുള്ള പ്രവാചകവാഗ്ദാനങ്ങൾ തന്നിൽ നിറവേറി എന്ന പ്രഖ്യാപനമായിരുന്നതു് (ലൂക്കാ 4: 16 ശേഷവും). വി. മത്തായിയുടെ ഭാഷയിൽ ''സ്വർഗ്ഗരാജ്യത്തിന്റെ സദ്വാർത്ത''യായിരുന്നു ഈശോയുടെ പ്രസംഗങ്ങളുടെയെല്ലാം ഉള്ളടക്കം (മത്താ. 4: 17, 23; 9: 35).

പ്രവാചകാധികാരം ധ്വനിക്കുന്നതും ദൈവികവിജ്ഞാനം പ്രവഹിക്കുന്നതുമായ അവിടുത്തെ പ്രസംഗം നസ്രത്തുകാരെ അത്ഭുതസ്തബ്ധരാക്കി. ദൈവരാജ്യത്തിന്റെ സുവിശേഷത്തെ അന്വർത്ഥമാക്കുന്ന ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളെപ്പററി അവർ കേട്ടിരുന്നു. അത്ഭുതകരമായ രോഗശാന്തികളും മററും അവരുടെയിടയിലും അവിടുന്നു് പ്രവർത്തിച്ചു. ഇതെല്ലാം നസ്രത്തുകാരുടെയിടയിൽ ഒരു വലിയ ചലനം സൃഷ്ടിച്ചു.

എന്നാൽ ആദ്യം അനുഭവപ്പെട്ട വിസ്മയവും ആദരവും താമസിയാതെ അവിശ്വാസമായി പകർന്നു. തങ്ങൾ നേരിട്ടനുഭവിച്ച അത്ഭുതകരമായ ശക്തിയുടേയും വിജ്ഞാനത്തിന്റേയും ഉത്ഭവമെവിടെയാണു് എന്ന പ്രശ്നം അവരുടെ മനസ്സിനെ അസ്വസ്ഥമാക്കി ഈ പ്രശ്നത്തിന്റെ ഉത്തരം സുവ്യക്തമായിരുന്നു. ദൈവംതന്നെ മനുഷ്യരക്ഷക്കായി ഈശോയിൽ പ്രവർത്തിക്കുന്നു. എന്നാൽ നസ്രത്തുകാരുടെ ശ്രദ്ധ അവിടുത്തെ എളിയ കുടുംബസാഹചര്യങ്ങളിൽ തങ്ങിനിന്നു. ദൈവത്തിന്റെ യുഗാന്ത്യപ്രവർത്തനം ഇത്ര വിനീതമായ രീതിയിൽ ആരംഭിക്കും എന്നു് ചിന്തിക്കുവാൻ അവർക്കു കഴിഞ്ഞില്ല. സ്വാർത്ഥപരമായ താല്പര്യങ്ങളും രാജകീയ മിശിഹായെപ്പററിയുള്ള വികലമായ പ്രതീക്ഷകളും അവരുടെ മനസ്സിനെ കീഴടക്കിക്കളഞ്ഞു. നസ്രത്തിലെ തച്ചന്റെ മകനെ മിശിഹായായി സ്വീകരിക്കുവാനും അവിടുത്തെ ദൗത്യത്തിൽ ദൈവത്തിന്റെ യുഗാന്ത്യപദ്ധതിയുടെ പൂർത്തീകരണം ദർശിക്കുവാനും അവർ സന്നദ്ധരായില്ല. തന്നിമിത്തം അവർ ഈശോയിൽ വിശ്വസിച്ചില്ല. ''അവർ അവനിൽ ഇടറിയിരുന്നു.''

പ്രവാചകന്മാർക്കു് സ്വജനങ്ങളിൽനിന്നു് അനുഭവിക്കേണ്ടിവരുന്ന എതിർപ്പിനെപ്പററിയുള്ള ഒരു ആപ്തവാക്യം ഉദ്ധരിച്ചാണു് ഈശോ അവരോടു

www.malankaralibrary.com

മറുപടി പറയുന്നതു് (വാ. 57b; cf. മത്താ. 5; 11–12; 21: 33–44; 23: 29–39; നടപടി 7: 1–53). ദൈവരാജ്യത്തിന്റെ ആവിഷ്ക്കരണങ്ങളും അടയാളങ്ങളുമായ മെസയാനികപ്രവർത്തനങ്ങൾ ഈശോ നസ്രത്തിൽ ചെയ്തില്ല. വിശ്വാസമില്ലാത്തവർക്കു് അവ അർത്ഥശൂന്യമത്രേ.

നസ്രത്തിലെ നാടകം ഇന്നും തുടരുന്നു. ചരിത്രം ആവർത്തിക്കപ്പെടുന്നു. സ്വജനങ്ങൾ ഇന്നും ക്രിസ്തുവിനെ തിരസ്കരിക്കുന്നു. മനുഷ്യാവതാരത്തിന്റേയും കുരിശുമരണത്തിന്റേയും ഉതപ്പു് ഇന്നും ശക്തമായിത്തന്നെ അനുഭവപ്പെടുന്നു. മാനുഷികമായ ചിന്താഗതികളും സ്വാർത്ഥപരമായ താല്പര്യങ്ങളും തെററായ പ്രതീക്ഷകളും ക്രിസ്തുവിലുള്ള വിശ്വാസത്തെ തടസ്സപ്പെടുത്തുന്നു. അന്നു് നസ്രത്തിലെന്നപോലെ, ഇന്നു് നമ്മുടെ അവിശ്വാസം ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിനു് വിഘാതം സൃഷ്ടിക്കുന്നു. എങ്കിലും അവിടുന്നു് തന്റെ ദൗത്യം നമ്മുടെ മദ്ധ്യേ തുടരുകയും ദൈവരാജ്യത്തിന്റെ ദാനങ്ങൾ സമൃദ്ധമായി നൽകുകയും ചെയ്യുന്നു. സജീവവും യഥാർത്ഥവുമായ വിശ്വാസത്തോടുകൂടെ ഉത്സാഹപൂർവ്വം ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലേക്കു് സ്വീകരിക്കുകയാണു് അവിടുത്തെ ദൈവികവിജ്ഞാനവും രക്ഷാകരശക്തിയും അനുഭവിച്ചറിഞ്ഞിട്ടുള്ള നമ്മുടെ കർത്തവ്യം.

ഫാ. ജോർജ്ജ് മണ്ണാട്ടു്

## ഉയിർപ്പു് അഞ്ചാംഞായർ – യോഹ. 6: 53–70

ജീവന്റെ അപ്പത്തെക്കുറിച്ചു ക്രിസ്തു ചെയ്ത പ്രഭാഷണം ഉൾക്കൊള്ളുന്നതാണു് ഇന്നത്തെ സുവിശേഷം. ഇതിലെ പല വാക്യങ്ങളും വിശുദ്ധ കുർബാനയുടെ സ്ഥാപനം സംബന്ധിച്ച വിവരണം അനുസ്മരിപ്പിക്കുന്നു. (മത്താ. 26, 26–29; 1 കൊറിന്ത്യ. 11, 23–26): ഈ സുവിശേഷ ഭാഗം വിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രം വിശദമാക്കുന്നതാണു്.

ഗലീലിത്തടാകത്തിന്റെ മറുകരയിൽ വച്ചു് ക്രിസ്തു അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചു (യോഹ. 6, 1–15). അതിനുശേഷം ക്രിസ്തുവും ശിഷ്യരും ഇക്കരെയുള്ള കഫർനാമിൽ വന്നുചേർന്നു. തന്നെ അന്വേഷിച്ചു പിന്നാലെ വന്നവരുടെ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്തശേഷം നിത്യജീവനേകുന്ന ഭക്ഷണം തേടുകയാണു് ആവശ്യമെന്നു ക്രിസ്തു അവരെ ഉപദേശിച്ചു. അങ്ങനെയുള്ള ഭക്ഷണം മനുഷ്യപുത്രൻ പ്രദാനം ചെയ്യുമെന്നും അവിടുന്നു അരുൾചെയ്തു (വാ 22–27). ഇപ്പറഞ്ഞതിനു ഉപോദ്ബലകമായി എന്തടയാളം കാണിക്കുവാൻ അവിടുത്തേയ്ക്കു കഴിയുമെന്നു് അവർ ചോദിച്ചു. തന്റെ വാക്കുകൾ വിശ്വസനീയമെന്നു തെളിയിക്കുവാൻ മരുഭൂമിയിൽവച്ചു ദൈവം മന്നാ വർഷിച്ച സംഭവവും അവർ ക്രിസ്തുവിന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി.

ഈ സന്ദർഭത്തിലാണു് 'ലോകത്തിനു ജീവൻ പ്രദാനം ചെയ്യുന്ന' ജീവന്റെ അപ്പമാണു താൻ എന്നു ക്രിസ്തു വെളിപ്പെടുത്തിയതു്. താൻ ജീവനുള്ള അപ്പമാണെന്നും ആ അപ്പം തന്റെ ശരീരമാണെന്നും (വാ. 51) മനുഷ്യപുത്രനായ താൻ തന്നെത്തന്നെ യഥാർത്ഥ ഭക്ഷണവും പാനീയവുമായി കൊടുക്കുന്നുവെന്നും ആ രൂപത്തിൽ തന്നെ സ്വീകരിക്കുക നിത്യജീവൻ നേടുന്നതിനു ആവശ്യമാണെന്നും അവിടുന്നു തുടർന്നു പറഞ്ഞു. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ഈ പ്രഭാഷണത്തിൽ ക്രിസ്തു മനുഷ്യപുത്രനും യഥാർത്ഥമന്നായും സ്വ

www.malankaralibrary.com

ഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പവും ആണെന്ന ആശയങ്ങളും അന്തർഭവിച്ചിരിക്കുന്നു.

## യേശു, മനുഷ്യപുത്രൻ

മനുഷ്യപുത്രൻ എന്നുള്ള അപരനാമം സ്വയം സ്വീകരിച്ചുകൊണ്ടാണ് (വാ. 27. 53) ക്രിസ്തു ഈ പ്രഖ്യാപനം നടത്തുന്നത്. ദാനിയേലിന്റെ പ്രവചനങ്ങളിൽ (7, 13-14) ആകാശമേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രന് രാജ്യവും അധികാരവും മഹത്വവും നൽകപ്പെടുമെന്നും എല്ലാ ജാതികളും അവനെ സേവിക്കുമെന്നും പറയുന്നുണ്ട്. മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ വരുന്നതു എല്ലാവരും കാണുമെന്ന (മത്താ. 26, 64) പ്രധാനാചാര്യനായ കയ്യാപ്പായോടു ക്രിസ്തു പറയുകയുണ്ടായി. വി. യോഹന്നാന്റെ വീക്ഷണത്തിൽ മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയവനും സ്വർഗ്ഗത്തിലേയ്ക്കു കയറിയവനുമാണ് (യോഹ. 3. 13) ക്രിസ്തുവിന്റെ ദൈവിക ഉത്ഭവത്തെയാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്.

## യേശു, യഥാർത്ഥ മന്നാ

മരുഭൂമിയിൽ വച്ച് മന്നാ വർഷിച്ചു യഹൂദജനത്തെ സംതൃപ്തരാക്കിയതിനു (പുറ. 16, 4; സംഖ്യ 11, 7-9) അവർ ദൈവത്തിനു സദാ നന്ദി പറഞ്ഞിരുന്നു (സങ്കീ. 105, 39-40). ഭൗതികമന്നായിൽ യഹൂദന്മാർ കാണേണ്ടിയിരുന്നതു ആത്മീയ ഭോജനമായിരുന്നു. മരുഭൂമിയിൽവച്ചു വിശന്നു വലഞ്ഞപ്പോൾ അത്ഭുതകരമായി ഭക്ഷണപാനീയങ്ങൾ അവർക്കു കൊടുത്തതു്, ദൈവവചനമനുസരിച്ചാണ് മനുഷ്യൻ ജീവിക്കേണ്ടതെന്നു അവരെ ബോധ്യമാക്കുവാനായിരുന്നു (ആവ. 8. 3). യോഹന്നാന്റെ വീക്ഷണത്തിൽ ക്രിസ്തുവാണ് യഥാർത്ഥ മന്നാ (6, 30-35). "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ യഥാർത്ഥ അപ്പം നിങ്ങൾക്കു നല്കിയതു മോശയല്ല, ദൈവമാണ്" (വാ. 32. 33). തന്റെ മക്കൾക്കായി ദൈവം നൽകുന്ന യഥാർത്ഥ ആത്മീയ ഭോജനം ക്രിസ്തുവാണ്.

## യേശു, ജീവന്റെ അപ്പം.

യഹൂദന്മാരുടെ വീക്ഷണത്തിൽ, സകല ദാനങ്ങളിലും അനുഗ്രഹങ്ങളിലും ഏററം മികച്ചതു ജീവനാണ്, ഏററം വലിയ ദുരന്തം മരണവും. നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്നവർക്ക് ദീർഘായുസ്സ് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. മരണംകൊണ്ടു അവസാനിക്കാത്ത ഒരു ജീവനുണ്ട്; അതാണു യഥാർത്ഥ ജീവൻ (ദാനി. 12, 2-3). ഈ യഥാർത്ഥ ജീവൻ നീതിമാന്മാർക്കു വാഗ്ദാനം ചെയ്തിട്ടുള്ള ഒന്നാണ് (വിജ്ഞാനം. 5, 1, 14-15). ഇഹത്തിലെ ദീർഘായുസ്സിനെക്കാൾ അഭികാമ്യം പരത്തിലെ നിത്യ ജീവനാണ്. നിത്യജീവൻ പ്രാപിക്കുക എന്നു പറഞ്ഞാൽ ആദിമുതൽ നമുക്കായി ഒരുക്കിയിരിക്കുന്ന ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നാണർത്ഥം (മത്താ. 25, 24.26). ക്രിസ്തു ജീവൻ ആകുന്നു. ക്രിസ്തു നമ്മെ നിത്യമായി ജീവിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള മന്നാ ഭക്ഷിക്കുന്നവർ നിത്യമായി ജീവിക്കും (യോഹ. 6, 58).

## യേശു, വി. കുർബാനയിലെ ജീവന്റെ അപ്പം

യേശു ജീവന്റെ അപ്പമാണ്, പ്രത്യേകിച്ചും വി. കുർബാനയിൽ. ഇവിടെ വിശ്വാസികൾ ക്രിസ്തുവുമായി ഐക്യപ്പെടുന്നു. "എന്റെ ശരീരം

www.malankaralibrary.com

ഭക്ഷിക്കുന്നവരും രക്തം പാനം ചെയ്യുന്നവരും എന്നിലും ഞാൻ അവരിലും വസിക്കുന്നു (യോഹ. 6, 56). രക്ഷപെടുന്നതിനു ക്രിസ്തുവുമായുള്ള ഐക്യം ആവശ്യമാണ്. അതിനുള്ള ഒരു മാർഗ്ഗമാണ് യഥാർത്ഥ വിശ്വാസത്തോടുകൂടി ക്രിസ്തുവിൻെറ ശരീര രക്തങ്ങളിൽ പങ്കുകൊള്ളുക എന്നുള്ളത് (യോഹ. 6, 53). ഉന്നതങ്ങളിൽ നിന്നിറങ്ങിയ ക്രിസ്തുവുമായി ഐക്യപ്പെട്ട്, ഉന്നതങ്ങളിലേയ്ക്കു പ്രവേശിച്ച് നിത്യജീവൻ അവകാശമാക്കുവാനുള്ള ആഹ്വാനമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം ശ്രവിക്കുന്നതു്.

ഫാ. തോമ്മസ് കയ്യാലപ്പറമ്പിൽ

## ഉയിർപ്പ്–6–ാം ഞായർ– യോഹ 5: 19–26

സാബത്തുതിരുനാളിൽ ജറൂസലേം സന്ദർശിച്ച യേശു ബെത്സയ്ദാ തടാകതീരത്തുവച്ച് 38 വർഷങ്ങളായി വികലാംഗനായിരുന്ന ഒരുവനെ സുഖപ്പെടുത്തി. തന്മൂലം, യഹൂദർ സാബത്തുലംഘനമെന്ന കുററം യേശുവിൽ ആരോപിച്ചു. അതിന് യേശു നൽകുന്ന പ്രത്യുത്തരമാണ് പ്രസ്തുത വാക്യങ്ങളിലെ പ്രമേയം. സ്വപിതാവ് എപ്പോഴും പ്രവർത്തനനിരതനാണ്. താതനോടുള്ള ദൃഢബന്ധം–അതാണ് സുതനായതന്നെ സദാ പ്രവർത്തനോന്മുഖനാക്കുന്നതെന്ന് യേശു വ്യക്തമാക്കുന്നു.

യോഹ 5: 19 മുതൽ 30 വരെയുള്ള ഭാഗത്തെ രണ്ടായി തിരിക്കാം. 19 മുതൽ 25 വരെ വാക്യങ്ങൾ, സാക്ഷാത്കൃതയുഗാന്ത്യത്തിൻെറ പശ്ചാത്തലത്തിൽ, യേശുവിൻെറ ജീവദായകപ്രവൃത്തികളേയും, വിധിയേയും പ്രതിപാദിക്കുന്നു. 26 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ, വരാനിരിക്കുന്ന യുഗാന്ത്യവീക്ഷണത്തിൽ ഇതേ ആശയം ചർച്ചചെയ്യുന്നു.

### പിതാവും പുത്രനും തമ്മിലുള്ള ബന്ധം (വാ. 19–20)

യേശു ഔദ്ധത്യപൂർവ്വം സ്വയം ദൈവതുല്യനാക്കി എന്നായിരുന്നു യഹൂദരുടെ ആരോപണം. ഈ ആരോപണത്തിനു് വിശദീകരണം നൽകുന്ന 19–ാംവാക്യം യോഹന്നാൻെറ ക്രിസ്തുവിജ്ഞാനീയത്തിൻെറ രത്നച്ചുരുക്കമാണെന്നുപറയാം. പ്രിയപുത്രനെന്ന നിലയിൽ യേശു സ്വാഭീഷ്ടാനുസാരം, പിതാവിനു് അനിഷ്ടകരമായ യാതൊന്നും പ്രവർത്തിക്കുന്നില്ല. താതനു കീഴ്പെടാത്ത തനയനല്ല യേശു. അവിടുന്നു പിതാവിനോടൊത്തു വർത്തിക്കുന്നു. ജനകൻെറ പ്രവൃത്തികൾ വത്സൻ കാണുന്നു. അതിനാൽ പിതാവു ചെയ്യുന്നവ പുത്രനും ചെയ്യുന്നു. യേശുവിൻെറ പ്രവൃത്തികൾ പിതാവിൻെറ പ്രവൃത്തികൾ തന്നെയാണ്.

യേശുവിൻെറ പുത്രസഹജമായ വിധേയത്വത്തിനു് പ്രത്യുത്തരമായി, പിതാവ് കുമാരനെ സ്നേഹിക്കുന്നു (വാ. 20). തൻെറ പ്രവൃത്തികളെല്ലാം താതൻ തനുജനു വെളിപ്പെടുത്തിക്കൊടുക്കുന്നു. അവയെല്ലാം യേശു മനുഷ്യർക്ക് വെളിപ്പെടുത്തുന്നുണ്ട്. അതിനാൽ ദൈവാവിഷ്കാരം തന്നിൽ പൂർണ്ണമായിരിക്കുന്നുവെന്ന് യേശു അവകാശപ്പെടുന്നു.

തങ്ങൾ ഇപ്പോൾ ദർശിച്ചവ (ഉദാഹരണം: ബെത്സയ്ദായിലെ അത്ഭുതപ്രവൃത്തി)യാണ് ദൈവത്തിൻെറ ഏററവും വലിയ അടയാളങ്ങളെന്ന് അവർ ധരിക്കരുത്. ഇതിനെക്കാൾ വലിയ അടയാളങ്ങൾ കണ്ട് അവർ

www.malankaralibrary.com

അത്ഭുതസ്തബ്ദരാകും (വാ 206). ആദ്ധ്യാത്മികമായി മൃതനായിരുന്ന ഒരുവനു താൻ ദൈവികജീവൻ നല്കിയതിന്റെ അടയാളമാണ് ബത്സയ്ദായിൽ നടന്നതു്. എന്നാൽ, സമയം വരുന്നു. അന്നു് ശാരീരികമായി മരിച്ചവർ കബറിടങ്ങളിൽനിന്നു് ഉയിർത്തെഴുന്നേല്ക്കും; അവർ നിത്യജീവൻ പ്രാപിക്കും. അപ്പോൾ എല്ലാവരും ആശ്ചര്യഭരിതരാകും.

'ഇതിലും മഹത്തരമായ പ്രവൃത്തികൾ' എന്നതുകൊണ്ടു് മരിച്ചവരുടെ ഉയിർപ്പു് മാത്രമല്ല യേശുവിന്റെ പുനരുത്ഥാനവും സൂചിതമായിരിക്കുന്നുവെന്നു് വി. ഗ്രന്ഥപഠിതാക്കൾ അഭിപ്രായപ്പെടുന്നു.

## യേശു–ജീവദാതാവു് (വാ 21)

പിതാവു് മരിച്ചവരെ ഉയിർപ്പിക്കുകയും, അവർക്കു് നവ്യജീവൻ പ്രദാനംചെയ്യുകയും ചെയ്യുന്നു. ജീവന്റേയും മരണത്തിന്റേയുംമേലുള്ള ആധിപത്യം ദൈവത്തിനു മാത്രമാണെന്നു് യഹൂദർ വിശ്വസിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ സാബത്തുദിനത്തിലും ദൈവം ചെയ്യുന്നുവെന്നതു് അവരുടെ അനുഭവമായിരുന്നു. ഈ പ്രത്യേക കഴിവിലും താൻ പിതാവിൽ പങ്കുപററുന്നുവെന്നു് യേശു അവകാശപ്പെടുകയാണു് (വാ. 21). നിത്യജീവൻ ഉണ്ടാകുവാനും അതു പങ്കുവയ്ക്കുവാനും 'യേശുവിനു്' പിതാവിൽനിന്നു് അധികാരം ലഭിച്ചിട്ടുണ്ടു് (വാ. 26). അവിടുന്നു് പിതാവിനോടു് ചേർന്നു് തനിക്കിഷ്ടമുള്ളവർക്കു് ജീവൻപ്രദാനം ചെയ്യുന്നു. ഈ ശക്തിയാണു് അവിടുത്തെ അത്ഭുതപ്രവൃത്തികളിൽ ദർശിക്കുക.

## യേശു–വിധിയാളൻ (വാ. 22–23).

പിതാവു് ആരെയും വിധിക്കുന്നില്ല. ദൈവികജീവനിൽ പങ്കുപററുവാനാണു് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്. പാപംമൂലം ദൈവവുമായുള്ള ബന്ധം മനുഷ്യൻ വിഛേദിച്ചു. എന്നാൽ ദൈവികകാരുണ്യം അവനെ കൈവെടിഞ്ഞില്ല. അവനു് യേശുവിൽ പുതുജീവൻ നൽകാൻ പിതാവു് സന്നദ്ധനായി.

മരിച്ചവരിൽനിന്നുയിർപ്പിച്ചു് നവജീവൻ പ്രദാനംചെയ്യുക, ശിക്ഷാവിധി നടത്തുക എന്നിവ തനുജനിലൂടെയാണു് താതൻ സാധിക്കുന്നതു്. പുത്രന്റെ ജീവദായകങ്ങളായ പ്രവൃത്തികളിലാണു് ദൈവികവിധി അടങ്ങിയിരിക്കുക. ആകയാൽ പുത്രനിൽ നല്കപ്പെട്ട ദൈവികജീവനെ ആശ്ലേഷിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുന്നതനുസരിച്ചു് നിത്യജീവനോ, നിത്യരക്ഷയോ ഒരുവൻ സ്വീകരിക്കുന്നു. യേശുവിൽ വിശ്വസിക്കുകയും അവിടുത്തെ ക്ഷണം സ്വീകരിക്കയും ചെയ്യുന്നവൻ നിത്യജീവനിൽ പങ്കുപററുന്നു. അതു നിരസിക്കുന്നവൻ ശിക്ഷാവിധിക്കു് അർഹനാകുന്നു.

പുത്രനെ ആദരിക്കുന്നവൻ പിതാവിനെ ആദരിക്കുകയാണു്. അതായതു് പിതാവിനോടുള്ള ബന്ധം പുത്രനോടുള്ള ബന്ധത്തിനനുസൃതമായിരിക്കും. കാരണം, 'പിതാവും ഞാനും ഒന്നാണു്' (യോഹ 10: 30) എന്നു് യേശു പറയുന്നു.

## സാക്ഷാത്കൃത യുഗാന്ത്യസൂചന (24–25)

മേൽപ്രസ്താവിച്ച ആശയങ്ങളെല്ലാം ക്രോഡീകരിച്ചിരിക്കയാണു് 24–ാംവാക്യത്തിൽ. ക്രിസ്തുവിന്റെ വചനം ശ്രവിച്ചു് അതിനു് സ്വയം സമ

www.malankaralibrary.com

പ്പിക്കുന്നവൻ പിതാവിനെ സ്വീകരിക്കുകയത്രെ ചെയ്യുന്നതു്. അവനു് നിത്യജീവൻ ഉണ്ടു്. മരണത്തിൽനിന്നു് ജീവനിലേക്കു് അവൻ പ്രവേശിച്ചിരിക്കുന്നു (വാ. 20).

ശിക്ഷാവിധി, നിത്യജീവലബ്ധി ഇവ യുഗാന്ത്യസമയത്തിന്റെ പ്രത്യേകതകളാണു്. എന്നാൽ അവ ഇപ്പോൾത്തന്നെ സന്നിഹിതമത്രെ. കാരണം, ആദ്ധ്യാത്മികമായി നിർജ്ജീവരായവർക്കു് ദൈവവചനം ജീവദായകമാണു്. ആകയാൽ ദൈവപുത്രന്റെ വചനം ശ്രവിക്കുകയും അതിനു് സ്വയം സമർപ്പണത്തിന്റേതായ പ്രത്യുത്തരം നല്കുകയും ചെയ്യുന്നവർ നിത്യജീവനിൽ ഇപ്പോൾത്തന്നെ പങ്കുപററാൻ തുടങ്ങുന്നു. യോഹന്നാന്റെ സാക്ഷാത്കൃതയുഗാന്ത്യദർശനം ഈ വാക്യങ്ങളിൽ വളരെ പ്രത്യക്ഷമാണു്.

ജേക്കബ് പൊറത്തൂർ.

## ഉയിപ്പു് ഏഴാം ഞായർ—യോഹ. 16, 5–11

അന്തിമ അത്താഴസമയത്തു് ക്രിസ്തു ചെയ്ത പ്രഭാഷണത്തിന്റെ ഒരു ഭാഗമാണു് ഇന്നത്തെ സുവിശേഷം. സഭയിൽ പരിശുദ്ധാത്മാവിയുടെ ദൗത്യത്തെക്കുറിച്ചു ക്രിസ്തു നൽകുന്ന പഠനമാണു് ഇതിന്റെ ഉള്ളടക്കം. ശിഷ്യന്മാർക്കു അപ്പസ്തോലദൗത്യം വിശദീകരിച്ചുകൊടുത്ത അവസരത്തിൽ, അവർക്കു മതപീഡനങ്ങൾ നേരിടേണ്ടിവരുമെന്നും ആ അവസരത്തിൽ പരിശുദ്ധാത്മാവിയുടെ സഹായം ലഭിയ്ക്കുമെന്നും ക്രിസ്തു പറയുകയുണ്ടായി (മത്താ. 10, 17–20).

### യേശു—പിതാവിന്റെ പക്കലേയ്ക്കു പോകുന്നു (വാ. 5–7).

ഇന്നത്തെ സുവിശേഷത്തിലെ ആദ്യഭാഗമനുസരിച്ചു (വാ. 5–7) പരിശുദ്ധാത്മാവു ലോകത്തിലേയ്ക്കു ഇറങ്ങിവരുന്നതിനുമുൻപു് ക്രിസ്തു അവിടെനിന്നും പോകുക ആവശ്യമാണു്. ക്രിസ്തു ലോകത്തിൽനിന്നും പോകുക അഥവാ തന്നെ അയച്ചവന്റെ പക്കലേയ്ക്കു ഗമിക്കുക എന്നു പറഞ്ഞാൽ മരിക്കുക എന്നാണർത്ഥം. മരണത്തെക്കുറിച്ചു മററുള്ളവർക്കുള്ള കാഴ്ചപ്പാടല്ല ക്രിസ്തുവിന്റേതു്. മററുള്ളവരെ സംബന്ധിച്ചിടത്തോളം അതു വിധിയാളനായ ദൈവവുമായുള്ള ഒരു ഏററുമുട്ടലാണു്. ആ വിധിയെ അവർ ഭയപ്പെടുന്നു. ക്രിസ്തു മരണത്തെ ഭയപ്പെടുന്നില്ല. കാരണം അവിടുന്നുതന്നെയാണു് വിധി കർത്താവു് (5, 22–27). തന്റെ ദൗത്യം നിർവ്വഹിച്ചശേഷം പിതാവിന്റെ പക്കലേയ്ക്കു മടങ്ങുന്ന ഒരു പുത്രന്റെ അനുഭവം മാത്രമാണു് അവിടുത്തേയ്ക്കുള്ളതു്. ക്രിസ്തു എവിടേയ്ക്കാണു് പോകുന്നതു് എന്നു കുറെ മുൻപു് പത്രോസും (യോഹ. 13, 36) തോമ്മായും (യോഹ. 14–5) ചോദിച്ചതാണു്. ക്രിസ്തു മരിച്ചു് മഹത്വത്തിലേക്കു് പോകുമെന്നു മനസ്സിലാക്കിയ ശിഷ്യർ ഇപ്പോൾ അക്കാര്യം ചോദിയ്ക്കുന്നില്ല.

ശത്രുതാമനോഭാവത്തോടെ വർത്തിക്കുന്ന ലോകത്തിൽനിന്നും തന്റെ ശിഷ്യർ പീഡ അനുഭവിക്കേണ്ടിവരുമെന്നു് (യോഹ. 15, 18–16, 4) ക്രിസ്തു പറഞ്ഞതിനാൽ അവർ അസ്വസ്ഥരായിരുന്നു. തങ്ങളുടെ ഗുരുവും നാഥനുമായ ക്രിസ്തുവിന്റെ വേർപാടിനെക്കുറിച്ചു ഓർക്കുമ്പോൾ അവർ കൂടുതൽ ദുഃഖിതരാണു്. അവർ അനുഭവിക്കുന്ന ദുഃഖം അകററുവാൻ അവിടുന്നു പറയുകയാ

www.malankaralibrary.com

ണ്ടു്, താൻ പോകുന്നുവെങ്കിലും പരിശുദ്ധാത്മാവു് അഥവാ പാറക്ലേത്ത അവരുടെ പക്കലേയ്ക്കു വരുമെന്നു്. താൻ പിതാവിൻെറ പക്കലേയ്ക്കു പോയെങ്കിൽ മാത്രമെ പരിശുദ്ധാത്മാവു് അവരുടെ പക്കലേയ്ക്കു വരുകയുള്ളുവെന്നു് അവിടുന്നു് ഊന്നിപ്പറയുകയുണ്ടായി. കൂടാരത്തിരുനാൾ ദിവസം ക്രിസ്തു ഇക്കാര്യം പറഞ്ഞതാണെന്നു്, വ്യാഖ്യാനമായി യോഹന്നാൻ പറയുന്നുണ്ടു് (യോഹ 7–39). ക്രിസ്തുവിൻെറ വേർപാടും പരിശുദ്ധാത്മാവിൻെറ വരവും പരസ്പരം ബന്ധപ്പെട്ടതാണെന്നു പന്തക്കുസ്താദിനത്തിലെ അനുഭവത്തിൽനിന്നു് ശിഷ്യന്മാർ പിന്നീടു് മനസ്സിലാക്കി (നടപടി. 2, 32–33). ക്രിസ്തുവിൻെറ വേർപാടിൽ ശിഷ്യന്മാരെ ആശ്വസിപ്പിയ്ക്കാനായി വരുന്ന പരിശുദ്ധാത്മാവിൻെറ വേറൊരു ദൗത്യം ലോകത്തെ കുററം വിധിക്കുകയാണു്.

## പരിശുദ്ധാത്മാവു് ലോകത്തെ കുററം വിധിക്കുന്നു (വാ. 8: 11).

ലോകം എന്ന വാക്കുകൊണ്ടു യോഹന്നാൻ അർത്ഥമാക്കുന്നതു്, യേശുവിനെയും അവിടുത്തെ പിതാവിനെയും അറിയുവാൻ വിസമ്മതിക്കുകയും (യോഹ. 1, 10; 8, 23; 17, 25), ഗുരുവിനെയും അവിടുത്തെ ശിഷ്യന്മാരെയും വെറുക്കുകയും (യോഹ. 7: 7; 15: 18–19) ചെയ്യുന്ന ആളുകളെയാണു്. അങ്ങനെയുള്ള ഒരു ലോകത്തിനുവേണ്ടി അവിടുന്നു പ്രാർത്ഥിയ്ക്കുകയില്ല (യോഹ. 17, 9). അതെ, ആ ലോകത്തിൻെറ പാപത്തേയും, അതിൻെറ അനീതിയേയും പരാജയത്തെയുംകുറിച്ചു് വിശ്വാസികളെ ബോധവാന്മാരാക്കുക പരിശുദ്ധാത്മാവിൻെറ ദൗത്യമാണു്.

### ലോകത്തിൻെറ പാപം

തിരുവെഴുത്തുകളും ക്രിസ്തുവിൻെറ അത്ഭുതങ്ങളും ഉണ്ടായിട്ടും ലോകം അവിടുത്തെ വിശ്വസിച്ചില്ല എന്നുള്ളതാണു് അതിൻെറ ഏററവും വലിയ പാപം (വാ. 9).

### ലോകത്തിൻെറ അനീതി

നിയമജ്ഞർ (യോഹ. 9, 16–24) സാൻഹെദ്രിൻ (യോഹ: 11, 47; 53) പീലാത്തോസു് (യോഹ. 19, 13–16) മുതലായ ലൗകികാധികാരികൾ, നീതിനടത്തുന്നു എന്ന മറവിൽ ക്രിസ്തുവിനെ കുററവാളിയായി വിധിച്ചു. മരണശേഷമുള്ള ഉത്ഥാനവും സ്വർഗ്ഗത്തിലേക്കുള്ള ആരോഹണവും ക്രിസ്തു നീതിമാനായിരുന്നു എന്നു പ്രഖ്യാപിയ്ക്കുന്നു. നീതിമാനെ വധിച്ചലോകം അനീതി പ്രവർത്തിച്ചു. പരിശുദ്ധാത്മാവു വരുമ്പോൾ ഇതേക്കുറിച്ചു വിശ്വാസികൾ ബോധവാന്മാരാകും (വാ. 10. നടപടി 2, 22–23).

### ലോകത്തിൻെറ പരാജയം

ക്രിസ്തുവിനെ വിധിയ്ക്കുന്ന ലൗകികാധികാരികൾ സാത്താൻെറ ഉപകരണങ്ങൾ മാത്രമായിരുന്നു (യോഹ. 13, 2; 14–30). സാത്താൻെറ വിജയം ക്ഷണികമായിരുന്നു. സമരത്തിൽ ക്രിസ്തു ജയിച്ചു (യോഹ. 16,33). സാത്താൻെറമേൽ ക്രിസ്തുവിനുള്ള വിജയത്തെക്കുറിച്ചു്, പരിശുദ്ധാത്മാവിൻെറ വരവിനുശേഷം വിശ്വാസികൾ ബോധവാന്മാരായി (വാ. 11).

ഫാ. തോമസു് കയ്യാലപ്പറമ്പിൽ.

www.malankaralibrary.com

# ശ്ലീഹാക്കാലം ഒന്നാംഞായർ— യോഹ. 16, 12–15

ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ അഥവാ പാറക്ലേത്തായെ സ്വീകരിച്ചതിന്റെ ഓർമ്മയാണ് പന്തക്കുസ്താദിനത്തിൽ നാം ആചരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ദൗത്യത്തെക്കുറിച്ച് അന്തിമഅത്താഴസമയത്തു ക്രിസ്തു പറഞ്ഞ കാര്യങ്ങളിൽ ചിലതാണ് ഇന്നത്തെ സുവിശേഷത്തിന്റെ ഉള്ളടക്കം.

വി. യോഹന്നാന്റെ വീക്ഷണത്തിൽ ക്രിസ്തു നമ്മുടെ പാറക്ലേത്തായാണ്, മദ്ധ്യസ്ഥനാണ് (1 യോഹ. 2, 1). നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള ബലിവസ്തുവായി പിതാവിന്റെ മുൻപിൽ നിന്നുകൊണ്ടാണ് അവിടുന്നു പാറക്ലേത്തായായി വർത്തിക്കുന്നത് (1 യോഹ. 2. 2, വെളിപാട്. 5, 6. 9; 12). ശിഷ്യരോടുകൂടെ എന്നും ഉണ്ടായിരിക്കുന്നതിന് ക്രിസ്തു വാഗ്ദാനംചെയ്ത വേറൊരു പാറക്ലേത്തയുണ്ട്, "പരിശുദ്ധാത്മാവു" (യോഹ. 14, 16). വി. മത്തായിയുടെ വീക്ഷണത്തിൽ, മതപീഡനകാലങ്ങളിൽ നീതിന്യായകോടതികളിൽ ക്രിസ്ത്യാനികൾ ചോദ്യംചെയ്യപ്പെടുമ്പോഴാണ് ഈ പരിശുദ്ധാത്മാവു മദ്ധ്യസ്ഥനായി വർത്തിക്കുന്നത് (മത്താ. 10, 20).

ഇന്നത്തെ സുവിശേഷം അനുസരിച്ച് വിശ്വാസികളെ പഠിപ്പിക്കുക എന്നുള്ളതാണ് പരിശുദ്ധാത്മാവിന്റെ പ്രധാന ദൗത്യം. ക്രിസ്തുവിന്റെ ഇഹലോകജീവിതകാലം ഹ്രസ്വമായിരുന്നു. മരണം വളരെ ആസന്നമാണെന്നു അറിയാവുന്ന ക്രിസ്തുവിനു ശിഷ്യരോടു പലതും പറയുവാൻ അവശേഷിച്ചിട്ടുണ്ടായിരുന്നു. അസ്വസ്ഥരും ദുഃഖിതരുമായിക്കഴിയുന്ന അവർ ആ അവസരത്തിൽ എല്ലാം മനസ്സിലാക്കുവാൻ പ്രാപ്തരല്ല. മരണത്തിന്മേലുള്ള അവിടുത്തെ വിജയം പ്രകടമാക്കുന്ന പെസഹാ സംഭവങ്ങൾകൂടാതെ അവിടുത്തെ പഠനം മനസ്സിലാക്കുക ശ്ലീഹന്മാർക്കു ദുഷ്കരമായിരുന്നു. ദേവാലയനശീകരണത്തെയും അതിന്റെ പുനർനിർമ്മിതിയെയുംപറ്റി ക്രിസ്തു പറഞ്ഞതു ശിഷ്യന്മാർ മനസ്സിലാക്കിയതു അവിടുത്തെ ഉത്ഥാനത്തിനുശേഷം മാത്രമാണ് (യോഹ. 2, 9. 12). ഒരു കഴുതക്കുട്ടിയുടെമേൽ ഇരുന്നു യറുശലേം പ്രവേശം നടത്തിയ ക്രിസ്തു, മിശിഹായായിരുന്നുവെന്ന് ശിഷ്യർ മനസ്സിലാക്കിയതും അവിടുത്തെ ഉത്ഥാനത്തിനുശേഷം മാത്രമാണ് (യോഹ. 12, 14–16). ക്രിസ്തുവിനെയും അവിടുത്തെ വെളിപ്പെടുത്തലുകളെയും ശിഷ്യർക്കു മനസ്സിലാക്കിക്കൊടുക്കുക പരിശുദ്ധാരൂപിയുടെ ദൗത്യമാണ്.

ക്രിസ്തുവിന്റെ അദ്ധ്യാപനവും പരിശുദ്ധാരൂപിയുടെ പഠിപ്പിക്കലും തമ്മിൽ അല്പവ്യത്യാസമുണ്ട്. പിതാവിന്റെ നാമത്തിൽ വന്ന പുത്രൻ പിതാവിനെ വെളിപ്പെടുത്തിക്കൊടുത്തു (യോഹ. 5. 43; 17. 6). പുത്രന്റെ നാമത്തിൽ വരുന്ന പരിശുദ്ധാത്മാവു പുത്രനെ വെളിപ്പെടുത്തിക്കൊടുക്കുന്നു. ക്രിസ്തു പഠിപ്പിച്ച കാര്യങ്ങൾ പരിശുദ്ധാത്മാവു പ്രത്യേകവിധം ഓർമ്മപ്പെടുത്തുകയും, മനസ്സിലാക്കിക്കൊടുക്കുകയുമാണു ചെയ്യുന്നത്. ശിഷ്യർ ക്രിസ്തുവിൽനിന്നു നേരിട്ടുകണ്ടതും കേട്ടതുമായ കാര്യങ്ങളെക്കുറിച്ച് അവരെ കൂടുതൽ ബോധവാന്മാരാക്കുകയാണ് പരിശുദ്ധാത്മാവു ചെയ്യുന്നത്. പരിശുദ്ധാത്മാവു പുതുതായി യാതൊന്നും വെളിപ്പെടുത്തുന്നില്ല. ക്രിസ്തുവിന്റെ വെളിപാടു വിശ്വാസികൾക്കു വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുക എന്നുള്ളതാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം. അങ്ങിനെ അവരെ സത്യത്തിലേക്കു നയിക്കുകയാണ് അവിടുത്തെ ലക്ഷ്യം. "പരിശുദ്ധാത്മാവു വന്നുകഴിയു

www.malankaralibrary.com

പോരാം അവൻ സത്യത്തിലേയ്ക്കു നിങ്ങളെ നയിക്കും.'' (വാ. 13). സത്യത്തിലേയ്ക്കു നയിക്കുക എന്നു പറഞ്ഞാൽ ക്രിസ്തുവിലേയ്ക്കു നയിക്കുക എന്നർത്ഥം. ക്രിസ്തു വഴിയും സത്യവും ജീവനും ആകുന്നു. പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങളുടെ ആത്യന്തികമായ ലക്ഷ്യം ക്രിസ്തുവിലേയ്ക്കു ആളുകളെ നയിക്കുക, ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ആളുകളെ ഉറപ്പിക്കുക എന്നിവയാകുന്നു.

ഫാ. തോമ്മസ് കയ്യാലപ്പറമ്പിൽ

## ക്ലീഹാ 2–ാം ഞായർ– യോഹ. 14: 15–24

### ത്രിയേക ദൈവ സഹവാസം

യേശു ചെയ്ത അന്ത്യപ്രഭാഷണത്തിൻെറ ഭാഗമാണ് ഈ വാക്യങ്ങൾ. അവിടുന്ന് ശിഷ്യരോട് യാത്രപറയുകയാണ്. ''എൻെറ കുഞ്ഞുങ്ങളെ! ഞാൻ ഇനി അധികസമയം നിങ്ങളോടുകൂടി ഉണ്ടായിരിക്കുകയില്ല'' (യോഹ. 13: 33). തൻെറ വേർപാടിൽ ശോകാകുലരായ ശിഷ്യരെ ഈശോ ആശ്വസിപ്പിക്കുന്നു. ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ'' (യോഹ. 14: 1). അവരെ ആശ്വസിപ്പിക്കുവാൻ യേശു അവർക്ക് വിവിധ വാഗ്ദാനങ്ങൾ നല്കുന്നു. ''ഞാൻപോയി നിങ്ങൾക്ക് വാസസ്ഥലം ഒരുക്കട്ടെ. ഞാൻ ആയിരിക്കുന്നിടത്തു് നിങ്ങളും ആയിരിക്കുന്നതിന്, ഞാൻ വീണ്ടുംവന്ന് നിങ്ങളെ എൻെറ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോകും'' (14: 3). ''എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും'' (14: 12). ''നിങ്ങൾ അർത്ഥിക്കുന്നതെല്ലാം ഞാൻ നിങ്ങൾക്കേകും'' (14. 13–14). ഇങ്ങനെ യേശു ചെയ്യുന്ന വാഗ്ദാനങ്ങളുടെ ഭാഗമായിട്ടാണ് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും സഹവാസത്തെക്കുറിച്ച് പറയുക. ത്രിയേകദൈവത്തിൻെറ സാന്നിദ്ധ്യവും സഹവാസവും വാഗ്ദാനം ചെയ്തുകൊണ്ട് യേശു അവരെ ആശ്വസിപ്പിക്കുന്നു; ധൈര്യപ്പെടുത്തുന്നു.

ഈ സഹവാസത്തെ മൂന്നായി തിരിക്കാം.
പരിശുദ്ധാത്മാവിൻെറ സഹവാസം (വാ. 15–17)
പുത്രൻെറ സഹവാസം (വാ. 18–21)
പിതാവിൻേറയും പുത്രൻേറയും സഹവാസം (വാ. 22–23)

### പരിശുദ്ധാത്മാവിൻെറ സഹവാസം (വാ. 15–17)

''ആശ്വാസപ്രദൻ,'' ''സത്യാത്മാവ്'' എന്നെല്ലാം വിശേഷിപ്പിക്കുന്ന പരിശുദ്ധാത്മാവിൻെറ സഹവാസത്തെപ്പററിയാണ് ആദ്യം പ്രതിപാദിക്കുക.

സനാതനവും ആന്തരികവുമായ സാന്നിദ്ധ്യമാണ് പരിശുദ്ധാത്മാവിൻേറതു്. ''.......എന്നേയ്ക്കും നിങ്ങളോടുകൂടിയുണ്ടായിരിക്കും'' (വാ. 16) അവിടുന്ന് നിങ്ങളിൽ ആയിരിക്കും (വാ. 17). പരിശുദ്ധാത്മാവ് ക്രൈസ്തവൻെറ ജീവിതത്തിനാധാരമായി, ആന്തരിക ചൈതന്യമായി നിരന്തരം നിലകൊള്ളുന്നു. സത്യമായ ക്രിസ്തുവിനെ നിരന്തരം മനസ്സിലാക്കി, ക്രിസ്തുകേന്ദ്രീകൃതമായുള്ള വിശ്വാസജീവിതത്തിൽ വളരുവാൻ സഹായിക്കുന്ന ആശ്വാസപ്രദനാണ് പ്രസ്തുതാത്മാവ്.

www.malankaralibrary.com

## ലോകവും ശിഷ്യരും

പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിൽ ലോകവും ശിഷ്യരുംതമ്മിൽ അന്തരമുള്ളതായി യേശു പ്രസ്താവിക്കുന്നു. അവിടുത്തെ ദർശിക്കുകയോ, അറിയുകയോ ചെയ്യാത്തതിനാൽ ലോകത്തിന് അസ്വീകാര്യനാണവിടുന്ന്. എന്നാൽ നിങ്ങൾ അവിടുത്തെ അറിയും (വാ. 17). യേശുവിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് യേശുവിൽ വിശ്വസിച്ച ശിഷ്യർക്കേ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ കഴിയൂ. ആത്മാവിൻെറ പ്രവർത്തനങ്ങളുടെ നേരെ മന:പൂർവ്വം കണ്ണടക്കുന്നവർക്ക് പവിത്രാത്മാവിനെ സ്വീകരിക്കുവാൻ സാദ്ധ്യമല്ല. അങ്ങനെയുള്ളവരെയാണ് ''ലോകം'' എന്ന് അവിടെ വിശേഷിപ്പിക്കുന്നത്.

## പുത്രൻെറ സഹവാസം (വാ. 18_21)

യേശുവിൻെറ മരണം വേർപാടല്ല. ഗാഢൈക്യത്തിൻെറ ആരംഭമാണ്. ''ഞാൻ നിങ്ങളെ അനാഥരായി വിട്ടുകളയുകയില്ല. ഞാൻ നിങ്ങളുടെ അടുക്കലേക്കുവരും'' (വാ. 18). ഇവിടെയും ലോകവും ക്രിസ്തുശിഷ്യരും തമ്മിലുള്ള അന്തരം എടുത്തുകാണിക്കുന്നുണ്ട്. ''ലോകം എന്നെ കാണുകയില്ല. എന്നാൽ ഞാനും നിങ്ങളും ജീവിക്കും. ആകയാൽ നിങ്ങളെന്നെ ദർശിക്കും'' (വാ. 19).

യേശുവിൽ മരണം ആധിപത്യം പുലർത്തുകയില്ല. അവിടുന്ന് മരണത്തെ ജയിച്ച് നിത്യം ജീവിക്കുന്നവനായി മാറും. ഉത്ഥിതനായ അവിടുന്ന് ജീവാത്മാവായി ശിഷ്യരിൽ വസിച്ചുകൊണ്ട് അവരെയും ജീവിപ്പിക്കും. അങ്ങനെ ഒന്നായി ജീവിച്ച് ശിഷ്യർ യേശുവിനെ അനുഭവിച്ചറിയും.

## പിതാവിൻെറയും പുത്രൻെറയും സഹവാസം (വാ. 22_23)

ഉത്ഥാനാനന്തരമുള്ള ക്രിസ്തുവിൻെറ സഹവാസം പിതാവിൻേറതുതന്നെയാണ്. പിതാവും പുത്രനും തമ്മിലുള്ള ഗാഢമായ ഒരുമയാണ് ഇതിനു നിദാനം. ഈ ഒന്നിപ്പ് ഒരേ ജീവനിലുള്ള പങ്കുചേരലിലും ഒരേ പ്രവൃത്തി ചെയ്യുന്നതിലും അടങ്ങിയിരിക്കുന്നു. ''പിതാവിന് തന്നിൽത്തന്നെ ജീവനുള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകുന്നതിന് ദൈവം തിരുമനസ്സായി'' (5: 26). ക്രിസ്തുവിൽ വിശ്വസിക്കുന്നവർ പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാവിൻേറയും ഗേഹമായി മാറുന്നു.

## സ്നേഹവും കല്പനാചരണവും

ത്രിയേക ദൈവത്തിൻെറ ഈ സഹവാസത്തിന് ആധാരമായ രണ്ടു വ്യവസ്ഥകളാണ് സ്നേഹവും, കല്പനാചരണവും. നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ.... എന്ന വ്യവസ്ഥ ഈ ത്രിവിധ സഹവാസങ്ങളോടും യോജിച്ചിരിക്കുന്നു. യേശുവിനോടുള്ള സ്നേഹം ക്രിയാത്മകമായിരിക്കണം. യേശുവിനെ സ്നേഹിക്കുന്നതും, അവിടുത്തെ കല്പനകൾ അനുഷ്ഠിക്കുന്നതും, ഒരു യാഥാർത്ഥ്യത്തിൻെറ രണ്ടു വശങ്ങളത്രെ. യേശുവിൻെറ ഏററവും വലിയ കല്പന സ്നേഹംതന്നെയാണ്. അനുസരണത്തിലൂടെയാണ് സ്നേഹം വ്യക്തമാകുക. യഥാർത്ഥ ശിഷ്യന്മാർ സ്നേഹത്തിൻെറ ജീവിതം നയിക്കും. സ്നേഹത്തിൻെറ കല്പനകൾ അനുസരിക്കും. അതുവഴി പിതാവും, പുത്രനും, പരിശുദ്ധാത്മാവും നമ്മിൽ വന്നു വസിക്കും. അങ്ങനെ നാമും ദൈവത്തിൻെറ ആലയങ്ങളായിത്തീരും.

www.malankaralibrary.com

തന്നെ സ്നേഹിക്കുന്നവർക്ക് ക്രിസ്തു സ്വയം വെളിപ്പെടുത്തുന്നു. "എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കും; ഞാനും അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിപ്പെടുത്തുകയും ചെയ്യും (വാ. 21). എത്രയധികം നാം ദൈവത്തെ സ്നേഹിക്കുകയും അറിയുകയും ചെയ്യുന്നുവോ, അത്രയധികം നാം ദൈവത്തെ അറിയുകയും, ദൈവത്തോടടുത്ത് ജീവിക്കുകയും ചെയ്യും. നമ്മുടെ ദൈവജ്ഞാനത്തിന്റേയും, ദൈവ സഹവാസത്തിന്റേയും പ്രകാശനമാണ് സ്നേഹജീവിതം.

മാത്യു വെള്ളാനിക്കൽ

## ശ്ലീഹാക്കാലം–3–ാം ഞായർ–യോഹ. 3: 1–10

### യേശുവും നിക്കോദേമൂസും തമ്മിലുള്ള സംവാദം

യേശുവും നിക്കൊദേമൂസും തമ്മിലുള്ള ഈ സംഭാഷണത്തിന്റെ വിഷയം വിശ്വാസമാണ്. യേശുവിന്റെ അത്ഭുതങ്ങളിൽ ആകൃഷ്ടരായി തന്നിൽ വിശ്വസിച്ചവരുടെ പ്രതിനിധിയായി നിക്കൊദേമൂസ് അവിടുത്തെ സമീപിക്കുന്നു (വാ. 2). എന്നാൽ യേശു അവരുടെ വിശ്വാസത്തെ അംഗീകരിക്കുന്നില്ല (യോഹ 2: 23–25). അവിടുന്ന് നിക്കൊദേമൂസിനെ യഥാർത്ഥ വിശ്വാസജീവിതത്തിലേയ്ക്ക് കൊണ്ടുവരുവാൻ ശ്രമിക്കുകയാണ്. ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിലേയ്ക്ക് അന്ധകാരത്തിൽ കഴിഞ്ഞിരുന്ന നിക്കൊദേമൂസ് വരുന്നു. ഇതിന്റെ പ്രതീകാത്മകമായ അവതരണമാണ് നിക്കൊദേമൂസിന്റെ രാത്രിയിലുള്ള ആഗമനം. സത്യവിശ്വാസത്തെ സമാശ്ലേഷിക്കുന്നതിന് പുനർജ്ജന്മം അവശ്യാവശ്യമാണെന്ന് യേശു വ്യക്തമാക്കുന്നു (വാ. 3–10).

### ദൈവരാജ്യം കാണുന്നതിന് ഉന്നതത്തിൽനിന്ന് ജനിക്കണം

നിക്കൊദേമൂസിന്റെ പ്രസ്താവനയ്ക്ക് (വാ. 2) അവിടുന്ന് മറുപടി നൽകുന്നത് ഇപ്രകാരമാണ്: "സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു: ഒരുവൻ വീണ്ടും ജനിക്കുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യം കാണുകയില്ല" (വാ. 3). യോഹന്നാന്റെ കാഴ്ചപ്പാടിൽ ദൈവരാജ്യം യേശുതന്നെയാണ്. കാരണം, ക്രിസ്തുവിൽ ദൈവരാജ്യം അടിസ്ഥാനപരമായി സാക്ഷാത്കരിക്കുന്നു. സത്യത്തിന് സാക്ഷ്യം വഹിക്കുന്നതിലാണ് തന്റെ രാജത്വം അടങ്ങിയിരിക്കുന്നതെന്നും, സത്യത്തിൽനിന്നുള്ളവരും തന്റെ സ്വരം ശ്രവിക്കുന്നവരുമാണ് ദൈവരാജ്യത്തിലെ അംഗങ്ങളെന്നും 18: 37–ൽ യേശു വിശദീകരിക്കുന്നു. ദൈവരാജ്യം കാണുക അഥവാ അതിലേക്ക് പ്രവേശിക്കുക എന്നുവെച്ചാൽ യേശുവിലുള്ള വിശ്വാസജീവിതത്തിലേയ്ക്ക് പ്രവേശിക്കുക എന്നാണർത്ഥം.

'വീണ്ടും ജനിക്കുക'' എന്നതിന്റെ അർത്ഥം തികച്ചും നവീനമായ ഒരു ജീവിതം ആരംഭിക്കുക എന്നതാകുന്നു. പരിശുദ്ധാത്മാവിയാണ് ഈ നവീനജന്മത്തിന്റെ ശ്രോതസ്സ്. സമവീക്ഷണസുവിശേഷങ്ങളിൽനിന്നറിയുവാൻ കഴിയുന്നതുപോലെ, മാനസികപരിവർത്തനമാണ് ദൈവരാജ്യപ്രവേശനത്തിനുള്ള അവശ്യവ്യവസ്ഥ. "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ. 18: 3). തന്നിലേയ്ക്ക് തന്നെ ഉൾവ



www.malankaralibrary.com

ലിഞ്ഞു് 'അഹ'ത്തിൽ കൂട്ടുകെട്ടി താമസിക്കുന്നതാണ് പാപം. ദൈവത്തിലേയ്ക്കും സഹസൃഷ്ടികളിലേയ്ക്കും തിരിഞ്ഞാലേ, പരിപൂർണ്ണഹൃദയപരിവർത്തനം നടത്തിയാലേ, ക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട രക്ഷയുടെ രാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കയുള്ളു. ഈ ഹൃദയപരിവർത്തനവും പുനരാഭിമുഖ്യവും സാധിക്കുന്നതിനു് യേശുവിന്റെ സുവിശേഷത്തിലേയ്ക്കു് തിരിയണം. യഥാർത്ഥമായ ആന്തരികപരിവർത്തനം കൂടാതെ യേശുവിനെ അറിയുന്നതുകൊണ്ടോ അംഗീകരിക്കുന്നതുകൊണ്ടോ പ്രയോജനമില്ല ഇതുകൊണ്ടാണ് തന്റെ അത്ഭുതങ്ങൾകണ്ടു് തന്നിൽ വിശ്വസിച്ചവരെപ്പററി ക്രിസ്തുനാഥനുണ്ടായ പ്രതികരണം യോഹന്നാൻ ഇപ്രകാരം സംഗ്രഹിക്കുന്നതു്: "എന്നാൽ യേശു അവരെ വിശ്വസിച്ചില്ല; കാരണം അവിടുന്നു് മനുഷ്യരെ അറിഞ്ഞിരുന്നു" (2: 24).

അരൂപിയുടെ സഹായത്താലല്ലാതെ, സുവിശേഷത്തിലേയ്ക്കും നവ്യജീവനിലേയ്ക്കുമുള്ള ഈ നിർണ്ണായകമായ പ്രത്യാഗമനം മനുഷ്യനു് സാദ്ധ്യമല്ല. ഇക്കാരണത്താൽ ഇതിനെ 'അരൂപിയിൽനിന്നുള്ള ജനനം' എന്നു വിളിക്കുന്നു (വാ. 5). ജഡത്തിൽനിന്നു് ജനിക്കുന്നതു് ജഡം (വാ. 6). ജഡത്തിനു് അരൂപിയിലേയ്ക്കു് ഉയരുവാൻ കഴിയുകയില്ല. എന്നാൽ പരിശുദ്ധാത്മാവു് നവ്യജീവന്റെ ഉറവിടമാകയാൽ ഇതു് സാദ്ധ്യം. ആകയാൽ, നമ്മെ യഥാർത്ഥ വിശ്വാസത്തിലേയ്ക്കു് നയിക്കുവാൻ മുൻകൈയെടുക്കുന്നതു് ദൈവമാണ്. വിശ്വാസം ദൈവദാനമാകുന്നു എന്നു പറയുന്നതു അതുകൊണ്ടാണ്. ഈ വിശ്വാസം മനുഷ്യനിൽ ജനിപ്പിക്കുവാൻ, അവന്റെ സ്വാതന്ത്ര്യവും വിനീതവുമായ സഹകരണം അവിടുന്നു് ആവശ്യപ്പെടുന്നു.

## ജലത്താലും അരൂപിയാലുമുള്ള ജനനം

മാമ്മോദീസ എന്ന കൂദാശവഴിയാണ് അരൂപിയുടെ ആന്തരികപ്രവർത്തനം നടക്കുന്നതു്. ഈ യാഥാർത്ഥ്യം മാമ്മോദീസായുടെ നിസ്സീമവും സനാതനവുമായ ഫലത്തെപ്പററി നമ്മെ ബോധവാന്മാരാക്കണം. നമ്മെ മററുള്ളവരിൽനിന്നു് വിഭിന്നരാക്കുന്ന ഘടകവും മാമ്മോദീസയായിരിക്കണം. ഇതു് മരണത്തിൽനിന്നു് നിത്യജീവനിലേയ്ക്കു് നയിക്കുന്ന പാതയാകുന്നു, മരണത്തിന്റെ വാതിലുകളടയ്ക്കുകയും നിത്യസൗഭാഗ്യത്തിന്റെ കവാടങ്ങൾ തുറക്കുകയും ചെയ്യുന്ന മഹാസംഭവമാകുന്നു. വി. പൗലോസ് ഈ വസ്തുത ഊന്നിപ്പറയുന്നുണ്ടു്: ''ഈശോമിശിഹാ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കേണ്ടതിനു് അവനോടുകൂടി മാമ്മോദീസാമൂലം മരണത്തിനു് സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു'' (റോമ. 6: 4). ഒരു നൂതനാസ്തിത്വം, ഉത്ഥിതനായ ക്രിസ്തുവിനെ അംഗീകരിച്ചുകൊണ്ടുള്ള ജീവിതം, ഇതായിരിക്കണം മാമ്മോദീസായെക്കുറിച്ചു് നമുക്കുണ്ടായിരിക്കേണ്ട ആശയം.

## അരൂപിയിൽനിന്നു് ജനിച്ചവന്റെ സ്വാതന്ത്ര്യം

ഇപ്രകാരമുള്ള ജീവിതത്തിലേയ്ക്കു് അരൂപിയിൽ ജനിക്കുകയും എല്ലായ്പോഴും അരൂപിയാൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നവൻ അരൂപിയുടെ സ്വാതന്ത്ര്യം–ദൈവസുതരുടെ സ്വാതന്ത്ര്യം–അനുഭവിക്കും. എല്ലാ ക്രൈസ്തവരും ഈ സ്വാതന്ത്ര്യം നുകരുവാൻ, ആസ്വദിക്കുവാൻ വിളിക്കപ്പെട്ടവരാണ്. എന്നാൽ ഈ സ്വാതന്ത്ര്യം അനുഭവിക്കണമെങ്കിൽ തന്നിൽ പ്രവർത്തിക്കുന്ന അരൂപിയുടെ സാന്നിദ്ധ്യം എപ്പോഴും മനസ്സിലാക്കുകയും തന്നെത്തന്നെ മുഴുവനായി അരൂപിക്കു് തുറന്നു് കൊടുക്കുകയുംചെയ്യണം.

ഫാ. മാത്യു വെള്ളാനിക്കൽ,
വിവ: വർഗ്ഗീസ് പൈനുങ്കൽ.

www.malankaralibrary.com

# ക്ലീഹാ. 4-ാം ഞായർ–യോഹ. 15:8–15

''എന്റെ സ്നേഹത്തിൽ വസിക്കുവിൻ''

യേശു സാക്ഷാത്തായ മുന്തിരിവള്ളി; ശിഷ്യർ ശാഖകളും (യോഹ. 15:1–17). വാക്യങ്ങൾ 1 മുതൽ 6 വരെ മുന്തിരിവള്ളിയെന്ന രൂപകപ്രയോഗം. വാക്യങ്ങൾ 7 മുതൽ 17 വരെ അതിന്റെ വിശദീകരണം. അന്ത്യപ്രഭാഷണത്തിലെ പല വിഷയങ്ങളും ഉൾക്കൊള്ളുന്ന വിശദീകരണഭാഗവും ഇതിലുണ്ട്

## ഫലം പുറപ്പെടുവിക്കുക. (വാ. 8)

'ഫലം പുറപ്പെടുവിക്കുക', 'എന്റെ ശിഷ്യന്മാരായിരിക്കുക' എന്നീ പ്രസ്താവനകൾ ക്രിസ്തീയ ജീവിതത്തിലുള്ള വളർച്ചയെ സൂചിപ്പിക്കുന്നു. പുത്രൻ ജീവദായക ദൗത്യത്തിലൂടെ പിതാവിനെ മഹത്വപ്പെടുത്തിയതുപോലെ (12:28; 13:31–32;14:13) ജീവാർജ്ജനത്തിലൂടെയും പങ്കുവെയ്ക്കുന്നതിലൂടെയും ശിഷ്യർ പിതാവിനെ മഹത്വപ്പെടുത്തും. ജീവാർജ്ജനവും ജീവവിഭാഗവുമാണ് ഫലം പുറപ്പെടുവിക്കുക എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. ഇതു സാദ്ധ്യമാകണമെങ്കിൽ ക്രിസ്തുവിൽ ജീവിക്കുകയും അവിടത്തെ വചനം നമ്മിൽ വസിക്കുവാൻ അനുവദിക്കുകയും ചെയ്യണം. ''നിങ്ങൾ എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ എന്റെ യഥാർത്ഥശിഷ്യരായിരിക്കും'' (8:31).

## ക്രിസ്തുവിന്റെ സ്നേഹത്തിൽ നിലനില്ക്കുക. (വാ. 9–10; 12–25)

ക്രിസ്ത്യാനിയായിരിക്കുന്നതിന് സ്നേഹം അവശ്യഘടകമാണ്: യേശുസ്നേഹവും പരസ്നേഹവും. പിതാപുത്രസ്നേഹത്തിനു നിദാനം അവർ തമ്മിലുള്ള ഐക്യമാണ്. അതുപോലെ ക്രിസ്തുവിനോടുള്ള സ്നേഹം അവിടന്നുമായുള്ള രഞ്ജനത്തിലാണ് യാഥാർത്ഥ്യമാകുക. ശിഷ്യരുടെമേൽ വർഷിച്ചിട്ടുള്ള ക്രിസ്തുവിന്റെ സ്നേഹത്തിന് പ്രത്യുത്തരം നല്കുവാനുള്ള ആഹ്വാനമാണിത്

സ്നേഹം കല്പനാനുസരണം ആവശ്യപ്പെടുന്നു. വെറും വൈകാരികമോ, ഐന്ദ്രികമോ, മാനസികമോ അല്ല പ്രവർത്ത്യോന്മുഖമായിരിക്കണം അത്. സ്നേഹവും അനുസരണവും പരസ്പരപൂരകങ്ങളാണ്. സ്നേഹം അനുസരണം ഉളവാക്കുന്നെങ്കിൽ അനുസരണം സ്നേഹത്തെ വർദ്ധിപ്പിക്കുന്നു.

അടിസ്ഥാനപരമായ പ്രമാണം സ്നേഹത്തിന്റേതാണ് ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങളും സ്നേഹിക്കുവിൻ – ഇതാണ് എന്റെ കല്പന'' (വാ. 12) പരസ്പരസ്നേഹം നമ്മിലുളവാക്കിക്കൊണ്ട് ദൈവസ്നേഹം നമ്മിൽ വസിക്കുന്നു. യേശുവിന്റെ സ്നേഹമാണ് ശിഷ്യന്മാരുടെ പരസ്നേഹത്തിന്റെ മാതൃക. യേശുവിന്റെ സ്നേഹം ജീവൻ സമർപ്പിക്കുന്നതിനു തയ്യാറാവുന്ന സ്നേഹമാണ്. ''സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിൽ കവിഞ്ഞ സ്നേഹമില്ല'' (വാ. 13). ത്യാഗത്തിലൂടെയാണ് സ്നേഹം പ്രകടമാകുക. ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹം ആത്മസമർപ്പണത്തിൽ പ്രകടമാക്കുന്നതുപോലെതന്നെ ശിഷ്യർതമ്മിലുള്ള സ്നേഹവും പ്രകടമാക്കണം. ''നമുക്കുവേണ്ടി തന്റെ ജീവൻ സമർപ്പിച്ചതിൽനിന്ന് ദൈവ

www.malankaralibrary.com

ത്തിന് എത്രമാത്രം സ്നേഹം നമ്മോടുണ്ടെന്ന് അറിയാമല്ലോ. നാമും സഹോദരർക്കുവേണ്ടി ജീവൻ സമർപ്പിക്കേണ്ടിയിരിക്കുന്നു.'' (1 യോഹ. 3: 16).

## യേശുവിന്റെ സ്നേഹിതർ

സ്നേഹത്തിന്റെ പ്രമാണം അനുസരിക്കുന്നവർ യേശുവിന്റെ സുഹൃത്തുക്കൾ ആയിരിക്കും (വാ. 14). യേശുവിന്റെ സ്നേഹത്തിൽ വസിക്കുന്നവരാണ് അവിടുത്തെ സ്നേഹിതർ. ഇതു് വെറുമൊരു മാനസിക മനോഭാവമല്ല; അസ്തിത്വപ്രശ്നമാണ്. യേശുവിൽ പ്രകടമായ, യേശുവിലൂടെ വിശ്വാസികളിൽ വർഷിതമായ സ്നേഹം പരസ്നേഹത്തിൽ യാഥാർത്ഥ്യമാകുന്നു. ശിഷ്യരെ യേശുവിന്റെ സ്നേഹിതർ ആക്കിത്തീർക്കുന്നു. യേശുവിശ്വാസികൾ, യേശുവിൽ ആവിഷ്കൃതമായ ദൈവത്തെ സ്വീകരിച്ചവർ – ഇവരെല്ലാം ഈ ഗണത്തിൽപ്പെടുന്നു. പിതാവിൽനിന്നു കേട്ടവയെല്ലാം ഞാൻ നിങ്ങളെ അറിയിച്ചുകഴിഞ്ഞു. അതിനാലത്രേ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചതു് (വാ – 15)

## ക്രിസ്തീയ സന്തോഷം (വാ– 11)

യേശുവും ശിഷ്യന്മാരും തമ്മിലുള്ള പരസ്പര സഹവാസവും സ്നേഹവുമാണ് യഥാർത്ഥ സന്തോഷത്തിന്റെ സ്രോതസ്സ്. ''എന്റെ സന്തോഷം നിങ്ങളിലുണ്ടാകുവാനും, നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനുംവേണ്ടിയാണ് ഇവയെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞതു്.'' സന്തോഷം ക്രിസ്തീയ ജീവിതത്തിന്റെ അവശ്യഫലമത്രേ. വി. യോഹന്നാന്റെ വീക്ഷണത്തിൽ ക്രിസ്ത്വനുഭവത്തിന്റെയും അതിന്റെ പങ്കുവയ്ക്കലിന്റെയും ആത്യന്തിക ലക്ഷ്യം സന്തോഷം തന്നെ. ''ആദിമുതൽ ഉണ്ടായിരുന്നവനെ,....ജീവന്റെ വചനമായിരിക്കുന്നവനെ....ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.... ഇതു് നമ്മുടെ ആഹ്ലാദം പൂർണ്ണമാകുന്നതിനത്രേ'' (യോഹ. 1:1–4) ഈ ക്രിസ്തീയാനന്ദം നൈമിഷികമായൊരു വികാരാവേശമല്ല. പ്രത്യുത യഥാർത്ഥ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും ഉറവിടമായ ക്രിസ്തുവിനെ – ദൈവത്തെ – കണ്ടെത്തിയതിൽനിന്നുള്ള അനുഭൂതിപരമായ ഒരു സ്ഥിതിവിശേഷമത്രേ. വേദനകൾക്കിടയിലാകാം ഇതു കണ്ടെത്തുവാൻ കഴിയുക. ''നിങ്ങളുടെ ആനന്ദം ആമോദമായി പകരും'' (യോഹ. 16:20) യേശുവിനോടുള്ള വൈയക്തിക ബന്ധത്തിൽനിന്നേ ഈ സന്തോഷം ഉയിർകൊള്ളൂ. വിശ്വാസവും സ്നേഹവും പ്രത്യാശയും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന ജീവിതത്തിലാണ് ഈ യഥാർത്ഥ സന്തോഷം സംലഭ്യമാകുക.

ഫാ. മാത്യു വെള്ളാനിക്കൽ

# ശ്ലീഹാ: അഞ്ചാം ഞായർ– മത്തായി 10: 1–13:

ദൈവരാജ്യ പ്രഘോഷണത്തിനായി ഈശോ തന്റെ പന്ത്രണ്ടപ്പസ്തോലന്മാരെ അയയ്ക്കുന്നതും അതിനുള്ള അധികാരം അവർക്ക് കൊടുക്കുന്നതുമാണ് ഇന്നത്തെ സുവിശേഷത്തിലെ പ്രതിപാദ്യം.

പന്ത്രണ്ടപ്പസ്തോലന്മാരുടെ പേരുകൾ ആദ്യമായിട്ടാണ് മത്തായി വിവരിക്കുന്നതു്. നാലാമദ്ധ്യായത്തിൽ(4, 19) നാല്ല് അപ്പസ്തോലന്മാരുടെ വിളിയെപ്പററി കാണാം. ഈശോ അവരെ അയച്ചുകൊണ്ടു് അരുളിച്ചെയ്തു, ''പുറജാതികളുടെ വഴിയിൽക്കൂടി നിങ്ങൾ പോകരുതു്; ശമ്രായക്കാരുടെ നഗരത്തിൽ പ്രവേശിക്കയുമരുതു്; ഇസ്രായേൽ ഗോത്രത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുക്കലേക്കു് നിങ്ങൾ പ്രധാനമായി പോകുവിൻ''

www.malankaralibrary.com

(v. 5–6). പലസ്തീനായിൽ മാത്രമല്ല യഹൂദന്മാർ താമസിക്കുന്ന പട്ടണങ്ങളിലെല്ലാം അവർ ദൈവരാജ്യം പ്രസംഗിക്കണമെന്നാണ് ഈശോ ആവശ്യപ്പെടുന്നത്. ഇസ്രായേലിനു പുറത്തു താമസിക്കുന്ന യഹൂദന്മാരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ഇവിടെ സ്വാഭാവികമായും ഉദിക്കുന്ന ചോദ്യം, എന്തുകൊണ്ട് സുവിശേഷപ്രഘോഷണം ഇസ്രായേലിനു മാത്രമായി ചുരുക്കുവാൻ ഈശോ ആവശ്യപ്പെടുന്നു എന്നതാണ്. മൂന്നു കാരണങ്ങളാണ് ഇതിന്റെ പിന്നിലുള്ളത്. (1) ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ യഹൂദന്മാർക്ക് പ്രത്യേകമായ ഒരു സ്ഥാനമുണ്ടായിരുന്നു. ദൈവരാജ്യം സ്വീകരിക്കുവാനായി ദൈവം അവരെ അതീതകാലം മുതൽ ഒരുക്കിക്കൊണ്ടു വരികയായിരുന്നു (അവർ ആ ദൈവരാജ്യം നിഷേധിച്ചെങ്കിലും അതു സ്വീകരിക്കുവാനുള്ള ആദ്യ അവസരം അവർക്കാണ് നല്കപ്പെട്ടത്). (2) പുറജാതികളോട് പ്രസംഗിക്കുവാൻ മാത്രം അറിവും പരിചയവും ശ്ലീഹന്മാർക്കില്ലായിരുന്നു. (3) ആദ്യം യഹൂദന്മാർ സുവിശേഷം സ്വീകരിച്ചശേഷം അവരെ മറ്റുള്ള ദേശങ്ങളിലേക്ക് (പുറജാതികളുടെ അടുക്കലേക്ക്) സുവിശേഷപ്രസംഗകരായി അയക്കുക എന്നതായിരുന്നു ഈശോയുടെ ലക്ഷ്യം. സാധാരണഗതിയിൽ ഏതെങ്കിലും ഒരു ദൗത്യത്തിനുവേണ്ടി നാം ഒരു പ്രത്യേക വിഭാഗത്തെ തിരഞ്ഞെടുത്ത് ഒരുക്കുന്നതുപോലെ ലോകത്തിന്റെ മുഴുവൻ സുവിശേഷവല്ക്കരണത്തിനായി യഹൂദജനത്തെ ഒരുക്കുവാൻ ക്രിസ്തു ആഗ്രഹിക്കുകയാണ്. മാത്രമല്ല ഈ ദൗത്യം യഹൂദന്മാർക്കുമാത്രമായിരിക്കാൻ ഈശോ ആഗ്രഹിച്ചില്ല. നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടങ്ങളിലും എന്റെ സുവിശേഷം അറിയിക്കുവിൻ എന്നവിടുന്ന് അരുളിച്ചെയ്യുന്നുണ്ട് (മർക്കോ. 16: 15). മത്തായിയുടെ സുവിശേഷം 28 (18–20)-ാം അദ്ധ്യായത്തിൽ എല്ലാ ജാതികളോടും സുവിശേഷം പ്രസംഗിക്കുവാനായി ഉത്ഥിതനായ ക്രിസ്തുനാഥൻ തന്റെ ശിഷ്യരെ അധികാരപ്പെടുത്തിയയക്കുന്നതായി വിവരിക്കുന്നു.

അപ്പസ്തോലന്മാരുടെ ദൗത്യം ദൈവരാജ്യഘോഷണമാണ്. ക്രിസ്തുനാഥൻ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതുതന്നെ ദൈവരാജ്യ പ്രഘോഷണത്തോടുകൂടിയാണ് (മർക്കോ. 1:15). അതേ ദൗത്യം തുടരുവാൻതന്നെ അപ്പസ്തോലന്മാരോടും അവിടുന്ന് ആവശ്യപ്പെടുന്നു. ക്രിസ്തുവിൽ ദൈവരാജ്യം സമാഗതമായിരിക്കുന്നു എന്നാണവർ പ്രഘോഷിക്കുന്നതു. ദൈവത്തിന്റെ ഹിതം നമ്മുടെ ജീവിത നിയമമാകുമ്പോഴാണ് നമ്മിൽ ദൈവരാജ്യം സംസ്ഥാപിതമാകുന്നത്. പിതാവിന്റെ ഇഷ്ടം നിറവേററിയ ക്രിസ്തുനാഥൻതന്നെയാണ് ദൈവരാജ്യത്തിന്റെ മഹനീയ മാതൃക. അതു തന്നെയാണ് അപ്പസ്തോലന്മാരുടെ പ്രസംഗവിഷയവും.

എന്നാൽ ഈ ദൈവരാജ്യം പ്രഘോഷണത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒന്നല്ല. ദൈവരാജ്യത്തിന്റെ ആഗമനം പ്രവൃത്തികളിലൂടെയും പ്രസംഗിക്കണമെന്ന് യേശു ആവശ്യപ്പെടുന്നു (വാ. 9). ദൈവരാജ്യം മനുഷ്യജീവിതത്തിന്റെ എല്ലാതലങ്ങളേയും സ്പർശിക്കുന്ന ഒന്നാണെന്ന സത്യം വ്യക്തമാക്കുകയാണിവിടെ. മനുഷ്യനെ ബന്ധിക്കുന്ന ചങ്ങലകളിൽ നിന്നെല്ലാം അവനെ സ്വതന്ത്രനാക്കിയാലേ ദൈവരാജ്യം സമാഗതമാകുകയുള്ളൂ. മനുഷ്യന്റെ സമഗ്രമോചനമാണ് യേശുവിന്റെ ദൈവരാജ്യത്തിന്റെ ലക്ഷ്യം. വിമോചനത്തിന്റെ സുവിശേഷമാണ് അപ്പസ്തോലന്മാരുടെ ദൗത്യം. മനുഷ്യനെ അവന്റെ ആകുലതകളിൽനിന്നും വ്യാകുലതകളിൽനിന്നും മുക്തനാക്കിയാലേ ദൈവരാജ്യപ്രഘോഷണം ശ്രവിക്കുവാനും അതിനു് മറുപടിനല്കുവാനും അവനു സാധിക്കുകയുള്ളൂ.

www.malankaralibrary.com

ഇതു് സാധിക്കണമെങ്കിൽ അവർ സ്വന്തം ജീവിതത്തിന്റെ കെട്ടുകളിൽ നിന്നെല്ലാം മോചിതരാകണം. പൊന്നോ, വെള്ളിയോ, ജീവിത സുഖങ്ങളോ അവരെ സ്വാധീനിക്കരുതു്. ദൈവരാജ്യത്തെപ്പററിയുള്ള ചിന്തയാണു് അവരെ ഭരിക്കേണ്ടതു്. സൗജന്യമായിക്കിട്ടിയതു് സൗജന്യമായിക്കൊടുക്കുവാൻ അവർ സന്നദ്ധരാകണം. ദൈവരാജ്യത്തിന്റെ പ്രവാചകരാകണമവർ. ആ ദൈവരാജ്യം അവരുടെ ജീവിതത്തിൽ നിറഞ്ഞു നില്ക്കണം. അങ്ങനെ മററുള്ളവർക്കനുഭവവേദ്യമാകണം.

അവരുടെ ദൗത്യം ഭവനംതോറും കയറിയിറങ്ങുന്ന ഒന്നായിട്ടാണു് യേശു അവതരിപ്പിക്കുന്നതു് (Home Mission). ഒരു വീട്ടിൽ പ്രവേശിക്കുമ്പോഴും ആ വീടിനു് സമാധാനം ആശംസിക്കണം (വാ. 12). സമാധാനത്തിന്റെ സന്ദേശവാഹകനാണു് സുവിശേഷപ്രസംഗകൻ. ഈ സമാധാനം സ്വന്തമാകുന്നതു് ഓരോരുത്തരുടേയും പ്രത്യുത്തരമനുസരിച്ചാണു്. സുവിശേഷസമാധാനം സന്മനസ്സുള്ളവർക്കാണു് (ലൂക്കാ 2: 14). ഈ മനോഭാവം ഇല്ലെങ്കിൽ സമാധാനം സ്വീകരിക്കുവാൻ ഒരുവനു കഴിയുകയില്ല.

തോമസ് പോത്തനാമൂഴി

www.malankaralibrary.com

**Statement about ownership and other particulars about the**

## Newspaper "BIBLE BHASHYAM"

**to be published in the first issue every year after the last day of February**

## Form IV, (See Rule 8)

| | | |
|---|---|---|
| 1) | Place of Publication | St. Thomas Ap. Seminary<br>P. B. No. 1, Kottayam-686010 |
| 2) | Periodicity of Publication | Quarterly |
| 3) | Printer's Name<br>Nationality<br>Address | Msgr. Zacharias Vazhapilly<br>Indian<br>Rector,<br>St. Thomas Ap. Seminary<br>P. B. No. 1, Kottayam-686010 |
| 4) | Publisher's Name<br>Nationality<br>Address | Msgr. Zacharias Vazhapilly<br>Indian<br>St. Thomas Ap. Seminary<br>P. B. No. 1, Kottayam-686010 |
| 5) | Editor's Name<br>Nationality<br>Address | Fr. George Punnakottil<br>Indian<br>St. Thomas Ap. Seminary<br>P. B. No. 1, Kottayam-686010 |
| 6) | Name and address of individuals who own the newspaper and partners or shareholders holding more than one percent of the total capital. | No partners, nor shareholders. This publication belongs to the St. Thomas Ap. Seminary, P. B. No. 1, Kottayam-686010, Kerala, a charitable and educational institution. |

I, Msgr. Zacharias Vazhapilly hereby declare that the particulars given above are true to the best of my knowledge and belief.

(Sd/-)

30-3-1977. Msgr. Zacharias Vazhapilly

*Publisher.*

www.malankaralibrary.com

Printing: St. Joseph's Press, Mannanam
Published from St. Thomas Ap. Seminary, Kottayam-10
By Msgr. Z. Vazhappilly.

www.malankaralibrary.com

Reg. No. R. N. 27314/72

**ജീവിതത്തികവ്** 3. 00

വിവ. ഫാദർ കോയിക്കക്കുടി

കാർഡിനൽ സുനൻസിൻെറ Vie Quotidienne Vie Chretienne എന്ന ഫ്രഞ്ചുഗ്രന്ഥത്തിൻെറ പരിഭാഷ ശാലീനമനോഹരമായ ശൈലിയിൽ മാനവജീവിതസംഭവങ്ങളെ ക്രിസ്തീയ വീക്ഷണത്തിലൂടെ ചർച്ച ചെയ്യുന്ന ഈ ഗ്രന്ഥം ആദ്യന്തം ചിന്താബന്ധുരമാണു്.

**കുർബാന ഒരു പഠനം** 3. 80

ഡോ. വെള്ളിയാൻ.

മലബാർ കർബാനയെപ്പററി ഇതപര്യന്തം ഭാഷയിൽ ഇറങ്ങിയിട്ടുള്ളതിൽ വച്ചേററവും വിശദവും സമഗ്രഹവുമായ പഠനം.

**ഗാനധാര** 2. 75

കുർബാന, പാട്ടുകുർബാന, മരിച്ചവരുടെ കുർബാന, വാഴ്വ്, പട്ടദാനം തുടങ്ങിയ അവസരങ്ങളിൽ ആലപിക്കുവാനുള്ള ആപാദമധുരങ്ങളായ ഇരുന്നൂററി എഴുപത്തഞ്ചിൽപരം ഗാനങ്ങൾ. ആരാധനാഗാനങ്ങളും ഭജൻഗാനങ്ങളും പുറമേ.

**ജീവിക്കുന്ന കണ്ണുകൾ** 3. 00

വിവ. ജോസ് മണിപ്പാറ

രക്താർബുദം ബാധിച്ച് മൊട്ടിലെ കൊഴിഞ്ഞു പോയ ഒരു ധീരബാലികയുടെ ഹൃദയാവജ്ജകമായ ജീവിതചരിത്രം. കുട്ടികൾവായിച്ചിരിക്കേണ്ട ഒരു വിശിഷ്ടഗ്രന്ഥം

**മതവും സൗഭാഗ്യവും** 10. 00

ഡോ. ജേക്കബ് കട്ടയ്ക്കൽ

ഇരുപത്തിരണ്ടു് പ്രൗഢ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം മതത്തിനും ധാർമ്മിക മൂല്യങ്ങൾക്കും ജീവിതത്തിൽ കല്പിക്കേണ്ട പ്രാധാന്യത്തെപ്പററി ഉദ്ബുദ്ധരാക്കാൻ പര്യാപ്തമാണു്.

ആവശ്യപ്പെടുക

**മാനേജർ**
**ബുക്ക് സ്റ്റാൾ**
**അപ്പ. സെമിനാരി**
**വടവാതൂർ, കോട്ടയം 686010**

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com